ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേക്ക്

# വികസനരേഖ

1996



ചേലക്കര ഗ്രാമപഞ്ചായത്ത്

# വികസനരേഖ

1 9 9 6

## ചേലക്കര ഗ്രാമപഞ്ചായത്ത്



"സ്വന്തം രാജ്യത്തിൻെറ നിർമ്മി
തിയിൽ തങ്ങൾക്കും ഫലപ്രദമാ
യൊരു പങ്കുണ്ടെന്ന് പരമ
ദരിദ്രനുപോലും അനുഭവപ്പെടു
ന്നൊരു ഭാരതം, ഉയർന്ന വർഗ്ഗ
ക്കാരോ താഴ്ന്ന വർഗ്ഗക്കാരോ
ഇല്ലാത്തൊരു ഭാരതം, എല്ലാ
സമുദായങ്ങളും പരിപൂർണ്ണ
രഞ്ജിപ്പിൽ കഴിയുന്നൊരു
ഭാരതം കെട്ടിപ്പടുക്കുന്നതിനു
വേണ്ടി ഞാൻ പ്രവർത്തിക്കും"

തിരുവനന്തപുരം
20–11–96



ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാക്കി മാററാനുള്ള ശ്രമകരമായ പ്രവർത്തനങ്ങൾ സംസ്ഥാനത്തൊട്ടാകെ നടന്നു വരികയാണല്ലൊ ... പ്രാദേശികാസൂത്രണത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഈ വികേന്ദ്രീകരണ പ്രക്രിയയുടെ പ്രധാന ഘട്ടമാണ് വികസന സെമിനാറുകൾ.

ചേലക്കര ഗ്രാമപഞ്ചായത്ത് വികസന സെമിനാറിന് ആശംസകൾ നേർന്നുകൊള്ളുന്നു.

**കെ. രാധാകൃഷ്ണൻ**
പട്ടികജാതി–പട്ടികവർഗ്ഗ
യുവജനക്ഷേമ വകുപ്പുമന്ത്രി.
കേരളം

# ചേലക്കര ഗ്രാമപഞ്ചായത്ത് വികസന രേഖയ്ക്ക് രൂപം നൽകിയവർ

## ഉപദേശക സമിതി

ഇ. വേണുഗോപാല മേനോൻ
എ. പത്മനാഭൻ
എം. ടി. യൂസഫ് റാവുത്തർ
എൻ. വി. മറിയാമ്മ

## പ്രാഥമിക മേഖല

കെ. സി. ജോസ്
സി. ഉണ്ണികൃഷ്ണൻ
ജാനകി കീരൻ
കെ. ജി. മധുസൂദനൻ മാസ്റ്റർ
കെ. രാമചന്ദ്രൻ

## ദ്വിതീയ മേഖല

കെ. പി. തങ്കച്ചൻ
എ. യൂസഫ്
എം. ഇന്ദിര
ടി. പി. ബാലഗോപാലൻ
ഇ. എൽ. രവീന്ദ്രൻ
എ. അസ്സനാർ
കെ. ആർ. മാധവൻ

## തൃതീയ മേഖല

എം. മോഹൻദാസ്
വിൽസൻ വാഴപ്പിള്ളി
ജയശ്രീ രാമചന്ദ്രൻ
കെ. നിർമല
എൻ. കെ. കീരൻ
എം. എൻ. നീലകണ്ഠൻ
പി. സി. മണികണ്ഠൻ
ടി. എൻ. അശോകൻ

## വിദഗ്ദ്ധ സമിതി

ശ്രീവൽസ സേതുമാധവൻ
ടി. എം. കൃഷ്ണൻ
അബൂബക്കർ സിദ്ദീഖ്
ടി. എ. രാധാകൃഷ്ണൻ
ഡോ. പി.കെ. ഭാസ്കരൻ
ഡോ. അറുമുഖൻ
കെ. രാമചന്ദ്രൻ
പി. കെ. കരീം
കെ. ശിവശങ്കരൻ

## ഈ പഞ്ചായത്തിന്റെ മുൻകാല പ്രസിഡണ്ടുമാർ



നമ്പിയത്ത് കൃഷ്ണൻകുട്ടിനായർ



രാമൻകണ്ടത്ത് കൃഷ്ണൻനായർ



കോന്നനാത്ത് ചന്ദ്രശേഖരമേനോൻ



പാറത്തൊടിയിൽ രാമനാരായണൻനായർ



ഇ. വേണുഗോപാലമേനോൻ

# ഉള്ളടക്കം


ആമുഖം

- കൃഷി; ജലസേചനം
- മൃഗസംരക്ഷണം
- വിദ്യാഭ്യാസം
- ആരോഗ്യം; കുടിവെള്ളം
- വ്യവസായം
- ഗതാഗതം; ഊർജ്ജം
- സാമൂഹ്യക്ഷേമം; പാർപ്പിടം
- സംസ്ക്കാരം
- പട്ടികജാതി—പട്ടികവർഗ്ഗ ക്ഷേമം
- വനിതാക്ഷേമം
- സഹകരണം
- വിഭവസമാഹരണം



# ജനകീയാസൂത്രണത്തിൽ വികസന രേഖയുടെ പ്രസക്തി

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ഒരു സ്വപ്നമായിരുന്നു ഗ്രാമസ്വരാജ് നടപ്പിലാക്കുക എന്നത്. സ്വയം സമ്പൂർണ്ണമായ ഗ്രാമ സൃഷ്ടിയിലൂടെ മാത്രമേ രാഷ്ട്ര പുനർനിർമ്മാണം സാധ്യമാകു എന്ന് അദ്ദേഹം വിശ്വസിച്ചു. വളരെ വൈകിയാണെങ്കിലും ഈ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനുള്ള ഒരവസരമാണ് പഞ്ചായത്ത് രാജ് നിയമം നടപ്പിലാക്കിയതു വഴി നമുക്ക് കൈവന്നിട്ടുള്ളത്. ആറേഴ് പഞ്ചവത്സര പദ്ധതികളിൽകൂടി ആയിരകണക്കിന് കോടിരൂപ ചിലവഴിച്ചിട്ടും വികസനരംഗത്ത് നമുക്ക് പ്രതീക്ഷിച്ച പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞില്ല. ഗ്രാമവികസനത്തിനും ദാരിദ്ര്യ നിർമാർജനത്തിനുംവേണ്ടി ചിലവഴിക്കുന്ന തുകയുടെ പതിനഞ്ചു ശതമാനം മാത്രമാണ് യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത് എന്ന് ഇന്ത്യയിലെ വിവിധ ഗ്രാമങ്ങളിലൂടെ സഞ്ചരിച്ചപ്പോൾ അന്തരിച്ച മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിക്ക് ബോദ്ധ്യമായി. യഥാർത്ഥ അധികാരം ജനങ്ങൾക്ക് കൈമാറിയാൽ അല്ലാതെ ഈ സ്ഥിതിവിശേഷത്തിന് മാററം വരുത്തുവാൻ കഴിയുകയില്ല എന്ന അദ്ദേഹത്തിൻെറ ചിന്തയുടെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് രാജ് നിയമത്തിന് രൂപം നൽകിയത്. നിർഭാഗ്യവശാൽ അന്ന് രാജ്യസഭയിൽ ഭൂരിപക്ഷം ലഭിക്കാത്തതുകൊണ്ട് നിയമം നടപ്പിലാക്കുവാൻ പിന്നേയും കാത്തിരിയ്ക്കേണ്ടിവന്നു.

1992ൽ 73–ാം ഭരണഘടനാ ഭേദഗതിയിലൂടെ പാർലിമെൻറ് അംഗീകരിച്ച പഞ്ചായത്ത് രാജ്നിയമത്തിൻെറ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളാണ് ഇന്ന് ത്രിതല പഞ്ചായത്തുകളിൽ നിലവിലുള്ളത്. ഈ നിയമമനുസരിച്ച് സംസ്ഥാന സർക്കാരിൻെറ നിയന്ത്രണത്തിലുണ്ടായിരുന്ന ഏതാണ്ട് എൺപത് ശതമാനത്തോളം കാര്യങ്ങൾ ഇന്ന് പഞ്ചായത്തുകളുടെ ചുമതലയിലായിരിക്കുകയാണ്. പഞ്ചായത്ത് രാജ് നിയമത്തിൽ ഗ്രാമപഞ്ചായത്തുകൾക്കും ഗ്രാമസഭകൾക്കും വിപുലമായ അധികാരങ്ങളാണ് നൽകിയിരിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകളും പ്ലാനിംഗ് കമ്മീഷനും തീരുമാനിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്ന ചുമതലയാണ് മുൻകാലങ്ങളിൽ പഞ്ചായത്തുകൾക്ക് ഉണ്ടായിരുന്നത്. എന്നാൽ പഞ്ചായത്ത് രാജ് നിയമത്തിൽ നിർദ്ദേശിക്കപ്പെട്ടതനുസരിച്ച് പദ്ധതികളുടെ ആസൂത്രണവും നിർവ്വഹണവും ഗ്രാമപഞ്ചായത്തുകൾക്കാണ്. 9–ാംപദ്ധതിയിൽ സംസ്ഥാനത്തിന് ലഭിക്കുന്ന അടങ്കൽ തുകയുടെ മുപ്പത്തിയഞ്ച് നാൽപ്പത് ശതമാനം സംഖ്യ ത്രിതല പഞ്ചായത്തുകൾക്കായി നീക്കിവെക്കണമെന്നാണ് സംസ്ഥാന സർക്കാരിൻേറയും പ്ലാനിംഗ് ബോർഡിൻേറയും തീരുമാനം. ഇതുപ്രകാരം പ്രതിവർഷം ഏകദേശം ഒരു കോടിയോളം രൂപ പഞ്ചായത്തുകൾക്ക് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പഞ്ചായത്തുകൾ ഇതുവരെ കൈകാര്യം

ചെയ്യാത്ത ഭാരിച്ചതും സങ്കീർണ്ണവുമായ ഉത്തരവാദിത്വങ്ങളാണ് ഇതുവഴി ഗ്രാമപഞ്ചായത്തുകൾക്ക് കൈവന്നിട്ടുള്ളത്.

ഒമ്പതാം പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ള അവസരത്തിൽ ഈ ചുമതലകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തുകളെ പ്രാപ്തരാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സംസ്ഥാന സർക്കാരും പ്ലാനിംഗ് ബോർഡും ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് രൂപം നൽകിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി ചേലക്കര പഞ്ചായത്തിൽ പതിമൂന്ന് വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ വിളിച്ചുകൂട്ടുകയുണ്ടായി. വരുന്ന 5 വർഷത്തിൽ പഞ്ചായത്തിൽ എന്തെല്ലാം ചെയ്യണം, ഏതിനെല്ലാം മുൻഗണന നൽകണം എന്നതിനെ സംബന്ധിച്ച് ഗ്രാമസഭകളിൽ നടന്ന ചർച്ചകൾകൊണ്ട് ജനങ്ങളിൽ പ്രതീക്ഷയും ആവേശവും ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്രതീക്ഷകൾക്കൊത്ത് ഉയർന്ന് പ്രവർത്തിക്കണമെങ്കിൽ പഞ്ചായത്തുകൾക്ക് കൂടുതൽ വിഭവങ്ങളും അധികാരങ്ങളും ഇനിയും ലഭിക്കേണ്ടതുണ്ട്.

പഞ്ചായത്തിന്റെ സമഗ്ര വികസനം മുന്നിൽ കണ്ടുകൊണ്ടാണ് വരുന്ന അഞ്ച് വർഷത്തേക്കുള്ള വികസനരേഖ രൂപപ്പെടുത്തിയിട്ടുള്ളത്. ഗ്രാമസഭകളിൽനിന്നും ഉരുത്തിരിഞ്ഞു വന്ന പ്രശ്നങ്ങളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായി ചർച്ച ചെയ്തും ദ്വിതീയ വിവരങ്ങൾ ശേഖരിച്ചും, പഠന പര്യടനങ്ങൾനടത്തിയും കണ്ടറിഞ്ഞതും കേട്ടറിഞ്ഞതുമായ വിവരങ്ങൾ ക്രോഡീകരിച്ചുമാണ് ഈ വികസനരേഖ തയ്യാറാക്കിയിട്ടുള്ളത്.

ഈ രേഖ പരിപൂർണ്ണമാണ് എന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. ഇതിലെ കുറവുകളും പോരായ്മകളും പരിഹരിക്കുന്നതിനുള്ള അവസരമാണ് വികസന സെമിനാറിലൂടെ നമുക്ക് ലഭിക്കുന്നത്. ഈ രേഖ തയ്യാറാക്കുവാൻ സഹായിച്ചവർ നിരവധിയാണ്. അർപ്പണബോധത്തോടുകൂടി നിസ്വാർത്ഥമായ സേവനം നൽകിയവരോടെല്ലാം ഞങ്ങൾക്ക് നിസ്സീമമായ നന്ദി ഉണ്ട്. ഈ വികസന റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് വളരെ ഏറെ ബഹുജനപങ്കാളിത്തം ആവശ്യമാണ്. തുടർന്നുള്ള പ്രവർത്തനങ്ങളിൽ എല്ലാവരുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട് ഈ രേഖ നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

വിനയപൂർവ്വം,

ശ്രീവൽസ സേതുമാധവൻ
ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്

# ചേലക്കര പഞ്ചായത്ത് ഭരണസമിതി



ശ്രീവൽസ സേതുമാധവൻ
പ്രസിഡണ്ട്



ടി. എം. കൃഷ്ണൻ
വൈസ് പ്രസിഡണ്ട്



കെ. പി. തങ്കച്ചൻ
സ്റ്റാൻറിംഗ് കമ്മററി
ചെയർമാൻ



എ. യൂസഫ്
2–ാം വാർഡ് മെമ്പർ



എം. ഇന്ദിര
3–ാം വാർഡ് മെമ്പർ



വിൽസൺ വാഴപ്പിള്ളി
4–ാം വാർഡ് മെമ്പർ



ജാനകി കീരൻ
5–ാം വാർഡ് മെമ്പർ



ജയശ്രീ രാമചന്ദ്രൻ
6–ാം വാർഡ് മെമ്പർ



കെ. സി. ജോസ്
7–ാം വാർഡ് മെമ്പർ













അബൂബക്കർ സിദ്ദീഖ്
8–ാം വാർഡ് മെമ്പർ



സി. ഉണ്ണികൃഷ്ണൻ
9–ാം വാർഡ് മെമ്പർ



കെ. നിർമ്മല
12–ാം വാർഡ് മെമ്പർ



എം. മോഹൻദാസ്
13–ാം വാർഡ് മെമ്പർ



ടി. പി. രാമൻ
സ്പെഷൽ ഗ്രേഡ്
സെക്രട്ടറി

---

## ജില്ലാ—ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ



എ. പത്മനാഭൻ
ചെയർമാൻ. ധനകാര്യ
സ്ററാൻറിംഗ് കമ്മിററി
ജില്ലാ പഞ്ചായത്ത് തൃശൂർ



എം. ടി. യൂസഫ് റാവുത്തർ
വൈസ് പ്രസിഡണ്ട്
ബ്ലോക്ക് പഞ്ചായത്ത്
പഴയന്നൂർ



എൻ. വി. മറിയാമ്മ
ബ്ലോക്ക് പഞ്ചായത്ത്
മെമ്പർ പഴയന്നൂർ

## ചേലക്കര ഗ്രാമ പഞ്ചായത്ത് ഭൂപടം




### വാർഡുകൾ

1. കോളത്തൂർ
2. ചേലക്കര
3. വെങ്ങാനെല്ലൂർ
4. പരക്കാട്ട് കിഴക്കുമുറി
5. പരക്കാട്ട് വടക്കുമുറി
6. പുലാക്കോട്ട് വടക്കുമുറി
7. പുലാക്കോട്ട് തെക്കുമുറി
8. കാളിയാറോഡ്
9. പങ്ങാരപ്പിള്ളി
10. കുറുമല
11. തോന്നൂർക്കര കിഴക്കുമുറി
12. തോന്നൂർക്കര പടിഞ്ഞാറുമുറി
13. തോട്ടേക്കാട്ട്

# ചേലക്കര ഗ്രാമപഞ്ചായത്ത്
# പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിലെ വില്ലേജുകൾ | : | ചേലക്കര<br>വെങ്ങാനെല്ലൂർ<br>തോന്നൂർക്കര<br>കുറുമല<br>പുലാക്കോട്<br>പങ്ങാരപ്പിള്ളി |
| ബ്ലോക്ക് പഞ്ചായത്ത് | : | പഴയന്നൂർ |
| താലൂക്ക് | : | തലപ്പിള്ളി |
| അസംബ്ലി മണ്ഡലം | : | ചേലക്കര |
| പാർലിമെന്റ് മണ്ഡലം | : | ഒററപ്പാലം |
| വിസ്തീർണ്ണം | : | 5975.8643 ഹെക്ടർ |
| ജനസംഖ്യ | : | 39897 |
| ആകെ വാർഡുകൾ | : | 13 |
| അതിരുകൾ | : | തെക്ക്—മച്ചാട് റിസർവ് വനം<br>കിഴക്ക്—പഴയന്നൂർ, കൊണ്ടാഴി പഞ്ചായത്തുകൾ<br>വടക്ക്—പാഞ്ഞാൾ പഞ്ചായത്ത്<br>പടിഞ്ഞാറ്—മുള്ളൂർക്കര പഞ്ചായത്ത് |
| പ്രസിഡണ്ട് | : | ശ്രീവൽസാ സേതുമാധവൻ |
| വൈസ് പ്രസിഡണ്ട് | : | ടി. എം. കൃഷ്ണൻ |
| സ്ററാൻറിംഗ് കമ്മിററിചെയർമാൻ | : | കെ. പി. തങ്കച്ചൻ |
| ജില്ലാ പഞ്ചായത്തംഗങ്ങൾ | | 1 ഇ. വേണുഗോപാല മേനോൻ<br>2 എ. പത്മനാഭൻ |
| ബ്ലോക്ക് പഞ്ചായത്തംഗങ്ങൾ | | 1 എം. ടി. യൂസഫ് റാവുത്തർ<br>2 എൻ. വി. മറിയാമ്മ |

## പഠനപര്യടനം-1

| ഭൂപ്രകൃതി | ചെറിയ ചെരിവ് | കുത്തനെ കയറ്റം | ചെരിവ് | ചെറിയ കയറ്റം | സമതലം | ഉയർന്ന ഭൂമി |
|---|---|---|---|---|---|---|
| മൺതരം | ചരൽ കലർന്ന ചുവന്ന മണ്ണ് | ഉരുളൻ കല്ലുനിറഞ്ഞ ചുവന്ന മണ്ണ് | ചെളി കലർന്ന ചുവന്ന മണ്ണ് | ചരൽ കലർന്ന ചുവന്ന മണ്ണ് | വെട്ടുകല്ല് കലർന്ന ചുവന്ന മണ്ണ് | ചരൽ കലർന്ന ചുവന്ന മണ്ണ് |
| സസ്യാവരണം | റബ്ബർ നെല്ല് വാഴ | തരിശ് കശുമാവ് റബ്ബർ | നെല്ല് റബ്ബർ | നെല്ല് വാഴ | നെല്ല് | നെല്ല് റബ്ബർ |
| പരിസ്ഥിതി പ്രശ്നങ്ങൾ | ജലം മിതമായി ലഭ്യം | ജലലഭ്യത കുറവ് | തോടിന്റെ ഇരുവശവും ഇടിഞ്ഞിരിക്കുന്നു | ജലലഭ്യത കുറവ് | ജലലഭ്യത ഇല്ല | ജലലഭ്യത കുറവ് |

## പഠനപര്യടനം-2

| ഭൂപ്രകൃതി | കയറ്റം | കുത്തനെ കയറ്റം | നിരപ്പ് | കയറ്റം | സമതലം | താഴ്ന്ന ഭൂമി |
|---|---|---|---|---|---|---|
| മൺതരം | ചരൽകലർന്ന കറുത്ത മണ്ണ് | ചരൽ കലർന്ന ചെമ്മണ്ണ് | ചളി മണ്ണ് | മണൽ കലർന്ന കറുത്തമണ്ണ് | ചരൽ കലർന്ന കറുത്ത മണ്ണ് | ചളി മണ്ണ് |
| സസ്യാവരണം | നെല്ല്, റബ്ബർ വാഴ | തരിശ് റബ്ബർ | നെല്ല് തെങ്ങ് വാഴ | റബ്ബർ കവുങ്ങ്, തെങ്ങ് | നെല്ല്, കുരുമുളക് റബ്ബർ | നെല്ല് റബ്ബർ വാഴ |
| പരിസ്ഥിതി പ്രശ്നങ്ങൾ | ജലം മിതമായി ലഭിക്കുന്നു | ജലലഭ്യത മിതം | ജലക്ഷാമം | ജലലഭ്യത പരിമിതം | തോട് ഇരുവശവും ഇടിഞ്ഞിരിക്കുന്നു | ജലക്ഷാമം രൂക്ഷം |

# ആമുഖ മൊഴി

ഐതിഹാസികമായ ജനമുന്നേററത്തിന് കേരളം ഒരിക്കൽ കൂടി സാക്ഷ്യം വഹിക്കുകയാണ്. 1172 ചിങ്ങം 1 ന് സമാരംഭം കുറിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ സമയബന്ധിതമായ പ്രവർത്തനങ്ങളിലൂടെ, ഒരു പുത്തൻ വികസന സംസ്ക്കാരത്തിലേക്ക് നടന്നടുക്കുകയാണ് നമ്മൾ.

ആസൂത്രണത്തിന്റെ പതിററാണ്ടുകൾ പിന്നിട്ടപ്പോൾ, ലക്ഷ്യം കൈവരിക്കുന്നതിൽ നേട്ടങ്ങളേക്കാൾ നഷ്ടങ്ങളുടെ കഥകൾ, ആവർത്തിക്കുമ്പോൾ, കൈപ്പിഴ പററിയതെവിടെയാണെന്ന് നമുക്കു പരിശോധിക്കേണ്ടി വരുന്നു. പഞ്ചവൽസര പദ്ധതികളുടെ ആസൂത്രണവും നിർവഹണവും കേന്ദ്രീകൃതമായ രീതിയിലാണ് ഇത്രകാലവും നടന്നിരുന്നത്. പദ്ധതി പ്രദേശത്ത് നിലനിൽക്കുന്ന പ്രത്യേക സാഹചര്യങ്ങൾ പരിഗണിക്കാതെ, പൊതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ മാത്രം കാര്യങ്ങൾ നിർണയിക്കപ്പെട്ടിരുന്നു. ആസൂത്രണ ചർച്ചകൾ, പാണ്ഡിത്യവും വൈദഗ്ധ്യവും മാത്രമുള്ളവർക്കാണെന്നും നമുക്കുവേണ്ടി നിശ്ചയിക്കപ്പെടുന്ന കാര്യങ്ങൾ, പത്രത്താളിലൂടെ അറിയുന്നതു പോലും മഹാഭാഗ്യമായി നാം കരുതി വന്നു. നയരൂപീകരണത്തിൽ നിന്നും നടത്തിപ്പിലേക്കുള്ള വിവിധ ഘട്ടങ്ങളിലെല്ലാം ഫലപ്രദമായ ജനകീയപ്രാതിനിധ്യം അവഗണിക്കപ്പെട്ടിരുന്നു. ഈ തിരിച്ചറിവിൽ നിന്നാണ് ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിക്കുന്നത്.

പഞ്ചായത്തീരാജ് നിയമത്തിന്റെ അടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്ത് ഭരണസമിതികൾക്ക് വിപുലമായ അധികാരങ്ങളും ഉത്തരവാദിത്തങ്ങളുമാണ് നൽകപ്പെട്ടിരിക്കുന്നത്. ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാക്കി മാററാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്കുവഹിക്കേണ്ടത് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളാണ്.

## പഞ്ചായത്ത് തല പ്രവർത്തനങ്ങൾ

ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി ജില്ലാതല പരിശീലനങ്ങളിൽ ഈ ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജനപ്രതിനിധികളും പങ്കെടുത്തിരുന്നു. ഇവരെ കൂടാതെ ജില്ലാ റിസോഴ്സ് പേഴ്സണുകളായി സർവശ്രീ കെ. ജി. മധുസൂദനൻ മാസ്ററർ, ആർ. ഉണ്ണികൃഷ്ണൻ എന്നിവരും പരിശീലനങ്ങളിൽ പങ്കെടുത്തു. സംസ്ഥാനതല പരിശീലനത്തിൽ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ. ടി. എം. കൃഷ്ണൻ, ശ്രീ. കെ. ശിവശങ്കരൻ എന്നിവരും പങ്കാളികളായി.

ഒന്നാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി, പ്രാദേശികാസൂത്രണത്തിനു തുടക്കം കുറിച്ച വിശേഷാൽ ഗ്രാമസഭകൾ ഈ പഞ്ചായത്തിൽ സജീവമായിരുന്നു. ഇത്രനാളും ഒന്നുമല്ലാതായിരുന്ന സാമാന്യജനത, സ്വന്തം വിധികർത്താക്കളായി മാറുന്ന അനുഭവം, ആവേശകരമാണ്. നാടിന്റെ പ്രശ്നങ്ങൾ നിരവധിയാണ്. പരാതിപ്പെടുന്നതിനു പകരം, പരിമിതമായ വിഭവങ്ങൾ കൊണ്ട് പരിഹാരസാധ്യതകൾ കണ്ടെത്താനാണ് ഇവിടെ ശ്രമം നടന്നത്. വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തത്തിന്റെ ആവശ്യകത ഗ്രാമസഭാ യോഗങ്ങളിൽ ശക്തമായി ഉയർന്നു വന്നും അഞ്ചു ഗ്രൂപ്പുകളായി വേർതിരിഞ്ഞ ചർച്ചകളിലൂടെ, ഓരോ വാർഡിന്റെ പ്രശ്നങ്ങളുടെയും സാധ്യതകളുടെയും വിശദമായ റിപ്പോർട്ടുകൾ തയ്യാറായി.

ജില്ലാതല പരിശീലനങ്ങൾക്കുശേഷം, യഥാസമയങ്ങളിൽ പഞ്ചായത്ത്തല പരിശീലനങ്ങൾ രണ്ടു ഘട്ടങ്ങളിലായി നടന്നു. രണ്ടാംഘട്ട പരി

ചൂഷണത്തിന് ഇരകളായിരുന്നു. ജാതിമേധാവിത്വത്തിന്റെ മറവിൽ സാമ്പത്തിക ചൂഷണത്തിന് വിധേയരായിരുന്ന ഇവർക്ക്, മോചനം ലഭിച്ചത് ഭൂപരിഷ്ക്കരണ നിയമത്തിലൂടെയായിരുന്നു. മണ്ണിൽ പണിയെടുക്കുന്നവന്, മനുഷ്യന്റെ അന്തസ്സു നേടിക്കൊടുത്ത നിയമനിർമ്മാണത്തിന്റെ വെളിച്ചത്തിൽ, ഭൂരിഭാഗം പേരും ഭൂവുടമകളായി മാറി.

## പഞ്ചായത്ത് ഭരണ ചരിത്രം

ലഭ്യമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ, 67 വർഷങ്ങൾക്കു മുമ്പാണ് ചേലക്കര പഞ്ചായത്ത് രൂപീകൃതമായത്. 1929ൽ പരേതനായ കോന്തസ്വാമി പ്രസിഡണ്ടായ പ്രഥമപഞ്ചായത്ത് കമ്മിററി നിലവിൽ വന്നു. ഇന്നത്തെ ശ്രീമൂലം തിരുനാൾ ഹൈസ്ക്കൂൾ സ്ഥിതി ചെയ്യുന്ന കൊച്ചി രാജ്യത്തിന്റെ കോവിലകത്ത് പഞ്ചായത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത് കൊച്ചി രാജാവായിരുന്നു.

കൊച്ചി രാജ്യത്ത് നിലവിലുണ്ടായിരുന്ന 25 പഞ്ചായത്തുകളിൽ ഒന്നായിരുന്നു ചേലക്കര. പരേതരായ കോന്തസ്വാമി, തോന്നൂർക്കര കോന്നനാത്ത് ഗോവിന്ദമേനോൻ, അദ്ദേഹത്തിന്റെ അനന്തിരവൻ കോന്നനാത്ത് ശങ്കരമേനോൻ എന്നിവരെ പഞ്ചായത്ത് പ്രസിഡണ്ടുമാരായി നാമനിർദ്ദേശം ചെയ്തത് രാജകുടുംബത്തിൽ നിന്നായിരുന്നു. ഇവരെ ത്തുടർന്ന് 1953–നു മുമ്പായി, പരേതരായ കോന്നനാത്ത് രാഘവമേനോൻ, ആനങ്ങാട്ടു കൊച്ചുഗോവിന്ദമേനോൻ, തിരുത്തിയിൽ കൊച്ചുണ്ണിനായർ, തിരുത്തിയിൽ കുഞ്ഞൻനായർ എന്നിവർ യഥാക്രമം പഞ്ചായത്ത് പ്രസിഡണ്ടുമാരായി ഈ കാലഘട്ടത്തിലാണ്, പഞ്ചായത്താപ്പീസ്, കോവിലകത്തുനിന്നും ഇന്നത്തെ പൊതുമരാമത്ത് ആപ്പീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിലേക്കു മാററിയത്.

ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ പഞ്ചായത്ത് സമിതി അധികാരത്തിലേറിയത് 1953 ലാണ് നമ്പ്യാത്ത് കൃഷ്ണൻകുട്ടിനായർ പ്രസിഡണ്ടും കെ. പി. ശങ്കരനെഴുത്തശ്ശൻ വൈസ് പ്രസിഡണ്ടുമായിട്ടുള്ള എട്ടു അംഗങ്ങളുള്ള ഭരണ സമിതി 1963 ഡിസംബർ 31 വരെ നീണ്ടുനിന്നു. യാതൊരുവിധ വരുമാനമോ പ്രവർത്തന സൗകര്യങ്ങളോ ഇല്ലാതിരുന്ന പ്രസ്തുത കാലഘട്ടത്തിൽ, പഞ്ചായത്തിൽ പല വികസനപ്രവർത്തനങ്ങൾക്കും തുടക്കം കുറിക്കാൻ സാധിച്ചിട്ടുണ്ട്. പൂർണമായും ജനകീയ പങ്കാളിത്തത്തോടെ ആരംഭിച്ച ചേലക്കര സർക്കാർ ആശുപത്രി നിർമ്മാണം ഇക്കാലഘട്ടത്തിൽ ശ്രദ്ധേയമായ പുരോഗതിയാണ്.

1964 ജനുവരി 1–ാംതിയ്യതി രാമൻകണ്ടത്ത് കൃഷ്ണൻനായർ പ്രസിഡണ്ടായുള്ള ഭരണസമിതി നിലവിൽവന്നു. ആകെ 9 വാർഡാണ് ഉണ്ടായിരുന്നത്. ഒരു വാർഡിൽ പൊതുസ്ഥാനാർത്ഥി കൂടാതെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരാളെകൂടി തെരഞ്ഞെടുക്കേണ്ടതുണ്ടായിരുന്നു. കൂടാതെ ഒരു വനിത അംഗത്തെ നാമനിർദ്ദേശം ചെയ്യുകയും വേണ്ടിയിരുന്നു. ഇപ്രകാരം പഞ്ചായത്ത് ഭരണസമിതിയിൽ ആകെ 11 അംഗങ്ങളാണുണ്ടായിരുന്നത്. 1967ഫെബ്രുവരിയിൽ ശ്രീ. കൃഷ്ണൻനായർ പ്രസിഡണ്ട് സ്ഥാനത്ത് നിന്ന് മാറിയതിനെ തുടർന്ന് കോന്നനാത്ത് ചന്ദ്രശേഖരമേനോൻ പ്രസിഡണ്ടായി അധികാരമേററു. അദ്ദേഹം 1979 സെപ്തംബർവരെ ചേലക്കരപഞ്ചായത്ത് പ്രസിഡണ്ടായി തുടർന്നു, 1964 മുതൽ 1979 വരെയുള്ള കാലഘട്ടത്തിലാണ് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്, ആയ്യൂർവേദാശുപത്രി, പുതിയ റോഡുകൾ തുടങ്ങിയ ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടന്നത്, 1979 സെപ്തംബറിൽ പാറത്തൊടിയിൽ രാമനാരായണൻ നായർ പ്രസിഡണ്ടായുള്ള ഭരണസമിതി നിലവിൽവന്നു. 1984 സെപ്തംബർ വരെയുണ്ടായ ഈ കാലയളവിൽ ശുദ്ധജല വിതരണ പദ്ധതിയുടെ തുടക്കവും ചേലക്കര–പങ്ങാരപ്പിള്ളി റോഡ്, നാട്യൻചിറ–പരക്കാട്റോഡ്, പരക്കാട്–മെതുക് റോഡ് എന്നിവയുടെ നിർമാണവും നടന്നു. 1988 ജനുവരി 31 വരെ സ്പെഷൽ ഓഫീസറുടെ ഭരണത്തിലായിരുന്നു പഞ്ചായത്ത് ഇക്കാല

ത്താണ് ചേലക്കര സ്പെഷൽ ഗ്രേഡ് പഞ്ചായത്തായി ഉയർത്തപ്പെട്ടത്. 1988 ജനുവരിയിൽ നടന്ന തെരഞ്ഞെടുപ്പിൽ ഇ. വേണുഗോപാല മേനോൻ പ്രസിഡണ്ടായുള്ള ഭരണസമിതി അധികാരമേററു. 12 വാർഡുകളാണ് ഈ അവസരത്തിലുണ്ടായിരുന്നത് പഞ്ചായത്തിന്റെ പകുതിയിലേറെ പ്രദേശത്ത്, ശുദ്ധജല വിതരണ പദ്ധതിയുടെ പ്രയോജനം എത്തിക്കാൻ കഴിഞ്ഞത് വലിയൊരു ഭരണനേട്ടമാണ്. പഞ്ചായത്ത് സാംസ്ക്കാരികനിലയം, ചേലക്കര കുറുമല റോഡ് തോട്ടേക്കോട് പാലം എന്നീ വികസന പ്രവർത്തനങ്ങം ശ്രദ്ധേയമാണ്. പട്ടികജാതി കോളനികളിൽ അടിസ്ഥാന സൗകര്യങ്ങം ഏറെക്കുറെ എത്തിക്കാൻ കഴിഞ്ഞതും ബസ്സ്ററാൻറ് നിർമ്മാണം ആരംഭിച്ചതും ഇക്കാലത്താണ്. ചേലക്കര പഞ്ചായത്തിനെ സ്വാശ്രയ ഗ്രാമമായി തെരഞ്ഞെടുത്തതുകൊണ്ട് ഇത്രയേറെ പ്രവർത്തനങ്ങം നടത്താൻ കഴിഞ്ഞത്.

1995 സെപ്തംബറിൽ നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന്, ശ്രീമതി ശ്രീവത്സാസേതുമാധവൻ പഞ്ചായത്ത് പ്രസിഡണ്ടായി അധികാരത്തിൽ വന്നു. ഈ പഞ്ചായത്തിലെ പ്രഥമ വനിതാ പ്രസിഡണ്ടാണിവർ 13 അംഗങ്ങളുള്ള പഞ്ചായത്ത് ഭരണസമിതിക്ക്, പഞ്ചായത്തീരാജിന്റെ അടിസ്ഥാനത്തിൽ ഭാരിച്ച ഉത്തരവാദിത്തങ്ങളും വമ്പിച്ച അധികാരങ്ങളുമാണ് കൈവന്നിരിക്കുന്നത്. പഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിന് ഈ ഭരണസമിതി തുടക്കം കുറിച്ചിട്ടുണ്ട്.

## ഭൂപ്രകൃതി വിശേഷങ്ങൾ

പഞ്ചായത്തിന്റെ തെക്കുഭാഗവും കിഴക്കുഭാഗവും പടിഞ്ഞാറുഭാഗവും ഉയർന്ന പ്രദേശങ്ങളാണ്. വടക്കുഭാഗവും വടക്കു പടിഞ്ഞാറുഭാഗവും പൊതുവെ താഴ്ന്നു കിടക്കുന്നു. ചെറിയ കുന്നുകളും ചെരിവുകളും വിശാലമായ സമതലവുമാണ് പഞ്ചായത്തിന്റെ പൊതുഘടന.

മധ്യ കാർഷിക മേഖലയിൽപ്പെട്ട ഈ പ്രദേശത്ത്, ഈർപ്പമുള്ള ഉഷ്ണമേഖലാ കാലാവസ്ഥയാണനുഭവപ്പെടുന്നത്. ലഭ്യമായ കണക്കനുസരിച്ച് കൂടിയ അന്തരീക്ഷ താപനില ശരാശരി 32.4 ഡിഗ്രി സെൻറിഗ്രേഡും കുറഞ്ഞ താപനില 23.4 ഡിഗ്രി സെൻറിഗ്രേഡുമാണ്. പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശത്തും കാണപ്പെടുന്നത് ചുവന്ന ലോം മൺതരമാണ്. കളിമണ്ണു കലർന്ന മണ്ണ്, ചരൽ, വെട്ടുകല്ല്, പാറ എന്നിവയും വ്യാപകമാണ്. ജനങ്ങളുടെ പ്രധാന ഉപജീവനമാർഗം കൃഷി തന്നെയാണ്. എന്നാൽ കാലാകാലങ്ങളായി നെൽകൃഷി ചെയ്തുവരുന്ന പലരും, ഈ രംഗത്തുനിന്നും പിൻവാങ്ങുന്നതായാണ് കാണുന്നത്. പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണമായ 5975 ഹെക്ടർ സ്ഥലത്ത്, 1991 ഹെക്ടറിൽ മാത്രമാണ് നെൽകൃഷി ചെയ്തുവരുന്നത്. റബ്ബർ, തെങ്ങ്, കവുങ്ങ്, വാഴ തുടങ്ങിയ വിളകളാണ് നെല്ലിനു പകരം വ്യാപകമായി കൃഷിചെയ്തു വരുന്നത്. വർഷത്തിൽ ശരാശരി 25.67 മില്ലീമീററർ മാത്രം മഴ ലഭിക്കുന്ന ഈ പഞ്ചായത്തിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. ജലസ്രോതസ്സുകളിലെ പാഴായിപ്പോകുന്ന വെള്ളം, ശാസ്ത്രീയമായി സംരക്ഷിക്കാനുള്ള ജലമാനേജ്മെൻറിന്റെ അഭാവം പരിഹരിക്കപ്പെടേണ്ടിയിരിക്കുന്നു. 2073 ഹെക്ടർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന വിശാലമായ വനപ്രദേശം, ഈ പഞ്ചായത്തിന്റെ 80% ഭാഗങ്ങളും കാവൽക്കാരെപ്പോലെ സംരക്ഷിച്ചുപോരുന്നു. നിബിഢ വനങ്ങളേറെയുണ്ടെങ്കിലും, ലക്ഷ്യബോധത്തോടെയുള്ള വനസംരക്ഷണത്തിന്റെ അഭാവം, ഈ മേഖലയിൽ പ്രകടമാണ്.

## ജനപ്രകൃതി

1995ലെ ഔദ്യോഗിക കണക്കനുസരിച്ച് ഈ പഞ്ചായത്തിലെ ജനസംഖ്യ 39897 ആണ്. അതിൽ 20653 സ്ത്രീകളും 19244 പുരുഷൻമാരുമാണ്. പഞ്ചായത്തിന്റെ സാക്ഷരതാനിരക്ക് 88% ആണ്. ആകെ ജനസംഖ്യയുടെ 95% പേരും പ്രാഥമിക വിദ്യാഭ്യാസം നേടുന്നുണ്ടെങ്കിലും 35% പേരാണ് എസ്. എസ്. എൽ. സി. പഠനം പൂർത്തിയാക്കുന്നത്. ബിരുദധാരികം 8% വും ബിരുദാനന്തരബിരുദവും ഉന്നതമായ പ്രൊഫഷണൽ ഡിഗ്രിയും കരസ്ഥമാക്കുന്നവർ ഒരു ശതമാനത്തിൽ താഴെയുമാണ്. ★

27



അധികാരം ജനങ്ങളിലേക്ക്

അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്

# കൃഷി
# ജലസേചനം

അധികാരം നങ്ങളിലേക്ക്
അധികാരം നങ്ങളിലേക്ക്
അധികാരം നങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്

# കൃഷി–ജലസേചനം

തൃശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ കാർഷിക രംഗത്ത് ഏററവും കൂടുതൽ അറിയപ്പെടുന്ന പഞ്ചായത്താണ് ചേലക്കര. പഞ്ചായത്തിൻെറ മൊത്തം 5975.8643 ഹെക്ടർ വിസ്തീർണ്ണത്തിൽ 3844.6422 ഹെക്ടർ സ്ഥലവും കൃഷി ചെയ്യപ്പെടുന്ന സ്ഥലമാണ്. 2073.1557 ഹെക്ടർ സ്ഥലം വനപ്രദേശമാണ്. ആകെയുള്ള 6350 കുടുംബങ്ങളിൽ 85 ശതമാനവും കർഷക കുടുംബങ്ങളാണ്. പഞ്ചായത്തിൽ നെല്ല്, തെങ്ങ്, കുരുമുളക്, റബ്ബർ, കവുങ്ങ്, പച്ചക്കറികൾ, വാഴ, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ എല്ലാ കൃഷികളും വിപുലമായ തോതിൽ കൃഷി ചെയ്തു വരുന്നു.

ചേലക്കര ഗ്രാമപഞ്ചായത്ത് മദ്ധ്യകാർഷിക മേഖലയിൽ ഉൾപ്പെടുന്നു. ഈർപ്പമുള്ള ഉഷ്ണ മേഖലാ കാലാവസ്ഥയാണ് പൊതുവിൽ അനുഭവപ്പെടുന്നത്. വർഷത്തിൽ ശരാശരി 25.67 mm മഴയും, ശരാശരി കൂടിയ അന്തരീക്ഷ താപനില 32.3 ഡിഗ്രി സെൻറീഗ്രേഡും, കുറഞ്ഞ താപനില 23.4 ഡിഗ്രി സെൻറീഗ്രേഡും ആണ്.



പഞ്ചായത്തിൽ ഓരോ വർഷവും ഏപ്രിൽ-മെയ് മാസത്തിൽ ഒന്നു രണ്ടു മഴ കിട്ടുന്നത് പൊടിവിത നെൽകൃഷി ചെയ്യുന്ന കർഷകർക്ക് അനുഗ്രഹമാകാറുണ്ട്. ഇടവപ്പാതി (കാലവർഷം) ലഭിക്കുന്നത് ജൂൺ രണ്ടാമത്തെ ആഴ്ച മുതൽ ആഗസ്ററ് രണ്ടാം പകുതി വരെയാണ്. തുലാവർഷം സെപ്തംബർ ആദ്യപകുതി തുടങ്ങി നവംബർ അവസാനം വരെയുള്ള കാലയളവിൽ അനുഭവപ്പെടുന്നു. പഞ്ചായത്തിൽ നിലവിലുള്ള തോടുകളിൽ പലതിലും ജലം സംഭരിച്ചു നിർത്താനുള്ള സംവിധാനമില്ലാത്തതിനാൽ സാമാന്യം നല്ലയളവിൽ ലഭിക്കുന്ന മഴവെള്ളം മുഴുവനും ഒഴുകി പോവുകയാണ് പതിവ്.

ഡിസംബർ ആദ്യ പകുതി മുതൽ ഫെബ്രുവരി രണ്ടാം പകുതി വരെ പഞ്ചായത്തിൽ തണുപ്പുകാലം അനുഭവപ്പെടുന്നു. എന്നാൽ പഞ്ചായത്തിന്റെ തെക്കു കിഴക്കു ഭാഗത്തുള്ള മലയോര പ്രദേശങ്ങളിൽ നവംബർ മാസം മുതൽ തന്നെ തണുപ്പ് അനുഭവപ്പെടാറുണ്ട്.

പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും ചുവന്ന ലോം മൺതരമാണ്. എന്നാൽ താഴ്ന്ന പ്രദേശങ്ങളിലും, വയൽ പ്രദേശങ്ങളിലും കളിമണ്ണോടു കൂടിയ ലോം മൺതരം കാണപ്പെടുന്നു. പൊതുവെ ഫലപുഷ്ടിയുള്ളതും, നല്ല നീർവാഴ്ചയുള്ളതുമായ മണ്ണാണിത്.

## പഞ്ചായത്തിന്റെ കാർഷിക ചരിത്രം

കഴിഞ്ഞ രണ്ടുമൂന്നു ദശകത്തിനകത്ത് പഞ്ചായത്തിന്റെ കാർഷിക മേഖലയിൽ കാര്യമായ മാററങ്ങൾ സംഭവിച്ചിട്ടുള്ളതായി കാണാം. പരമ്പരാഗതമായി അനുവർത്തിച്ചു വന്നിരുന്ന പല കൃഷികളും, കൃഷിരീതികളും ഇന്ന് തീരെ ഒഴിവാക്കുകയൊ, നാമമാത്രമാകുകയൊ ചെയ്തിട്ടുണ്ട്.

നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം ഗണ്യമായി കുറഞ്ഞു. ഉല്പാദന ച്ചെലവ് ഏറിയതും, ഉല്പാദനം കുറഞ്ഞതും, നെൽവയലുകൾ മററു ആവശ്യങ്ങൾക്കായി നികത്തപ്പെടുന്നതും മററു കാർഷിക വിളകളുടെ കടന്നു വരവും ഇതിനു ആക്കം കൂട്ടി. കുടിയേററ കർഷകരുടെ വരവോടെ റബ്ബർ കൃഷി ഇന്ന് പഞ്ചായത്തിൽ വ്യാപകമായി. തെങ്ങുകൃഷിക്ക് അനുയോജ്യമായ മലപ്രദേശങ്ങൾ ഇന്ന് മുഴുവനും റബ്ബർ കൃഷിക്ക് വഴി മാറിയിരിക്കയാണ്, ഉല്പാദനവും ഉല്പാദന ക്ഷമതയും ഗണ്യമായി കുറഞ്ഞും. മണ്ണിന്റെ ഫലപുഷ്ഠിയിൽ വന്ന മാററം, രാസവളങ്ങളുടെ അമിതമായ ഉപയോഗം, മണ്ണൊലിപ്പ് തുടങ്ങിയതൊക്കെ ഇതിനു കാരണമാണ്. ജൈവ വളങ്ങളുടെ ഉപയോഗം മുൻ കാലങ്ങളെ അപേക്ഷിച്ച് താരതമ്യേന ഇന്ന് വളരെ കുറവാണ്. മുൻ കാലങ്ങളിൽ ഓരോകുടുംബത്തിലും കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും ഉണ്ടായിരുന്നതിനാൽ മൃഗസംരക്ഷണം, ക്ഷീര സമ്പത്ത് എന്നിവയിൽ സ്വയം പര്യാപ്തമായിരുന്നു. അണു കുടുംബങ്ങളുടെ ആവിർഭാവവും, കൃഷിസ്ഥലം തുണ്ടവൽക്കരിക്കപ്പെട്ടതും മൂലം മൃഗപരിപാലനം പാടെ ഒഴിവാക്കുകയും ജൈവ സമ്പത്ത് കുറയാൻ ഇടയാകുകയും ചെയ്തിട്ടുണ്ട്, വനങ്ങൾ ഇല്ലാതാകുകയും ജൈവവള പ്രാധാന്യമല്ലാത്ത മരങ്ങൾ നട്ടുപിടിപ്പിക്കുകയും മൂലം പച്ചിലവള ലഭ്യതയും കുറഞ്ഞു വന്നു.

നെൽ കൃഷിയിൽ നാടൻ വിത്തിനങ്ങൾ പാടെ ഒഴിവാക്കി, പുതിയ വിത്തിനങ്ങൾ വന്നതോടെ കീട രോഗബാധ രൂക്ഷമാകുകയും ചെയ്തു. കർഷക തൊളിലാഴികളുടെ ലഭ്യത കുറയുകയും, ജീവിത നിലവാരമനുസരിച്ച് കൂലി വ്യവസ്ഥകൾ കൂടുകയും ചെയ്തു.

## കാർഷികമേഖല ഇന്ന്

ആമുഖത്തിൽ സൂചിപ്പിച്ച പോലെ പഞ്ചായത്തിലെ കുടുംബങ്ങളിൽ 85 ശതമാനവും കാർഷിക മേഖലയിൽ നിന്നും ഉപജീവനമാർഗ്ഗം തേടുന്നവരാണ്.

| തരം | എണ്ണം |
|---|---|
| ചെറുകിട കർഷക കുടുംബങ്ങൾ | 3048 |
| പരിമിത കർഷക കുടുംബങ്ങൾ | 1930 |
| വലിയ കർഷക കുടുംബങ്ങൾ | 102 |
| ആകെ | 5080 |

പഞ്ചായത്തിൻെറ തെക്കു കിഴക്കെ അതിർത്തി, മലകളാൽ ചുററപ്പെട്ടു കിടക്കുന്നു. തോന്നൂർക്കര, കുറുമല, വട്ടുള്ളി, പങ്ങാരപ്പിള്ളി, കാളിയാറോഡ്, മങ്ങാട് തുടങ്ങിയ പ്രദേശങ്ങൾ വന നിബിഡമാണ്. ഉയർന്ന പ്രദേശങ്ങളിൽകൂടുതലും റബ്ബർ കൃഷിയാണ്. ഇടയ്ക്കിടെ തെങ്ങു കൃഷിയും കണ്ടുവരുന്നു. ചെരിഞ്ഞ പ്രദേശങ്ങളിൽ റബ്ബർ ഉൾപ്പെടെ തെങ്ങ്, വാഴ, മരച്ചീനി, കുരുമുളക് തുടങ്ങിയ ഇതര കൃഷികൾ ചെയ്തു വരുന്നു. താഴ്‌വാരത്ത് പ്രധാനമായും നെൽ കൃഷിയാണ്. കൂടാതെ വാഴ, ഇഞ്ചി, മഞ്ഞൾ, പച്ചക്കറികൾ തുടങ്ങിയവയുമുണ്ട്,

പഞ്ചായത്തിൽ കൃഷി ചെയ്തുവരുന്ന വിളകൾ, വിസ്തീർണ്ണം, ഉൽപാദനം, ഉല്പാദനക്ഷമത എന്നിവ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടറിൽ) | മൊത്തം ഉൽപാദനം | ഉല്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|---|
| 1 | നെല്ല് (വിരിപ്പ്) | 1047 | 2617.5 MT | 3500 Kg |
| | ,, (മുണ്ടകൻ) | 944 | 2265.6 MT | 3250 Kg |
| | ,, (പുഞ്ച) | — | — | — |
| 2 | പയർ | 25 | 50 MT | 2500 Kg |
| 3 | എള്ള് | 22 | 4.40 MT | 300 Kg |
| 4 | പച്ചക്കറികൾ | 40 | — | — |
| 5 | തെങ്ങ് | 723 | 6326 ദശലക്ഷം | 14000 എണ്ണം |
| 6 | വാഴ | 115 | 1437.5 MT | 22500 Kg |
| 7 | മരച്ചീനി | 71 | 2942.0 MT | 50 MT |
| 8 | കുരുമുളക് | 120 | 54 MT | 600 Kg |
| 9 | പ്ലാവ് | 10 | — | — |
| 10 | കശുമാവ് | 60 | 57.6 MT | 1600 Kg |
| 11 | റബ്ബർ | 1500 | 1350 MT | 6000 Kg |
| 12 | കവുങ്ങ് | 15 | 26 MT | 800 Kg |
| 13 | ഇഞ്ചി | 40 | 160 MT | 5000 Kg |
| 14 | മഞ്ഞൾ | 5 | 17.5 MT | 4000 Kg |
| 15 | മററു കൃഷികൾ | 26 | — | — |

## നെൽകൃഷി

പഞ്ചായത്തിൽ ഏകദേശം 1047 ഹെക്ടർ സ്ഥലത്ത് വിരിപ്പ് കൃഷിയും, 944 ഹെക്ടർ സ്ഥലത്ത് മുണ്ടകൻ കൃഷിയും ചെയ്തു വരുന്നു. ജല ദൗർലഭ്യം മൂലം പുഞ്ചകൃഷി തീരെ യില്ല. നെൽ കൃഷി പ്രധാനമായും മഴയെ ആശ്ര യിച്ചു ചെയ്തു വരുന്നു, എന്നാൽ മുണ്ടകൻ കൃഷിയുടെ അവസാനം ജലം ലഭ്യമല്ലാത്തതിനാൽ ഉണക്കം സാധാരണ അനുഭവപ്പെടുന്നു.

നെൽ കൃഷിയിൽ പ്രധാനമായി കണ്ടു വരുന്ന പ്രശ്നങ്ങൾ വയലുകൾ നികത്തുന്നതും, മഴക്കാലത്ത് ഉണ്ടാകുന്ന വെള്ളപ്പൊക്കവും, മുണ്ടകൻ അവസാനം വരുന്ന ജലദൗർലഭ്യവു മാണ്. ഇതിന് പ്രധാനകാരണം നിലവിലുള്ള തോടുകളുടെ വീതി കുറഞ്ഞു വരിക, തോടിന്റെ പാർശ്വവശങ്ങൾ കൈയേറുക, മണ്ണിടിഞ്ഞ് തോടു നികന്നു പോകുക, കാലാകാലങ്ങളിലുള്ള അററകുററപ്പണികൾ ഇല്ലായ്ക, വെള്ളം വാർന്നു പോകുന്നതിനുള്ള കൈതോടുകൾ, നീർചാലുകൾ ഇല്ലാതിരിക്കൽ എന്നതൊക്കെയാണ്. അളവിൽ കൂടുതൽ വരുന്ന മഴവെള്ളം പാടങ്ങളിലേക്ക് കയറി കൃഷിനാശം സംഭവിക്കുന്നു. മലയോര പ്രദേശങ്ങളിലെ അവസ്ഥ ഇതിലും രൂക്ഷ മാണ്. ശക്തിയായ മലവെള്ളപ്പാച്ചിലിൽ തോടിന്റെ ബണ്ടുകൾ പൊട്ടിയുള്ള കൃഷിനാശം വ്യാപകമാണ്; കുറുമല, തോന്നൂർക്കര, പങ്ങാര പ്പിള്ളി, മങ്ങാട്, മലമ്പാടം, കാളിയാറോഡ്, പാലിയംപാടം എന്നീ പ്രദേശങ്ങളിൽ ...........

നിലവിലുള്ള തോടുകളിൽ തുലാവർഷത്തി നുശേഷം ഒഴുകിപ്പോകുന്ന വെള്ളം കെട്ടിനിർത്തി കൃഷിക്കുപയുക്തമാക്കുന്നതിന് ഇപ്പോഴുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്. നിലവി ലുള്ള ചിറകൾ ശക്തിപ്പെടുത്തുകയും, ചിറക്കു മുന്നിൽ അടിഞ്ഞുകൂടിയ ചെളി നീക്കം ചെയ്ത് ആഴം കൂട്ടുകയും, പാർശ്വവശങ്ങൾ കെട്ടി ചോർച്ച തടയുകയും ചെയ്താൽ ഇത് ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.

പഞ്ചായത്തിൽ കൃഷിചെയ്യുന്ന വിത്തു കളിൽ 50 ശതമാനം നാടൻ ഇനങ്ങളും 50 ശതമാനം അത്യുല്പാദനശേഷിയുള്ള ഇനങ്ങളും ആണ്. ആകെ കർഷകരിൽ 40% പുറമെനിന്നും വിത്ത് ശേഖരിച്ച് കൃഷി ചെയ്യുന്നവരും 60% സ്വന്ത മായി വിത്തു സൂക്ഷിച്ച് കൃഷി ചെയ്യുന്നവരു മാണ്. ഒരേയിനം വിത്തു കൃഷിചെയ്തും ഒരേ കാലയളവിൽ മററു കാർഷിക പരിചരണ മുറകൾ കൂട്ടായി ചെയ്തും കൃഷി അഭിവൃദ്ധിപ്പെടു ത്താവുന്നതാണ്. കൂട്ടായകൃഷി മൂലം ഉല്പാ ദന ചിലവ് കുറക്കുന്നതിനും, ഉല്പാദനം വർ ദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. ജൈവവള പ്രയോഗം താരതമ്യേന കുറവും, രാസവള പ്രയോഗം കൂടുതലുമായി കണ്ടുവരുന്നു. ഇതു മണ്ണിന്റെ സന്തുലിതാവസ്ഥ തന്നെ താറുമാറാക്കി യിട്ടുണ്ട്. നെൽകൃഷിയിൽ കൂടുതലായി കണ്ടു വരുന്ന കീടങ്ങൾ ഓലചുരുട്ടിപ്പുഴു, തണ്ടുതുര പ്പൻ, ചാഴി എന്നിവയാണ്. ബ്ലാസ്ററ് രോഗം അത്രതന്നെ രൂക്ഷമല്ലെങ്കിലും ചില കാലാവസ് ഥകളിൽ കണ്ടുവരുന്നു.

കാർഷിക മേഖലയിൽ പൊതുവെയുള്ള തൊഴിലാളികളുടെ ലഭ്യതക്കുറവ് നെൽകൃഷി യിൽ പ്രകടമായി കണ്ടുവരുന്നു. കാർഷിക തൊഴിലാളി മേഖലയിലുള്ള കൂലിവർദ്ധന, കാർഷിക വൃത്തിയിലുള്ള അലസത, മററു തൊഴിൽ മേഖലയിലേക്കുള്ള ചേക്കേറൽ തുടങ്ങി യവ കാർഷിക വികസനത്തിന് വിഘാതമായി നിൽക്കുന്നു. പരമ്പരാഗത കർഷകരെ കൃഷിയിൽ തുടരുന്നതിനും, യുവകർഷകരെ നെൽകൃഷിയി ലേക്ക് ആകർഷിക്കുന്നതിനും, കാർഷിക തൊഴി ലാളികളെ ഈ മേഖലയിൽ തന്നെ പിടിച്ചുനിർ ത്തുന്നതിനും ആവശ്യമായ പദ്ധതികൾ ആവി ഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

### നിർദ്ദേശങ്ങൾ

1 നെൽവയലുകൾ നികത്തുന്നത് മൂലം ഭൂഗർഭ ജലസമ്പത്ത് കുറയുക, വരൾച്ച അനുഭവപ്പെ ടുക തുടങ്ങിയ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുന്നതുകൊണ്ട് വയൽ നികത്തുന്നത് പാടെ നിർത്തൽ ചെയ്യേണ്ടതാണ്. ഇതിലേ

ക്കായി കർഷകരെ കാലാകാലങ്ങളിൽ ബോധവൽക്കരിക്കേണ്ടതും, നിയമം കർശനമാക്കേണ്ടതുമാണ്. തീരെ അനുയോജ്യമല്ലാത്ത വയലുകൾ പരിശോധിച്ച് മററു കാർഷിക വിളകൾ ചെയ്യുന്നതിനുള്ള സാധ്യതകൾ കണ്ടെത്താവുന്നതാണ്.

2 വിത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തെരഞ്ഞെടുത്ത പാടശേഖരങ്ങളിൽ കൂടി അംഗീകൃത വിത്തുല്പാദന പരിപാടി നടപ്പാക്കി കർഷകർക്ക് വേണ്ടതായ വിത്ത് ഉല്പാദിപ്പിച്ച് വിതരണം ചെയ്യേണ്ടതാണ്.

3 പാടശേഖരാടിസ്ഥാനത്തിൽ വർഷത്തിലൊരിക്കൽ മണ്ണുപരിശോധന നടത്തി ശാസ്ത്രീയമായ വളപ്രയോഗം മാത്രം അനുവർത്തിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

4 ജൈവവള ലഭ്യത ഉറപ്പുവരുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കേണ്ടതാണ്.

(a) പച്ചില വള ചെടികളായ ഡെയിഞ്ച, ഡെൺഹെമ്പ്, കൊഴിഞ്ഞിൽ, പയർ എന്നിവ തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായും, മൂന്നാം വിളസമയത്ത് പാടങ്ങളിൽ കൃഷി ചെയ്തും കൃഷിക്കു മുന്നെയായി മണ്ണിൽ ഉഴുതു ചേർക്കാവുന്നതാണ്. ഇതിലേക്കായി വിത്തുകൾ സബ്സിഡിയോടുകൂടി കർഷകർക്ക് നൽകേണ്ടതാണ്.

(b) പഞ്ചായത്തിലെ വാണിജ്യ മേഖലകളിൽ അടിഞ്ഞു കൂടുന്ന ചപ്പുചവറുകൾ, മാർക്കററിലെ അവശിഷ്ടങ്ങൾ എന്നിവ ശേഖരിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു ''റൂറൽ കംപോസ്ററ്'' ഉണ്ടാക്കാവുന്നതാണ്. ഏകദേശം 2000 കിലോ വാണിജ്യാവശിഷ്ടങ്ങൾ പ്രതിദിനം ഉണ്ടാവുന്നു എന്നു കണക്കാക്കുന്നു. ഇത്രയും ശേഖരിച്ച് പഞ്ചായത്തിന്റെ തന്നെ അധീനതയിലുള്ള പ്രദേശത്ത് ശാസ്ത്രീയമായ രീതിയിൽ കംപോസ്ററാക്കി മാററി കർഷകർക്ക് നാമമാത്ര വിലക്ക് വിതരണം നടത്താവുന്നതാണ്.

(c) ഓരോ പാടശേഖരത്തും രണ്ടുമൂന്നു ഭാഗങ്ങളിലായി പൊതു കംപോസ്ററു ഉൽപ്പാദനം നടത്തുക. കർഷക കുടുംബത്തിൽ ചിരസ്ഥായിയായ കംപോസ്ററ് നിർമ്മാണ കുഴി നിർമ്മിക്കുക, ഇതിലേക്കായി സഹായധനം അനുവദിക്കുക.

5 കീടരോഗ നിയന്ത്രണത്തിന്റെ ഭാഗമായി ഒരു സംയോജിത കീടനിയന്ത്രണ മാർഗ്ഗം തന്നെ സ്വീകരിക്കേണ്ടതാണ്. കൃഷിഭവൻ മുഖേന കീടനാശിനികൾ, കുമിൾ നാശിനികൾ എന്നിവ വിതരണം ചെയ്യേണ്ടതാണ്.

6 ചെറുകിട യന്ത്രവൽക്കരണ പദ്ധതിയിൽ പാടശേഖരങ്ങൾക്ക് കാർഷികയന്ത്രങ്ങൾ ലഭ്യമാക്കുകയും, സമിതിയുടെ ഉറപ്പിന്റെയടിസ്ഥാനത്തിൽ വായ്പ ലഭ്യമാക്കുകയും ചെയ്യുക. യന്ത്രവൽക്കരണം കൊണ്ട് തൊഴിലാളികളുടെ കുറവ് ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.

7 കർഷകരെയും കർഷക തൊഴിലാളികളെയും കാർഷിക മേഖലയിൽ തന്നെ തുടരുന്നതിന് ഉതകുന്ന ക്ഷേമപദ്ധതികൾ നടപ്പാക്കുക. പെൻഷൻ പദ്ധതി, സൗജന്യ ഇൻഷ്വറൻസ് പദ്ധതി, ഭവന വായ്പാ പദ്ധതി തുടങ്ങിയവ നടപ്പാക്കുക.

8 ഉല്പാദനത്തിനനുസൃതമായി ഉല്പാദന ബോണസ് കർഷകനും, കർഷക തൊഴിലാളിക്കും അനുവദിക്കുക, കാർഷിക ഉല്പാദന ഉപാധികൾ കർഷക തൊഴിലാളികൾക്കും നൽകുക.

9 കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില നിശ്ചയിക്കുക, വിപണി ഏർപ്പെടുത്തുക, സംഭരണ—വിതരണ സൗകര്യം ഏർപ്പെടുത്തുക.

10 കാർഷിക വിജ്ഞാന വ്യാപനത്തിനുതകുന്ന സെമിനാറുകൾ, ചർച്ചകൾ, പ്രദർശനങ്ങൾ മത്സരങ്ങൾ, വിളവെടുപ്പ് ഉത്സവങ്ങൾ എന്നിവ സംഘടിപ്പിക്കുക.

## പഞ്ചായത്തിലെ കാർഷിക ഉപകരണങ്ങളുടെ ലഭ്യത

| വാർഡ് No. | ഉഴവുപകരണങ്ങൾ | | | മരുന്നു തെളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങു കയററ യന്ത്രം | പോർട്ട് ബിൽ പമ്പ്സെ. |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ടില്ലർ | നാടൻ കലപ്പ | റോക്കർ സ്പ്രേ. | നാപ്സ. സ്പ്രേ. | മററുള്ളവ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | 2 | — | | 3 | | | — | 2 | 15 |
| 2 | — | — | | 2 | | | — | — | 14 |
| 3 | 2 | — | | 5 | | | — | 1 | 8 |
| 4 | — | — | | 5 | | | — | 1 | 16 |
| 5 | 1 | — | | 2 | | | — | 3 | 12 |
| 6 | 1 | — | | 1 | | | — | 2 | 9 |
| 7 | 3 | — | | 2 | | | 1 | 3 | 21 |
| 8 | — | — | | 3 | | | — | 2 | 13 |
| 9 | 1 | — | | 5 | | | 1 | 2 | 18 |
| 10 | 1 | — | | 4 | | | — | — | 18 |
| 11 | — | — | | 1 | | | — | 1 | 23 |
| 12 | 1 | — | | 2 | | | — | 1 | 16 |
| 13 | — | — | | 1 | | | — | 1 | 5 |

## പഞ്ചായത്തിലെ രാസവള-കീടനാശിനി വിപണനം

| ക്രമ No. | സ്ഥാപനം | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം കി. ഗ്രാം | കീടനാശിനി | | രാസവളം കി. ഗ്രാം. | കീടനാശിനി | | രാസവളം കി ഗ്രാം | കീടനാശിനി | |
| | | | ദ്രവം | ഖരം | | ദ്രവം | ഖരം | | ദ്രവം | ഖരം |
| | സഹകരണം | 202810 | 98 | 324 | 169250 | 129 | 890 | 188693 | 161 | 200 |
| | സ്വകാര്യം | 6.8450 | 264 | 615 | 507750 | 347 | 750 | 566080 | 402 | 485 |

**തെങ്ങ്**

പഞ്ചായത്തിൽ ഏകദേശം 723 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്യപ്പെടുന്നു. വയലിനോടു ചേർന്ന കരഭൂമിയിലും ചെരിവുള്ള പ്രദേശങ്ങളിലുമാണ് വ്യാപകമായി തെങ്ങു കൃഷിയുള്ളത്. പഞ്ചായത്തിൽ ഏററവും കൂടുതൽ തെങ്ങു കൃഷി ചെയ്യുന്നത് 5-ാം വാർഡിലാണ്. ഓരോ വാർഡിലേയും തെങ്ങുകൃഷി വിവരം താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണ്ണം (ഹെക്ടർ) | തെങ്ങ് എണ്ണം | | |
|---|---|---|---|---|
| | | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ |
| 1 | 83 | 2910 | 11644 | 14554 |
| 2 | 32 | 1137 | 4551 | 5688 |
| 3 | 51 | 1921 | 7147 | 9068 |
| 4 | 92 | 3220 | 12881 | 16101 |
| 5 | 149 | 5227 | 20912 | 26139 |
| 6 | 31 | 1125 | 4375 | 5500 |
| 7 | 51 | 1812 | 7248 | 9060 |
| 8 | 67 | 2360 | 9449 | 11809 |
| 9 | 37 | 1321 | 5287 | 6608 |
| 10 | 70 | 2400 | 9923 | 12323 |
| 11 | 58 | 2064 | 8260 | 10324 |
| 12 | 76 | 2662 | 16649 | 13311 |
| 13 | 110 | 3907 | 15630 | 19537 |

അടുത്ത കാലത്തായി ചില സ്ഥലങ്ങളിൽ നെൽപാടങ്ങൾ നികത്തി തെങ്ങുകൃഷി ചെയ്തു വരുന്നതായി കാണുന്നുണ്ട്. പഞ്ചായത്തിൽ തെങ്ങു കൃഷിയുടെ വ്യാപ്തി ഓരോ വർഷവും ഒരു ശതമാനം കണ്ട് വർദ്ധിച്ചു വരുന്നുണ്ട്.

തെങ്ങുകൃഷി പ്രധാനമായി നേരിടുന്ന പ്രശ്നങ്ങൾ ജല ദൗർലഭ്യം തന്നെ. ആകെയുള്ള വിസ്തൃതിയുടെ 40 ശതമാനം മാത്രമാണ് ജലസേചന സൗകര്യം ഉള്ളത്.ബാക്കി മഴയെ ആശ്രയിച്ചുള്ളതാണ്. തെങ്ങു കൃഷിക്ക് മററു കൃഷികളെ അപേക്ഷിച്ച് പരിചരണ പ്രവർത്തനങ്ങൾ കുറവാണ്. ഇടവിള കൃഷി കൂടുതലായി ചെയ്യുന്നില്ല. തന്നിമിത്തം മൊത്തം ആദായം കുറയുന്നതിന് ഇടയാകുന്നു. പഞ്ചായത്തിലെ ചില സർവ്വീസ് സഹകരണ സംഘങ്ങൾ 'കേരഫെഡു'മായി സഹകരിച്ച് കൊപ്രസംഭരണം നടത്താറുണ്ടെങ്കിലും ആയതിന്റെ ഗുണം എല്ലാ കർഷകർക്കും ലഭിക്കാറില്ല. തേങ്ങയുടെ വിലയിടിവും സ്ഥിരമായ തേങ്ങ കൊപ്രസംഭരണ സംവിധാനം പഞ്ചായത്തിൽ ഇല്ലാത്തതും ഒരു കാരണമാണ്.

## വികസന സാദ്ധ്യതകൾ

തെങ്ങു കൃഷി വികസനത്തിനായി താഴെ പറയുന്ന മാർഗ്ഗങ്ങൾ നിർദ്ദേശിക്കാവുന്നതാണ്.

(a) നാളികേര വികസന ബോർഡിന്റെ തെങ്ങു കൃഷി വ്യാപന വികസന പദ്ധതി പഞ്ചായത്ത് തലത്തിൽ ആവിഷ്ക്കരിച്ചു നടപ്പാക്കേണ്ടതാണ്. പഞ്ചായത്തിന്റെ ആവശ്യകത കണക്കാക്കി സങ്കരയിനങ്ങൾ, നാടൻ തൈകൾ എന്നിവ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുക. തരിശായി കിടക്കുന്ന തെങ്ങുകൃഷിക്കനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി തെങ്ങുകൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുക.

(b) ജലസേചന സൗകര്യത്തിനായി കിണർ, കുളം, പമ്പ്സെററ് സ്ഥാപിക്കുന്നതിന് ആനുകൂല്യം നൽകുക. കേരള സാമൂഹ്യ ജലസേചന പദ്ധതി പഞ്ചായത്തിൽ കൂടുതൽ വാർഡുകളിൽ നടപ്പിലാക്കുക. നിലവിലുള്ള കിണറുകൾ, കുളങ്ങൾ എന്നിവ പുനരുദ്ധരിച്ച് ജലലഭ്യത ഉറപ്പുവരുത്തുക. ഇതിലേക്ക് സബ്സിഡി അനുവദിക്കുക. ഡ്രിപ്പ് ഇറിഗേഷൻ (കണിക ജലസേചനം) കൂടുതൽ സബ്സിഡിയോടുകൂടി നടപ്പാക്കുക.

(c) തെങ്ങു കൃഷിക്ക് കുമ്മായം, രാസവളങ്ങൾ, സസ്യസംരക്ഷണ ഉപകരണങ്ങൾ, സസ്യസംരക്ഷണ മരുന്നുകൾ, തെങ്ങുകയററ യന്ത്രങ്ങൾ, തേങ്ങ പൊതിക്കാനുള്ള ഉപകരണങ്ങൾ എന്നിവ കർഷകർക്ക് സബ്സിഡിയോടുകൂടി അനുവദിക്കുക.

(d) തെങ്ങിൻ തോട്ടങ്ങളിൽ ഇടവിള കൃഷി ചെയ്യുന്നതിനും, പച്ചിലവളച്ചെടികൾ കൃഷി ചെയ്യുന്നതിനും പ്രോത്സാഹനം നൽകുക. ബഹുനില കൃഷിസമ്പ്രദായം നടപ്പാക്കുക. പുൽകൃഷിയും മൃഗപരിപാലനവും നടപ്പാക്കുക.

(e) തേങ്ങ സംഭരിച്ച് കൊപ്രയാക്കിയും എണ്ണയാക്കിയും വിപണനം ചെയ്യുന്നതിന് സഹകരണ അടിസ്ഥാനത്തിൽ ഒരു മിൽ സ്ഥാപിക്കുക. കൊപ്രഡ്രയർ കർഷകർക്കും ഇത്തരം മില്ലുകൾക്കും അനുവദിക്കുക. ഇത്തരം മില്ലിനോടു ചേർന്നുതന്നെ തെങ്ങിന്റെ മററുഭാഗങ്ങൾ ഉപയോഗിച്ച് (ചിരട്ട, ഓല, കൊതുമ്പ്, തടി) കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന ഒരു സ്ഥാപനം രൂപീകരിക്കുക. പഞ്ചായത്തിലെ തെരഞ്ഞെടുത്ത യുവതീയുവാക്കൾക്ക് ഇതിനുള്ള പരിശീലനവും സാമ്പത്തിക സഹായവും ലഭ്യമാക്കുക.

(f) ഉല്പാദനശേഷി കുറഞ്ഞതും, ദീർഘകാലമായി കായ്ക്കാത്തതുമായ തെങ്ങുകൾ മുറിച്ചു മാററി പുതിയവ വെച്ചുപിടിപ്പിയ്ക്കുന്നതിന് ആനുകൂല്യം നൽകുക.

## കുരുമുളക്

പഞ്ചായത്തിൽ 120 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി ചെയ്യുന്നുവെന്നാണ് കണക്ക്. കുരുമുളക് കൃഷി പ്രധാനമായും മലയോര

പ്രദേശങ്ങളായ കുറുമല, വട്ടൊള്ളി, പഞ്ഞാര പ്പിള്ളി, മഞ്ഞാട്, കാളിയാറോഡ്, പരക്കാട് തുട ങ്ങിയ ഭാഗങ്ങളിലാണ്. കുരുമുളക് വികസന ത്തിന് പ്രധാനമായും വിഘാതമായി നിൽക്കു ന്നത് കുരുമുളകിന്റെ ധ്രുതവാട്ട രോഗമാണ്. ഈർപ്പ കൂടുതലുള്ള മലയോര പ്രദേശങ്ങളിൽ ഇത് കൂടുതലായി കണ്ടുവരുന്നു. മഴക്കാലത്തു ണ്ടാകുന്ന വെള്ളപ്പൊക്കം മൂലം ഇതു പെട്ടെന്ന് വ്യാപിക്കുന്നതാണ് ഒരു കാരണം. ഒരു ഹെക്ടറിൽ നിന്നും ശരാശരി 400 കിലൊ കുരുമുളക് ലഭിക്കുന്നുണ്ട്. വേനൽക്കാലത്ത് ജലസേചന സൗകര്യം ഇല്ലാത്തതിനാൽ ഉണക്കവും ഒരു പ്രധാന കാരണമാണ്.

## സാദ്ധ്യതകൾ

കുരുമുളക് തോട്ടങ്ങളിൽ ജലസേചന സൗക ര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ആനുകൂല്യങ്ങൾ നൽകുക.

ദ്രുതവാട്ട രോഗം നിയന്ത്രിക്കുന്നതിനായി ഇടവപ്പാതി മഴക്കു മുന്നെയായി കൂട്ടായ മരുന്നു തളി നടത്തുന്നതിന് പ്രചാരണം നൽകുകയും, സസ്യസംരക്ഷണ മരുന്നുകൾക്ക് സബ്സിഡി അനുവദിക്കുകയും ചെയ്യുക.

കുരുമുളക് ഇടവിളയായി കൃഷി ചെയ്യുന്ന തിന് പ്രോത്സാഹനം നൽകുക.

പ്രകൃതിക്ഷോഭം മൂലവും, രോഗം മൂലവും നശിച്ച കുരുമുളക് തോട്ടങ്ങൾ പുനരു ദ്ധരിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ് കരിച്ചു നടപ്പാക്കുക, പഞ്ചായത്തിലെ മുഴുവൻ ഉല്പാദനക്ഷമത കുറഞ്ഞ തോട്ടങ്ങളും പുനരു ദ്ധരിക്കുന്നതിന് പദ്ധതി നടപ്പാക്കുക.

## കവുങ്ങ്

പഞ്ചായത്തിൽ ഏകദേശം 15 ഹെക്ടർ സ്ഥലത്താണ് കവുങ്ങ് കൃഷി ചെയ്തുവരു ന്നത്. കഴിഞ്ഞ 20–25 വർഷത്തിനിടയിലാണ് കർഷകർ ഈ രംഗത്തേക്ക് വ്യാപകമായി വന്നു തുടങ്ങിയത്. കൂടുതലായും അത്യുല്പാദന ശേഷിയുള്ള മംഗള, സുമംഗള, കാസർകോടൻ ഇനങ്ങളാണ് കൃഷി ചെയ്യുന്നത്. കവുങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് യാതൊരു വിധ പദ്ധതികളും പഞ്ചായത്തിൽ നടപ്പാക്കി വരുന്നില്ല. കവുങ്ങിന്റെ മഹാളി രോഗത്തി നെതിരെ മരുന്നു തളി വ്യാപകമാക്കേണ്ടതാണ്. കവുങ്ങ് കൃഷിയ്ക്ക് ജലസേചന സൗകര്യം ലഭ്യമാക്കേണ്ടതാണ്.

കവുങ്ങ് ഇടവിളയായി കൃഷി ചെയ്യുന്ന തിനും വിസ്തീർണ്ണം വ്യാപിപ്പിക്കുന്നതിനും കർഷകർക്ക് പ്രത്യേകം ആനുകൂല്യം നൽകേണ്ട താണ്.

കവുങ്ങിൻ തോട്ടങ്ങളിൽ സ്പ്രിങ്ക്ളർ ഇറിഗേഷൻ പദ്ധതി നടപ്പാക്കുക. അത്യുല് പാദന ശേഷിയുള്ള തൈകൾ പഞ്ചായത്തിൽ തന്നെ ഉല്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുക തുടങ്ങിയ പദ്ധതികൾ കവുങ്ങ് കൃഷി അഭി വൃദ്ധിപ്പെടുത്തുന്നതിന് സഹായകരമാകും.

## കശുമാവ്

പഞ്ചായത്തിൽ **ഏകദേശം** 60 ഹെക്ടർ സ്ഥലത്ത് കശുമാവ് **കൃഷി** ചെയ്തുവരുന്നു, വ്യാവസായികാടിസ്ഥാനത്തിലുള്ള കശുമാവ് കൃഷി കുറവാണ്. നിലവിലുള്ള തോട്ടങ്ങൾ ഉല്പാദനക്ഷമത കുറഞ്ഞതും, ശരിയായ പരി ചരണം കിട്ടാത്തവയുമാണ്.

മററു കൃഷികൾക്ക് അനുയോജ്യമല്ലാത്ത കുന്നിൻ പ്രദേശങ്ങളിലും മററും കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് വായ്പാ സൗകര്യ ങ്ങളും നടീൽ വസ്തുക്കൾ, കൃഷി സബ്സിഡി എന്നിവയും അനുവദിക്കേണ്ട താണ്.

പഞ്ചായത്തിന്റെ അധീനതയിലുള്ള തരിശ് ഭൂമികളിൽ സന്നദ്ധ സംഘടനകളുടെയും പഞ്ചായത്തിന്റെയും നേതൃത്വത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കേണ്ടതാണ്.

## റബ്ബർ

പഞ്ചായത്തിൽ ഏകദേശം 1500 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്തുവരുന്നു. മലയോര പ്രദേശങ്ങളിൽ 40% വും റബ്ബർ കൃഷിയാണ്. കർഷകരുടെ സാമ്പത്തിക സാംസ്ക്കാരിക ഉന്നമനത്തിൽ റബ്ബർ ഒരു സുപ്രധാന പങ്കുവഹിക്കുന്നു. റബ്ബർ ബോർഡിൽ നിന്നും ലഭിക്കുന്ന ആനുകൂല്യം പരമാവധി കർഷകർക്ക് ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാവണം.

ഇതൊക്കെയാണെങ്കിലും ഒരു റബ്ബർ അധിഷ്ഠിത വ്യവസായം ഈ പഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല. പഞ്ചായത്തിലെ അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ യുവതീ യുവാക്കൾക്ക് ഇത്തരം വ്യവസായ യൂണിററുകൾ തുടങ്ങുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായം കണ്ടെത്തേണ്ടതാണ്.

## വാഴ

വാഴകൃഷിക്ക് പേരുകേട്ട സ്ഥലമാണ് ചേലക്കര. പഞ്ചായത്തിൽ ഏകദേശം 115 ഹെക്ടർ സ്ഥലത്ത്വാഴ കൃഷി ചെയ്യുന്നു. നേന്ത്രവാഴ കൃഷിയാണ് പ്രധാനമായി കണ്ടുവരുന്നത്. ഏകദേശം 200 ഓളം കുടുംബങ്ങൾ വാഴ കൃഷി മേഖലയിൽ മാത്രം പണിയെടുക്കുന്നു. ഓണക്കാലത്ത് ഇവിടെ നിന്ന് ധാരാളം നേന്ത്രക്കുലകൾ കയററുമതി ചെയ്യുന്നു. നേന്ത്രവാഴ കൃഷിയിൽ ഒരു പ്രധാന പ്രശ്നം ജലലഭ്യത തന്നെയാണ്. കുലവരുന്ന സമയങ്ങളിലുണ്ടാകുന്ന ജലദൗർലഭ്യം വിളവിനെ സാരമായി ബാധിക്കുന്നു. കാലവർഷത്തിലും തുലാ വർഷത്തിലും ഉണ്ടാകുന്ന പ്രകൃതിക്ഷോഭം വാഴ കൃഷിയെ പ്രതികൂലമായി ബാധിക്കാറുണ്ട്. തണ്ടുതുരപ്പൻ പുഴുവിൻെറ ആക്രമണം വ്യാപകമായി കണ്ടുവരുന്നു. ഇടത്തട്ടുകാരുടെ ചൂഷണം വാഴ കർഷകർക്കിടയിൽ ഗണ്യമായിട്ടുണ്ട്.

നേന്ത്രവാഴ കർഷകർക്ക് ജലസേചന സൗകര്യത്തിനും കിണർ, കുളം തുടങ്ങിയവയുടെ നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും പമ്പ് സെററ് സ്ഥാപിക്കുന്നതിനും സാമ്പത്തികാനുകൂല്യങ്ങൾ അനുവദിക്കേണ്ടതാണ്,

ശാസ്ത്രീയമായ വളപ്രയോഗ രീതിയും കീടരോഗ നിയന്ത്രണവും അനുവർത്തിക്കുന്നതിന് വേണ്ടതായ ബോധവൽക്കരണം വാഴ കർഷകർക്ക് ലഭിക്കണം.

വിപണന സൗകര്യത്തിനായി ജില്ലയിൽ പ്രവർത്തിക്കുന്ന പഴം, പച്ചക്കറി സൊസൈററിയുടെ ഒരു ശാഖ പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന മാർക്കററിംങ്ങ് സൊസൈററി മുഖേനയും കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തേണ്ടതാണ്.

കൃഷി വകുപ്പിൻെറ നേതൃത്വത്തിൽ പഞ്ചായത്തിൽ ഓരോ വർഷവും നടത്തിവരാറുള്ള 'ഓണച്ചന്ത' ഇത്തരുണത്തിൽ സ്മരണീയമാണ്.

## ഇഞ്ചി, മഞ്ഞൾ

പഞ്ചായത്തിൽ ഇഞ്ചി, മഞ്ഞൾ എന്നിവ ഏകദേശം 40 ഹെക്ടർ, 5 ഹെക്ടർ എന്ന ക്രമത്തിൽ കൃഷി ചെയ്തു വരുന്നു. ഇഞ്ചി പ്രധാനമായും പാടങ്ങളിലും, തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായും കൃഷി ചെയ്തു വരുന്നു.

ഇഞ്ചി കൃഷിയിൽ പ്രധാനമായി കണ്ടുവരുന്ന പ്രശ്നം മഴക്കാലത്തുണ്ടാകുന്ന അഴുകൽ രോഗമാണ്. ഇഞ്ചി സംസ്ക്കരിക്കാതെ വിപണനം ചെയ്യുന്നതിനാൽ കുറഞ്ഞ വില മാത്രമെ ലഭിക്കുന്നുള്ളൂ.

കൂട്ടായ മരുന്നുതളി, ശരിയായ നീർവാർച്ചാ സൗകര്യം ഉണ്ടാക്കുക, കൃഷിനാശത്തിനു സഹായധനം അനുവദിക്കുക, വിപണന സൗകര്യം ഏർപ്പെടുത്തുക എന്നതൊക്കെ ഇഞ്ചി. മഞ്ഞൾകൃഷി വികസനത്തിന് അത്യാവശ്യമാണ്.

## പച്ചക്കറികൾ

പഞ്ചായത്തിൽ ഏകദേശം 40 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തുവരുന്നു. പാവൽ, കുമ്പളം, വെള്ളരി, മത്തൻ, പയർ, വെണ്ട, പടവലം, ചീര എന്നിവ വ്യാപകമായ തോതിൽ കൃഷി ചെയ്യുന്നുണ്ട്. ഉല്പാദനത്തിൻെറ ഏറിയ പങ്കും തൃശൂർ മാർക്കററിലേക്കും പഞ്ചായത്തിലെ പച്ചക്കറി കടകളിലേക്കും വിതരണത്തിനായി എത്തുന്നു.

ജലദൗർലഭ്യം, ഉല്പാദനക്കുറവ്, കീടരോഗബാധ, പച്ചക്കറി കർഷകർക്ക് വേണ്ടത്ര സാമ്പത്തിക സഹായം ലഭ്യമല്ലാതിരിക്കൽ എന്നിവ പച്ചക്കറി കൃഷിയുടെ പ്രധാന പ്രശ്നങ്ങളാണ്.

ജലസേചന സൗകര്യത്തിന് വേണ്ടതായ സാമ്പത്തിക സഹായം നൽകുക, നല്ലയിനം വിത്ത്, വളം എന്നിവ കർഷകർക്ക് സബ്സിഡിയിൽ അനുവദിക്കുക, മികച്ച പച്ചക്കറി കർഷകർക്ക് വേണ്ട പ്രോത്സാഹനം നൽകുക പഞ്ചായത്ത് തലത്തിൽ പച്ചക്കറി തൈകളുടെ നഴ്സറി ആരംഭിച്ച് തൈകൾ വിതരണം ചെയ്യുക, സ്ക്കൂളുകളിൽ ക്ലാസ്തലത്തിലും സ്കൂൾ തലത്തിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, വിളവെടുപ്പ് മത്സരവും പ്രോത്സാഹന സമ്മാനങ്ങളും ഏർപ്പെടുത്തുക, മാതൃകാ അടുക്കളത്തോട്ടങ്ങൾക്ക് പ്രോത്സാഹനം നൽകുക, ഇത്യാദികാര്യങ്ങൾ പച്ചക്കറി വികസനത്തിനുതകുന്നതാണ്.

## മരച്ചീനി

പഞ്ചായത്തിൽ ഏകദേശം 71 ഹെക്ടർ സ്ഥലത്ത് മരച്ചീനി കൃഷി ചെയ്തു വരുന്നു. സാധാരണക്കാരൻെറ പ്രധാന ഭക്ഷണ ഇനമായ മരച്ചീനി പ്രധാനമായും മലയോര പ്രദേശങ്ങളിലാണ് കൃഷി ചെയ്തു വരുന്നത്. വിളവെടുപ്പ് സമയത്ത് പൊതുവെ വിലക്കുറവ് അനുഭവപ്പെടുന്നുണ്ടെങ്കിലും മരച്ചീനിയ്ക്ക് ഇന്ന് ആവശ്യക്കാർ ഏറെയാണ്. സമ്പന്ന കുടുംബങ്ങളിൽ പോലും മരച്ചീനി ഒരു പ്രധാന ഭക്ഷണ പദാർത്ഥമായി മാറിക്കഴിഞ്ഞു.

മരച്ചീനി കൃഷി പ്രധാനമായും നേരിടുന്ന പ്രശ്നം അത്യുല്പാദന ശേഷിയുള്ള നടീൽ വസ്തുകളുടെ ലഭ്യതക്കുറവും, മൊസൈയിക് രോഗവും, കാട്ടുപന്നി മുതലായ വന്യജീവികൾ മുഖേനയുള്ള കൃഷി നാശവുമാണ്.

നല്ലയിനം നടീൽ വസ്തുക്കൾ പഞ്ചായത്ത് തലത്തിൽ സംഭരിച്ച് വിതരണം ചെയ്യേണ്ടതാണ്.

വിള ഇൻഷ്വറൻസ് പദ്ധതിയിൽ കാട്ടുപന്നി മൂലമുള്ള കൃഷിനാശം ഉൾപ്പെടുത്തേണ്ടതാണ്.

മരച്ചീനി ഉപയോഗിച്ചുള്ള കാലിത്തീററ, കോഴിത്തീററ, ചിപ്സ് തുടങ്ങിയ അനുബന്ധ വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകേണ്ടതാണ്.

പഞ്ചായത്ത് ഉൾപ്പെടുന്ന പഴയന്നൂർ ബ്ളോക്കിൽ പുതുതായി പ്രവർത്തനമാരംഭിച്ച ''സൂപ്പർ സ്ററാർ ഡിസ്ററിലറീസ്'' എന്ന സ്ഥാപനം മരച്ചീനി കർഷകർക്ക് അനുഗ്രഹമാകുമെന്ന് പ്രതീക്ഷിക്കാം.

## മാവ്, പ്ളാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ:-

പഞ്ചായത്തിലെ ബഹുഭൂരിഭാഗം വരുന്ന കർഷകരുടെയും വീട്ടുവളപ്പിൽ മാവ്, പ്ളാവ്, പേര തുടങ്ങിയ ഫലവൃക്ഷങ്ങൾ കൃഷി ചെയ്യുന്നുണ്ട്. മിക്കവാറും ഇവയെല്ലാം നാടൻ ഇനത്തിൽപ്പെട്ടവയാണ്. വിളവെടുപ്പ് സീസണിൽ ധാരാളം മാങ്ങ ഈ പഞ്ചായത്തിൽനിന്നും അന്യ സംസ്ഥാനങ്ങളിലേക്ക് കയററി അയക്കപ്പെടുന്നു. മൂന്നു മാങ്ങ സംഭരണ ശാലകൾ തന്നെ ഈ സമയത്ത് പഞ്ചായത്തിൽ പ്രവർത്തനമാരംഭിക്കാറുണ്ട്. പ്ളാവിൻെറ കാര്യത്തിൽ ഒരു സംഭരണ ശൃംഖല ഇല്ലെങ്കിലും സീസണിൽ ചക്കയുടെ വില്പനയും തകൃതിയായി നടക്കാറുണ്ട്. പപ്പായ, കൈതച്ചക്ക, പേര തുടങ്ങിയ ഫലവൃക്ഷങ്ങൾ മിക്കവാറും കർഷകർ കൃഷി ചെയ്യുന്നുണ്ടെങ്കിലും വ്യാവസായികാടിസ്ഥാനത്തിലുള്ള കൃഷി തുലോം കുറവാണ്. ഫലവൃക്ഷവിള

കഠം പഞ്ചായത്തിൽ ധാരാളമായി ഉണ്ടെങ്കിൽ തന്നെയും ഇതിനെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങരം ഇല്ല എന്നതാണ് പ്രധാന പോരായ്മ.

ഫല വൃക്ഷ വിളകളുടെ വികസനത്തിന്നായി താഴെ പറയുന്ന മാർഗ്ഗങ്ങരം സ്വീകരിക്കാവുന്ന താണ്.

1 അത്യുല്പാദന ശേഷിയുള്ളതും, വാണിജ്യ പ്രാധാന്യമുള്ളതുമായ ഫലവൃക്ഷങ്ങളുടെ ഗ്രാഫ്ററുകരം, തൈകരം, വിത്തുകരം തുടങ്ങിയവ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുക.

2 പഴം സംഭരണം, സംസ്ക്കരണം, വിപണനം എന്നിവയ്ക്കായി ചെറുകിട വ്യവസായങ്ങരം തുടങ്ങുക, അച്ചാർ, സ്ക്വാഷ്, ചിപ്സ്, ഫ്രൂട്ടി ലഘുപാനീയങ്ങരം, ജാം, ജെല്ലി തുടങ്ങിയ സംസ്ക്കരണ യൂണിററുകരം ആരംഭിക്കുക. ഇത് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാൻ സഹായിക്കുന്നു.

3 വ്യാവസായികാടിസ്ഥാനത്തിൽ മാവ്, പ്ലാവ്, പേര, കൈതച്ചക്ക, പപ്പായ എന്നിവ കൃഷി ചെയ്യുന്നതിന് . കർഷകർക്ക് പ്രോത്സാഹനം നൽകുക.

4 പഞ്ചായത്തിൻെറ അധീനതയിലുള്ള റോഡ് സൈഡിലും, PWD റോഡ് സൈഡുകളിലും മാവ്, പ്ലാവ്, പേര തുടങ്ങിയ ഫലവൃക്ഷങ്ങരം നട്ടുപിടിപ്പിക്കുക. ഇതിലേക്കായി സാമൂഹിക–സാംസ്ക്കാരിക സംഘടനകളുടെയും സന്നദ്ധ സംഘടനകളുടെയും, സ്ക്കൂരം, കോളേജ് വിദ്യാർത്ഥികളുടെയും പ്രവർത്തനം സ്വരൂപിക്കാവുന്നതാണ്.

5 ഓരോ വീട്ടിലും ഓരോ ഫലവൃക്ഷം എന്ന ഒരു പദ്ധതി ആവിഷ്ക്കരിച്ച് ഓരോ കുടുംബത്തിനും ഫലവൃക്ഷ തൈകരം സൗജന്യമായി വിതരണം ചെയ്യുക,

## നൂതന കൃഷി സംരംഭങ്ങൾ

ഇപ്പോരം വളരെ പ്രചാരം സിദ്ധിച്ചിട്ടുള്ള കൃഷികളാണ് കൂൺകൃഷി, തേനീച്ച വളർത്തൽ. ഔഷധ സസ്യകൃഷി, പൂ കൃഷി, ഓർക്കിഡ്, അന്തൂറിയാ കൃഷി, മണ്ണിര കംപോസ്ററ് ഉൽപ്പാദനം തുടങ്ങിയവ. പഞ്ചായത്തിൽ വിരലിലെണ്ണാവുന്ന തരത്തിൽ നൂതന കൃഷി സംരംഭങ്ങരം ആരംഭിച്ചിട്ടുണ്ടെങ്കിലും വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ല.

ഏററവും കൂടുതൽ പോഷകമൂല്യമുള്ളതും വിപണികണ്ടെത്താവുന്നതും, ചുരുങ്ങിയ പരിശീലനം കൊണ്ട് പ്രാവർത്തികമാക്കാവുന്നതാണ് കൂൺകൃഷി. പഞ്ചായത്തിൽ ഇപ്പോരം തന്നെ സ്വകാര്യമേഖലയിൽ ഒരു കൂൺ കൃഷി യൂണിററ് പുലാക്കോട് വില്ലേജിൽ പ്രവർത്തിക്കുന്നുണ്ട്.

തേനീച്ച വളർത്തലിന് പററിയ മേഖലയാണ് ചേലക്കര. മലയോര പ്രദേശങ്ങരം റബ്ബർ, തെങ്ങ് കൃഷി നിബിഡമായതുകൊണ്ടും, താഴ്വാരങ്ങരം നെൽകൃഷി മേഖലയായതുകൊണ്ടും തേനിൻെറ ലഭ്യതയിൽ കുറവ് വരുവാൻ ഇടയില്ല. തേൻവളർത്തലിന് കൂടുതൽ പ്രധാന്യം നൽകാവുന്നതാണ്,

ആഗോളാടിസ്ഥാനത്തിൽ ആയുർവ്വേദ ചികിത്സ പ്രചാരം സിദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ ഔഷധ ചെടികൃഷിക്ക് അതിൻെറതായ പ്രാധാന്യമുണ്ട്. ഔഷധ സസ്യ നിബിഡമായിരുന്ന നമ്മുടെ കാടുകരം വെട്ടിതെളിച്ചതും മററു കൃഷികളിൽ വ്യാപൃതരായതും മൂലം നമ്മുടെ ഔഷധ സസ്യ സമ്പത്ത് കുറയാനിടവന്നു. ദിവസേനയെന്നോണം രൂപം കൊള്ളുന്ന ആയുർവ്വേദ ഔഷധ നിർമ്മാണ ശാലകരം ഔഷധ സസ്യകൃഷിക്ക് പ്രധാന്യം കൂട്ടിയിട്ടുണ്ട്.

വിദേശ വിപണിയിലും ആഭ്യന്തര വിപണിയിലും ഇപ്പോരം ഏററവും പ്രചാരം സിദ്ധിച്ച മേഖലയാണ് പൂ കൃഷിയും, ഓർക്കിഡ്, അന്തൂറിയം എന്നിവയുടെ കൃഷിയും. ചേലക്കര പഞ്ചായത്തിൽ പൂകൃഷിക്ക് മാതൃകയായി ഒന്നു രണ്ട് കുററിമുല്ല കൃഷിത്തോട്ടം ആരംഭിച്ചെങ്കിലും കർഷകരുടെ ഇടയിൽ വേണ്ടത്ര പ്രചാരം ലഭ്യമല്ല. വീട്ടുമുററത്തും, ടെറസ്സുകളിലും ആദായകരമായി കൃഷിചെയ്യാവുന്നവയാണ് അന്തൂറിയം, ഓർക്കിഡ് തുടങ്ങിയവ. പഞ്ചായത്തിലെ അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവതീയുവാക്കളെ പരിശീലിപ്പിച്ച് ഈ രംഗത്തേക്ക് കൊണ്ടുവരേണ്ടതാണ്.

നൂതന കൃഷിസംരംഭങ്ങൾ ആരംഭിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളാവുന്നതാണ്.

1 പഞ്ചായത്തിൽ മേൽസംരംഭങ്ങളിൽ താല്പര്യമുള്ള കർഷകരെയും യുവജനങ്ങളെയും കണ്ടെത്തി ആവശ്യമായ പരിശീലനങ്ങൾ നൽകേണ്ടതും യൂണിററുകൾ തുടങ്ങുന്നതിന് വായ്പാ സൗകര്യം ലഭ്യമാക്കേണ്ടതുമാണ്.

2 ആവശ്യമായ നടീൽ വസ്തുക്കൾ പഞ്ചായത്ത്തലത്തിൽ ശേഖരിച്ച് വിതരണം ചെയ്യുക.

3 ഇടവിളയായും തനിവിളയായും ഔഷധ സസ്യകൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുക.

4 തേനീച്ച വളർത്തലിന് കൂട്, ഹണി എക്സ്ട്രാൽഷൻ എന്നിവ സബ്സിഡിയിൽ അനുവദിക്കുക.

5 പഞ്ചായത്തിൽ തന്നെ ഇതിനുള്ള വിപണി ഏർപ്പെടുത്തുകയും ചെറുകിട സംഭരണ വിപണന യൂണിററുകൾ സ്ഥാപിക്കുകയും ചെയ്യുക. ഇതിലേക്ക് യുവസംരംഭകർക്ക് സഹായധനം അനുവദിക്കുക.

6 നൂതന കൃഷി സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് പഞ്ചായത്ത് തലത്തിൽ പ്രോത്സാഹനം നൽകുക.

## കാർഷിക വികസന പ്രവർത്തനങ്ങൾ

### കൃഷിഭവൻ

കൃഷിവകുപ്പ് പുനഃസംഘടിപ്പിച്ചതിന്റെ ഭാഗമായി സംസ്ഥാനത്തെ ഓരോ പഞ്ചായത്തുകളിലും നിലവിൽവന്ന കൃഷിഭവനുകൾ കാർഷിക രംഗത്ത് പരിവർത്തനങ്ങൾ സൃഷ്ടിക്കാൻ സഹായകരമായിട്ടുണ്ട്. കൃഷിഭവനിൽ കൂടി നടപ്പാക്കുന്ന പദ്ധതികളുടെ ആനുകൂല്യം പഞ്ചായത്തിലെ എല്ലാ കർഷകർക്കും നെൽകൃഷി ഒഴികെ ലഭിക്കുന്നില്ല എന്നത് ഒരു വാസ്തവമാണ്. ഓരോ സാമ്പത്തിക വർഷവും പഞ്ചായത്തിന് അനുവദിച്ചു കിട്ടുന്ന ഫണ്ട് അപര്യാപ്തമാണ് എന്നതാണ് ഇതിനുള്ള കാരണം. കാർഷിക വിജ്ഞാന വ്യാപനത്തിലും കർഷകരുടെ സാമ്പത്തിക-സാംസ്ക്കാരിക ഉന്നമനത്തിലും കൃഷിഭവൻ ഒരു പ്രധാന പങ്കുവഹിക്കുന്നു. കൃഷിഭവൻ 1.4.96 മുതൽ പഞ്ചായത്തുവക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

കർഷകർക്കു എളുപ്പം എത്തിച്ചേരാവുന്ന ഭാഗത്ത് കൃഷിഭവൻ ആഫീസ് പ്രവർത്തനത്തിനും നടീൽ വസ്തുക്കൾ, മററു ഉപകരണങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനുമായി സൗകര്യപ്രദമായ ഒരു കെട്ടിടം പണിയേണ്ടതാണ്.

പഞ്ചായത്തിൽ നിലവിലുള്ള എല്ലാ കൃഷികൾക്കും കൃഷിഭവനിലൂടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നു. കൃഷിഭവനിലൂടെ നടപ്പാക്കുന്ന പദ്ധതികളുടെ വിവരണം താഴെ കൊടുക്കുന്നു.

### നെൽകൃഷി

#### (a) ഗ്രൂപ്പ് ഫാമിങ്ങ് പദ്ധതികൾ

പാടശേഖരങ്ങളിൽ കൂട്ടായ കൃഷിസമ്പ്രദായം നടപ്പാക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. ഒരേ തരം വിത്ത് ഉപയോഗിച്ചുള്ള കൃഷി, പൊതു ഞാററടി, കൂട്ടായനിലം ശരിയാക്കൽ, വിത/നടീൽ, ജലസേചനം, സസ്യസംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കൽ, വിളവെടുപ്പ് എന്നിവ ഇതുകൊണ്ട് വിവക്ഷിക്കുന്നു. ഇതുമൂലം ഉല്പാദന ചെലവ് കുറക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മേൽസംരംഭങ്ങൾക്ക് ധനസഹായം അനുവദിക്കുന്നു.

#### (b) അംഗീകൃത വിത്തുൽപാദന പദ്ധതി

പഞ്ചായത്തിൽ വേണ്ടതായ നെൽവിത്തുകൾ ഏതാണെന്നും എത്രയാണെന്നും കണക്കാക്കി അത് ഉല്പാദിപ്പിക്കുന്നതിനും വിതരണം

ചെയ്യുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. ഇതുപ്രകാരം പാടശേഖരങ്ങൾ മുഖേന വിത്തുല്പാദിപ്പിക്കുന്നതിനുള്ള അടിസ്ഥാന വിത്ത് സൗജന്യമായി നൽകുകയും ഉല്പാദനത്തിനും വിതരണത്തിനും സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും സഹായധനം അനുവദിക്കുന്നു.

### (c) ചെറുകിട യന്ത്രവൽക്കരണ പദ്ധതി

പ്രസ്തുത പദ്ധതി പ്രകാരം 50 ശതമാനം സബ്സിഡിയിൽ ട്രാക്ടർ, ട്രില്ലർ, മെതിയന്ത്രം, പാററുയന്ത്രം എന്നിവ പാടശേഖര സമിതികൾക്ക് വിതരണം ചെയ്യുന്നു. കാർഷിക മേഖലയിൽ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് ഇത് സഹായകരമാകുന്നു.

### (d) ജൈവവള വികസന പദ്ധതി

പച്ചില-ജൈവവള പ്രയോഗങ്ങൾ പ്രചരിപ്പിക്കുന്നതിന് കർഷകർക്ക് പച്ചിലവള വിത്തുകൾ ലഭ്യമാക്കുക, കർഷകർ, സമിതികൾ, പഞ്ചായത്ത് എന്നിവയുടെ നേതൃത്വത്തിൽ ചിരസ്ഥായിയായി കംപോസ്ററ് ഉൽപ്പാദനം, വിതരണം എന്നിവ നടത്തുക. ഇതിലേക്കായി സാമ്പത്തിക സഹായം അനുവദിക്കുന്നു.

### (e) കീടരോഗ നിയന്ത്രണം

അടിയന്തിര ഘട്ടങ്ങളിൽ കീടരോഗ നിയന്ത്രണത്തിനായി സസ്യസംരക്ഷണ മരുന്നുകൾ ലഭ്യമാക്കുക, കൂട്ടായ സസ്യസംരക്ഷണ മാർഗ്ഗങ്ങൾ ഏർപ്പെടുത്തുക എന്നിവയാണ്.

### (f) ഉല്പാദന ബോണസ്

ഹെക്ടറിന് 250/- രൂപ നിരക്കിൽ മൂന്നു വിളയ്ക്കും കൂടി 750/- രൂപ ഉല്പാദന ബോണസ്സായി അനുവദിക്കുന്നു.

## കശുമാവ് കൃഷി വികസനം

ഇതുപ്രകാരം കശുമാവ് ഗ്രാഫ്ററുകൾ സൗജന്യമായി വിതരണം ചെയ്യുക, നടീലിന് സഹായം നൽകുക എന്നതാണ്. ഉദ്ദേശിക്കുന്നത്. കൂടുതൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് ഇത് സഹായകരമാണ്.

## കശുമാവിൻ തോട്ടങ്ങളുടെ ഊർജ്ജിത പരിപാലനം

ഉല്പാദന വർദ്ധനവിനായി ഊർജ്ജിത പരിപാലനം നടപ്പാക്കുക, രാസവളം വിതരണം ചെയ്യുക എന്നിവ ഇതിൽപ്പെടുന്നു.

## സമഗ്ര നാളികേര വികസന പദ്ധതി

ജലസേചന സൗകര്യത്തിനായി പുതിയ കിണററും, പമ്പ്സെററും സ്ഥാപിക്കുക, സസ്യസംരക്ഷണഉപകരണങ്ങൾ നൽകുക, തെങ്ങുകയററയന്ത്രങ്ങൾ വിതരണം ചെയ്യുക, കൊപ്ര ഉണക്കുയന്ത്രങ്ങൾ സ്ഥാപിക്കുക,നടീൽ വസ്തുക്കളുടെ വിതരണം, കർഷകപരിശീലനം നൽകുക എന്നിവ ഇതിൽപ്പെടുന്നു.

## കിഴങ്ങുവർഗ്ഗ വിളകളുടെ വികസനം

മരച്ചീനി, ചേമ്പ്, ചേന, മധുരക്കിഴങ്ങ് തുടങ്ങി കിഴങ്ങുവർഗ്ഗ വിളകൾ വ്യാപിപ്പിക്കുക, മികച്ച നടീൽ വസ്തുക്കൾ ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതിയിൽ വരുന്നത്.

## കുരുമുളകു വികസനം

സുഗന്ധവിളകളുടെ മാതൃകാത്തോട്ടങ്ങൾ നിർമ്മിക്കുക, വിസ്തൃതി വ്യാപിപ്പിക്കുക, നിലവിലുള്ള തോട്ടങ്ങൾ പുനരുദ്ധരിക്കുക, നടീൽ വസ്തുക്കൾ വിതരണം ചെയ്യുക എന്നിവ ഇതിൽ പെടുന്നു.

## പയർവർഗ്ഗ വികസനം

പയർ, ചെറുപയർ, ഉഴുന്ന് തുടങ്ങി പയർവർഗ്ഗവിളകൾ ചെയ്യുന്നതിന് വിത്തുകൾ ലഭ്യമാക്കുകയും സഹായധനം അനുവദിക്കുകയും ചെയ്യുന്നു.

### ഫലവർഗ്ഗ വികസനം

ഫലവർഗ്ഗ ചെടികളുടെ തൈകൾ ലഭ്യമാക്കുക, ഫലവർഗ്ഗത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് സഹായധനം നൽകുക.

### പച്ചക്കറി വികസനം

വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിന് വിത്ത്, വളം, കിണർ, പമ്പ്സെററ് എന്നിവ നൽകുക, വിദ്യാർത്ഥികളുടെ വീട്ടുവളപ്പിൽ പച്ചക്കറി കൃഷിക്ക് വിത്തു വിതരണം ചെയ്യുക, ഉല്പാദന പ്രോത്സാഹന സമ്മാനം നൽകുക, മഹിളാ സംഘടനകൾ മുഖേന പച്ചക്കറി തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുക തുടങ്ങിയവ ഇതിൽപ്പെടുന്നു.

### പ്രത്യേക ഘടക പദ്ധതി

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കർഷകരുടെ ഉന്നമനത്തിനായി വിവിധ കാർഷിക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു. തീവ്രസങ്കേത വികസന പദ്ധതി പ്രകാരം പ്രത്യേക സങ്കേതങ്ങൾ തിരഞ്ഞെടുത്ത് സമഗ്ര കാർഷിക വികസനം നടപ്പാക്കുന്നു.

### പ്രാദേശിക വിളകളുടെ വികസനം

ഓരോ പ്രദേശത്തും പ്രത്യേകമായി കൃഷി ചെയ്യുന്ന വിളകൾ കണ്ടെത്തി ആയതിന്റെ വികസനത്തിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നു.

### അംഗീകൃത നഴ്സറി പദ്ധതി

സ്വകാര്യ മേഖലയിൽ കർഷകരെ തിരഞ്ഞെടുത്ത് അംഗീകൃത നഴ്സറി പദ്ധതി പ്രകാരം നടീൽ വസ്തുക്കൾ ഉല്പ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.

### കാർഷികോല്പാദന പരിപാടികളിൽ ജനപങ്കാളിത്തം

കാർഷിക മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന കർഷകർക്ക് അവാർഡ് നൽകുക, കാർഷിക സെമിനാറുകൾ, പ്രദർശനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക എന്നിവ ഇതിൽപ്പെടുന്നു.

### പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി

കാലാകാലങ്ങളിലുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളിൽ കൃഷിനാശം സംഭവിക്കുന്ന കർഷകന് സഹായധനം ഈ പദ്ധതി പ്രകാരം അനുവദിക്കുന്നു.

1993-94 മുതൽ 1995-96 വരെയുള്ള ദുരിതാശ്വാസവിതരണത്തിന്റെ വിവരം താഴെ ചേർക്കുന്നു,

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ള പൊക്കം | വരൾച്ച | കൊടുംകാററ് | ഉരുൾ പൊട്ടൽ | | |
| 1993-94 | — | — | — | — | — | — |
| 1994-95 | — | — | — | — | 478 | 3477.46 |
| 1995-96 | — | — | — | — | 3 | 800 |

## വിളഇൻഷ്വറൻസ് പദ്ധതി

പ്രകൃതിക്ഷോഭം മൂലം വിളനാശം ഉണ്ടാകുന്ന കർഷകരുടെ നഷ്ടം നികത്തുന്നതിനുവേണ്ടി വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി വരുന്നു.

## മണ്ണുപരിശോധനാ പദ്ധതി

കൃഷിയിടങ്ങളിലെ മണ്ണു സാമ്പിളുകൾ ശേഖരിച്ച് കൃഷി വകുപ്പിന്റെ മണ്ണുപരിശോധനാശാലയിൽ വെച്ച് പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകുന്നു.

## നടീൽ വസ്തുക്കളുടെ വിതരണം

പഞ്ചായത്തിലെ പൊതുവായ കാർഷിക വികസന വ്യാപനത്തിനായി സംസ്ഥാനത്തെ വിവിധ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന നടീൽ വസ്തുക്കൾ ന്യായമായ വിലയിൽ കർഷകർക്ക് വിതരണം ചെയ്തു വരുന്നു.

1993-94 മുതൽ 95-96 വരെ വിതരണം ചെയ്ത നടീൽവസ്തുക്കളുടെ വിവരണം താഴെ ചേർക്കുന്നു.

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 1000 | 700 | 332 |
| കശുമാവ് | 500 | 650 | 650 |
| കുരുമുളക് | 6500 | 8000 | 15000 |
| കവുങ്ങ് | 100 | ...... | ...... |
| പയർവർഗ്ഗങ്ങൾ | 650 Kg | 539 | 200 |
| നെൽവിത്ത് | 3980 ,, | 3690 | 1000 |
| മാവ് | ...... | 340 | ...... |
| ഫലവർഗ്ഗങ്ങൾ | ...... | 160 | 160 |
| കൊക്കൊ | ...... | 300 | 220 |
| പച്ചക്കറിവിത്തുകൾ | 5.300 kg | 5.000 kg | ...... |

## പഞ്ചായത്തിലെ കാർഷിക/ഇതര മേഖലയിലെ സംഘടനകൾ.

ഗ്രൂപ്പ് ഫാമിങ്ങ് കൃഷി സമ്പ്രദായത്തിന്റെ ആവിഷ്കാരത്തോടു കൂടി പഞ്ചായത്തിൽ വിവിധ പാടശേഖര സമിതികൾ രൂപം കൊണ്ടിട്ടുണ്ട്. കൃഷിഭവൻ പദ്ധതികൾ യഥാസമയം നടപ്പാക്കുന്നതിനും, കാർഷിക വിവരങ്ങൾ കർഷകരിൽ എത്തിക്കുന്നതിനും ഇത്തരം സമിതികൾ ഒരു സുപ്രധാന പങ്കു വഹിക്കുന്നു. ഇത്തരം സമിതികളിൽ സജീവമായി പ്രവർത്തിക്കുന്നവയും, അല്ലാത്തതും കാണാൻ സാധിക്കുന്നതാണ്. നിലവിലുള്ള സമിതികൾ ഊർജ്ജസ്വലമായി പ്രവർത്തിക്കുന്നതിന് വേണ്ടതായ പ്രോത്സാഹനങ്ങൾ നൽകേണ്ടതാണ്. പഞ്ചായത്തിൽ നിലവിലുള്ള പാടശേഖര സമിതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പാടശേഖരത്തിൻെറ പേര് | വിസ്തീർണ്ണം (ഹെ.) | കർഷകരുടെ എണ്ണം |
|---|---|---|---|
| 1 | കുട്ടാടൻ-കരികുളം നെല്ലുല്പാദക സമിതി. R. No. 465/93 | 75 | 195 |
| 2 | മലമ്പാടം പാടശേഖര സമിതി. R. No. 414/92 | 40 | 75 |
| 3 | ചേലക്കര-പത്തുകുടി നെല്ലുല്പാദക സമിതി. R. No. 351/93 | 47 | 55 |
| 4 | പരക്കാട്-മേതുക് പാടശേഖര നെല്ലുല്പാദക സമിതി R. No. 282/93 | 60 | 40 |
| 5 | പാലിയംപാടം ഗ്രൂപ്പ് ഫാമിങ്ങ് സമിതി. R. No. 643/90 | 60 | 120 |
| 6 | കളപ്പാറ-മങ്ങാട് പാടശേഖര സമിതി. R. No. 518/94 | 65 | 100 |
| 7 | നാട്ട്യൻചിറ പാടശേഖര ഗ്രൂപ്പ് ഫാമിങ്ങ് സമിതി. R. No. 553/94 | 50 | 115 |
| 8 | ആര്യംപാടം-വെങ്ങാനെല്ലൂർ നെല്ലുല്പാദകസമിതി. R. No. 542/94 | 80 | 145 |
| 9 | വട്ടൊള്ളി മലയോര പാടശേഖര സമിതി. R. No. 29/94 | 50 | 75 |
| 10 | തോന്നൂർക്കര-കൂമ്പഴ പാടശേഖര നെല്ലുല്പാദക സമിതി. R. No. 92/94 | 50 | 220 |
| 11 | ചേലക്കര-കോളത്തൂർ പാടശേഖര നെല്ലുല്പാദക സമിതി. R. No. 567/94 | 30 | 120 |
| 12 | കുറുമല പാടശേഖര നെല്ലുല്പാദക സമിതി. R. No. 288/91 | 65 | 205 |
| 13 | അടയ്ക്കോട് പാടശേഖര നെല്ലുല്പാദക സമിതി. R. No. 363/93 | 60 | 90 |
| 14 | തോന്നൂർക്കര-പടിഞ്ഞാററുമുറി പാടശേഖരസമിതി. R. No. 351/94 | 60 | 165 |
| 15 | പങ്ങാരപ്പിള്ളി പാടശേഖര നെല്ലുല്പാദകസമിതി. R. No. 519/91 | 100 | 290 |
| 16 | പുലാക്കോട് വടക്കുംമുറി പാടശേഖര സമിതി. R. No. 308/96 | 75 | 240 |
| 17 | വെങ്ങാനെല്ലൂർ നെല്ലുല്പാദക സമിതി. R. No. 64/94 | 80 | 160 |
| | | 1047 | 2410 |

ഇതു കൂടാതെ കുരുമുളക് വികസന സമിതി, സമഗ്ര നാളികേര വികസനസമിതി എന്നിവയും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലുള്ള ഇതരസാമൂഹിക സാംസ്ക്കാരിക സംഘടനകളും കാർഷിക രംഗത്ത് അതിൻേറതായ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു.

മേൽപറഞ്ഞ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലവത്താക്കുന്നതിന് താഴെ പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്.

1 പ്രവർത്തനരഹിതമായ സമിതികൾ പുനഃസംഘടിപ്പിക്കുകയും പ്രവർത്തന സൗകര്യത്തിനായി വലിയ വിസ്തൃതിയുള്ള പാടശേഖരസമിതികളെ രണ്ടു സമിതികളായി രൂപപ്പെടുത്തുകയും ചെയ്യുക.

2 പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളിൽ സമിതികളെ നിർബന്ധമായും പങ്കെടുപ്പിക്കുകയും ചുമതല ഏൽപ്പിക്കുകയും ചെയ്യുക.

## കാർഷിക വിപണനം

ഏതൊരു വികസന മേഖലയുടെയും പ്രധാനപ്പെട്ട മൂന്ന് കാര്യങ്ങൾ ഉല്പാദന വർദ്ധനവും, ഉല്പന്നത്തിന് ന്യായമായ വില, വിപണന സൗകര്യം എന്നിവയാണ്. ഉല്പാദന വർദ്ധനവിനനുസരിച്ച് വിപണന മേഖലയും വികസിക്കേണ്ടതുണ്ട്. കാർഷിക മേഖലയിൽ ഉല്പന്നത്തിൻെറ വിലയുടെ കാര്യത്തിൽ കർഷകർ ഇപ്പോഴും ചൂഷണം ചെയ്യപ്പെടുന്നു എന്നതാണ് വസ്തുത. കൂട്ടായ വിലപേശൽ, സഹകരണ മനസ്ഥിതി കർഷകരുടെ ഇടയിൽ കുറവ് എന്നതൊക്കെ ഇതിനു കാരണമായി ചൂണ്ടിക്കാണിക്കാം. ഉല്പന്നങ്ങളുടെ വിലക്കുറവ്, കർഷകരെ കാർഷിക മേഖലയിൽ നിന്നും പിന്തിരിപ്പിക്കുന്നതിന് പ്രേരകമാകുന്നു. പഞ്ചായത്ത് തലത്തിൽ കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുക എന്നത് പരമപ്രധാനമായ ലക്ഷ്യമായി കരുതണം.

പഞ്ചായത്തിൽ നിലവിൽ ഒരു മാർക്കററ് ഉണ്ടെങ്കിലും കാർഷിക ഉല്പന്നങ്ങളുടെ വില, സംഭരണം വിതരണം എന്നിവ സ്വകാര്യ കച്ചവടക്കാരിൽ നിക്ഷിപ്തമാണ്. ഇത് കർഷകരെ ചൂഷണം ചെയ്യുന്നതിനുള്ള സാദ്ധ്യത വർദ്ധിപ്പിക്കുന്നു. കാർഷിക ഉല്പന്നങ്ങൾ കൊണ്ടു നടന്ന് വിൽക്കുന്നവർ ചുരുക്കമാണ്.

താഴെ വിവരിക്കുന്ന നിർദ്ദേശങ്ങൾ കാർഷിക വിപണന മേഖല അഭിവൃദ്ധിപ്പെടുത്തുന്നതിന് ഉതകുന്നതാണ്.

1 പഞ്ചായത്തിൽ കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും, വിതരണം ചെയ്യുന്നതിനും പ്രത്യേകമായി മാർക്കററിങ്ങ് സൊസൈററി സ്ഥാപിക്കുക.

2 പ്രാദേശിക സഹകരണ സംഘങ്ങളിലൂടെ കാർഷികോല്പന്നങ്ങൾ സംഭരിച്ച് വിപണനം ഏർപ്പെടുത്തുക.

3 ഓരോ വിളവെടുപ്പിനും മുന്നെയായി ഉല്പന്ന ലഭ്യത വിലയിരുത്തുകയും, ഉല്പന്നത്തിന് തറവില നിശ്ചയിക്കുകയും, സംഭരണ കേന്ദ്രങ്ങളുടെ വിവരം കർഷകരെ അറിയിക്കുകയും ചെയ്യുക.

4 പാടശേഖര സമിതികൾ മുഖേന ഉല്പന്നങ്ങൾ സംഭരിച്ച് വിപണന കേന്ദ്രത്തിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

5 പഞ്ചായത്ത് തലത്തിൽ ആഴ്ചയിൽ രണ്ടു ദിവസം എന്ന തോതിൽ 'കാർഷിക വിപണന ചന്ത' സംഘടിപ്പിക്കുക. ഇതിലേക്കായി കാര്യമായ പ്രചരണം കർഷകരുടെ ഇടയിൽ നൽകുക. കൂടാതെ പ്രാദേശികമായ ചന്തകളും സംഘടിപ്പിക്കാവുന്നതാണ്.

6 പഞ്ചായത്ത് തലത്തിൽ കാർഷിക വായ്പാ സൗകര്യം ഏർപ്പെടുത്തുക.

7 റെഗുലേററഡ് മാർക്കററ് സ്ഥാപിക്കുന്നതി നുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

8 പ്രാദേശിക ഉത്സവങ്ങളോടനുബന്ധിച്ച് പ്രത്യേക വിപണന സൗകര്യം പഞ്ചായത്ത് നേതൃത്വത്തിൽ സംഘടിപ്പിക്കുക.

9 'സഞ്ചരിക്കുന്ന വില്പന' കേന്ദ്രങ്ങൾ നട ത്തുന്നതിന് താല്പര്യമുള്ള കർഷകർക്കും, യുവാക്കൾക്കും പ്രോത്സാഹനം നൽകുക.

10 കാർഷിക ഉല്പന്നങ്ങളുടെ കയററിറക്ക് ജോലികളിൽ ട്രേഡ് യൂണിയനുകളുടെ അമിതമായ ഇടപെടൽ ഒഴിവാക്കുക.

11 വിളവെടുപ്പിനും, വില്പനക്കും ശേഷം ബന്ധപ്പെട്ട കർഷകരുടെ ഒരു യോഗം പഞ്ചായത്ത് തലത്തിലും ഗ്രാമതലത്തിലും കൂടി അവർ നേരിട്ട പ്രശ്നങ്ങൾ പരിശോ ധിച്ച് കാലാനുസൃതമായ മാററങ്ങൾ വിപ ണന മേഖലയിൽ കൊണ്ടുവരുവാൻ വേണ്ട നടപടികൾ ആവിഷ്കരിക്കേണ്ടതാണ്.

## പഞ്ചായത്തിലെ വായ്പ ശൃംഖല

ചേലക്കര പഞ്ചായത്തിൽ ഏതാനും ബാങ്കു കളും, വായ്പാ പണമിടപാടു സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു.

ബാങ്കുകൾ/സഹകരണ സംഘങ്ങൾ എന്നിവ യുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര് |
|---|---|
| 1 | കനറാ ബാങ്ക്, ചേലക്കര |
| 2 | സൗത്ത് ഇന്ത്യൻബാങ്ക്, ചേലക്കര |
| 3 | തൃശൂർ ജില്ലാ സഹകരണ ബാങ്ക്, ചേലക്കര |
| 4 | പുലാക്കോട് സർവ്വീസ് സഹകരണ ബാങ്ക്, പുലാക്കോട് |
| 5 | വെങ്ങാനെല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്, വെങ്ങാനെല്ലൂർ |
| 6 | തോന്നൂർക്കര സർവ്വീസ് സഹകരണ ബാങ്ക്, തോന്നൂർക്കര |

കാർഷികമേഖലയിൽ വായ്പാ പദ്ധതികൾ ഏറെയുണ്ടെങ്കിലും അതിന്റെ പ്രയോജനം എല്ലാ കർഷകർക്കും ലഭിക്കാറില്ല. കാർഷികമേഖലയിൽ വിതരണംചെയ്യപ്പെടുന്ന വായ്പകൾ ഒരു പരിധി വരെ മററു കാര്യങ്ങൾക്കായി ഉപയോഗിക്കുന്നു വെന്നത് പഞ്ചായത്തിന്റെ കാർഷിക വികസ നത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

സ്വകാര്യ പണമിടപാടുസ്ഥാപനങ്ങൾ കാർ ഷികവായ്പ ലഭ്യമാക്കാറുണ്ടെങ്കിലും കർഷകനെ സംബന്ധിച്ച് ഇത് സാമ്പത്തിക ഉയർച്ച കൈവ രിക്കാൻ ഉതകുന്നില്ല.

കാർഷിക മേഖലയിൽ കൂടുതലും നിർധന കർഷകരാണെന്നതുകൊണ്ട് വായ്പവിതരണവും നിബന്ധനകളും കൂടുതൽ ഉദാരവൽക്കരിക്കേണ്ടി യിരിക്കുന്നു. താഴെ പറയുന്ന നിർദ്ദേശങ്ങൾ കാർഷികമേഖലയുടെ അഭിവൃദ്ധിക്ക് ഉതകുന്ന താണ്.

1 ഭൂരഹിത കർഷകർക്ക്, സ്ഥലം പാട്ടത്തിന് എടുത്തു കൃഷി ചെയ്യുന്ന കർഷകർക്കും വിള ഈടിന് മേൽ വായ്പാ സൗകര്യം ഏർപ്പെടു- ത്തുക.

2 കാർഷിക വായ്പാ വിതരണം ഉദാരവൽക്ക രിക്കുക,

3 പാടശേഖരസമിതികൾക്ക് സമിതി നിയമാ വലിയുടേയും, സമിതി ഉറപ്പിന്റെയും അടി സ്ഥാനത്തിൽ യന്ത്രസാമഗ്രികൾ വാങ്ങുന്ന തിനുള്ള വായ്പ അനുവദിക്കുന്നതിനുള്ള വ്യവസ്ഥ നടപ്പാക്കുക.

4 കാർഷിക വായ്പകളിൽമേലുള്ള പലിശ ഇളവുചെയ്യുക.

## ജില്ലാ കൃഷിതോട്ടം

തൃശൂർ ജില്ലാ കൃഷിത്തോട്ടം ഈ പഞ്ചായ ത്തിലാണ്. വെങ്ങാനെല്ലൂർ ജലസേചന പദ്ധതി ക്കുവേണ്ടി സർക്കാർ ഏറെറടുത്ത 110 ഏക്കർ സ്ഥലം കൃഷി വകുപ്പിന് കൈ മാറുകയാണു ണ്ടായത്. ഈ സ്ഥലത്താണ് ജില്ലാ കൃഷി

ത്തോട്ടം പ്രവർത്തിക്കുന്നത്. വിസ്തൃതമായ ഈ കൃഷിത്തോട്ടത്തിൽ 15 തൊഴിലാളികൾ മാത്രമാണുള്ളത്. തെങ്ങിൻ തൈ ഉൽപ്പാദനം മാത്രമാണ് ഇപ്പോൾ കാര്യമായി നടക്കുന്നത്. ഭൂരിഭാഗം സ്ഥലവും പ്രയോജനപ്പെടുത്താതെ കാടുപിടിച്ചു കിടക്കുകയാണ്. വേണ്ടത്ര തൊഴിലാളികളെ നിയമിച്ചാൽ ജില്ലക്ക് ആവശ്യമായ പച്ചക്കറി വിത്തുകളും, എല്ലാ നടീൽ വസ്തുക്കളും ഇവിടെ ഉൽപ്പാദിപ്പിക്കാൻ കഴിയും. മാത്രമല്ല തരിശായികിടക്കുന്ന സ്ഥലത്തു നല്ലയിനം മാവുകളും, കശുമാവും വെച്ചു പിടിപ്പിക്കാം. ജലസേചന സൗകര്യമുള്ള ഭാഗത്ത് നെല്ലും, പച്ചക്കറിയും കൃഷി ചെയ്യാം.

## നീർമറി വികസന പദ്ധതി

പൊതുവായ നീരൊഴുക്കുള്ള ഒരു പ്രദേശത്ത് ലഭിയ്ക്കുന്ന മഴ വെള്ളം ശാസ്ത്രീയമായ രീതിയിൽ ക്രമീകരിച്ച് ആ പ്രദേശത്തെ കൃഷിയ്ക്കും സസ്യജാലങ്ങൾക്കും മൃഗങ്ങൾക്കും മനുഷ്യനും പ്രയോജനപ്പെടുത്തി പരിസ്ഥിതി പുനരുജ്ജീവിപ്പിയ്ക്കുക എന്നതാണ് നീർമറി പദ്ധതി കൊണ്ട് ഉദ്ദേശിയ്ക്കുന്നത്. ഇതിൽ മണ്ണ്, ജലം എന്നിവയുടെ സംരക്ഷണവും മനുഷ്യന്റെ സാമൂഹിക-സാംസ്ക്കാരിക-സാമ്പത്തിക ഉന്നമനവും ലക്ഷ്യം ഇട്ടിരിയ്ക്കുന്നു.

എട്ടാം പഞ്ചവത്സര പദ്ധതിയിൽ അനുവദിച്ചു കിട്ടിയ വെങ്ങാനെല്ലൂർ നീർമറി വികസന പദ്ധതിയിൽ കൊണ്ടാഴി പഞ്ചായത്തിലെ ഏകദേശം 75% പ്രദേശവും ചേലക്കര പഞ്ചായത്തിലെ 25% പ്രദേശവും ഉൾപ്പെടുന്നു. ഈ പഞ്ചായത്തിലെ 3, 4, 5 വാർഡുകളിലെ ഏതാനും പ്രദേശങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്.

9-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി കുട്ടാടൻ-പങ്ങാരപ്പിള്ളി-ചേലക്കര തോട് പൊതു നീരൊഴുക്കു തോടായി കണക്കാക്കി ഏകദേശം 1500 ഹെക്ടർ വിസ്തൃതിയുള്ള പങ്ങാരപ്പിള്ളി നീർമറി വികസന പദ്ധതിയ്ക്ക് കൃഷി വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് അംഗീകാരം നൽകേണ്ടതാണ്.

ഒരു പ്രദേശത്തിന്റെ സമഗ്ര വികസനത്തിന്റെ ഭാഗമായ മണ്ണു സംരക്ഷണം, ഭൂവിനിയോഗം, വിള സംവിധാനം, ജല സങ്കേതിക വികസനം, ജലനിർഗമനം, വിള പരിപാലനം, മൃഗപരിപാലനം, തൊഴിൽ സംരംഭങ്ങൾ, സാമ്പത്തിക ഉയർച്ച എന്നിവ കൈവരിയ്ക്കുന്നതിന് ഏററവും അനുയോജ്യമായ പദ്ധതി നീർത്തട വികസന പദ്ധതി ആയതു കൊണ്ട് താഴെ പറയുന്ന നീർത്തട വികസന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്.

1 കാളിയാർറോഡ്-മങ്ങാട് തോടിനെ പൊതു നീരോഴുക്ക് തോടായി കണക്കാക്കി ഏകദേശം 1800 ഹെക്ടർ വരുന്ന പ്രദേശം നീർമറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തുക.

2 തോന്നൂർക്കര ആലയ്ക്കൽ തോടിനെ പൊതു നിരോഴുക്ക് തോടായി കണക്കാക്കി തോന്നൂർക്കര മാട്ടുങ്കൽ പ്രദേശം നീർമറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തുക.

3 പഞ്ചായത്തിലെ മററു വാർഡുകളിൽ പൊതു നീരൊഴുക്ക് കണക്കാക്കി ഓരോ നീർതട പദ്ധതി നടപ്പിലാക്കുക.

★

# ജലസേചനം

കാർഷിക വളർച്ചയുടെ അടിസ്ഥാന ഘടകങ്ങളാണ് മണ്ണും ജലവും. ഇതുകൊണ്ടുതന്നെയാണ് ഏതൊരു കാർഷിക വികസന നയത്തിന്റെയും കാതലായ ഭാഗം മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾക്കും ജലസംരക്ഷണ പ്രവർത്തനങ്ങൾക്കും നീക്കി വെയ്ക്കുന്നത്.

പഞ്ചായത്തിലെ മൊത്തം കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ 70—75%വും മഴയെ ആശ്രയിച്ചാണ് കൃഷി ചെയ്യുന്നത്. 25% ജലസേചനത്തെ ആശ്രയിച്ച് കൃഷി ചെയ്യുന്നു. ഭാരതപ്പുഴയുടെ തീരത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പ്രദേശമായതുകൊണ്ട് വർഷകാലങ്ങളിൽ താരതമ്യേന അളവിൽ കൂടുതൽ ലഭിക്കുന്ന മഴവെള്ളം മുഴുവനും ഒഴുകി പോവുകയാണ് പതിവ്. പഞ്ചായത്തിലെ മിക്ക തോടുകളും കുളങ്ങളും ജലസംഭരണ യോഗ്യമാക്കി തീർക്കേണ്ടത് അനിവാര്യമാണ്.

കാർഷിക വികസനത്തിന് പ്രതികൂലമായി ബാധിയ്ക്കുന്ന പ്രശ്നങ്ങൾ മഴക്കാലത്ത് ഉണ്ടാകുന്ന അതിവെള്ളവും വേനൽക്കാലത്ത് അനുഭവപ്പെടുന്ന ജലദൗർലഭ്യവുമാണ്. ഫെബ്രുവരി മാസം മുതൽ തന്നെ പഞ്ചായത്തിൽ വരൾച്ച അനുഭവപ്പെടുന്നു. മഴക്കാലത്ത് ലഭിയ്ക്കുന്ന വെള്ളം സംഭരിച്ച് സാവധാനം ഭൂമിയിലേയ്ക്ക് ഊർന്നിറങ്ങി ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനുള്ള സംവിധാനമില്ലായ്മ, അധികമായി ഒഴുകി പോകുന്ന ജലം തോടുകളിലും മററും സംഭരിയ്ക്കുവാനുള്ള അപര്യാപ്തത, വർദ്ധിച്ചു വരുന്ന കുഴൽ കിണർ നിർമ്മാണം എന്നിവയൊക്കെ ഭൂഗർഭ ജലസ്രോതസ് കുറയുന്നതിനും വരൾച്ച രൂക്ഷമാകുന്നതിനും ഇടയാകുന്നു.

ഈ പഞ്ചായത്തിലെ തോടുകളും കുളങ്ങളും കിണറുകളും വേണ്ടവിധം സംരക്ഷിക്കുകയാണെങ്കിൽ ധാരാളം ജലം സംഭരിയ്ക്കുവാനും കൃഷിയ്ക്ക് ഉപയോഗിയ്ക്കുവാനും സാധിയ്ക്കും.

## നിർദ്ദേശങ്ങൾ

1 മലയോര പ്രദേശങ്ങളിൽ നിലവിലുള്ള തോടുകളുടെ ബലക്ഷയം വന്നതും നീരൊഴുക്ക് കൂടുതൽ ഉള്ളതുമായ സ്ഥലങ്ങളിൽ പാർശ്വം കല്ലുകൊണ്ട് കെട്ടി സംരക്ഷിക്കേണ്ടതാണ്. അല്ലാത്ത ഭാഗങ്ങളിൽ നീരൊഴുക്ക് മൂലം പാർശ്വങ്ങൾ ഇടിയാതിരിക്കാൻ മണ്ണുസംരക്ഷണ സസ്യങ്ങളായ രാമച്ചം തുടങ്ങിയവ വെച്ചുപിടിപ്പിയ്ക്കാവുന്നതാണ്.

2 ജലസേചന സൗകര്യത്തിനായി നിലവിലുള്ള ചിറ്പ്പുകൾ, കിണറുകൾ, കുളങ്ങൾ എന്നിവ പുനരുദ്ധരിയ്ക്കുകയും പുതിയവ കണ്ടെത്തി നിർമ്മിക്കുകയും ചെയ്യേണ്ടതാണ്. നിലവിലുള്ള ചെറിയ സ്ക്കീമുകളിൽ നിന്ന് ചാലുകൾ നിർമ്മിച്ച് ഇതുവരെ വെള്ളം എത്താത്ത സ്ഥലങ്ങളിലേക്ക് വെള്ളം എത്തിയ്ക്കുവാൻ ശ്രമിയ്ക്കേണ്ടതാണ്. സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ള ജലസംഭരണികളും കൃഷിയ്ക്ക് ജലസേചനത്തിന് ഉപയുക്തമാക്കുവാൻ ശ്രമം വേണം. അതാത് പാടശേഖരങ്ങളിൽ വരുന്ന പുനരുദ്ധാരണ നിർമ്മാണ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട പാടശേഖരകമ്മിററിയുടെ നേതൃത്വത്തിൽ കർഷകരുടെ സഹകരണത്തോടുകൂടി ചെയ്യേണ്ടതാണ്. വെള്ളം ലഭ്യമാകുന്ന പ്രദേശങ്ങളിൽ പുഞ്ചകൃഷി നടത്തുവാനും പച്ചക്കറി, എള്ള് എന്നിവ കൃഷി ചെയ്യുവാനും പ്രോത്സാഹനം നൽകണം. നിലവിലുള്ള ക്രോസ് ബാറുകൾ, കുളങ്ങൾ, കനാലുകൾ എന്നിവയുടെ അററകുററപ്പണികൾ യഥാസമയം നടത്തേണ്ടതാണ്. ഇവയുടെ മേൽനോട്ടത്തിന് ബന്ധപ്പെട്ട പാടശേഖര കമ്മററികൾ സംവിധാനം ഉണ്ടാക്കേണ്ടതാണ്.

വിശേഷാൽ ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന, ജലസേചന രംഗത്ത് നടപ്പാക്കേണ്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

## നടപ്പാക്കേണ്ട പുതിയ പദ്ധതികൾ

1 പഞ്ചായത്തിലെ 8-ാം വാർഡിൽ ഉൾപ്പെടുന്ന മല്ലിശ്ശേരിക്കാവ് ഭാഗത്ത് ഒരു അണക്കെട്ട് നിർമ്മിയ്ക്കുക.

**2 പരക്കാട് മിനി ചെക്ക് ഡാം**

ചേലക്കര ജില്ലാ കൃഷിതോട്ടത്തിൽ ഉൾപ്പെടുന്ന പ്രദേശത്ത് ഒരു മിനി ചെക്ക് ഡാം നിർമ്മിയ്ക്കുക.

**3 പുള്ളിയ്ക്കൽ കനാൽ**

പഞ്ചായത്തിലെ 10-ാം വാർഡിൽ പുളിയ്ക്കൽ ചീർപ്പിൽനിന്ന് പങ്ങാരപ്പിള്ളി പാടശേഖരത്തിലേയ്ക്ക് ഏകദേശം 300 മീററർ നീളത്തിൽ ഒരു കനാൽ നിർമ്മിയ്ക്കുക.

4 അസുരൻകുണ്ട് കനാലിന്റെ തുടർച്ചയായ തോന്നൂർക്കര വടക്കുമുറി തോട്ടുചാൽ ആഴം കൂട്ടി പാർശ്വം സംരക്ഷിക്കുക.

5 പഞ്ചായത്തിലെ 2, 9, 10 വാർഡുകളിൽ ആരംഭിച്ചിട്ടുള്ള കേരള സമൂഹ്യ ജലസേചന സമിതിയുടെ (കെ-എസ്-ജെ-എസ്) പ്രവർത്തനം മററു വാർഡുകളിലേയ്ക്ക് വ്യാപിപ്പിയ്ക്കുവാൻ നടപടി സ്വീകരിയ്ക്കുക.

## പുനരുദ്ധാരണ പ്രവർത്തനം നടത്തേണ്ട നിലവിലുള്ള പദ്ധതികളുടെ വിവരം.

| വാർഡ് നമ്പർ | | പദ്ധതികൾ |
|---|---|---|
| 1 | 1 | കോളത്തൂർ ചീർപ്പ് ചെളി നീക്കം ചെയ്ത് ജലസംഭരണ ശേഷി വർദ്ധിപ്പിക്കുക. |
| | 2 | ചേലക്കര ചീർപ്പ് ചെളി നീക്കം ചെയ്ത് ജലസംഭരണ ശേഷി വർദ്ധിപ്പിക്കുക |
| | 3 | ഭൂതൻ കോട്ടുകുളം. |
| 2 | 1 | തെണ്ടൻകാവ് ചീർപ്പിൽ ഷട്ടർ ഇടണം. |
| | 2 | അന്ത്രോട്ടു കുളം ചെളി നീക്കം ചെയ്ത് ആഴം കൂട്ടണം. |
| | 3 | ചീപ്പാറ തോട് സൈഡ് കെട്ടി സംരക്ഷിക്കണം. |
| 3 | 1 | മണക്കാട്ട് കുളം ആഴം കൂട്ടി സംരക്ഷിക്കുക. |
| | 2 | ചന്ദ്രപുഷ്ക്കരണി കുളം സംരക്ഷിക്കുക. |
| | 3 | പൊട്ടാൻചിറ, ആര്യബാടം, ചീർപ്പുകാം സംരക്ഷിക്കുക. |
| 4 | 1 | മനയ്ക്കൽതൊടി ചീർപ്പ് പുനരുദ്ധാരണം. |
| | 2 | നാട്ട്യൻചിറ കുളം ചെളി നീക്കം ചെയ്ത് ആഴം കൂട്ടി ചുററുമതിൽ കെട്ടുക. |
| | 3 | വെങ്ങാനെല്ലൂർ സർവ്വെ 612 ലെ ചീർപ്പ് സംരക്ഷിക്കുക. |
| | 4 | പട്ടാണിപ്പറമ്പ് തോട് സൈഡ് കെട്ടി സംരക്ഷിക്കുക. |
| 5 | 1 | വെങ്ങാനെല്ലൂർ പട്ടാണിപ്പാടം (അമ്പലകുളം) ആഴം കൂട്ടി സൈഡ് കെട്ടി സംരക്ഷിക്കുക. |

| | | |
|---|---|---|
| | 2 | വാററുപുര കുളം ആഴവും വിസ്ത്രിതിയും കൂട്ടുക. |
| | 3 | മുടായ്ക്കൽ ആലുകുളം ആഴം കൂട്ടുക. |
| | 4 | മുതിരോട് ചോലകുളം ആഴം കൂട്ടുക. |
| 6 | 1 | പെരുംകുളത്തിൻെറ സൈഡു കെട്ടുക. ജലസേചന ചാലുകറം നിർമ്മിക്കുക. |
| | 2 | കൂട്ടാടൻ കണ്ടത്തു നിന്ന് പന്നിപ്പാടത്തേയ്ക്ക് ഒഴുകുന്ന തോട്ടുചാൽ, ചാന്തിരിത്തി തോട്, അയ്യായിരം കുളം തോട്ടുചാൽ, എന്നിവ സൈഡ് കെട്ടി സംരക്ഷിക്കുക. |
| 7 | 1 | കരിങ്കുളം ചീർപ്പിൻെറ സൈഡ് കെട്ടി സംരക്ഷിക്കുക. |
| | 2 | അയ്യപ്പൻ കുളം, ചെമ്പാൻ കുളം, കൊട്ടാഴികുളമ്പ് കുളം ആഴം കൂട്ടി സൈഡ് കെട്ടി സംരക്ഷിക്കുക. |
| 8 | 1 | പാലിയംപാടം ചീർപ്പ്, കളപ്പാറ ചീർപ്പ്, മങ്ങാട് ചീർപ്പ് എന്നിവ സൈഡ് കെട്ടി ചോർച്ച തടയുക. |
| | 2 | പാലിയംപാടംതോട് കഴുത്തിടിഞ്ഞി തോട്, പുല്ലംമാരി തോട്, കുഴിഞ്ഞോടി തോട് കാളിയാറോഡ് തോട് മങ്ങാട്ട് തോട് എന്നിവ സൈഡ് കെട്ടി സംരക്ഷിക്കുക. |
| 9 | 1 | പണ്ടാരചിറ, കുററിക്കാട്ചിറ, പുളിയ്ക്കൽ ചീർപ്പ് എന്നിവയുടെ ചെളി നീക്കം ചെയ്ത് ആഴം കൂട്ടുക. ഷട്ടർ സ്ഥാപിക്കുക. |
| | 2 | ചേന്നംകുളം, മനയ്ക്കൽകുളം, മൂർഖൻകുളം, മല്ലിശ്ശേരികുളം, പരിയാരത്തുകുളം, കണ്ടൻകുളം എന്നിവ ആഴം കൂട്ടുക. |
| | 3 | കടുകശ്ശേരിപ്പാടം തോട്, തോട്ടുപ്പാലം കുററിതോട്, മല്ലിശ്ശേരിക്കാവ് തോട് എന്നിവ സൈഡ് കെട്ടി സംരക്ഷിക്കുക. |
| 10 | 1 | തെണ്ടൻകാവ് ചീർപ്പിൽ പലക ഇടുക. |
| | 2 | മാലക്കുളം പുനരുദ്ധാരണം. |
| | 3 | കുററിക്കാട് ചീർപ്പ് റിപ്പയർ. |
| | 4 | പുളിക്കൽ ചീർപ്പ് റിപ്പയർ |
| | 5 | ചോണാട്ടു കുളം നന്നാക്കൽ. |
| 11 | 1 | പാണ്ടം കുളത്തിൻെറ സമീപത്തുള്ള തോടിൻെറ ആഴവും വീതിയും കൂട്ടി സൈഡ് കെട്ടുക. |
| | 2 | കുമ്പഴ തോടിലെ ചെളി നീക്കം ചെയ്യുക. |
| | 3 | തെക്കെപ്പാട്ടു ചീർപ്പ് സൈഡ് കെട്ടി പുതിയ പലക ഇടുക. |
| | 4 | മരുതത്ത് ചീർപ്പിന് പുതിയ പലക ഇടുക. |
| | 5 | തേവത്ത്ചിറ ചീർപ്പിന് പലക ഇടുകയും, സ്പൗട്ട് കെട്ടുകയും ചെയ്യുക. |
| | 6 | ചെട്ടിപ്പടി ചീർപ്പ്, ഉണിക്കാട്ടുപടി ചീർപ്പ് എന്നിവ സൈഡ് കെട്ടി ചോർച്ച തടയുക. |
| | 7 | പാണ്ടൻ കുളത്തുനിന്നും വയലിലേക്കുള്ള ഷട്ടർ പ്രവർത്തനയോഗ്യമാക്കുക. |
| | 8 | തട്ടാൻപടി ചീർപ്പ് സംരക്ഷിക്കുക. |
| | 9 | ചേലക്കര തോടിൻെറ പാർശ്വം പൊതുപ്പാലം വരെ സംരക്ഷിക്കുക. |

| | | |
|---|---|---|
| 12 | 1 | അസുരൻകുണ്ട് ഡാം അററകുററപ്പണികൾ ചെയ്യുകയും, കനാലിൽ നിന്ന് ആരംഭിയ്ക്കുന്ന തോടിൻെറ പുനരുദ്ധാരണ പ്രവൃത്തി നടത്തുകയും ചെയ്യുക. |
| | 2 | തോന്നൂർക്കര വടക്കുമുറി തോട്ടുചാലിൻെറ സംരക്ഷണം. |
| | 3 | തോന്നൂർ കുളം. |
| 13 | 1 | കോറനാട്ടു കുളം, കോരൻ കുളം, കുററിത്താൻ കുളം. |
| | 2 | കാരക്കുണ്ട് ചീർപ്പ്. |
| | 3 | തോട്ടേക്കാട് ചീർപ്പ്. |
| | 4 | വെള്ളപ്പാറ മുതൽ പാറക്കൽ വരെ നിലവിലുള്ള തോടിൻെറ സൈഡു കെട്ടുക. |
| | 5 | മണ്ണാത്തിപ്പാറ- ആലിക്കൽ തോട് സൈഡ് കെട്ടി സംരക്ഷിക്കുക. |
| | 6 | തോട്ടേക്കാട് പറയൻചിറ തോട് സൈഡ് കെട്ടുക. |
| | 7 | മാട്ടുങ്ങൽ മുതൽ ആലയ്ക്കൽ തോടു വരെ ഒരു വെള്ളച്ചാൽ നിർമ്മിക്കുക. |

താഴെ വിവരിക്കുന്ന വാർഡുകളിൽ പുതിയ ചീർപ്പുകൾ നിർമ്മിക്കേണ്ടതാണ്.

| വാർഡ് | | |
|---|---|---|
| 4 | 1 | പന്നിപ്പാടം തോട്. |
| | 2 | അടയ്ക്കോട് ആര്യൻ ചോലതോട്. |
| | 3 | പൊന്നുംകുന്ന് കുളമ്പ്. |
| 7 | 1 | മുട്ടിപ്പാലം. |
| | 2 | കല്ലംകുളം തോട്. |
| 8 | 1 | കഴുത്തിടിഞ്ഞിതോട്. |
| | 2 | വെള്ളിയോട്ടിപ്പാലം മങ്ങാട് തോട്. |
| | 3 | കളപ്പാറ കുഴിഞ്ഞോടി തോട്. |
| 9 | 1 | വാളക്കടവ്. |
| 13 | 1 | തോന്നൂർക്കര ആനപ്പാക്ക്. |
| 4 | 1 | മേപ്പാടം. |
| | 2 | മേലാംകോൽതോടിൽ ഒരു ചീർപ്പ്. |
| 3 | 1 | തിരുത്തിയിൽപ്പടി. |
| | 2 | കോണംകണ്ടത്തുപടി. |
| | 3 | ഇസ്രായൽ കുന്ന്. |

★



അധികാരം ജനങ്ങളിലേക്ക്

# മൃഗസംരക്ഷണം

# മൃഗസംരക്ഷണം

കാർഷികപ്രാധാന്യമുള്ള നമ്മുടെ രാജ്യത്തെ സംബന്ധിച്ച് മൃഗസമ്പത്ത് സമ്പദ്ഘടനയിൽ നിർണ്ണായക പ്രാധാന്യമുള്ള ഒരു ഘടകമാണ്. കൃഷിയുമായി ബന്ധപ്പെടുത്തി ആദ്യകാലങ്ങളിൽ നല്ലയിനം ഉഴവുമാടുകളും നാടൻ പശുക്കളും ധാരാളമായി ഉണ്ടായിരുന്നു. ഇക്കാലത്ത് മൃഗപരിപാലനത്തിന് ആവശ്യമായ മേച്ചിൽ സ്ഥലങ്ങളും, പുല്ലും, തരിശായിക്കിടന്നിരുന്ന പറമ്പുകളിലും സർക്കാർ വനങ്ങളിലും ലഭിക്കുമായിരുന്നു. ചാണകവും തോലും ഉപയോഗിച്ചുള്ള കൃഷിരീതിയും കന്നുപൂട്ടും സാർവത്രികമായിരുന്നതിനാൽ കാലിവളർത്തൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഘടകമായിരുന്നു. ക്രമേണ മേച്ചിൽ സ്ഥലങ്ങൾ മിക്കവാറും റബ്ബർ തോട്ടങ്ങളും കുടിയിരിപ്പുകളുമായി മാറുകയുണ്ടായി. വനങ്ങൾ സംരക്ഷിക്കപ്പെടുകയും സാമൂഹ്യവനവൽക്കരണം നടപ്പിലാക്കുകയും ചെയ്തതോടുകൂടി കന്നുകാലികളെ തീറ്റുവാനും സ്വതന്ത്രമായി വളർത്തുവാനും സൗകര്യം ഇല്ലാതായി. നെൽകൃഷി ആദായകരമല്ലാതായതും, ഉഴവുയന്ത്രം പ്രചാരത്തിലായതിനെ തുടർന്നും കാലി വളർത്തുന്ന രീതി കൃഷിക്കാർ ഉപേക്ഷിച്ചു തുടങ്ങി. പശുവും, കാളയും, പോത്തും നിറഞ്ഞു നിന്ന കർഷക തൊഴുത്തുകൾ പഴയ ഓർമ്മകളായി. എങ്കിലും വീട്ടാവശ്യത്തിനും മറ്റുമായി കറവുമാടുകളെ വളർത്തുന്ന രീതി തുടർന്നു പോന്നു.

പാൽ ഉൽപാദനമേഖലയുമായി ബന്ധപ്പെട്ടാണ് ഇന്ന് പ്രധാനമായും കാലികളെ വളർത്തുന്നത്. ആദ്യകാലങ്ങളിൽ പശുക്കളെ കൂടാതെ എരുമകളെയും പാലിന്റെ ആവശ്യത്തിന് വളർത്തിയിരുന്നു. ക്ഷീരോൽപാദനശേഷി കൂടുതലുള്ള സങ്കരഇനം പശുക്കളുടെ ആവിർഭാവത്തോടെ പശുവളർത്തലിൽ കൂടുതൽ പേർ താൽപര്യം കാട്ടിത്തുടങ്ങി. കറവുമാടു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും പാൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും നിരവധി സഹായ പദ്ധതികൾ സർക്കാർ നടപ്പിലാക്കിയതോടുകൂടി ക്ഷീരോൽപാദനം നല്ല ഒരു തൊഴിൽ മേഖലയായി മാറിയിട്ടുണ്ട്.

ലോകരാഷ്ട്രങ്ങളിൽ ക്ഷീരോൽപാദനത്തിൽ രണ്ടാംസ്ഥാനമാണ് ഇന്ത്യക്കുള്ളത്. കറവമാടുകളുടെ എണ്ണം നോക്കിയാൽ ഒന്നാം സ്ഥാനം നമ്മുക്കുണ്ട്. നമ്മുടെ രാജ്യത്തെ പശുക്കൾ ദിവസം ശരാശരി 1 ലിറ്റർ പാൽ തരികയാണെങ്കിൽ ക്ഷീരോൽപാദനത്തിൽ നമ്മെ കവച്ചുവെക്കാൻ ആർക്കും കഴിയില്ല. അത്യുൽപാദനശേഷിയുള്ള സങ്കരഇനം കറവമാടുകളുടെ പ്രചാരത്തിൽ വളരെയേറെ പുരോഗതി ഉണ്ടായിട്ടും ഉൽപാദന വർദ്ധനവ് നേടാൻ കഴിയാത്തത് ഈ മേഖലയിലെ സങ്കീർണ്ണ പ്രശ്നമാണ്. സങ്കരഇനം പശുക്കളിൽ കാണുന്ന വർദ്ധിച്ച രോഗസാദ്ധ്യതയും വദ്ധ്യതയുമാണ് ഉൽപാദന വർദ്ധനവ് കുറയാൻ കാരണമായി പറയുന്നത്. പൊതു മേച്ചിൽ സ്ഥലങ്ങൾ ഇല്ലാത്തതും, ആവശ്യത്തിന് തീറ്റ പുൽ ലഭിക്കാത്തതും, കാലിത്തീറ്റയുടെ അമിതമായവിലയും ഉൽപാദന ചിലവനുസരിച്ച് പാലിന് വില ലഭിക്കാത്തതും കറവമാടുകളെ വളർത്തുന്നതും ലാഭകരമല്ലാതായിരിക്കുന്നു.

ചേലക്കര പഞ്ചായത്തിൽ 6900 ത്തോളം കന്നുകാലികൾ ഉള്ളതായി കണക്കാക്കുന്നു. ഇവയുടെ മൊത്തം പാലുൽപാദന വില വർഷത്തിൽ ഏതാണ്ട് രണ്ടു കോടിയോളം രൂപയാണ്. പാൽ സംഭരണ വിപണന രംഗത്ത് ഈ പഞ്ചായത്തിൽ വെങ്ങാനെല്ലൂർ, കുറുമല, തോന്നൂർക്കര, പുലാക്കോട് എന്നിവിടങ്ങളിലായി നാലു ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സംഘങ്ങളുടെ പ്രവർത്തനം വേണ്ടത്ര മെച്ചപ്പെട്ടരീതിയിലല്ല നടക്കുന്നത്. ഉൽപാദക

രിൽ നിന്നും സംഭരിക്കുന്ന പാൽ മിൽമയിലൂടെ വിപണനം നടത്തുന്ന പ്രവർത്തനം മാത്രമാണ് ഇന്ന് നടക്കുന്നത്. ക്ഷീരോൽപാദകർക്ക് കുറഞ്ഞ വിലക്ക് നല്ലയിനം കാലിത്തീററ ലഭ്യമാക്കുന്ന തിനും സംഘത്തിൻെറ ചുമതലയിൽ തീററപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിനും നടപടികൾ ഉണ്ടാ വേണ്ടതാണ്.

ആടുവളർത്തൽ ലാഭകരമായ ഒരു തൊഴിലാ ണെങ്കിലും വ്യാവസായികാടിസ്ഥാനത്തിൽ ആടുവളർത്തുന്നതിനുള്ള സംരംഭങ്ങൾ ഒന്നുംതന്നെ യില്ല, പഞ്ചായത്തിലെ എല്ലാവാർഡുകളിലും ആടുവളർത്തുന്ന ധാരാളം വീടുകളുണ്ട്. നാടൻ ഇനങ്ങളാണ് കൂടുതലും. പാലിൻെറ ആവശ്യത്തി നായി ആടുകളെ വളർത്തുന്നത് വളരെ കുറ വാണ്. ഇറച്ചിയുടെ ആവശ്യത്തിനാണ് കൂടുതൽ പേരും ആടുവളർത്തുന്നത്. കൂടുതൽ പാലും മാംസവും ലഭിക്കുന്ന നല്ലഇനം ആടുകളെ ആവ ശ്യത്തിന് ലഭിക്കുന്നില്ല.

വ്യാവസായികാടിസ്ഥാനത്തിൽ ഇറച്ചി കോഴികളെ വളർത്തുന്ന ഏതാനും ചെറിയ യൂണി ററുകൾ പഞ്ചായത്തിലുണ്ട്. മുട്ടകോഴികളെ വളർ ത്തുന്നത് വളരെ കുറവാണ്. എന്നാൽ മിക്കവാറും എല്ലാ വീടുകളിലും നാടൻ കോഴികളെ ധാരാളം വളർത്തുന്നുണ്ട്. കോഴി വളർത്തൽ വീട്ടമ്മമാർക്ക് ആദായകരമായി നടത്താൻ കഴിയുന്ന ഒരു തൊഴി ലാണെങ്കിലും ഈ രംഗത്തേക്ക് കാര്യമായി ആരും തന്നെ തയ്യാറായി മുന്നോട്ടു വരുന്നില്ല. ശാസ്ത്രീ യമായി കോഴിവളർത്തുന്നതിലുള്ള പരിചയ ക്കുറവും മെച്ചപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ ലഭിക്കു ന്നതിലുള്ള പ്രയാസങ്ങളും കോഴിത്തീററയുടെ വിലക്കൂടുതലുമാണ് ഇതിനു കാരണമായി പറയുന്നത്.

പഞ്ചായത്തിലെ ചില വാർഡുകളിൽ നാടൻ പന്നി വളർത്തുന്ന യൂണിററുകൾ പ്രവർത്തിക്കു ന്നുണ്ട്. വളരെ ലാഭകരമായി നടത്താവുന്ന ഒരു തൊഴിലാണ് പന്നിവളർത്തൽ. നല്ലയിനം പന്നി ക്കുട്ടികളെ കിട്ടാനില്ലഎന്നതാണ് മുഖ്യപ്രശ്നം.

ഈ പഞ്ചായത്തിൽ ചേലക്കര ടൗണിലും പുലാക്കോട് വില്ലേജിലുമായി രണ്ടു മൃഗാസ്പ ത്രികൾ പ്രവർത്തിച്ചു വരുന്നു. ചേലക്കര മൃഗാ സ്പത്രി 1939ൽ ഒരു വെററിനറി സബ്ബ്സെൻറർ ആയിട്ടാണ് സ്ഥാപിതമായത്. 85ൽ ഇത് ആസ്പത്രിയായി അപ്ഗ്രേഡ് ചെയ്തു. ചേലക്കര മൃഗാസ്പത്രി വഴി കഴിഞ്ഞ ഒരു വർഷത്തിൽ 5000 കന്നുകാലികൾക്ക് ചികിത്സ നൽകുകയും 900 പശുക്കൾക്ക് കൃത്രിമ ബീജ സങ്കലനം നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ വർഷം 190 നായ്ക്കൾക്ക് പേവിഷബാധക്കെ തിരായുള്ള കുത്തിവെപ്പ് നടത്തിയിട്ടുണ്ട്. 1954ൽ പുലാക്കോട് ആരംഭിച്ച വെററിനറിസബ്ബ് സെൻറർ 96ൽ മൃഗാസ്പത്രിയായി ഉയർത്തുക യുണ്ടായി. ഇവിടെ ഒരു ഡോക്ടറുടെ സേവനം ഇതുവരെ ലഭ്യമാക്കാൻ കഴിയാത്തതുകൊണ്ട് സബ്ബ്സെൻററിൽ ലഭിച്ചിരുന്ന സേവനം പോലും ഇപ്പോൾ ലഭിക്കുന്നില്ല. ഈ രണ്ട് മൃഗാസ്പ ത്രികൾ ഉണ്ടെങ്കിൽപോലും ഈ പഞ്ചായത്തിൻെറ ഉൾപ്രദേശങ്ങളിൽ ആവശ്യമായ സമയങ്ങളിൽ ഡോക്ടറുടെ സേവനം ലഭിക്കാത്ത സ്ഥിതി വിശേഷം ഉണ്ട്. ഇതിന് ഒരു പരിഹാരം ആയി ആഴ്ചയിൽ ഒരിക്കൽ പാൽ സംഘങ്ങളിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കേണ്ടതാണ്. പുലാക്കോട് മൃഗാസ്പത്രി പങ്ങാരപ്പിള്ളി മെയിൻറോഡ് ഭാഗത്തേക്ക് മാററുകയാണെങ്കിൽ ഇന്നത്തേക്കാൾ കൂടുതൽ പ്രയോജനം ലഭിക്കുന്ന താണ്.

ചേലക്കര പഞ്ചായത്ത് വകയായി ഒരു അറവുശാല പ്രവർത്തിക്കുന്നുണ്ട്. ദിവസം തോറും നാലഞ്ചുമാടുകളെയും അഞ്ചാറ് ആടു കളെയും ഇവിടെ കശാപ്പുചെയ്തു വില്ക്കുന്നു പഞ്ചായത്ത് അറവുശാലയാണെങ്കിലും അതിൻെറ ഇപ്പോഴത്തെ അവസ്ഥ വളരെ ശോചനീയമാണ്. ശാസ്ത്രീയമായ അറവുശാലയുടെ കുറവുമൂലം വളരെയേറെ വികസന സാദ്ധ്യതയുള്ള ഈ മേഖല ജനങ്ങളുടെ എതിർപ്പിന് വിധേയമായിരിക്കുക യാണ്.

## പ്രശ്നങ്ങൾ

1 മേച്ചിൽ സ്ഥലങ്ങളുടെ അപര്യാപ്തതയും തീററപ്പുൽ ലഭിക്കുന്നതിനുള്ള പ്രയാസവും

2 കാലിത്തീററയുടെയും കോഴിത്തീററയുടെയും വിലവർദ്ധനവ്.

3 നല്ലയിനം കറവുമാടുകളെ കിട്ടാനില്ല.

4 പാലിന് ന്യായമായ വില ലഭിക്കുന്നില്ല.

5 ഉൾപ്രദേശങ്ങളിൽ തക്കസമയത്ത് ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല.

6 നല്ലയിനം കോഴികുഞ്ഞുങ്ങളെ ആവശ്യത്തിന് ലഭിക്കുന്നില്ല.

7 സങ്കരയിനം കറവുമാടുകളെ പരിപാലിക്കുന്നതിനുള്ള പരിശീലനക്കുറവും ശാസ്ത്രീയ രീതിയിൽ സംരക്ഷിക്കുന്നതിനുള്ള സൗകര്യക്കുറവും.

8 പേവിഷബാധ നിയന്ത്രിക്കുവാനുള്ള പ്രവർത്തനങ്ങളിലെ അപര്യാപ്തത.

9 രോഗംബാധിച്ച മൃഗങ്ങളെ കശാപ്പുചെയ്യലും വൃത്തിഹീനമായ അറവുശാലയും.

## നിർദ്ദേശങ്ങൾ

1 തീററപ്പുൽകൃഷി വിത്തും സബ്സിഡിയും നല്കി പ്രോത്സാഹിപ്പിക്കുക.

2 തരിശായി കിടക്കുന്ന സർക്കാർ ഭൂമികളിൽ തീററപ്പുൽകൃഷി ചെയ്യാനുള്ള സൗകര്യം ക്ഷീരസംഘങ്ങൾക്ക് നല്കുക.

3 വനസംരക്ഷണത്തിന് കോട്ടം തട്ടാതെ ഗിനിപ്പുൽ വെച്ചു പിടിപ്പിക്കുക.

4 പച്ചപ്പുൽ സംഭരിച്ച് വിതരണം നടത്തുന്നതിനുള്ള ഗോഡൗണും, ഫോഡർ ബാങ്കും സ്ഥാപിക്കുവാൻ ക്ഷീരസംഘങ്ങൾക്ക് ധനസഹായം നൽകുക.

5 മാതൃകാതൊഴുത്ത് നിർമ്മിക്കുന്നതിനുള്ള ധനസഹായം വർദ്ധിപ്പിക്കുക. കറവുമാടുകളെ വളർത്തുന്നവർക്ക് ആവശ്യമായ പരിശീലനം നൽകുക.

6 ഗുണമേൻമയുള്ള കാലിത്തീററയും കോഴിത്തീററയും കുറഞ്ഞ വിലക്ക് ക്ഷീരസംഘങ്ങൾ വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുക. പ്രാദേശികമായി ലഭിക്കുന്ന തവിട്,പിണ്ണാക്ക്,മരച്ചീനി തുടങ്ങിയ വിഭവങ്ങൾ ഉപയോഗിച്ച് സഹകരണാടിസ്ഥാനത്തിൽ ഒരു കാലിത്തീററ നിർമ്മാണ യൂണിററ് പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക.

7 അത്യുൽപാദന ശേഷിയുള്ള സങ്കരയിനം പശുക്കുട്ടികളെ മൃഗസംരക്ഷണ വകുപ്പു മുഖേന ക്ഷീരസഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുക.

8 ഗുണ മേൻമയനുസരിച്ച് ന്യായമായ വില പാലിന് ഉറപ്പുവരുത്തുക. ക്ഷീരസഹകരണ സംഘങ്ങളെ കേന്ദ്രീകരിച്ച് പാൽ ഉൽപ്പന്ന യൂണിററുകൾ ആരംഭിക്കുക.

9 5—ാം വാർഡിൽ പരക്കാട് ഭാഗത്തും, 8—ാം വാർഡിൽ കളപ്പാറഭാഗത്തും ഓരോ ക്ഷീരോൽപാദക സഹകരണസംഘം രൂപീകരിക്കുക.

10 പശുക്കളെ വൃത്തിയാക്കുന്നതിനുള്ള ഉപകരണങ്ങളും, അണുനാശിനികളും അടങ്ങിയ കിററ് ക്ഷീരസഹകരണ സംഘങ്ങൾ വഴി ചുരുങ്ങിയ വിലക്ക് വിതരണം ചെയ്യുക.

11 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരമുള്ള ആനുകൂല്യം വർദ്ധിച്ച തോതിൽ നടപ്പിലാക്കുക.

12 ആധുനിക രീതിയിലുള്ള അറവുശാല നിർമ്മിക്കുക. കശാപ്പുചെയ്യുന്ന മൃഗങ്ങളുടെ ഗുണനിലവാരം മുൻകൂട്ടി പരിശോധിക്കുന്നതിനുള്ള സംവിധാനം കർശനമായി നടപ്പിലാക്കുക.

13 മാംസത്തിനുവേണ്ടിയുള്ള മാടുകളെ വളർത്തുന്നത് പ്രോത്സാഹിപ്പിക്കുകയും ധനസഹായം നൽകുകയും ചെയ്യുക.

14 സഹകരണാടിസ്ഥാനത്തിൽ പൗൾട്രിഫാം സ്ഥാപിക്കുക. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുക.

15 ആട്, പന്നി എന്നിവ വളർത്തുന്നതിന് പ്രോത്സാഹനവും, ധനസഹായവും ലഭ്യമാക്കുക. നല്ലയിനം ആട്ടിൻകുട്ടികളെയും പന്നിക്കുട്ടികളെയും ലഭിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.

6 വളർത്തു മൃഗങ്ങൾക്ക് ലൈസൻസും പേവിഷബാധക്കെതിരെയുള്ള കുത്തിവെപ്പും നിർബന്ധമാക്കുക.

17 തെരുവുനായ്ക്കളെ ഉൻമൂലനം ചെയ്യുന്നതിനുള്ള തീവ്രയത്നപരിപാടി സമയബന്ധിതമായി നടപ്പിലാക്കുക.

18 പ്രത്യേക ഘടകപദ്ധതി പ്രകാരം പട്ടികജാതി-പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് കറവുമാടുകളെ വളർത്തുന്നതിനും തൊഴുത്തു നിർമ്മിക്കുന്നതിനും ധനസഹായം നല്കുക.

19 തോട്ടേക്കോട്, കറുമല, പരക്കാട്ട്, കാളിയാറോഡ് പ്രദേശങ്ങളിൽ വെററിനറി സബ് സെൻറർ ആരംഭിക്കുക.

20 മൃഗാസ്പത്രി ഡോക്ടർമാരുടെ സേവനം ആഴ്ചയിൽ ഒരിക്കലെങ്കിലും ക്ഷീര സംഘങ്ങളിൽ നിർബന്ധമാക്കുക.

21 ജൈവവളം, ബയോഗ്യാസ് എന്നിവയുടെ പ്രാധാന്യം പ്രചരിപ്പിക്കുക. ഈ സംരംഭങ്ങളിൽ ഏർപ്പെടുന്നവർക്ക് കാലികളെ വളർത്താൻ സഹായം നല്കുക.

22 പുലാക്കോട് മൃഗാസ്പത്രി പണ്ടാരപിള്ളി മെയിൻറോഡ് സൈഡിൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാററിസ്ഥാപിക്കുക.

23 കർഷകദിനത്തോടനുബന്ധിച്ച് കന്നുകാലി പ്രദർശനം സംഘടിപ്പിക്കുക. സമ്മാനങ്ങൾ നല്കി പ്രോത്സാഹിപ്പിക്കുക.

24 ശാസ്ത്രീയമായി കോഴികളെ വളർത്തുന്നതിന് പരിശീലനം നൽകുക. കോഴി വളർത്തൽ കേന്ദ്രം ആരംഭിക്കാൻ വായ്പാ സൗകര്യം ലഭ്യമാക്കുക.

## ക്ഷീരവികസനം

1 **മാതൃകാ ഡയറി യൂണിററ്**- ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിനും തൊഴിൽ രഹിതരായവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുമായി മാതൃകാ ഡയറി യൂണിററുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകി വരുന്നുണ്ട്. ഈ പദ്ധതി മുഖേന രണ്ട് നല്ലസങ്കരയിനം പശുക്കളും, ഒരു മാതൃകാ കാലിത്തൊഴുത്തും, സംരംഭകനാവശ്യമായ പരിശീലനവും നല്കി വരുന്നു. ഈ പദ്ധതി പഞ്ചായത്തിൽ വ്യാപകമായി നടപ്പിലാക്കാവുന്നതാണ്.

### പദ്ധതിയുടെ വിശദ വിവരങ്ങൾ

| യൂണിററ് ചിലവ് | | സബ്സിഡി തുക |
|---|---|---|
| തൊഴുത്ത് | Rs. 10000/– | Rs. 10,000/– |
| പശു 2 എണ്ണം | Rs. 20000/– | |
| ഇൻഷൂറൻസ് | Rs. 620/– | |
| പരിശീലന ചിലവ് | Rs. 1500/ | |
| ആകെ | Rs. 32120/– | |

## 2 മാതൃകാ തൊഴുത്ത്

പശുക്കളുടെ ആരോഗ്യകരമായ വളർച്ചക്ക് ശുചിത്വമുള്ള തൊഴുത്ത് പരമപ്രധാനമാണ്, നിലവിലുള്ള തൊഴുത്ത് പുതുക്കി പണിയുന്നതിനും, അററകുററപ്പണികൾ നടത്തുന്നതിനും ഒരു ഗുണഭോക്താവിന് 2000 ക. വീതം സഹായ ധനം നല്കി വരുന്നു.

### പൊതുനിർദ്ദേശങ്ങൾ

1 സൗജന്യ നിരക്കിൽ പശുക്കളെ ഇൻഷൂർ ചെയ്യാനുള്ള നടപടി പഞ്ചായത്ത് അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്.

2 തീററപ്പുൽകൃഷി പ്രോത്സാഹിപ്പിയ്ക്കുന്നതിന് കൃഷിച്ചെലവിന്റെ 50% ധനസഹായമായി അനുവദിക്കേണ്ടതാണ്.

3 സൗജന്യ നിരക്കിൽ ട്രൈവാക്സ്. മിനറൽ മിക്സ്ചർ എന്നിവ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കുക.

4 ക്ഷീര കർഷകരെ മററു മേഖലയിലെ കർഷകരെ പോലെ ആദരിക്കുക.

5 ക്ഷീര സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾക്കായി ധനസഹായം അനുവദിക്കുക.

### മത്സ്യബന്ധനം

ഉൾനാടൻ മത്സ്യ ബന്ധനം ഉപജീവനമാക്കിയ പത്തു പന്ത്രണ്ടു കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. വെങ്ങാനെല്ലൂർ ചന്ദ്രപുഷ്ക്കരണി കുളം, നാട്ടിയൻചിറ കുളം, വെങ്ങാനെല്ലൂർ പൊതുവായ് കുളം, ചേലക്കര ഭൂതം കോട്ടുകുളം, തോന്നൂർക്കര പാണ്ടൻകുളം, പുലാക്കോട് വടക്കുമുറി പെരും കുളം, പുലാക്കോട് അയ്യപ്പൻ കുളം, പത്തുകുടി അന്ത്രോട്ടുകുളം, പണ്ടാരപ്പിള്ളി കണ്ടർകുളം, തോന്നൂർക്കര കുററിത്താംകുളം, തോന്നൂർക്കര തോന്നൂര് കുളം, കുറുമല മാലക്കുളം ഇത്രയുമാണ് വററാത്ത കുളങ്ങളായി ഈ പഞ്ചായത്തിലുള്ളത്. ഈ കുളങ്ങൾ മത്സ്യം വളർത്തുന്നതിനായി പഞ്ചായത്തിൽ നിന്നും വിട്ടുകൊടുത്തിട്ടുണ്ട്. പാടത്തും കുളങ്ങളിലും തോട്ടുചാലിലും കാണുന്ന ബ്രാൽ, മൊയ്യ്, ചെറുമത്സ്യങ്ങളായ കൊയ്ത്തയും, വയമ്പും ഇന്ന് അപൂർവ്വമായിട്ടാണ് കണ്ടുവരുന്നത്. മാരകമായി കീടനാശിനി പ്രയോഗവും ഒരു പ്രത്യേക തരം പകർച്ച വ്യാധിയും ഇവയുടെ വംശനാശത്തിന് കാരണമാണ്.

ചേലക്കര പഞ്ചായത്തിൽ ഒരു മത്സ്യ മാർക്കററ് പ്രവർത്തിക്കുന്നുണ്ട്. ഉണക്ക മത്സ്യം മാത്രമാണ് ഇവിടെ വില്പന നടത്തുന്നത്. കുളങ്ങളിൽ നിന്നും തോടുകളിൽ നിന്നും പിടിച്ചുകൊണ്ടു വരുന്ന പച്ച മത്സ്യവും ഇവിടെ വെച്ച് വില്പന നടത്താറുണ്ട്, കടൽ മത്സ്യം കൊണ്ടു വന്ന് വില്പന നടത്തുന്ന ഏതാനും മത്സ്യത്തൊഴിലാളികളും ഈ പഞ്ചായത്തിലുണ്ട്.

### പ്രശ്നങ്ങൾ

1 സാധാരണ ജനങ്ങൾക്ക് മത്സ്യം വളർത്തുന്നതിൽ വേണ്ടത്ര പരിജ്ഞാനമില്ല.

2 നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കുന്നതിനുള്ള പ്രയാസം.

3 അമിതമായ കീടനാശിനി പ്രയോഗം. തൻമൂലം വിഷമയമാകുന്ന ജലാശയങ്ങൾ.

4 നാടൻ മത്സ്യങ്ങളുടെ വംശനാശം.

5 മത്സ്യം വളർത്തുന്നതിനുള്ള പ്രോത്സാഹനത്തിന്റെയും, സഹായധനത്തിന്റെയും കുറവ്.

6 വായ്പാസൗകര്യങ്ങൾ ലഭിക്കുന്നതിനുള്ള പ്രയാസം.

7 നാടൻ മത്സ്യസമ്പത്തുമായി പൊരുത്തപ്പെടാത്ത ആധുനിക മത്സ്യകൃഷി.

## നിർദ്ദേശങ്ങൾ

1 ആധുനിക മത്സ്യകൃഷിയെക്കുറിച്ച് അറിവുനൽകാൻ പ്രായോഗിക പരിശീലനം നൽകുക.

2 നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ സമീപ പ്രദേശങ്ങളിൽ നിന്നും ലഭിക്കുന്നതിന് സൗകര്യം ഉണ്ടാക്കുക.

3 കീടനാശിനി പ്രയോഗം കുറച്ചുകൊണ്ടുവരാൻ കർഷകരെ പ്രേരിപ്പിക്കുക. ജൈവ കീടനാശിനി പ്രയോഗം പ്രചരിപ്പിക്കുക.

4 നല്ലയിനം നാടൻ മത്സ്യങ്ങളുടെ വംശം നിലനിർത്തുന്നതിന് അവയുടെ കുഞ്ഞുങ്ങളെ ലഭ്യമാക്കുക. നാടൻ മത്സ്യങ്ങളുടെ രോഗകാരണം കണ്ടുപിടിച്ച് അതിന് പ്രതിവിധി ഉണ്ടാക്കുക.

5 മത്സ്യം വളർത്തുന്നതിന് പ്രോത്സാഹനം നല്കുകയും സഹായധനവും, വായ്പയും ലഭ്യമാക്കുക.

6 നാടൻ മത്സ്യങ്ങളുമായി സഹവസിക്കുന്ന ആധുനിക മത്സ്യ ജനുസ്സുകളെ കണ്ടെത്തുക.

7 പഞ്ചായത്തുതലത്തിൽ ഒരു മത്സ്യവിപണനസഹകരണസംഘം രൂപീകരിക്കുക.

★



അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം നങ്ങളിലേക്ക്

# വിദ്യാഭ്യാസം

അധികാരം നങ്ങളിലേക്ക്
അധികാരം നങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്

61

# വിദ്യാഭ്യാസം

'വിദ്യാധനം സർവധനാൽ പ്രധാന'മാണെന്നും, വിദ്യ കൊണ്ടു സ്വതന്ത്രരാവണമെന്നും ഉദ്ഘോഷിച്ച പ്രബുദ്ധ സംസ്കൃതിയുടെ മണ്ണാണ് കേരളം. നാടിൻെറ സർവ്വതോന്മുഖമായ വികസനം ലക്ഷ്യമാക്കി, ഉദ്ദേശ ശുദ്ധിയുള്ള തലമുറയെ വാർത്തെടുക്കുന്ന മഹത്തായ കർമ്മമായി വിദ്യാഭ്യാസത്തെ നമ്മൾ തിരിച്ചറിഞ്ഞു. അതുകൊണ്ടുതന്നെ നമ്മുടെ അക്ഷര സ്വപ്നങ്ങൾക്ക് നൻമയുടെയും, നീതിയുടെയും മനുഷ്യഗന്ധമുണ്ട്.

ഔപചാരിക—അനൗപചാരിക വിദ്യാഭ്യാസ സംവിധാനത്തിൻെറ ഏറെക്കുറെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ, സുദൃഢമായ ഒരു ബോധന ശൃംഖല നമ്മുടെ പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്. പതിനായിരത്തിൽ പരം വിദ്യാർത്ഥികളും, നാനൂററി അൻപതോളം അധ്യാപകരും ആറായിരത്തോളം രക്ഷകർത്താക്കളുമടങ്ങുന്ന ഈ സംഘടിത ശക്തി ക്രിയാത്മകമായി ഉപയോഗപ്പെടുത്തിയാൽ, വികസന സംസ്ക്കാരത്തിൻെറ പുത്തൻ സാധ്യതകൾ കണ്ടെത്താവുന്നതാണ്.

സമ്പത്തിൻെറ ഭൗതികവൽക്കരണമാണ് വികസനമെന്ന സാമ്പ്രദായിക സങ്കല്പത്തിൻെറ അടിസ്ഥാനത്തിൽ, വിദ്യാഭ്യാസമടക്കമുള്ള സേവന മേഖലക്ക് ഔദ്യോഗികമോ, ജനകീയമോ ആയ ശ്രദ്ധ ലഭിക്കാറില്ല. അതുകൊണ്ടുതന്നെ ഇന്ന് ഈ രംഗം പ്രശ്നകലുഷിതമാണ്. അശാസ്ത്രീയമായ സിലബസ്സും, കാലഹരണപ്പെട്ട മൂല്യനിർണയ രീതിയും പാഠ്യാനുബന്ധ പ്രവർത്തനങ്ങളുടെ അഭാവവും, പഠനത്തെ പാൽപായസമാക്കേണ്ടതിനു പകരം വിരസവും ഒരളവോളം ക്രൂരവുമാക്കി മാററുന്നു. ഈ രംഗത്ത് സംസ്ഥാന വ്യാപകമായി നിലനിൽക്കുന്ന നിരവധി പ്രശ്നങ്ങളുടെ ഒരു നേർപ്പതിപ്പായി നമ്മുടെ പഞ്ചായത്തിനെയും വിലയിരുത്താവുന്നതാണ്.

2 ഗവൺമെൻറ് സ്കൂളുകളും, 8 എയ്ഡഡ് സ്കൂളുകളും, 5 അൺ എയിഡഡ് സ്കൂളുകളും (ഇംഗ്ലീഷ്മീഡിയമടക്കം) എൽ. പി. തലത്തിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പ്രീപ്രൈമറി വിദ്യാഭ്യാസം വ്യാപകമായുണ്ടെങ്കിലും യഥാർത്ഥത്തിലുള്ള അക്ഷരപഠനം ആരംഭിക്കുന്നത് ഒന്നാം ക്ലാസിൽ നിന്നാണല്ലോ. പഠനം ആഹ്ളാദകരമായ ഒരനുഭവമാക്കി മാററാൻ കഴിഞ്ഞാലേ നമുക്ക് ഒന്നാംതരം, ഒന്നാന്തരമാക്കാൻ സാധിയ്ക്കുകയുള്ളൂ. എന്നാൽ, തുടങ്ങുന്നിടത്തു തന്നെ തളർന്നു വീഴുന്ന തികച്ചും പ്രതികൂലമായ സാഹചര്യങ്ങളാണ് പല സ്ക്കൂളുകളിലും നിലനിൽക്കുന്നത്. വീട്ടുകാരിൽ നിന്നും വിട്ടു നിൽക്കുന്ന അഞ്ചുവയസ്സുകാരന്, സ്നേഹസമ്പന്നമായ സ്ക്കൂൾ അന്തരീക്ഷം ആവശ്യമാണ്. ഇതിന്. കുട്ടികളുടെ മനഃശാസ്ത്രം ശാസ്ത്രീയമായി മനസ്സിലാക്കുന്ന വിദഗ്ദരായ അധ്യാപകരുടെ സേവനവും സ്കൂളിന് മതിയായ ഭൗതിക സൗകര്യങ്ങളും അത്യന്താപേക്ഷിതമാണ്.

ഒരു ഗവൺമെൻറ് സ്കൂളും, 3 എയ്ഡഡ് സ്കൂളുകളും ഒരു അൺ എയ്ഡഡ് (ഇംഗ്ലീഷ് മീഡിയം) സ്കൂളുമാണ് അപ്പർപ്രൈമറി തലത്തിലുള്ളത്. ഭൗതിക സൗകര്യങ്ങളുടെയും, പഠന നിലവാരത്തിൻെറയും കാര്യത്തിൽ. ഗവൺമെൻറ് സ്കൂളൊഴികെ, മററുസ്കൂളുകൾ തൃപ്തികരമായ നിലവാരം കാത്തുസൂക്ഷിക്കുന്നുണ്ട്. 1160 വിദ്യാർത്ഥികൾ പഠിക്കുന്ന സർക്കാർ സ്കൂളായ S M T H S ൽ കുട്ടികൾ ഭൂരിഭാ

ഗവും നിലത്തിരുന്നാണ് പഠിക്കുന്നത്. അദ്ധ്യാപകരുടെ കുറവും അധ്യയന നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു.

ഒരു ഗവൺമെൻറ് സ്കൂളും, 2 എയ്ഡഡ് സ്കൂളുകളും, 1 അൺ എയ്ഡഡ് (ഇംഗ്ലീഷ് മീഡിയം) സ്കൂളുമാണ് ഹൈസ്ക്കൂൾ നിലവാരത്തിലുള്ളത്. ആവശ്യമായ പഠന സൗകര്യങ്ങളുടെ പകുതിപോലുമില്ലാത്ത സർക്കാർ സ്കൂൾ. അത്യന്തം ശോചനീയമായ അവസ്ഥയിലാണ് നിലകൊള്ളുന്നത്. തൊട്ടടുത്ത ഹൈസ്കൂളുകൾ, പത്താംക്ലാസ് പരീക്ഷകളിൽ ഉയർന്ന വിജയം കൊയ്തെടുക്കുമ്പോൾ, പരാധീനതകളുടെ നടുക്കയത്തിൽ തളർന്നു പോകുന്ന സർക്കാർ സ്കൂളിനെ കൈപിടിച്ചുയർത്തി സ്വന്തം കുഞ്ഞിനെപ്പോലെ സംരക്ഷിക്കാനുള്ള ബാധ്യത ഓരോ ദേശസ്നേഹിക്കുമുണ്ട്. ഔദ്യോഗികവും ജനകീയവുമായ ഇച്ഛാശക്തി കൊണ്ട് ഈ സ്ഥാപനത്തെ വളർത്തിയെടുക്കാവുന്നതാണ്.

## വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

പട്ടിക 1

| വാർഡ് | സ്ക്കൂളുകളുടെ എണ്ണം: ഹൈസ്ക്കൂൾ | | | | യു. പി. | | | | എൽ. പി. | | | | നഴ്സറി | | | അംഗൻവാടികൾ | സാങ്കേതിക വിദ്യാലയങ്ങൾ | | | പാരലൽ കോളേജ് | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | സർക്കാർ | എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | സ്വകാര്യം | ആകെ | | സർക്കാർ | സ്വകാര്യം | ആകെ | സ്ക്കൂൾ ക്ലാസ് നടത്തുന്നവ | കോളേജ് ക്ലാസ് മാത്രമുള്ളവ | സ്ക്കൂൾ കോളേജ് ക്ലാസുകൾ നടത്തുന്നവ |
| 1 | 1 | 1 | ... | 2 | 1 | 1 | ... | 2 | 1 | 2 | ... | 3 | ... | 1 | 1 | 4 | ... | 6 | 6 | ... | 2 | ... |
| 2 | ... | ... | ... | ... | ... | ... | ... | ... | ... | 1 | ... | 1 | ... | ... | ... | 3 | ... | ... | ... | ... | ... | ... |
| 3 | ... | ... | 1 | 1 | ... | ... | 1 | 1 | ... | ... | 1 | 1 | ... | ... | ... | 3 | ... | ... | ... | ... | ... | 1 |
| 4 | ... | ... | ... | ... | ... | ... | ... | ... | ... | ... | 1 | 1 | ... | ... | ... | 4 | ... | ... | ... | ... | ... | ... |
| 5 | ... | ... | ... | ... | ... | ... | ... | ... | ... | ... | ... | ... | ... | ... | ... | 3 | ... | ... | ... | ... | ... | ... |
| 6 | ... | ... | ... | ... | ... | ... | ... | ... | ... | 1 | ... | 1 | ... | ... | ... | 5 | ... | .. | ... | ... | ... | ... |
| 7 | ... | ... | ... | ... | ... | ... | ... | ... | ... | ... | 2 | 2 | ... | 1 | ... | 2 | ... | ... | ... | ... | ... | ... |
| 8 | ... | ... | ... | ... | ... | ... | ... | ... | ... | 1 | ... | 1 | ... | ... | ... | 3 | ... | ... | ... | ... | ... | ... |
| 9 | ... | 1 | ... | 1 | ... | 1 | ... | 1 | ... | 1 | ... | 1 | ... | ... | ... | 2 | ... | ... | ... | ... | ... | ... |
| 10 | ... | ... | ... | ... | ... | ... | ... | ... | 1 | ... | ... | 1 | ... | ... | ... | ... | ... | ... | ... | ... | ... | ... |
| 11 | ... | ... | ... | ... | ... | 1 | ... | 1 | ... | 1 | 2 | 3 | ... | ... | ... | 3 | ... | ... | ... | ... | ... | ... |
| 12 | ... | ... | ... | ... | ... | ... | ... | ... | ... | ... | ... | ... | ... | 1 | 1 | 2 | ... | ... | ... | ... | ... | ... |
| 13 | ... | ... | ... | ... | ... | ... | ... | ... | ... | ... | ... | ... | ... | ... | ... | 3 | ... | ... | ... | ... | ... | ... |

## വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും സംബന്ധിച്ച വിവരങ്ങൾ

**പട്ടിക 2**

| സ്കൂളിന്റെ പേര് | വിദ്യാർത്ഥികളുടെ എണ്ണം | | | SC/ST വിദ്യാർത്ഥികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| **എൽ.പി. വിഭാഗം** | | | | | | | | | |
| G L P S ചേലക്കര | 121 | 71 | 192 | 33 | 21 | 54 | ... | 7 | 7 |
| G L P S കുറുമല | 101 | 62 | 163 | 17 | 14 | 31 | 2 | 2 | 4 |
| L F L P S ചേലക്കര | 331 | 709 | 1040 | 20 | 50 | 70 | ... | 21 | 21 |
| I M L P S ചേലക്കര | 69 | 53 | 122 | 12 | 8 | 20 | 1 | 5 | 6 |
| C G E M S ചേലക്കര | 74 | 34 | 108 | 17 | 4 | 21 | 1 | 4 | 5 |
| N M L P S വെങ്ങാനെല്ലൂർ | 208 | 179 | 387 | 42 | 43 | 85 | ... | 9 | 9 |
| A U P S തോന്നൂർക്കര | 146 | 131 | 277 | 29 | 37 | 66 | ... | U P വിഭാഗത്തിൽ ഉൾക്കൊള്ളിക്കുന്നു. | |
| A L P S പുലാക്കോട് | 191 | 177 | 368 | 47 | 37 | 84 | ... | 11 | 11 |
| A L P S പങ്ങാരപ്പിള്ളി | 84 | 76 | 160 | 14 | 9 | 23 | ... | 4 | 4 |
| A L P S കാളിയാറോഡ് | 69 | 71 | 140 | 10 | 10 | 20 | 2 | 3 | 5 |
| ആകെ | 1394 | 1563 | 2957 | 241 | 233 | 474 | 6 | 66 | 72 |
| **യു.പി. വിഭാഗം** | | | | | | | | | |
| ഗവ. S M T H S ചേലക്കര | 789 | 371 | 1160 | 171 | 112 | 253 | 5 | 24 | 29 |
| L F G H S ചേലക്കര | ... | 880 | 880 | ... | 69 | 69 | ... | 18 | 18 |
| A U P S തോന്നൂർക്കര | 186 | 114 | 300 | 36 | 28 | 64 | 3 | 17 | 20 |
| സെന്റ് ജോസഫ്സ് U P S പങ്ങാരപ്പിള്ളി | 362 | 239 | 601 | 20 | 25 | 45 | 5 | 8 | 13 |
| ആകെ | 1337 | 1604 | 2941 | 277 | 234 | 431 | 13 | 67 | 80 |
| **ഹൈസ്കൂൾ വിഭാഗം** | | | | | | | | | |
| ഗവ. S M T H S ചേലക്കര | 861 | 616 | 1477 | 143 | 154 | 297 | 9 | 38 | 47 |
| L F G H S ചേലക്കര | ... | 820 | 820 | ... | 76 | 76 | ... | 27 | 27 |
| സെന്റ് ജോസഫ്സ് H S പങ്ങാരപ്പിള്ളി | 234 | 210 | 444 | 13 | 30 | 43 | 12 | 9 | 21 |
| ആകെ | 1095 | 1646 | 2741 | 156 | 260 | 416 | 21 | 74 | 95 |

## സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങളെ കുറിച്ചുള്ള വിവരം

പട്ടിക 3

| | സ്കൂളിന്റെ പേര് | സ്കൂളിന്റെ ഉടമസ്ഥത | ആകെ ഡിവിഷൻ | ആവശ്യത്തിന് ക്ലാസ്സ് മുറികളുണ്ടോ? | ആവശ്യത്തിന് ഫർണീച്ചർ ഉണ്ടോ? | ലബോറട്ടറി | ലൈബ്രറി | സ്റ്റാഫ് റൂം | പാചകപ്പുര | മൂത്രപ്പുര | കക്കൂസ് | കളിസ്ഥലം | കുടിവെള്ള ലഭ്യത |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഗവ. S M T H S ചേലക്കര | സർക്കാർ | 61 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 2 | L F G H S ചേലക്കര | എയ്ഡഡ് | 31 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3 | സെൻറ് ജോസഫ്സ് H S പങ്ങാരപ്പിള്ളി | എയ്ഡഡ് | 11 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4 | സെൻറ് ജോസഫ്സ് U P S പങ്ങാരപ്പിള്ളി | എയ്ഡഡ് | 9 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 5 | A U P S തോന്നൂർക്കര | എയ്ഡഡ് | 16 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6 | G L P S ചേലക്കര | സർക്കാർ | 6 | ഇല്ല | ഇല്ല | സയൻസ് കോർണർ ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 7 | G L P S കുറുമല | സർക്കാർ | 5 | ഉണ്ട് | ഇല്ല | ,, | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 8 | L F L P S ചേലക്കര | എയ്ഡഡ് | 20 | ഉണ്ട് | ഇല്ല | ,, | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 9 | I M L P S ചേലക്കര | എയ്ഡഡ് | 4 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 10 | C G E M S ചേലക്കര | എയ്ഡഡ് | 4 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 11 | N M L P S വെങ്ങാനെല്ലൂർ | എയ്ഡഡ് | 3 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 12 | A L P S പുലാക്കോട് | എയ്ഡഡ് | 10 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 13 | A L P S കാളിയാറോഡ് | എയ്ഡഡ് | 4 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| 14 | A L P S പങ്ങാരപ്പിള്ളി | എയ്ഡഡ് | 4 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |

ലഭ്യമായ ദ്വിതീയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, വസ്തുതകൾ വിശകലനം ചെയ്താൽ, പഠനസൗകര്യങ്ങളുടെയും, പഠനനിലവാരത്തിന്റെയും അടിസ്ഥാനത്തിൽ ബഹുദൂരം മുന്നിൽ നിൽക്കുന്നത് സ്വകാര്യ സ്ഥാപനങ്ങളാണെന്നുകാണാം. അതുകൊണ്ടുതന്നെ, രക്ഷാകർത്താക്കൾക്ക് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളോട് അനഭിലഷണീയമായ ഒരാസക്തി വളർന്നു വരുന്നുണ്ട്. എഴുത്തു പരീക്ഷയുടെ അടിസ്ഥാനത്തിൽ മാത്രം, കൂടുതൽ മാർക്ക് വാങ്ങുന്നവൻ മിടുക്കൻ എന്ന യാഥാസ്ഥിതിക മൂല്യ നിർണയമാണല്ലോ ഇന്നു നിലവിലുള്ളത്. അരിപ്പവെച്ച് വേർതിരിച്ച് വിദ്യാർത്ഥികളെ കൊണ്ടുണ്ടാക്കുന്ന നൂറുമേനി മാത്രമാണ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമെന്ന വികല ധാരണ. വിദ്യാസമ്പന്നരിൽ പോലും വ്യാപകമാണ്. മികച്ച അക്കാദമിക് യോഗ്യതയുള്ള അധ്യാപകരും പ്രതിഭാശാലികളായ ഏറെ വിദ്യാർത്ഥികളുണ്ടായിട്ടും, സർക്കാർ സ്കൂളുകൾ പിന്തള്ളപ്പെടുന്നതിന്റെ കാരണങ്ങൾ ജനകീയ തലത്തിൽ തന്നെ ചർച്ചചെയ്യപ്പെടേണ്ടതാണ്. സർക്കാർ സ്കൂളുകളിലെ പല അദ്ധ്യാപകരുടെയും കുട്ടികൾ, സ്വകാര്യ സ്കൂളുകളിൽ പഠനത്തിനായി പോകുന്നത് തികഞ്ഞ വിരോധാഭാസം തന്നെയാണ്. കാലഹരണപ്പെട്ട പാഠ്യപദ്ധതി മാററി, വിദ്യാഭ്യാസത്തെ ജീവിതവുമായി ബന്ധപ്പെടുത്തുന്ന അക്കാദമിക് പരിഷ്ക്കാരങ്ങളോടൊപ്പം, സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കാൻ ബദൽ സംവിധാനങ്ങൾക്കു രൂപം കൊടുക്കുകയും വേണം.

**പട്ടിക 4**

**എസ്. എസ്. എൽ. സി. വിജയശതമാനം**

| സ്ക്കൂളിന്റെ പേര് | 1991-92 | 1992-93 | 1993-94 | 1994-1995 | 1995-96 |
|---|---|---|---|---|---|
| ഗവൺമെന്റ് S. M. T. H. S | 16 | 16 | 16.5 | 17 | 16.5 |
| L. F. G. H. S. (എയ്ഡഡ്) | 100 | 99 | 99 | 98 | 97 |
| സെന്റ് ജോസഫ്സ് H. S (എയ്ഡഡ്) | 99 | 99 | 99.8 | 98 | 96 |

കഴിഞ്ഞ അഞ്ചു അധ്യയന വർഷക്കാലത്തെ SSLC വിജയശതമാനത്തിന്റെ താരതമ്യപഠനം, നമ്മെ അമ്പരപ്പിക്കുന്നതും അതേസമയം ഇരുത്തിച്ചിന്തിപ്പിക്കുന്നതുമാണ്.

## ഗവൺമെന്റ് ശ്രീമൂലം തിരുനാൾ ഹൈസ്കൂൾ

തൃശ്ശൂർ ജില്ലയിൽ വിദ്യാഭ്യാസ നിലവാരത്തിന്റെ കാര്യത്തിൽ, ഏററവും മുൻപന്തിയിൽ നിന്നിരുന്ന വിദ്യാലയമായിരുന്നു ഇത്. പ്രഗത്ഭരായ അദ്ധ്യാപകരുടെ വിദഗ്ദ്ധമായ ശിക്ഷണത്തിലൂടെ, സ്തുത്യർഹമായ വിജയം കൊയ്തെടുത്തിരുന്ന ഈ സ്ഥാപനം, ഇന്ന് ഗതകാല സ്മരണകൾ അയവിറക്കുന്ന ഒരു വർത്തമാനകാല വ്യഥ മാത്രമാണ്.

1891ൽ ചേലക്കരയിൽ സ്ഥാപിതമായ ഈ സരസ്വതീക്ഷേത്രം, പ്രൈമറി—മിഡിൽ സ്റ്റേജുകൾ കടന്ന് ഒരു ഹൈസ്കൂളായി മാറിയത് 1931ൽ ആണ്. ശ്രീമൂലം തിരുനാൾ രാമവർമ

മഹാരാജാവിൻെറ കാലത്താണ്, ഇതൊരു ഹൈസ്കൂളായി ഉയർത്തപ്പെട്ടത്. അദ്ദേഹത്തിൻെറ ഓർമയ്ക്കായി ഈ സ്ഥാപനത്തിന് 'ശ്രീമൂലം തിരുനാാം ഹൈസ്കൂാം' എന്നു നാമകരണം ചെയ്തു. ശക്തൻ തമ്പുരാൻ നിർമിച്ച പഴയ കോവിലകത്തിൻെറ അതിരുകാംക്കുള്ളിൽ വ്യാപിച്ചുകിടക്കുന്ന ഈ ഹൈസ്കൂളിൽ നിന്നും ഭരണ സൗകര്യത്തിനായി L P വിഭാഗം 1961ൽ വേർതിരിക്കപ്പെട്ടു.

ഈ അധ്യയന വർഷത്തിലെ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, 61 ഡിവിഷനുകളിലായി 2637 വിദ്യാർത്ഥികാം ഇവിടെ പഠിക്കുന്നു. ആകെ 76 അധ്യാപകരുണ്ട്. 124 കുട്ടികാം തോററു പഠിക്കുന്നവരും 129 പേർ പഠനം നിർത്തിയവരുമാണ്.

## പ്രശ്നങ്ങൾ

ഈ സ്കൂളിൻെറ പ്രശ്നങ്ങാം നിരവധിയാണ്. സ്ഥിരമായ 7 കെട്ടിടങ്ങളിലും അർധസ്ഥിര സ്വഭാവമുള്ള 4 കെട്ടിടങ്ങളിലുമായി പ്രവർത്തിച്ചുവരുന്ന സ്കൂളിൽ, പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങാം പരിമിതമാണ്. നിർദ്ദേശാനുസരണമുള്ള സൗകര്യങ്ങാം ഈ സ്ഥാപനത്തിനു വേണമെങ്കിൽ, ഇനിയും 550 ഡെസ്കും, 400 ബെഞ്ചും 61 മേശയും, 61 കസേരയും ആവശ്യമാണ്. വളരെയേറെ കുട്ടികാം നിലത്തിരുന്നാണ് പഠിക്കുന്നത്. പഠനോപകരണങ്ങളുടെ ദൗർലഭ്യം സ്കൂളിൻെറ പഠന നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു.

### പട്ടിക 5
### S M T H S - അക്കാദമിക്ക് നിലവാരം
കുട്ടികളുടെ പൊതു നിലവാരം

| ക്ലാസ്സ് | ആകെ കുട്ടികാം | 30% താഴെ മാർക്കു നേടിയവർ | 30-40% മാർക്ക് നേടിയവർ | 40-50% മാർക്ക് നേടിയവർ | 50—60% മാർക്ക് നേടിയവർ | 60% കൂടുതൽ മാർക്ക് നേടിവർ |
|---|---|---|---|---|---|---|
| V | 385 | 300 | 40 | 30 | 7 | 8 |
| VI | 375 | 290 | 38 | 28 | 10 | 9 |
| VII | 400 | 325 | 38 | 21 | 8 | 8 |
| VIII | 562 | 432 | 55 | 54 | 10 | 11 |
| IX | 511 | 387 | 52 | 51 | 10 | 11 |
| X | 404 | 323 | 40 | 26 | 7 | 8 |

ഒരു വിദ്യാർത്ഥിയുടെ ശരാശരി നിലവാരം എന്നു പ്രതീക്ഷിക്കാവുന്ന 40—50 ശതമാനം മാർക്കു വാങ്ങുന്നവർ 210 പേരും 60 ശതമാനത്തിനുമുകളിൽ വാങ്ങുന്നവർ കേവലം 55 പേരും മാത്രമാണ്. ഈ കണക്ക്, ആകെയുള്ള 2637 വിദ്യാർത്ഥികളുടേതാണെന്ന് തിരിച്ചറിയുമ്പോഴാണ്, വസ്തുതകളുടെ രൂക്ഷത ബോധ്യമാകുന്നത്. പഠനം രസകരമാക്കാനുള്ള പാഠ്യാനുബന്ധ

പാഠ്യേതര പ്രവർത്തനങ്ങൾ വിരളമാണ്. കലാ കായിക മത്സരങ്ങളിൽ സബ്ബ്ജില്ല/ജില്ലാതലത്തിൽ അംഗീകാരം നേടുന്നവരുണ്ടെങ്കിലും, ഇവർക്ക് മതിയായ പ്രോത്സാഹനം ലഭിക്കാറില്ല. വിദ്യാർത്ഥികളുടെ കായികശേഷി വർധിപ്പിക്കാൻ ലക്ഷ്യം വെച്ചുള്ള സ്കൂൾ ഗ്രൗണ്ട് വേണ്ടത്ര സംരക്ഷണമില്ലാത്തതിന്റെ പേരിൽ നാശോൻമുഖമാണ്. അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും പൊതുവേദിയായ PTA ഫലപ്രദമായല്ല പ്രവർത്തിച്ചു വരുന്നത്.

## നിർദ്ദേശം

SMTHS--ലെ പ്രശ്നങ്ങൾ ജനകീയ തലത്തിൽതന്നെ ചർച്ചചെയ്ത് പരിഹാരസാധ്യതകൾ തേടാൻ, PTA, പൂർവ്വ വിദ്യാർത്ഥികൾ, സന്നദ്ധസംഘടനകൾ, ജനപ്രതിനിധികൾ എന്നിവയെ സംയുക്തമായി വിളിച്ചു ചേർത്ത്, SMTHS നു മാത്രമായി ഒരു മാസ്ററർപ്ലാൻ തയ്യാറാക്കുക.

## സ്കൂൾ കോംപ്ലക്സ്

ഇന്ന് നിലവിലുള്ള വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ, ഒരളവോളം പരിഹരിക്കാൻ കഴിയുന്ന ജനകീയ പദ്ധതിയാണ് സ്കൂൾ കോംപ്ലക്സ്. വിവിധ സ്ഥലങ്ങളിൽ പരീക്ഷിച്ച്, പോരായ്മകൾ തിരുത്തി വിജയം കണ്ടെത്തിയ ഒരു പദ്ധതിയാണിത്. പഞ്ചായത്തിലുള്ള വിവിധ സ്കൂളുകളെ കോർത്തിണക്കിക്കൊണ്ട്, ഈ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങളും പരിഹാര സാധ്യതകളും ചർച്ചചെയ്ത്, നടപടികൾ കൈക്കൊള്ളാനുള്ള കൂട്ടായ്മയാണിത്.

ചേലക്കര SMTHS കേന്ദ്രമാക്കി, സമീപപ്രദേശത്തുള്ള LP/UP സ്കൂളുകളെ യോജിപ്പിച്ച് കേന്ദ്ര നേതൃത്വത്തിൻ കീഴിൽ കൊണ്ടുവരുന്ന സമഗ്രമായ സ്കൂൾ കോംപ്ലക്സ് ആസൂത്രണം ചെയ്യാവുന്നതാണ്.

## സാങ്കേതിക സ്ഥാപനങ്ങൾ

കൂടുതൽ തൊഴിൽ സാധ്യതകൾ ലക്ഷ്യം വെച്ചു കൊണ്ടുള്ള സാങ്കേതിക സ്ഥാപനങ്ങൾ വ്യാപകമായി ആരംഭിച്ചാലേ, രൂക്ഷമായ തൊഴിലില്ലായ്മക്ക് ഒരളവോളം പരിഹാരം കാണാനാവൂ. SSLC പഠനത്തിനു ശേഷം, കൂടുതൽ പേരും ITC/ITI കോഴ്സുകൾ തെരഞ്ഞെടുക്കുന്നത് സ്വാഗതാർഹമായ ഒരു നീക്കമാണ്. എന്നാൽ ITC/ITI കോഴ്സുകളൊന്നും തന്നെ ഈ പഞ്ചായത്തിലില്ല. 5 ഷോർട്ട് ഹാൻറ്/ടൈപ്പ്റൈററിംഗ് സ്ഥാപനങ്ങളും 4 കമ്പ്യൂട്ടർ സ്ഥാപനങ്ങളുമാണ് ഈ പഞ്ചായത്തിലുള്ളത്.

## പ്രീ—പ്രൈമറി

കണ്ണും, കാതും, നിറഞ്ഞ മനസ്സും കൊണ്ട് പഠനം ഹൃദ്യമാക്കുന്ന ബോധനതലമാണ് പ്രീപ്രൈമറി വിദ്യാഭ്യാസം. ചിരിച്ചും,കളിച്ചും കഥ പറഞ്ഞും ചുററുപാടുകളെ നിരീക്ഷിച്ചും അറിവിന്റെ ഹരിശ്രീ കുറിയ്ക്കുന്ന ഈ രംഗത്തെ അതിശക്തമായ ഒരു സംവിധാനമാണ് അംഗനവാടികൾ. ചേലക്കര പഞ്ചായത്തിലുള്ള 39 അംഗനവാടികളിലായി 958 കുട്ടികൾ പഠിയ്ക്കാനെത്തുന്നു. മഹാഭൂരിപക്ഷം കുട്ടികളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നാണ് വരുന്നത്. അദ്ധ്യാപകരും സഹായികളുമടക്കം 78 പേരും 800ൽ അധികം അമ്മമാരുമടങ്ങുന്ന ചേലക്കരയിലെ അംഗനവാടി സംവിധാനം പ്രീ പ്രൈമറി വിദ്യാഭ്യാസ രംഗത്തെ ചാലകശക്തിയാണ്. എന്നിരുന്നാലും പല സ്ഥാപനങ്ങളിലെയും ഭൗതിക സൗകര്യങ്ങൾ ഒട്ടും തന്നെ തൃപ്തികരമല്ല. രണ്ടു ബാലവാടികളും ഈ പഞ്ചായത്തിലുണ്ട്. കുഞ്ഞുങ്ങളുടെ മനസ്സിന്റെയും,ശരീരത്തിന്റെയും പോഷണത്തിനാവശ്യമായ സാഹചര്യങ്ങൾ സംജാതമാക്കേണ്ടതുണ്ട്. അംഗനവാടികളോടനുബന്ധിച്ചുള്ള ജനകീയ കമ്മിററികളുടെ ഫലപ്രദമായ പ്രവർത്തനം ഉറപ്പുവരുത്തിയാൽ ഈ രംഗത്ത് ഇന്ന് നിലനിൽക്കുന്ന പ്രശ്നങ്ങൾ ഒട്ടാകെ പരിഹരിക്കാനാവും.

പ്രീപ്രൈമറി വിദ്യാഭ്യാസത്തിന്റെ പ്രഖ്യാപിത ലക്ഷ്യത്തിനു നേർവിപരീതമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സ്ഥാപനങ്ങളാണ് ഈ പഞ്ചായത്തിൽ വ്യാപകമായുള്ള L.K.G/U.K.G സംവിധാനങ്ങൾ. താങ്ങാനാവാത്ത പാഠ്യപദ്ധതികൾ, കുട്ടികളുടെ മനസ്സിനും ശരീരത്തിനും അസഹ്യമായ മുറിവുകളേൽപ്പിക്കുന്നു. മുലപ്പാൽ പോലെ അമൃതായ മാതൃഭാഷയെ തള്ളിപ്പറഞ്ഞ്, വിദ്യാർത്ഥികളുടെ ഭാഷ മാത്രമല്ല, അവരുടെ ചിന്തകളെയും സ്വപ്നങ്ങളെയുമെല്ലാം ആംഗലവൽക്കരിക്കുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ, പിഞ്ചുമനസ്സുകളെ വികലവും വിരസവുമാക്കുന്നു. നിശ്ചിതമായ ക്ലാസ്സുകളും, ഒന്നാം റാങ്കുകാരനാകാൻ രക്ഷാകർത്താക്കൾ ഏർപ്പാടാക്കുന്ന സ്വകാര്യ റ്റ്യൂഷനുകളും, ഓടിച്ചാടി ഉല്ലസിക്കേണ്ടുന്ന അവന്റെ ബാല്യത്തെ തല്ലിക്കെടുത്തുന്നു. വികസിത-വികസ്വര രാഷ്ട്രങ്ങളിലെല്ലാം തന്നെ, പ്രൈമറി തലം വരെയുള്ള പഠനമാധ്യമം മാതൃഭാഷയാണെന്നറിയുമ്പോഴാണ്, നമുക്കെവിടെയൊക്കെയോ കൈപ്പിഴ പറ്റിയതായി നാം മനസ്സിലാക്കുന്നത്.

സ്വകാര്യമേഖലയിൽ, ഇംഗ്ലീഷ് മീഡിയമടക്കം 7 പ്രീപ്രൈമറി സ്ഥാപനങ്ങളുണ്ട്. കുട്ടികളുടെ മാനസികോല്ലാസത്തിന് അനുകൂല സാഹചര്യങ്ങളുള്ള സ്വകാര്യ നഴ്സറികൾ കുറവാണ്. പൊതുവെ പറഞ്ഞാൽ, നിലവിലുള്ള അംഗനവാടികൾക്ക് പകരംവെക്കാനുള്ള സ്വകാര്യ സംവിധാനങ്ങൾ ഇവിടെ ഇന്നില്ല.

## അനൗപചാരിക വിദ്യാഭ്യാസം

പ്രീപ്രൈമറി മുതൽ മേലോട്ടുള്ള ഔപചാരിക സംവിധാനത്തോടൊപ്പം ശക്തിപ്പെടുത്തേണ്ടുന്ന ഒന്നാണ് അനൗപചാരിക വിദ്യാഭ്യാസം, സാംസ്കാരിക നവോത്ഥാനത്തിന്റെ അടിസ്ഥാന ശിലകളായ വായനശാലകളും, ബോധനമാധ്യമങ്ങളും തുടർ സാക്ഷരതാ പ്രവർത്തനങ്ങളുമെല്ലാം സമാന്തര വിദ്യാഭ്യാസ മേഖലയെ സമ്പന്നമാക്കുന്നു.

വായനാശീലം വർഷംതോറും കുറഞ്ഞുവരികയും അതിനുപകരമായി ദൃശ്യമാധ്യമങ്ങൾ പ്രതിഷ്ഠിക്കപ്പെടുകയും ചെയ്യുന്ന അപകടകരമായ പ്രവണത നമുക്കിന്ന് കാണാം. ജനതയുടെ വായനാശീലം ക്രിയാത്മകമായി വളർത്തിയെടുക്കുന്നതോടൊപ്പം, ദൃശ്യമാധ്യമങ്ങളുടെ ഗുണപരമായ അംശങ്ങൾ കൂടി സമന്വയിപ്പിച്ചുള്ള പുത്തൻ ബോധനരീതി വ്യാപിപ്പിക്കേണ്ടതാണ്.

വിവേചനത്തിന്റെയും, അജ്ഞതയുടെയും പേരിൽ, അക്ഷരം നിഷേധിക്കപ്പെട്ടവർക്ക് അറിവിന്റെ അഗ്നി പകർന്നു കൊടുത്ത ആവേശകരമായ അനുഭവമായിരുന്നല്ലോ സമ്പൂർണ്ണ സാക്ഷരതാ യജ്ഞം. ഏവർക്കും മാതൃകാപരമായ രീതിയിൽ 350ൽ പരം സാക്ഷരതാ ക്ലാസുകൾ, ഒന്നാംഘട്ടക്കാലത്ത് ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. തുടർ സാക്ഷരതാ പദ്ധതി പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്ത, ഈ മഹാ പ്രസ്ഥാനത്തെ പുനർജീവിപ്പിക്കേണ്ടതുണ്ട്. കൂടാതെ, നിയമ സാക്ഷരത, ആരോഗ്യ സാക്ഷരത, ക്ഷേമകാര്യങ്ങളിലുള്ള സാക്ഷരത എന്നിങ്ങനെയുള്ള വിവിധ സാധ്യതകൾകൂടി ചർച്ച ചെയ്യപ്പെടണം.

## സമീപനങ്ങൾ

ഗ്രാമസഭാ റിപ്പോർട്ടുകളുടെയും ദ്വിതീയ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ, വിദ്യാഭ്യാസ രംഗത്ത് നിരവധി പ്രശ്നങ്ങൾ ഈ പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്. പാഠ്യപദ്ധതി സമൂലമാററത്തിനു വിധേയമാക്കി, വിദ്യാഭ്യാസത്തെ ജീവിതവുമായി ബന്ധപ്പെടുത്തുന്ന പുത്തൻ സമീപനം സർക്കാർ തലത്തിൽ ഉണ്ടാകണം, രൂക്ഷമായ തൊഴിലില്ലായ്മക്ക് ഒരളവോളം പരിഹാരം നൽകാൻ, തൊഴിലിൽ അധിഷ്ഠിതമായ വിദ്യാഭ്യാസ പദ്ധതി രൂപപ്പെടേണ്ടിയിരിക്കുന്നു. സ്വകാര്യ വിദ്യാഭ്യാസ മേഖലയെ അവഗണിക്കാതെ തന്നെ, സർക്കാർ സ്കൂളുകളിലെ പോരായ്മകൾ പരിഹരിച്ച് ആകർഷകമാക്കാനുള്ള ജനകീയവും ഔദ്യോഗികവുമായ സംവിധാനങ്ങൾക്കുമാത്രമേ. ഈ രംഗത്തെ

പ്രശ്നങ്ങൾ ഇല്ലാതാക്കാനാവൂ. അനുവാദമോ അംഗീകാരമോ ഇല്ലാതെ നിത്യേനയെന്നോണം മുളച്ചു പൊന്തുന്ന അൺഎയ്ഡഡ് സ്ഥാപനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്താൻ പ്രാദേശിക ഭരണ സംവിധാനങ്ങൾക്ക് അധികാരം ലഭ്യമാക്കേണ്ടതുണ്ട്. പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളെയും ബന്ധപ്പെടുത്തി പഞ്ചായത്ത് വിദ്യാഭ്യാസ സമിതി പ്രവർത്തന സൗകര്യത്തിനായി എൽ.പി/ യു.പി/ ഹൈസ്കൂൾ പഞ്ചായത്ത്തല സബ് കമ്മിററികളും രൂപീകരിച്ചാൽ വിവിധ സ്കൂളുകളിൽ നിലനിൽക്കുന്ന പ്രശ്നങ്ങളും സാദ്ധ്യതകളും ചർച്ചചെയ്യാനുള്ള കൂട്ടായ്മയായി ഇതിനെ മാററാവുന്നതാണ്.

## നിർദ്ദേശങ്ങൾ

1 ചേലക്കര പഞ്ചായത്തിലെ 3, 5 വാർഡുകളിലായി പുതിയ L P സ്കൂളുകൾ അനുവദിക്കണം.

2 കുറുമല G L P സ്കൂൾ, പുലാക്കോട് A L P സ്കൂൾ എന്നിവ അപ്ഗ്രേഡ് ചെയ്ത് U P ആക്കണം.

3 തോന്നൂർക്കര A U P സ്കൂൾ, ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യണം.

4 ഹൈസ്കൂൾ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്താൻ, വാർഡടിസ്ഥാനത്തിൽ, 'അയൽക്കൂട്ടങ്ങൾ' ഉണ്ടാക്കണം.

5 ചേലക്കര I M L P സ്കൂളിനു സമീപമുള്ള അറവുശാല, ശാസ്ത്രീയമായി ആധുനികവൽക്കരിക്കുക.

6 സാഹിത്യസമാജം, കൈയെഴുത്തുമാസിക, സ്കൂൾ ലൈബ്രറി തുടങ്ങിയവ എല്ലാ സ്കൂളിലും ആരംഭിക്കണം. നിലനിൽക്കുന്ന സ്കൂളുകളിൽ, സജീവമാക്കണം.

7 വിദ്യാഭ്യാസ വകുപ്പും കേരള ശാസ്ത്ര സാഹിത്യ പരിഷത്തും സംയുക്തമായി സംഘടിപ്പിക്കുന്ന 'വിജ്ഞാനോത്സവം' പോലുള്ള പഠനോത്സവ പരിപാടികൾ സ്കൂൾ തലങ്ങളിൽ പ്രതിമാസം നടപ്പിലാക്കുക.

8 സ്കൂൾതലത്തിലും ക്ലാസ് തലത്തിലുമുള്ള 'മാതൃസംഘം' ശക്തിപ്പെടുത്തുക.

9 വിദ്യാർത്ഥികളുടെ കലാ-കായികാഭിരുചി വളർത്തിയെടുക്കാനുള്ള പരിപാടികൾ വാർഡ്/പഞ്ചായത്ത് തലങ്ങളിൽ ആസൂത്രണം ചെയ്യുക.

10 വിദ്യാർത്ഥികൾക്ക് കാർഷികകാര്യങ്ങളിൽ താൽപര്യം സൃഷ്ടിക്കാവുന്ന രീതിയിൽ, സ്കൂളുകളിൽ പച്ചക്കറിത്തോട്ടങ്ങൾ നിർമ്മിക്കുക.

11 പരിസ്ഥിതി/സയൻസ് ക്ലബ്ബുകൾ സജീവമാക്കുക.

12 എല്ലാ സ്കൂളുകളിലും പി. ടി. എ. കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നുറപ്പുവരുത്തുക.

13 അംഗനവാടികളിൽ അത്യാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കുക. അംഗനവാടിയിലെ കുട്ടികളുടെ ആരോഗ്യ പരിരക്ഷയ്ക്കായി, ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് പ്രതിമാസ സന്ദർശന പരിപാടി ആസൂത്രണം ചെയ്യുക.

14 തുടർസാക്ഷരതാ പരിപാടി, പഞ്ചായത്ത് അടിസ്ഥാനത്തിൽ പുനരാരംഭിക്കുക.

## പൊതു നിർദ്ദേശങ്ങൾ

1 ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യപ്രദമായ നിലയ്ക്ക് ചേലക്കരയിൽ ഒരു കോളേജ് സ്ഥാപിക്കുക.

2 S M T H S കേന്ദ്രമാക്കി സ്കൂൾ കോംപ്ലക്സ് രൂപീകരിക്കുക.

3 S M T H S ൽ +2 കോഴ്സ് തുടങ്ങുക.

★

# വാർത്താവിനിമയം

വാർത്താവിനിമയ രംഗത്ത് ചേലക്കര പഞ്ചായത്തിൽ ഇന്ന് വളരെയേറെ പുരോഗതി ഉണ്ടായിട്ടുണ്ട്. ചേലക്കര മെയിൻ പോസ്റ്റാഫീസും, ഒരു സബ്ബ്പോസ്റ്റാഫീസും, അഞ്ച് ബ്രാഞ്ച് പോസ്റ്റാഫീസുകളും, ഒരു ടെലഫോൺ എക്സ്ചേഞ്ചും കൂടി പഞ്ചായത്തിൽ വാർത്താവിനിമയരംഗത്ത് ഗണനീയമായ മാററങ്ങൾ വരുത്തിയിട്ടുണ്ട്. 1966—ൽ 25 ലൈനുകളോടു കൂടി ആരംഭിച്ച ചേലക്കര ടെലഫോൺ എക്സ്ചേഞ്ചിൽ ഇപ്പോൾ ആയിരം കണക്ഷനുകൾ ആയിട്ടുണ്ട്. കൂടാതെ 10 പബ്ലിക് ടെലഫോൺ ബൂത്തുകളുമുണ്ട്. ചേലക്കര ടെലഫോൺ എക്സ്ചേഞ്ചിന് സ്വന്തമായി സ്ഥലം വാങ്ങിയിട്ടുണ്ടെങ്കിലും ഇതുവരെ കെട്ടിടം പണിയാൻ ശ്രമങ്ങളാരംഭിച്ചിട്ടില്ല.

സ്വാതന്ത്ര്യത്തിനു മുമ്പ് കൊച്ചി രാജ്യത്ത് അഞ്ചലാഫീസ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന പോസ്റ്റാഫീസ് ചേലക്കരയിൽ പ്രവർത്തനം ആരംഭിച്ചത് 1935ൽ ആണ്. വടക്കാഞ്ചേരി പോസ്റ്റാഫീസിൻെറ ബ്രാഞ്ച് ആഫീസ് എന്ന നിലയിലാണ് ആദ്യം പ്രവർത്തനം തുടങ്ങിയത്. തോന്നൂർക്കര സബ്ബ്പോസ്റ്റാഫീസും, കുറുമല, വെങ്ങാനെല്ലൂർ, പുലാക്കോട്, പങ്ങാരപ്പിള്ളി, കാളിയാറോഡ് ബ്രാഞ്ച് ആഫീസുകളും ചേലക്കര പോസ്റ്റാഫീസിൻെറ കീഴിൽ ഇന്ന് പ്രവർത്തിക്കുന്നുണ്ട്. ചേലക്കര പോസ്റ്റാഫീസിൽ മുൻപുണ്ടായിരുന്ന ടെലഗ്രാം സൗകര്യം ഇന്ന് നിലവിലില്ല. അത്യാവശ്യ കാര്യത്തിന് ടെലഗ്രാം ചെയ്യണമെങ്കിൽ വടക്കാഞ്ചേരി പോകേണ്ട അവസ്ഥയാണിന്ന്.

ചേലക്കര പഞ്ചായത്തിൽ ദിവസം തോറും ഏകദേശം മുവ്വായിരത്തോളം ദിനപത്രങ്ങൾ ചെലവാകുന്നതായാണ് കണക്കാക്കിയിരിക്കുന്നത്. പഞ്ചായത്തിലെ വീടുകളുടെ എണ്ണം നോക്കിയാൽ ഇത് വലിയൊരു നേട്ടമാണെന്ന് പറയാൻ കഴിയില്ല. എന്നാൽ റേഡിയോ ഇല്ലാത്ത വീടുകൾ ഇന്ന് വളരെ അപൂർവ്വമാണ്. പത്തു ശതമാനം വീടുകളിലെങ്കിലും ടി.വി. ആയിട്ടുണ്ട്. ഇതിൽ പകുതിയോളം വീടുകളിൽ കേബിൾ ടി.വി. സൗകര്യം ഇന്ന് ലഭ്യമാണ്.

ചേലക്കര ടെലഫോൺ എക്സ്ചേഞ്ചിൽ ആയിരം കണക്ഷനുകൾ നൽകാൻ ആയിട്ടുണ്ടെങ്കിലും ഇനിയും വളരെയധികം പേർ ടെലഫോണിനുവേണ്ടി അപേക്ഷിച്ച് കാത്തിരിക്കുന്നുണ്ട്. നിലവിലുള്ള എക്സ്ചേഞ്ച് വികസിപ്പിക്കാൻ കഴിഞ്ഞാൽ മാത്രമെ ആവശ്യക്കാർക്ക് ടെലഫോൺ ലഭിക്കാൻ മാർഗ്ഗമുള്ളൂ. റൂറൽ, അർബ്ബൻ പ്രദേശങ്ങളിൽ വ്യത്യസ്ത നിരക്കിലാണ് ഇന്ന് ടെലഫോൺ നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ചേലക്കര വില്ലേജിനെ അർബ്ബൻ ഏരിയ ആയിട്ടാണ് കണക്കാക്കിയിരിക്കുന്നത്. എന്നാൽ താലൂക്ക് ആസ്ഥാനമായ വടക്കാഞ്ചേരി ഇപ്പോഴും റൂറൽ ഏരിയ ആണ്. ഇതുമൂലം ചേലക്കര വില്ലേജിലുള്ളവർ വർദ്ധിച്ച നിരക്കിൽ ടെലഫോൺ ചാർജ്ജ് അടക്കേണ്ടതായി വരുന്നു. ഇതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

പഞ്ചായത്തിൽ തപാൽ സൗകര്യം വേണ്ടത്ര ലഭിക്കാത്ത ചില പ്രദേശങ്ങൾ ഇപ്പോഴും ഉണ്ട്. ഇത്തരം പ്രദേശങ്ങളിൽ പുതിയ ബ്രാഞ്ച് പോസ്റ്റാഫീസുകൾ വേണമെന്ന ആവശ്യം നിലനിൽക്കുന്നു. ഇതിന് പരിഹാരം കാണുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്.

★




അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാ ങ്ങളിലേക്ക്
അധികാ ങ്ങളിലേക്ക്
അധികാ ങ്ങളിലേക്ക്

# പൊതുജനാരോഗ്യം
# കുടിനീർ

അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്

# കുടിവെള്ളം

ചേലക്കര പഞ്ചായത്ത് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന ഒരു പ്രദേശമാണ്. വേനൽക്കാലത്ത് വററാത്ത പുഴകളോ തോടുകളോ ഒന്നും തന്നെയില്ല. 30 വർഷങ്ങൾക്കു മുൻപ് ചേലക്കര തോട്ടിൽ മുസ്ലീം പള്ളിക്കു സമീപം കുഴിച്ച ഒരു കിണറിൽനിന്നാണ് ആദ്യകാലത്തു അങ്ങാടിയിൽ ശുദ്ധജലവിതരണം നടത്തിയിരുന്നത്. പിന്നീട് 1966-ൽ മററൊരു ശുദ്ധജല വിതരണ പദ്ധതി കൂടി ചേലക്കര ഭൂതംകോട്ടു കുളത്തിനു സമീപം ആരംഭിക്കുകയുണ്ടായി. എന്നാൽ ഈ പദ്ധതി പരിപൂർണ്ണ പരാജയമായിരുന്നു. 1980-ഓടു കൂടി അങ്ങാടിയിൽ നിലവിലുണ്ടായിരുന്ന ആദ്യകാല പദ്ധതിയും വെള്ളം കിട്ടാത്തതിനാൽ നിർത്തലാക്കി. ഇതോടു കൂടി ശുദ്ധജലത്തിന് കിണറുകളെ മാത്രം ആശ്രയിക്കേണ്ട സ്ഥിതി വന്നു. സുലഭമായി വെള്ളം കിട്ടുന്ന കിണറുകൾ പഞ്ചായത്തിൽ വളരെ കുറവാണ്. 1982-ൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ച വടക്കാഞ്ചേരി ശുദ്ധജല വിതരണ പദ്ധതിയിൽ ഈ പഞ്ചായത്തും ഉൾപ്പെട്ടിരുന്നു. ഈ പദ്ധതിയുടെ പ്രയോജനം 1991 അവസാനത്തോടു കൂടി പഞ്ചായത്തിലെ 1, 2, 3, 4, 10, 11, 12 വാർഡുകളിൽ ലഭിച്ചു തുടങ്ങി. ഇത് വലിയൊരളവോളം ചേലക്കരയിലെ രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് അനുഗ്രഹമായി പിന്നീട് ഈ പദ്ധതിയുടെ രണ്ടാംഘട്ടമായും, പ്രത്യേക ഘടക പദ്ധതി വഴിയും കുറേ സ്ഥലത്തേക്കു കൂടി ജലവിതരണം വ്യാപിപ്പിച്ചു. 165 പൊതുടാപ്പുകളിലൂടെയും 514 ഹൗസ് കണക്ഷനുകളിലൂടെയും ശുദ്ധജല വിതരണം നടത്തുന്ന ഈ പദ്ധതി കൊണ്ട് ഉദ്ദേശം 20000-ആളുകൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്. 7 വാർഡുകളിൽ ഭാഗികമായി ശുദ്ധജലവിതരണം നടത്താൻ ഇതുമൂലം കഴിഞ്ഞിട്ടുണ്ട്.

പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി കുറുമല വില്ലേജിൽ ഈ അടുത്ത കാലത്തു പ്രവർത്തനം ആരംഭിച്ച ഊരത്ത്കുന്ന് ശുദ്ധജല വിതരണ പദ്ധതിയിൽ നിന്ന് ഏകദേശം 1000 പേർക്ക് പ്രയോജനം ലഭിക്കുന്നുണ്ട്. 18 പൊതു ടാപ്പുകൾ സ്ഥാപിച്ച് ഉയർന്ന കോളനികളിൽ ശുദ്ധജലം വിതരണം നടത്തി വരുന്നു. വടക്കാഞ്ചേരി സമഗ്ര ശുദ്ധ ജല വിതരണ പദ്ധതിയുടെ ഒരു ഉപ പദ്ധതിയാണ് ഇത്.

1992 പങ്ങാരപ്പിള്ളി ഏഴരക്കുന്ന് പട്ടിക ജാതി കോളനിയിലേക്ക് 7 ടാപ്പുകൾ ഉള്ള ഒരു ചെറിയ ശുദ്ധജല വിതരണ പദ്ധതി നിലവിൽ വന്നു. ഈ പദ്ധതിയുടെ ജല സ്രോതസ്സ് സെൻട്രൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ് (C. G. W. D) കുഴിച്ച് പങ്ങാരപ്പിള്ളിയിലെ കുഴൽ കിണറാണ്. ഏകദേശം 200 പേർക്ക് ഇതു മൂലം പ്രയോജനം ലഭിക്കുണ്ട്. ഈ പദ്ധതികൾ കൂടാതെ 84 പൊതു കിണറുകളും 32 കുഴൽ കിണറുകളും ഈ പഞ്ചായത്തിലുണ്ട്. 5, 6, 7, 8, 9 13 വാർഡുകളിൽ ശുദ്ധ ജല വിതരണത്തിന് യാതൊരു സംവിധാനവും ഇന്ന് നിലവിലില്ല.

## നിലവിലുള്ള പദ്ധതികളിലെ പ്രശ്നങ്ങൾ

വടക്കാഞ്ചേരി ശുദ്ധ ജല വിതരണ പദ്ധതിയുടെ ഭാഗമായ ചേലക്കര ശുദ്ധ ജല വിതരണ പദ്ധതിയുടെ പ്രവർത്തനം പ്രതീക്ഷിച്ചതു പോലെ കാര്യക്ഷമമല്ല. പലപ്പോഴും കലങ്ങിയ ജലം വിതരണം ചെയ്യുന്നു. തുടർച്ചയായ ജല ലഭ്യതയില്ല. ഉയർന്ന പ്രദേശങ്ങളിൽ ദിവസങ്ങളോളം ശുദ്ധ ജലം കിട്ടാത്ത അവസ്ഥ നില

നിൽക്കുന്നു. പദ്ധതിയുടെ അററകുററപ്പണികൾ കാര്യ ക്ഷമമായി ചെയ്തു തീർക്കാത്തതു കൊണ്ട് പൈപ്പുകൾ പൊട്ടിയും ടാപ്പുകളിലൂടെ ചോർന്നും ധാരാളം ജലം പാഴായി പോകുന്നു. പദ്ധതിയുടെ ഭാഗമായി പാഞ്ഞാളിൽ ഭാരതപ്പുഴയിൽ സ്ഥാപിച്ചിട്ടുള്ള ഇൻസ്പെക്ഷൻ കിണറുകളും, ഇൻഫിൽട്രേഷൻ ഗ്യാലറിയും വിപുലമായ അററകുററപ്പണികൾക്കു വിധേയമാക്കി കൂടുതൽ പ്രവർത്തനക്ഷമമാക്കേണ്ടിയിരിക്കുന്നു. പദ്ധതിയുടെ രൂപകൽപ്പനയിൽ നിന്നും വ്യത്യസ്തമായി വിതരണ ശൃംഖല പലയിടത്തേക്കും വ്യാപിപ്പിച്ചതും, പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചു. വേനൽക്കാലത്തുണ്ടാകുന്ന പവർകട്ടും ലോഡ് ഷെഡിംഗും പദ്ധതിയുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നു പദ്ധതിയുടെ സുഗമമായ ജലവിതരണത്തിന് സ്ഥാപിക്കപ്പെട്ടിട്ടുള്ള വാൽവുകളിൽ ഭൂരിപക്ഷവും പ്രവർത്തന രഹിതമാണ്. ഇവയുടെ എണ്ണം തികച്ചും അപര്യാപ്തമാണ്. പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ ശുഷ്കാന്തിക്കുറവ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നു. കുറുമല ഊരത്തുകുന്ന് പദ്ധതിക്ക് ആവശ്യമായ ജലം ചേലക്കര പദ്ധതിയിൽ നിന്നും ലഭിക്കേണ്ടതു കൊണ്ട് ഈ പദ്ധതിയുടെ താളപ്പിഴകൾ കുറുമല ഊരത്ത്കുന്ന് പദ്ധതിയേയും ബാധിക്കുന്നു. ചില പൊതു ടാപ്പുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങൾ പുനർനിർണ്ണയം ചെയ്യേണ്ടതും ആവശ്യമാണ്. മററുജല സ്രോതസ്സുകളായ സ്വകാര്യ കിണറുകളും പൊതു കിണറുകളും വേനൽക്കാലത്ത് വററിവരളുന്നു. ചില പൊതുകിണറുകൾ വശങ്ങൾ ഇടിഞ്ഞ് കേടുവന്ന് കിടക്കുന്നു. കൈപമ്പുകൾ ഘടിപ്പിച്ചിട്ടുള്ള കിണറുകളുടെ പ്രവർത്തനവും കാര്യക്ഷമമല്ല. ചിലത് പ്രവർത്തന രഹിതവുമാണ്.

## പ്രശ്നപരിഹാരങ്ങൾ

### നിലവിലുള്ള പദ്ധതികളുടെ ശക്തിപ്പെടുത്തലും പുനരുദ്ധാരണവും.

1 വടക്കാഞ്ചേരി ശുദ്ധജല വിതരണ പദ്ധതി രൂപകല്പന ചെയ്തപ്പോൾ അതിന്റെ അന്തിമഘട്ടം 1996 ആയിരുന്നു. അതായത് ഈ പദ്ധതിയുടെ വിവിധ യൂണിററുകൾ പുനർരൂപകൽപന ചെയ്യേണ്ട സമയമായി. ഇപ്പോഴും ഇനിവരുന്ന 30 വർഷംകൊണ്ടും ഉണ്ടാകാവുന്ന ജലഉപഭോഗം കണക്കിലെടുത്ത് പദ്ധതിയുടെ വിപുലീകരണത്തിന് ഉടനെ തുടക്കം കുറിക്കേണ്ടതാണ്. നിലവിലുള്ള പദ്ധതിയുടെ സുഗമമായ ജലവിതരണത്തിനായി പ്രവർത്തന രഹിതമായ വാൽവുകൾ ഉടൻതന്നെ റിപ്പയർ ചെയ്യേണ്ടതാണ്. താഴ്ന്ന പ്രദേശങ്ങളിൽ കൂടുതൽ വാൽവുകൾ സ്ഥാപിക്കേണ്ടതാണ്. ജല ഉപഭോഗം ഏറെയുള്ള സ്ഥലങ്ങളിൽ നിലവിലുള്ള ചെറിയ വ്യാസമുള്ള പൈപ്പുകൾ മാററി പകരം കൂടുതൽ വ്യാസമുള്ള പൈപ്പുകൾ സ്ഥാപിക്കേണ്ടത് ആവശ്യമാണ്. ജല ലഭ്യത ഉറപ്പു വരുത്തി പദ്ധതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

2 അടുത്ത കാലത്ത് പ്രവർത്തനക്ഷമമായ കുറുമല ഊരത്തുകുന്ന് പദ്ധതിയിൽനിന്ന് 4000 മീ. ദൂരത്തിൽ പൈപ്പുകൾ നീട്ടി കടുത്ത ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്ന തോട്ടേക്കോട്, മരുതാത്ത്, ആനപ്പാക്ക് നെല്ലികുന്ന് കോളനി എന്നിവിടങ്ങളിൽ ടാപ്പുകൾ സ്ഥാപിച്ച് ശുദ്ധജലക്ഷാമം പരിഹരിക്കേണ്ടതാണ്.

3 ചേലക്കര പഞ്ചായത്തിലെ 5 ാം വാർഡിലെ പരക്കാടും സമീപ പ്രദേശങ്ങളിലും കടുത്ത ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. പാഞ്ഞാൾ പഞ്ചായത്തിലെ ശുദ്ധ ജല വിതരണ ശൃംഖല തൊട്ടടുത്ത തൊഴുപ്പാടം

വരെ എത്തിയിട്ടുണ്ട്. അവിടെനിന്നും 5000 മീററർ പൈപ്പു നീട്ടി തൊഴുപ്പാടം ശുദ്ധ ജല വിതരണ പദ്ധതിയുമായി ബന്ധിപ്പിച്ച് കൂടുതൽ ജലം പമ്പ് ചെയ്യാൻ സൗകര്യം ഏർപ്പെടുത്തിയാൽ ശുദ്ജലക്ഷാമം പരിഹരിക്കാൻ കഴിയും.

## നടപ്പുപദ്ധതികളുടെ പ്രവർത്തനം ത്വരിതമാക്കൽ

### പങ്ങാരപ്പിള്ളി ശുദ്ധജല വിതരണ പദ്ധതി

പങ്ങാരപ്പിള്ളി, പുലാക്കോട് വില്ലേജുകൾക്കുവേണ്ടി ഒരു ശുദ്ധജല വിതരണ പദ്ധതിയുടെ രൂപകൽപന നടന്നുവരുന്നു. ഈ പദ്ധതിയുടെ ജലസ്രോതസ്സ് സെൻട്രൽഗ്രൗണ്ട് ഡിപ്പാർട്ട്മെൻറ് വാട്ടർ കുഴിപ്പിച്ച പങ്ങാരപ്പിള്ളിയിലെ കുഴൽ കിണറാണ്. ഈ പദ്ധതി വഴിയാണ് പഞ്ചായത്തിലെ 6,7,8,9 വാർഡുകളിൽ ശുദ്ധ-ജല വിതരണം നടത്താൻ ഉദ്ദേശിക്കുന്നത്. 4-ാം വാർഡിലെ മേപ്പാടം ആലായിക്കൽ കുളമ്പ് പ്രദേശങ്ങളിലും ഇതിന്റെ പ്രയോജനം ലഭിക്കും. കൂടാതെ ഈ പദ്ധതി വിപുലീകരിച്ച് നിലവിലുള്ള ചേലക്കരയിലെ സമഗ്ര പദ്ധതിയുമായി ബന്ധിപ്പിച്ചാൽ 1, 2, 3, 10, 11, 12, 13 വാർഡുകളിലെ ഉയരംകൂടിയ പ്രദേശങ്ങളിലെ ശുദ്ധജല ക്ഷാമം കൂടി ഒരളവോളം പരിഹരിക്കാൻ കഴിയുന്നതാണ്.

### ആലങ്ങോട്ട്കുന്ന് ശുദ്ധജല വിതരണ പദ്ധതി

95-96ലെ തീവ്രസങ്കേത വികസന പരിപാടിയിൽ ഉൾപ്പെടുത്തി പുലാക്കോട് വില്ലേജിലെ ആലങ്ങോട്ട്കുന്ന്, പട്ടികജാതി കോളനി, സാംബവ കോളനി എന്നിവിടങ്ങളിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനായി രൂപകൽപന ചെയ്ത പദ്ധതിയാണ് ഇത്. 17ലക്ഷം രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതികൊണ്ട് പുലാക്കോട് വില്ലേജിൽപ്പെട്ട 6, 7, വാർഡുകളിലെ നാലായിരത്തോളം പേർക്ക് പ്രയോജനം ലഭിക്കും. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 30000 ലിററർ സംഭരണ ശേഷിയുള്ള ഒരു ഭൂതലടാങ്ക് ആലങ്ങോട്ടുകുന്നിൽ പണിയുവാനും 8 ടാപ്പുകൾ സ്ഥാപിക്കുവാനും പരിപാടിയുണ്ട്.

### വില്ലേജ്കുന്ന് കോളനി (ചെട്ടിക്കുളമ്പ്) ശുദ്ധജല വിതരണ പദ്ധതി

95-96ൽ രാജീവ് ഗാന്ധി ഡ്രിംകിംഗ് വാട്ടർ സ്കീമിൽ ഉൾപ്പെടുത്തി ചേലക്കര പഞ്ചായത്തിലെ 8-ാം വാർഡിലെ ചെട്ടിക്കുളമ്പ് കോളനിവാസികൾക്ക് ശുദ്ധജല വിതരണം നടപ്പിലാക്കുന്നതിനുവേണ്ടി രൂപകൽപന ചെയ്ത പദ്ധതിയാണ് ഇത്. 1,30,000 രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതികൊണ്ട് 200 പേർക്ക് പ്രയോജനം ലഭിക്കും.

### കളപ്പാറ പട്ടികവർഗ്ഗ കോളനി ശുദ്ധജലവിതരണ പദ്ധതി

പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി കളപ്പാറ പട്ടികവർഗ്ഗകോളനി നിവാസികൾക്കും കളപ്പാറ കോളനി നിവാസികൾക്കും ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടി രൂപകൽപന ചെയ്ത ഒരു പദ്ധതിയാണ് ഇത്. ഇതിന്റെ അനുമതി പ്രതീക്ഷിക്കുന്നു. ഇത് നടപ്പിലാക്കുകയാണെങ്കിൽ 50 പട്ടികജാതി കുടുംബങ്ങൾക്കും സമീപവാസികൾക്കും പ്രയോജനം ലഭിക്കും.

### പുതിയ പദ്ധതികൾ

#### 1 തോന്നൂർക്കര പടിഞ്ഞാററുമുറി ശുദ്ധ ജല വിതരണ പദ്ധതി

തോന്നൂർക്കര 12, 13 വാർഡുകൾ ഉൾപ്പെടുന്ന പടിഞ്ഞാററുമുറി ഭാഗത്ത് കടുത്ത ശുദ്ധ ജലക്ഷാമം അനുഭവപ്പെടാറുണ്ട്. ഇവിടേക്ക് ഒരു ചെറിയ പദ്ധതി രൂപ കല്പന ചെയ്യേണ്ട

താണ്. കുററിത്താം കുളത്തിന് സമീപം കിണർ കുഴിച്ച് മാട്ടുങ്ങൽ റോഡിൻെറ വടക്കു ഭാഗത്തുള്ള കുന്നിൻ പ്രദേശത്ത് ടാങ്ക് നിർമ്മിച്ച് ഏകദേശം 5000 മീററർ പൈപ്പ് നീട്ടി മാട്ടുങ്ങൽ, കോടങ്ങാട്ടു വളപ്പ് കോളനി, കരിക്കക്കാവ്തറ, നടുത്തറ, കാര ക്കാട് കോളനി, ലക്ഷം വീട്, പണ്ടാരത്തിൽ കുളമ്പ് എന്നിവിടങ്ങളിൽ ടാപ്പ് സ്ഥാപിച്ച് ശുദ്ധജല ക്ഷാമം പരിഹരിക്കാൻ കഴിയുന്ന താണ്.

## നാട്ട്യൻചിറ ശുദ്ധജല വിതരണ പദ്ധതി

ഈ പഞ്ചായത്തിലെ 4-ാം വാർഡിലെ ഏററവും ഉയർന്ന പ്രദേശമായ നാട്ട്യേൻചിറ കോളനിയിലും സമീപ പ്രദേശങ്ങളിലും ശുദ്ധ ജല ക്ഷാമം നേരിടുന്നുണ്ട്. ഇവിടേക്ക് മാത്രമായി ഒരു പ്രത്യേക പദ്ധതിയ്ക്ക് രൂപം നൽകേണ്ട താണ്. നാട്ട്യേനചിറ കുളത്തിനു സമീപം ഒരു കിണർ കുഴിച്ച് ഉയർന്ന സ്ഥലത്ത് ടാങ്ക് നിർ മ്മിച്ച് 5000 മീററർ പൈപ്പ് നീട്ടി ശുദ്ധ ജല വിതരണം നടപ്പിലാക്കേണ്ടതാണ്. സമഗ്ര ശുദ്ധ ജല വിതരണ പദ്ധതിയുടെ പൈപ്പ് ലൈയിൻ കോൽപ്പുറം വരെ എത്തിയിട്ടുണ്ട്. പുതിയ സ്ക്കീമിൽ നിന്നും ഈ ലെയിനിലേക്ക് കണക്ഷൻ കൊടുത്താൽ പ്പാശ്ശേരിപടി കോളനി, മേലാംകോൽ, ലായില്യക്കുളമ്പ് എന്നിവിടങ്ങളിലേയും ശുദ്ധജല ക്ഷാമം പരിഹരിക്കാവുന്നതാണ്.

## പൊതുവായ നിർദ്ദേശങ്ങൾ

1 ഒരു വീട്ടിൽ ഒരു കിണർ എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കുക.

2 സാമ്പത്തികമായി താഴെക്കിടയിലുള്ളവർക്ക് കിണർ കുഴിക്കാൻ സാമ്പത്തിക സഹായം നൽക്കുക.

3 ഒൻപതാം പദ്ധതിയിൽ പ്രതിവർഷം 25 കിണറെങ്കിലും പഞ്ചായത്തിൽ പുതിയ തായി കുഴിക്കുക.

4 പ്രവർത്തന രഹിതമായ കുഴൽ കിണറുകൾ ഉടനെ പ്രവർത്തന ക്ഷമമാക്കാൻ നടപടി സ്വീകരിക്കുക.

5 ശുദ്ധജലവിതരണ സംവിധാനം എത്തിക്കാൻ കഴിയാത്ത പ്രദേശങ്ങളിൽ പുതിയ കുഴൽ കിണറുകൾ കുഴിക്കുക. ലക്ഷ്യം-25 എണ്ണം.

6 നിലവിലുള്ള കിണറുകൾ ആഴംകൂട്ടി വശങ്ങൾ കെട്ടി സംരക്ഷിക്കുക. ലക്ഷ്യം-50 എണ്ണം.

7 നിലവിലുള്ള കുളങ്ങൾ സംരക്ഷിക്കുക, കേടുവന്ന കുളങ്ങൾ പുനരുദ്ധരിക്കുക.

8 പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികളും ഗുണഭോക്താക്കളും ബന്ധപ്പെട്ട ഉദ്യോഗ സ്ഥരുമടങ്ങിയ വാട്ടർ മാനേജ്മെൻറ് കമ്മിററി രൂപീകരിക്കുക.

9 പൊതു ടാപ്പുകളുടെ സംരക്ഷണച്ചുമതല ഗുണഭോക്ക്താക്കളുടെ കമ്മിററിയെ ഏല്പിക്കുക.

10 വടക്കാഞ്ചേരി ശുദ്ധജല വിതരണ പദ്ധതിയുടെ ജലസംഭരണികൾ മതിൽ കെട്ടി സംരക്ഷിക്കുക.

11 പൊതു ടാപ്പുകളുടെ അററകുററ പണികൾ പഞ്ചായത്തിന് വിട്ടുകൊടുക്കുക. പഞ്ചായത്ത് അടക്കേണ്ട മെയിൻറനൻസ് ചാർജ് ജിൽനിന്നും ഈ ആവശ്യത്തിനു വരുന്ന ചിലവ് കുറവു ചെയ്യുക.

12 വാട്ടർ ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം ചേലക്കര സെക്ഷൻ ആഫീസിൽ ഏർപ്പെടുത്തുക.

13 കുറുമല ഊരത്ത്കുന്ന് സ്കീമിൻെറ പ്രയോജനം ലഭിക്കാത്ത ഭാഗങ്ങളിൽ കൂടി ശുദ്ധജലം എത്തിക്കുന്നതിന് നടപടി സ്വീകരിക്കുക.

# ആരോഗ്യം

അലോപ്പതി ചികിത്സക്ക് വേണ്ടത്ര പ്രചരണം ലഭിക്കാതിരുന്ന ആദ്യകാലങ്ങളിൽ പാരമ്പര്യവൈദ്യൻമാരേയും ആയുർവ്വേദ ചികിത്സാരീതികളേയുമാണ് ഈ പഞ്ചായത്തിലെ ജനങ്ങൾ കൂടുതലായി ആശ്രയിച്ചിരുന്നത്. മൺമറഞ്ഞ മേച്ചിറ കുട്ടിരാമൻ വൈദ്യർ, പാഞ്ഞാൾ അയ്യപ്പൻ വൈദ്യർ എന്നിവർ ആയുർവ്വേദ ചികിത്സാരംഗത്തെ പ്രഗത്ഭരായിരുന്നു. 1940കളോടുകൂടി ആയുർവ്വേദ ചികിത്സയോടൊപ്പം തന്നെ ആധുനിക ചികിത്സാ രീതികളുമായി ബന്ധപ്പെടുവാനുള്ള താൽപര്യവും ജനങ്ങളിൽ കൂടുതൽ പ്രകടമായിത്തുടങ്ങി. ആദ്യത്തെ സർക്കാർ ആരോഗ്യകേന്ദ്രം മാധവമേനോൻ ഡോക്ടറും, ശ്രീമതി ദേവകിയമ്മ മിഡ്വൈഫും, ഒരു സ്വീപ്പറുമായി ചേലക്കരയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. പഞ്ചായത്തിന്റെ ധനസഹായത്തോടെ പ്രഗത്ഭനായ വിഷവൈദ്യൻ വലിയകത്ത് അബ്ദുൾ ഖാദർ നടത്തിവന്നിരുന്ന വിഷ ചികിത്സാകേന്ദ്രവും വളരെ പ്രസിദ്ധമായിരുന്നു. അക്കാലത്തു തന്നെ എളനാട് ഡിസ്പെൻസറിയിലെ ഡോക്ടറായിരുന്ന അന്തോണി ഡോക്ടർ ചേലക്കരയിൽ താമസക്കാരനായിരുന്നതിനാൽ അദ്ദേഹത്തിന്റെ സേവനവും ഈ പഞ്ചായത്തിലുള്ളവർക്ക് അനുഗ്രഹമായിരുന്നു.

39897 ജനസംഖ്യയുള്ള ചേലക്കര പഞ്ചായത്തിലെ നിലവിലുള്ള ആരോഗ്യ പരിപാലന സംവിധാനങ്ങൾ വളരെ പരിമിതമാണ്. ആശുപത്രി ആയി അറിയപ്പെടുന്നുവെങ്കിലും ഒരു ഡിസ്പെൻസറിയുടെ സൗകര്യത്തോടെ മാത്രം പ്രവർത്തിക്കുന്ന ചേലക്കര സർക്കാർ ആശുപത്രിയും, തോന്നൂർക്കരയിൽ പ്രവർത്തിച്ചുവരുന്ന ഒരു പ്രൈമറി ഹെൽത്ത് സെൻററും മേപ്പാടത്ത് പ്രവർത്തിച്ചു വരുന്ന ആയുർവ്വേദ ആശുപത്രിയുമാണ് ഈ പഞ്ചായത്തിലെ പൊതു ആരോഗ്യകേന്ദ്രങ്ങൾ. കൂടാതെ സ്വകാര്യ മേഖലയിൽ ജീവോദയ, ശുശ്രുത എന്നീ രണ്ടു ആശുപത്രികളും പ്രവർത്തിക്കുന്നു. സർക്കാർ ആശുപത്രികളുടെ നിലവിലുള്ള ശോചനീയാവസ്ഥ സ്വകാര്യ ആശുപത്രികളെ ശരണം പ്രാപിക്കുവാൻ രോഗികളെ നിർബ്ബന്ധിതരാക്കുന്നു. എങ്കിലും പാവപ്പെട്ട ജനവിഭാഗങ്ങൾ ഇന്നും സർക്കാർ അശുപത്രികളെ ത്തന്നെയാണ് ആശ്രയിക്കുന്നത്. ഒരു കാലത്ത് ചെലവു കുറഞ്ഞ ചികിത്സാ രീതിയായിരുന്നു ആയുർവ്വേദം ആയുർവ്വേദ മരുന്നുകളുടെ അമിതമായ വില വർദ്ധനവും, ഗുണനിലവാരക്കുറവും ഈ ചികിത്സാസമ്പ്രദായം സാധാരണക്കാരന് താങ്ങാൻ കഴിയാത്തതായി മാറിയിരിക്കുന്നു. ആയുർവ്വേദം അലോപ്പതി എന്നീ ചികിത്സാരീതിയോടൊപ്പം തന്നെ ഹോമിയോപ്പതി, പ്രകൃതി ചികിത്സ തുടങ്ങിയ ചികിത്സാരീതികളിലും ജനങ്ങൾക്ക് താൽപര്യം ഏറിവരുന്നതായി കാണുന്നുണ്ട്. ഇത്തരം ചികിത്സാരീതികൾക്കുള്ള സംവിധാനങ്ങൾ ഈ പഞ്ചായത്തിൽ നിലവിലില്ല.

## ചേലക്കര സർക്കാർ ആശുപത്രി

1953ൽ മോഡൽ പഞ്ചായത്ത് സഹകരണ സംഘം പ്രവർത്തിച്ചിരുന്ന കെട്ടിടം അന്നത്തെ പഞ്ചായത്ത് കമ്മിററി മുൻകൈയെടുത്ത് സർക്കാരിലേക്ക് വിട്ടുകൊടുത്തതിനെ തുടർന്നാണ് ഇന്നു നിലവിലുള്ള സ്ഥലത്ത് സർക്കാർ ഡിസ്പെൻസറി പ്രവർത്തനം തുടങ്ങിയത്. ഡിസ്പെൻസറി അയിരിക്കുമ്പോൾത്തന്നെ ഇവിടെ രോഗികളെ കിടത്തി ചികിത്സിക്കാൻ തുടങ്ങിയിരുന്നു. അന്തരിച്ച ശ്രീ കന്തസ്വാമി ചെട്ടിയാർ പണികഴിപ്പിച്ചു നൽകിയ വാർഡിലാണ് രോഗികളെ കിടത്തി ചികിത്സിച്ചിരുന്നത്. 1973ൽ ഒരു പുതിയ വാർഡുകൂടി ആശുപത്രിക്കുവേണ്ടി സർക്കാർ പണികഴിപ്പിക്കുകയുണ്ടായി. ആ

വാർഡിൻെറ ഉദ്ഘാടന ചടങ്ങിൽ ഇത് ആശുപത്രിയായി ഉയർത്തിയതായി ആരോഗ്യമന്ത്രി പ്രഖ്യാപിച്ചെങ്കിലും 32 രോഗികളെ കിടത്തി ചികിത്സിക്കുന്ന ഈ ആശുപത്രിയിൽ ഒരു ആശുപത്രിക്കു വേണ്ടതായ സൗകര്യങ്ങൾ ഒന്നും തന്നെ ഇതുവരെയും അനുവദിച്ചിട്ടില്ല. പഴകി ദ്രവിച്ച് ചോർന്നൊലിക്കുന്ന കെട്ടിടങ്ങളും, പൊട്ടിപ്പൊളിഞ്ഞ് മലിനജലം പുറത്തേക്കൊഴുകുന്ന കക്കൂസുകളും ഈ ആശുപത്രിയുടെ ശോച്യാവസ്ഥ പ്രകടമാക്കുന്നു. ഈ പരിമിതികളെല്ലാം ഉണ്ടെങ്കിലും കഴിഞ്ഞ ഒരു വർഷത്തിൽ I P വിഭാഗത്തിൽ 1876 രോഗികളും, O P വിഭാത്തിൽ 20611 രോഗികളും ചേലക്കര ആശുപത്രിയിൽ ചികിത്സക്ക് എത്തിയിട്ടുണ്ട്.

## തോന്നൂർക്കര പ്രൈമറി ഹെൽത്ത് സെൻററർ

തോന്നൂർക്കര പ്രൈമറി ഹെൽത്ത് സെൻറർ 1973ൽ ഒരു ഡിസ്പെൻസറി ആയി ആരംഭിച്ചിട്ടുള്ളതാണ്. ഈ ഡിസ്പെൻസറിക്കു വേണ്ടിയുള്ള സ്ഥലം കോന്നനാത്ത് രാമനാരായണ മേനോനും, നിലവിലുള്ള കെട്ടിടം കോന്നനാത്ത് ഗോപാലകൃഷ്ണ മേനോനും സംഭാവനയായി സർക്കാരിലേക്ക് നൽകിയിട്ടുള്ളതാണ്. 1988ൽ ഇത് ഒരു PHC ആയി ഉയർത്തപ്പെടുകയുണ്ടായി. രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യമുണ്ടെങ്കിലും ഒ.പി. വിഭാഗം മാത്രമാണ് ഇപ്പോഴും പ്രവർത്തിക്കുന്നത്. കഴിഞ്ഞ ഒരു വർഷത്തിൽ O P വിഭാഗത്തിൽ രോഗികൾ ഇവിടെ ചികിത്സക്കായി എത്തിയിട്ടുണ്ട്.

## ചേലക്കര ആയുർവ്വേദ ആശുപത്രി

1962 ലാണ് ചേലക്കരയിൽ ആദ്യമായി സർക്കാർ ആയൂർവ്വേദ ഡിസ്പെൻസറി ആരംഭിക്കുന്നത്. ചെറുതുരുത്തിയിൽ പഞ്ചകർമ്മ ഇൻസ്ററിററ്യൂട്ട് ആരംഭിച്ചപ്പോൾ അതുവരെ അവിടെ പ്രവർത്തിച്ചിരുന്ന ആയൂർവ്വേദ ആശുപത്രി നിർത്തലാക്കുകയുണ്ടായി. ഈ അവസരം ഉപയോഗിച്ച് ചേലക്കര പഞ്ചായത്ത് കമ്മിററി മുൻകൈ എടുത്ത് പ്രവർത്തിച്ചതിൻെറ ഫലമായി ചേലക്കരയിൽ നിലവിലുള്ള ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തപ്പെടുകയുണ്ടായി. 20 കിടക്കകളുള്ള ചേലക്കര ആയൂർവ്വേദ ആശുപത്രി പഞ്ചായത്ത് വാടകക്കെടുത്ത ശ്രീ വാഴപ്പിള്ളി വർഗ്ഗീസിൻെറ കെട്ടിടത്തിലാണ് 1971 മുതൽ പ്രവർത്തനം തുടങ്ങിയത്. ഇപ്പോഴും വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. 20 രോഗികളെ കിടത്തി ചികിത്സ നടത്താവുന്ന ആശുപത്രിയാണെങ്കിലും ഇപ്പോൾ 15 കട്ടിലും 10 കിടക്കകളുമാണുള്ളത്. രോഗികൾക്ക് മലമൂത്ര വിസർജ്ജനം നടത്തുന്നതിനുള്ള സൗകര്യം പോലും അപര്യാപ്തമാണ്. ഒരു സീനിയർ മെഡിക്കൽ ഓഫീസറുടേയും, രണ്ടു മെഡിക്കൽ ഓഫീസർമാരുടേയും തസ്തികയുണ്ടെങ്കിലും 2 വർഷത്തിലധികമായി സീനിയർ മെഡിക്കൽ ഓഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. ഈ സ്ഥിതിയിലും ഐ. പി. വിഭാഗത്തിൽ 110 രോഗികളും ഒ. പി. വിഭാഗത്തിൽ 32033 രോഗികളും ഈ ആശുപത്രിയിൽ ചികിത്സ തേടി എത്തിയിട്ടുണ്ട്.

വാടക കുറവാണെന്ന കാരണത്താൽ സ്ഥലമുടമ കെട്ടിടത്തിൻെറ അററകുററപ്പണികൾ നടത്താതിരിക്കുകയും സ്ഥലം ഒഴിഞ്ഞു കിട്ടുവാൻ നിയമ നടപടികൾ സ്വീകരിച്ചിരിക്കുകയുമാണ്. ആയൂർവ്വേദ ആശുപത്രിക്ക് സ്വന്തമായ കെട്ടിടം വെയ്ക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്ത് മുൻ കൈ എടുത്ത് പൊതു ജനങ്ങളിൽ നിന്നും സംഭാവന പിരിച്ച് വിലയ്ക്കു വാങ്ങി സർക്കാരിനെ ഏല്പിച്ചു കഴിഞ്ഞിട്ടുണ്ട്. ആശുപത്രിക്ക് അനുയോജ്യമായ കെട്ടിടം പണിതു നൽകാനുള്ള സാമ്പത്തിക ശേഷി പഞ്ചായത്തിനില്ലാത്തതു കൊണ്ട് നാളിതു വരെ കെട്ടിടം പണിയാൻ കഴിഞ്ഞിട്ടില്ല.

കൂടാതെ സ്വകാര്യ മേഖലയിൽ രണ്ടു ആശുപത്രികൾ കൂടി പ്രവർത്തിക്കുന്നുണ്ടെങ്കിലും അവിടെയും ആധുനിക ചികിത്സാ സംവിധാനങ്ങളോ, വിദഗ്ദ ഡോക്ടർമാരുടെ സേവനമോ ലഭിക്കുന്നില്ല. വടക്കാഞ്ചേരി, തൃശൂർ എന്നിവിട

ങ്ങളിലെ സ്വകാര്യ ആശുപത്രികളേയും തൃശൂർ മെഡിക്കൽ കോളേജിനേയുമാണ് ഇപ്പോഴും മെച്ചപ്പെട്ട ചികിത്സയ്ക്കു വേണ്ടി ആശ്രയിക്കുന്നത്.

## പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ

ഈ പഞ്ചായത്തിലെ 1, 2, 4, 6, 9, 10, 11, 12, 13 എന്നീ വാർഡുകളിലെ പൊതു ജനാരോഗ്യ പ്രവർത്തനങ്ങളുടെ ചുമതല തോന്നൂർക്കര PHCക്ക് ആണ്. 3, 5, വാർഡുകൾ കൊണ്ടാഴി PHC യുടെ കീഴിലും 7, 8 വാർഡുകൾ എളനാട് PHC യുടെ കീഴിലും വരുന്നു. തോന്നൂർക്കര PHC യുടെ കീഴിൽ വരുന്ന പ്രദേശങ്ങളിലെ മൊത്തം ജനസംഖ്യ 26842 ആണ്. ഈ പ്രദേശങ്ങളെ നാലു വിഭാഗമായി തിരിച്ചിട്ടുണ്ട്.

| 1 | 2 | 3 | 4 |
|---|---|---|---|
| തോന്നൂർക്കര | പുലാക്കോട് | കുറുമല | അന്തിമഹാകാളൻകാവ് |
| 11, 12, 13 വാർഡുകൾ | 1,4 വാർഡുകൾ | 9, 10 വാർഡുകൾ | 2, 6 വാർഡുകൾ |

ഈ നാലു കേന്ദ്രങ്ങളിലേയും പൊതു ജനാരോഗ്യ പ്രവർത്തനങ്ങളുടെ മേൽനോട്ട ചുമതല മെഡിക്കൽ ഓഫീസർക്കാണ്. 4 വിഭാഗങ്ങൾക്കും പ്രത്യേക കുടുംബ ക്ഷേമ കേന്ദ്രങ്ങൾ ആവശ്യമാണ്. എന്നാൽ ഇപ്പോൾ തോന്നൂർക്കര, പുലാക്കോട് കേന്ദ്രങ്ങൾക്കു മാത്രമേ സ്വന്തമായ കെട്ടിടമുള്ളൂ. കുറുമല, അന്തിമഹാകാളൻ കാവ് കേന്ദ്രങ്ങൾക്ക് കെട്ടിടങ്ങളില്ല. അന്തിമഹാകാളൻ കാവ് കേന്ദ്രത്തിന് ചൊവ്വക്കാവിൽ സ്ഥലം ലഭിച്ചിട്ടുണ്ട്. കുറുമല കേന്ദ്രത്തിന് സ്ഥലവും ആയിട്ടില്ല. കുടുംബ ക്ഷേമ കേന്ദ്രങ്ങളുടെ ചുമതല ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സിനാണ്. ആരോഗ്യരക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുമാണ്. കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി ഒരു ലെപ്രസി ഹെൽത്ത് ഇൻസ്പെക്ടറും പി. എച്ച്. സി. യുടെ കീഴിലുണ്ട്. കൊണ്ടാഴി പി. എച്ച്. സി. യുടെ കീഴിൽ വന്ന 3, 5 വാർഡുകൾക്കായുള്ള വെങ്ങാനെല്ലൂർ കുടുംബക്ഷേമ കേന്ദ്രത്തിനും സ്വന്തമായ കെട്ടിടമായിട്ടില്ല. ഇതിനു വേണ്ടി സ്ഥലം സർക്കാരിലേക്ക് വിട്ടുകൊടുത്തിട്ടുണ്ട്. എളനാട് പി. എച്ച്. സി. യുടെ കീഴിൽ വരുന്ന 7, 8 വാർഡുകൾക്കായുള്ള പാലിയംപാടം കുടുംബക്ഷേമ കേന്ദ്രത്തിന് സ്വന്തമായ കെട്ടിടം ഉണ്ട്.

ഇത്രയൊക്കെ ചികിത്സാ സംവിധാനങ്ങളുണ്ടായിട്ടും രോഗബാധിതരുടെ എണ്ണം വളരെ വർദ്ധിച്ചു വരുന്നതായി കാണുന്നു. രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നടക്കുന്നില്ല എന്നാണ് ഇതിൽനിന്ന് മനസ്സിലാക്കേണ്ടത്. കൂടാതെ മദ്യപാനം, പുകവലി, മയക്കു മരുന്ന് എന്നിവയുടെ അമിതമായ ഉപയോഗവും ഭക്ഷ്യവസ്തുക്കളിലെ വ്യാപകമായ മായം ചേർക്കലും രോഗാതുരത വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ രോഗം വരാതിരിക്കുന്നതിനുള്ള മുൻകരുതലുകൾക്കും പ്രതിരോധ പ്രവർത്തനങ്ങൾക്കുമാണ് മുൻതൂക്കം നൽകേണ്ടത്. സാംക്രമിക രോഗ പ്രതിരോധ പ്രവർത്തനം, പരിസര ശുചിത്വം, മലമ്പനി നിവാരണം, ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ നടക്കുന്നുണ്ടെങ്കിലും വേണ്ടത്ര ഫലപ്രാപ്തിയിലെത്തിയെന്ന് പറയാൻ കഴിയില്ല. ത്വക്ക്രോഗങ്ങൾ, പകർച്ചവ്യാധികൾ എന്നിവ സമീപകാലത്ത് വർദ്ധിച്ചു വരുന്നതായി ആശുപത്രി രേഖകളിൽനിന്നും മനസ്സിലാക്കുന്നു. ഇത് വളരെ ഗൗരവമായി കാണേണ്ടിയിരിക്കുന്നു. ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പു നൽകുക, ആരോഗ്യ വിദ്യാഭ്യാസം നൽകി ജനങ്ങളെ ബോധവൽക്കരി

ക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ശുഷ്കാന്തിയോടെ നടക്കുന്നില്ല എന്നതും ഇതിന് പ്രധാന കാരണമാണ്.

**ചേലക്കര സർക്കാർ ആശുപത്രി**

**പ്രശ്നങ്ങൾ**

1 ആശുപത്രിക്ക് വേണ്ടത്ര സൗകര്യങ്ങളോടു കൂടിയ നല്ല കെട്ടിടമില്ല. നിലവിലുള്ള കെട്ടിടം ചോർന്നൊലിക്കുന്നു.

2 ശുചിത്വമുള്ള കക്കൂസുകളില്ല.

3 X-ray സൗകര്യങ്ങളില്ല.

4 വിദഗ്ദ്ധ ഡോക്ടർമാരില്ല-ഓപ്പറേഷൻ തിയററർ ഇല്ല.

5 ആവശ്യത്തിന് മരുന്നുകൾ ലഭിക്കുന്നില്ല.

6 രോഗികളെ കിടത്തി ചികിത്സിക്കാൻ ആവശ്യമായ സൗകര്യങ്ങൾ ഇല്ല.

7 അത്യാസന്ന നിലയിലുള്ള രോഗികളെ വിദഗ്ദ്ധചികിത്സാ കേന്ദ്രങ്ങളിലെത്തിക്കാൻ സൗകര്യങ്ങളില്ല.

8 ഡോക്ടർമാർക്ക് താമസിക്കുവാൻ ക്വാട്ടേഴ്സുകളില്ല.

**നിർദ്ദേശങ്ങൾ**

1 ചേലക്കര ആശുപത്രി ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു ആശുപത്രിയായി ഉയർത്തുക.

2 ചേലക്കര ആശുപത്രിക്ക് 30 കിടക്കകളുള്ള പുതിയ വാർഡ് നിർമ്മിക്കുക. നിലവിലുള്ള കെട്ടിടങ്ങളുടെ അററകുററപ്പണികൾ നടത്തുക. പേവാർഡ് നിർമ്മിക്കുക.

3 നിലവിലുള്ള കക്കൂസുകൾ പൊളിച്ചുമാററി കൂടുതൽ സൗകര്യങ്ങളോടു കൂടിയ പുതിയ കക്കൂസുകൾ നിർമ്മിക്കുക.

4 X-ray സൗകര്യം ഏർപ്പെടുത്തുക.

5 ചേലക്കര ആശുപത്രിയിൽ ഒരു സിവിൽ സർജനെ നിയമിക്കുക. കൂടാതെ ഒരു ഗൈനക്കോളജിസ്ററിനെയും വേണ്ടത്ര സ്ററാഫിനെയും നിയമിക്കുക.

6 ഓപ്പറേഷൻ തിയററർ നിർമ്മിക്കുക. ഡോക്ടർമാർക്ക് താമസിക്കുവാനുള്ള ക്വാർട്ടേഴ്സ് ഉണ്ടാക്കുക.

7 അത്യാവശ്യമരുന്നുകൾ ആവശ്യത്തിന് ലഭിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

8 പുതിയ കട്ടിലും കിടക്കകളും അനുവദിക്കുക.

9 ആശുപത്രി കോമ്പൗണ്ട് ചുററുമതിൽ കെട്ടി സംരക്ഷിക്കുക.

10 ആശുപത്രിക്കു വേണ്ടി ഒരു ആംബുലൻസ് വാൻ വാങ്ങിക്കുക.

11 ആശുപത്രി വികസന സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ആരോഗ്യരക്ഷാ പ്രവർത്തനങ്ങളിലും ആശുപത്രിയുടെ വികസന പ്രവർത്തനങ്ങളിലും ജനപങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുക.

**തോന്നൂർക്കര പ്രൈമറി ഹെൽത്ത് സെൻറർ**
**പ്രശ്നങ്ങൾ**

1 പ്രൈമറി ഹെൽത്ത് സെൻററിൻെറ പ്രവർത്തനങ്ങൾ നടത്താൻ വേണ്ടത്ര സൗകര്യങ്ങളില്ല.

2 കിണറുണ്ടെങ്കിലും ശുദ്ധജല വിതരണത്തിന് സൗകര്യങ്ങളില്ല.

3 ആവശ്യത്തിനുള്ള ഫർണിച്ചറുകൾ ഇല്ല.

4 രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യങ്ങളില്ല. ഡോക്ടർക്ക് താമസിക്കുവാൻ ക്വാർട്ടേഴ്സ് ഇല്ല.

5 ആശുപത്രിക്ക് ചുററുമതിൽ ഇല്ല.

6 പ്രൈമറി ഹെൽത്ത് സെൻററിന് ഒരു വാഹനം ഇല്ല.

### നിർദ്ദേശങ്ങൾ

1 ഡോക്ടർമാരുടേയും മററു ജീവനക്കാരുടേയും ഒഴിവു വരുമ്പോരം കാലതാമസം കൂടാതെ നിയമനം നടത്തേണ്ടതാണ്.

2 നിലവിലുള്ള കിണറിൽ നിന്നും വെള്ളം പമ്പു ചെയ്ത് ശുദ്ധ ജല വിതരണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുക.

3 ആശുപത്രി പ്രവർത്തനങ്ങരംക്കാവശ്യമായ ഫർണിച്ചറുകളും മററു ഉപകരണങ്ങളും കാലതാമസം കൂടാതെ ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

4 ഡോക്ടർക്ക് താമസിക്കുന്നതിനുള്ള ക്വാർട്ടേഴ്സ് ആശുപത്രി കോമ്പൗണ്ടിൽത്തന്നെ നിർമ്മിക്കുക.

5 രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സജ്ജീകരണങ്ങരം ഏർപ്പെടുത്തുക.

6 സ്ററാഫ് നേഴ്സിനെ നിയമിക്കുക.

7 ആശുപത്രിക്ക് ചുററു മതിൽ കെട്ടി സംരക്ഷിക്കുക.

8 പ്രൈമറി ഹെൽത്ത് സെൻററിൻെറ പ്രവർത്തനങ്ങരംക്കായി ജീപ്പ് വാങ്ങുക.

### ചേലക്കര ആയുർവ്വേദ ആശുപത്രി പ്രശ്നങ്ങൾ

1 ആയുർവ്വേദ ആശുപത്രിക്ക് സ്വന്തമായി കെട്ടിടമില്ല.

2 രണ്ടു വർഷത്തിലേറെയായി സീനിയർ മെഡിക്കൽ ഓഫീസറെ നിയമിച്ചിട്ടില്ല.

3 മററു പല തസ്തികകളും ഒഴിഞ്ഞു കിടക്കുന്നു.

4 ആവശ്യമായ മരുന്നുകരം ലഭിക്കുന്നില്ല.

5 നിലവിലുള്ള ആശുപത്രി സൗകര്യങ്ങരം പരിമിതമാണ്. ഫസ്ററ് എയ്ഡിനുള്ള സൗകര്യങ്ങരം ഇല്ല.

### നിർദ്ദേശങ്ങൾ

1 ആയുർവ്വേദ ആശുപത്രിയ്ക്ക് വാങ്ങിയ സ്ഥലത്ത് എല്ലാ സൗകര്യങ്ങളോടും കൂടിയ പുതിയ കെട്ടിടം നിർമ്മിക്കുക.

2 ആശുപത്രിയിൽ ഒഴിവു വരുന്ന തസ്തികകളിൽ യഥാസമയം നിയമനം നടത്തുക.

3 ആവശ്യമായ എല്ലാ മരുന്നുകളും ലഭ്യമാക്കുക. ഔഷധ സസ്യങ്ങരം വെച്ചു പിടിപ്പിക്കുന്നതിന് ആവശ്യമായ സഹായവും പ്രോൽസാഹനവും നൽകുക.

4 ഫസ്ററ് എയ്ഡിനുള്ള സൗകര്യം ഉണ്ടാക്കുക.

5 ആശുപത്രിയോടനുബന്ധിച്ച് ഡോക്ടർക്ക് താമസിക്കുവാനുള്ള ക്വാർട്ടേഴ്സ് നിർമ്മിക്കുക.

6 നിലവിലുള്ള ആശുപത്രി സംവിധാനം മെച്ചപ്പെടുത്തുക. ആവശ്യത്തിന് കട്ടിലും കിടക്കകളും ഉണ്ടാക്കുക.

7 ആശുപത്രി കോമ്പൗണ്ട് മതിൽ കെട്ടി സംരക്ഷിക്കുക.

8 ആശുപത്രി ഡവലപ്പ്മെൻറ് കമ്മിററിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ആശുപത്രി വികസന പ്രവർത്തനങ്ങളിൽ ബഹുജന പങ്കാളിത്തം ഉറപ്പാക്കുക.

### പൊതുജനാരോഗ്യം സംബന്ധിച്ച പൊതുവായ പ്രശ്നങ്ങളും നിർദ്ദേശങ്ങളും

### പ്രശ്നങ്ങൾ

1 പകുതിയോളം കുടുംബങ്ങളിൽ ശുചിത്വമുള്ള കക്കൂസുകളില്ല. അഴുക്കുചാൽ സംവിധാനം തീരെ അപര്യാപ്തമാണ്.

2 ആവശ്യത്തിനുള്ള പൊതുജനാരോഗ്യ പ്രവർത്തകരുടെ കുറവ്.

3 പൊതുജനാരോഗ്യ നിയമങ്ങളിലെ അപര്യാപ്തത.

4 കുടിവെള്ളം ശുദ്ധീകരിക്കുന്നതിനുള്ള ബ്ലീച്ചിംഗ് പൗഡർ ലഭ്യമല്ല,

5 കൊതുകു നിവാരണ പ്രവർത്തനങ്ങൾ നടക്കുന്നില്ല.

6 ഭക്ഷണപദാർത്ഥങ്ങളും പാനീയങ്ങളും വില്പന നടത്തുന്ന സ്ഥാപനങ്ങളിലെ ശുചിത്വമില്ലായ്മ.

7 തെരുവു നായ്ക്കളെ പിടിക്കുന്നതിന് ഫലപ്രദമായ നടപടികളില്ല.

8 പേവിഷബാധയ്ക്കുള്ള വാക്സിൻ ആശുപത്രികളിൽ ആവശ്യത്തിന് ലഭിക്കുന്നില്ല.

9 ചന്തകളിലും കച്ചവട സ്ഥാപനങ്ങളിലും മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനും സംസ്ക്കരിക്കുന്നതിനും സൗകര്യങ്ങളില്ല.

10 അറവുമാടുകളുടെ ഗുണനിലവാരം പരിശോധിക്കുന്നില്ല.

11 ആധുനിക രീതിയിലുള്ള അറവു ശാലയുടെ അഭാവം.

12 ആരോഗ്യ പരിപാലന കാര്യങ്ങൾ സംബന്ധിച്ച് പൊതു ജനങ്ങൾക്കുള്ള അജ്ഞത.

**നിർദ്ദേശങ്ങൾ**

1 ശുചിത്വമുള്ള കക്കൂസുകൾ സാർവത്രികമാക്കുക.

2 ചിലവുകുറഞ്ഞതും സുരക്ഷിതവുമായ കക്കൂസുകൾ നിർമ്മിക്കുന്നതിന് പരിശീലനവും പ്രോത്സാഹനവും നല്കുക.

3 സാമ്പത്തികശേഷി കുറഞ്ഞ എല്ലാ വീടുകളിലും കക്കൂസുകൾ നിർമ്മിച്ചു കൊടുക്കുന്നതിന് പഞ്ചായത്ത് തലത്തിൽ പദ്ധതി തയ്യാറാക്കുക.

4 ജനനിബിഡമായ സ്ഥലങ്ങളിലും കച്ചവട കേന്ദ്രങ്ങളിലും അഴുക്കുചാൽ പദ്ധതി നടപ്പിലാക്കുക.

5 പൊതുജനാരോഗ്യ നിയമങ്ങൾ ഫലപ്രദമായി നടത്തുന്നതിന് സംസ്ഥാന വ്യാപകമായി ഏകീകൃത നിയമം ഉണ്ടാക്കുക.

6 ആവശ്യത്തിനുള്ള പൊതുജനാരോഗ്യ പ്രവർത്തകരെ നിയമിക്കുക.

7 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ചുമതലയിൽ മൂന്നുമാസത്തിൽ ഒരിയ്ക്കലെങ്കിലും എല്ലാ വാർഡുകളിലും കൊതുകു നിവാരണ പ്രവർത്തനങ്ങൾ നടത്തുന്നത് നിർബന്ധമാക്കുക. ഇതിനാവശ്യമായ സഹായം പഞ്ചായത്ത് ചെയ്തുകൊടുക്കുക.

8 കൊതുകു നിവാരണ പ്രവർത്തനങ്ങൾക്ക്— മരുന്നു തളിക്കുന്നതിന്— പഞ്ചായത്തിന്റെ കീഴിൽ സ്ഥിരമായി ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ നടപടിയെടുക്കുക,

9 ഭക്ഷണ-പാനീയങ്ങൾ വിൽപന നടത്തുന്ന സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് കൊടുക്കുന്നതിനു മുമ്പ് ഹെൽത്ത് ഇൻസ്പെക്ടറുടെ ഫിററ്നസ് സർട്ടിഫിക്കററ് നിർബന്ധമാക്കുക.

10 തെരുവു നായ്ക്കളെ പിടിക്കുന്നതിനായി പഞ്ചായത്തിന് ചിലവാക്കാനുള്ള തുകയ്ക്കുള്ള പരിധി എടുത്തു കളയുക.

11 തെരുവു നായ്ക്കളില്ലാത്ത പഞ്ചായത്താക്കി മാററാനുള്ള അടിയന്തിര നടപടി സ്വീകരിക്കുക. ഇക്കാര്യത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുക.

12 എല്ലാ സർക്കാർ, സ്വകാര്യ ആശുപത്രിക ളിലും പേവിഷബാധയ്ക്കുള്ള വാക്സിൻ ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

13 പഞ്ചായത്ത് പൊതുവായി ശേഖരിക്കുന്ന മാലിന്യങ്ങരം നിക്ഷേപിക്കുന്നതിനും സംസ്ക്കരിക്കുന്നതിനും സ്ഥലവും സംവി ധാനവും ഏർപ്പെടുത്തുക.

14 ആധുനികരീതിയിലുള്ള അറവുശാല നിർമ്മി ക്കുക. ഇതിനു വേണ്ട സഹായം സർക്കാരിൽ നിന്നും ലഭ്യമാക്കുക.

15 നിലവിലുള്ള അറവുശാല വൃത്തിയായും ശുചിയായും സംരക്ഷിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.

16 പൂർണ്ണ ആരോഗ്യവും അറവു പ്രായമെത്തി യതും, പകർച്ചവ്യാധികളുമില്ലാത്ത മൃഗ ങ്ങളെ മാത്രമേ മാംസാവശ്യത്തിനു വേണ്ടി കശാപ്പു ചെയ്യാവൂ എന്ന് ഉറപ്പാക്കുക. ഇക്കാ ര്യത്തിൽ മൃഗ ഡോക്ടറുടെ പരിശോധനാ സർട്ടിഫിക്കററ് നിർബന്ധമാക്കുക.

17 വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവയിൽ ജനങ്ങളെ വേണ്ടത്ര ബോധവാൻ മാരാക്കുക.

## പൊതു നിർദ്ദേശങ്ങൾ

1 ചേലക്കര പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുക.

2 പ്രകൃതി ചികിത്സക്ക് പഞ്ചായത്തിൽ വേണ്ടത്ര പ്രചരണവും പ്രോത്സാഹനവും നൽകുക.

3 കുറുമല—വെങ്ങാനെല്ലൂർ, അന്തിമഹാകാളൻ കാവ്, കുടുംബക്ഷേമ ഉപകേന്ദ്രങ്ങരംക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാ ക്കുക.

4 പഞ്ചായത്ത് മുൻകൈ എടുത്ത് സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ വാർഡു കരം തോറും രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പു കരം സംഘടിപ്പിക്കുക, രക്തദാന സേന രൂപീകരിക്കുകയും ചെയ്യുക.

5 കുഷ്ഠം, ക്ഷയം, ക്യാൻസർ, നേത്രരോഗ പരിശോധന ക്യാമ്പുകരം സംഘടിപ്പിച്ച് ചികിത്സാസഹായം ചെയ്തുകൊടുക്കുക.

### പഞ്ചായത്തിലെ ജനന മരണനിരക്ക് 1995

| ഇനം | പഞ്ചായത്തു ശതമാനം | സംസ്ഥാന ശതമാനം |
|---|---|---|
| പൊതു മരണ നിരക്ക് | 5% | 5.8% |
| ശിശു മരണം | —NIL— | 13% |
| ജനന നിരക്ക് | 108 M 118 F = 226 Nos 6% | 7% |
| മരണ നിരക്ക് | 146 Nos .5% | 17.2% |

## തോന്നൂർക്കര പ്രൈമറി ഹെൽത്ത് സെൻറർ

### കുട്ടികളുടെയും, ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ് വിവരങ്ങൾ (95-96)

| കുട്ടികൾ | ബി.സി.ജി. | ഡി.പി.ടി. | | | | പോളിയോ | | | | ഡി.റ്റി. | | | മീസൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | I D | I D | II D | III D | BD | I | II | III | B | I | II | B | |
| ഒരു വയസ്സിൽ താഴെ | 434 | 450 | 477 | 503 | — | 450 | 477 | 503 | \| | \| | \| | \| | 403 |
| 1-3 വയസ്സ് | | | | | 108 BDPT | | | | 114 (Polio B) | | | | |
| 3-5 വയസ്സ് | | | | | | | | | | | 108 | | |

### ടെററ്നസ് ടൊക്സോയിഡ് (T. T.) (95-96)

| | I D | II | B D |
|---|---|---|---|
| ഗർഭിണികൾ | 259 | 374 | 2 |

### പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

| സ്ഥാപനം | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| ചേലക്കര സർക്കാർ ആശുപത്രി | 1 | 1957 | 15 |
| തോന്നൂർക്കര പ്രൈമറി ഹെൽത്ത് സെൻറർ | 12 | 1971 | 16 |
| ചേലക്കര ആയുർവ്വേദ ആശുപത്രി | 2 | 1962 | 14 |

### ചേലക്കര പഞ്ചായത്തിലെ സ്വകാര്യ ആശുപത്രികൾ

| | | |
|---|---|---|
| ശുശ്രുത ഹോസ്പിററൽ | 1 | 1972 |
| ജീവോദയ ഹോസ്പിററൽ | 1 | 1993 |

★



# വ്യവസായം

# വ്യവസായം

ചേലക്കര പഞ്ചായത്തിൽ എടുത്തു പറയത്തക്ക വ്യവസായ സംരംഭങ്ങൾ ഒന്നും തന്നെയില്ല. ഭൂരിഭാഗം ആളുകളും കാർഷിക വൃത്തിയുമായി കഴിഞ്ഞു വരുന്നവരാണ്. കുറെ പേർ ചെറുകിട ഇടത്തരം കച്ചവടക്കാരായും ഉണ്ട്. ആദ്യകാലങ്ങളിൽ കുട്ട നെയ്ത്ത്, തഴപ്പായ നെയ്ത്ത്, പുൽപ്പായ നെയ്ത്ത്, കൊല്ലപ്പണി, മൂശാരിപ്പണി, മൺപാത്ര നിർമ്മാണം, തട്ടാൻപ്പണി തുടങ്ങിയ പരമ്പരാഗത തൊഴിലെടുത്ത് വരുന്ന ഏതാനും കുടുംബങ്ങളും ഉണ്ടായിരുന്നു. ജാതിയുമായി ബന്ധപ്പെട്ട കുലത്തൊഴിൽ എന്ന രീതിയിലാണ് ഈ തൊഴിലുകളെല്ലാം നിലനിന്നിരുന്നത്. തഴപ്പായ നെയ്ത്തിലും, പുൽപ്പായ നെയ്ത്തിലും, കൊല്ലപ്പണിയിലും ഏർപ്പെട്ടിരിക്കുന്നവർ ചേലക്കര പഞ്ചായത്തിൽ ഇപ്പോൾ വിരളമാണ്. കുട്ടനെയ്ത്തും, മൺപാത്ര നിർമ്മാണവും പരമ്പരാഗത കുലത്തൊഴിൽ എന്ന നിലയിൽ ഇപ്പോഴും നിലനിൽക്കുന്നു. സ്വർണ്ണപ്പണിയിലും ഓട്ടുപാത്ര നിർമ്മാണത്തിലും കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്ഥമായി മററു ജാതിയിൽപ്പെട്ട ആളുകളും ഏർപ്പെടാൻ തുടങ്ങിയിട്ടുണ്ട്. അലൂമിനിയ പാത്രങ്ങളുടെയും, സ്ററീലിന്റെയും ഉപയോഗം സർവ്വസാധാരണമായതോടുകൂടി മൺപാത്ര നിർമ്മാണ പ്രതിസന്ധിയിലാവുകയും അതിൽ ഏർപ്പെട്ടിരിക്കുന്നവരുടെ നില ദുരിത പൂർണ്ണമാവുകയും ചെയ്തു.

തൃശൂർജില്ലയിൽ വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശമാണ് ചേലക്കര. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലം കൂടുതൽ പേർക്ക് തൊഴിൽ നൽകാൻ കഴിയുന്ന വ്യവസായങ്ങൾ ആരംഭിക്കാൻ പൊതുവെ ആരും തയ്യാറായി മുന്നോട്ട് വരുന്നില്ല. എന്നിരുന്നാലും ചെറുകിട വ്യവസായങ്ങൾക്ക് അനുകൂലമായ ഒട്ടേറെ ഘടകങ്ങൾ പഞ്ചായത്തിലുണ്ട്. പഴയന്നൂർ ബ്ലോക്കിലെ മററു പഞ്ചായത്തുകളെ അപേക്ഷിച്ച് ഈ പഞ്ചായത്ത് വ്യാവസായികമായി താരതമ്യേന മുൻപന്തിയിലാണ്. ഏകദേശം 115-ഓളം ചെറുകിട വ്യവസായ യൂണിററുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ചില യൂണിററുകളുടെ പ്രവർത്തനത്തിൽ വേണ്ടത്ര പുരോഗതി ഉണ്ടായതായി കാണുന്നില്ല. ഉദ്ദേശം 700-ഓളം ആളുകൾ ഈ യൂണിററുകളുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നതായി കാണപ്പെടുന്നു.

ഖാദി മേഖലയിൽ രണ്ട് നെയ്ത്ത് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 90 -ഓളം സ്ത്രീകൾക്ക് ഇതുമൂലം തൊഴിൽ ലഭിക്കുന്നു. കൂടുതൽ ഖാദി ഗ്രാമവ്യവസായ യൂണിററുകൾ ആരംഭിക്കാൻ കഴിഞ്ഞാൽ ധാരാളം പേർക്ക് തൊഴിൽ ലഭിക്കും. വീടുകളിൽ വെച്ച് ബീഡി തെരുത്ത് ഉപജീവനം നടത്തുന്ന ഏതാനും സ്ത്രീകളും പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലുണ്ട്. സഹകരണാടിസ്ഥാനത്തിൽ ഇവരെ സംഘടിപ്പിച്ച് കൂടുതൽ തൊഴിൽ സാദ്ധ്യത ഉണ്ടാക്കാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്. പഞ്ചായത്തിൽ ഒരു കരിങ്കൽ ക്രഷർ യൂണിററ് പ്രവർത്തിച്ചു വരുന്നുണ്ട്. ഇവിടെ 30-ഓളം പേർ ജോലി ചെയ്തു വരുന്നു. ഇത്തരം കൂടുതൽ യൂണിററുകൾ ആരംഭിക്കുന്നതിന് സാദ്ധ്യതയുള്ള ഏതാനും ഭാഗങ്ങൾ പഞ്ചായത്തിലുണ്ട്. എന്നാൽ ക്രഷർ യൂണിററുകൾ ആരംഭിക്കുന്നതിൽ ജനങ്ങൾക്കുള്ള എതിർപ്പു പഠന വിഷയമാക്കേണ്ടതാണ്.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും, സ്വയം തൊഴിലെന്ന നിലയിലും അല്ലാതെയുമായി അമ്പത്തഞ്ചോളം റൈസ് മില്ലുകളും, ഫ്ളവർ മില്ലുകളും പ്രവർത്തിക്കുന്നുണ്ട്. ഇതു

വഴി എഴുപതോളം പേർക്ക് തൊഴിൽ ലഭിച്ചു. വരുന്നു. പഞ്ചായത്തിൽ 7 അറക്ക മില്ലുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 5 ഫർണിച്ചർ യൂണിററുകളും ഒരു തീപ്പെട്ടി കമ്പനിയും പ്രവർത്തിക്കുന്നു. ഇതുവഴി അറുപത്തഞ്ചോളം പേർക്ക് തൊഴിൽ ലഭിച്ചു വരുന്നു.

ഇത്രയൊക്കെ വ്യവസായ സംരംഭങ്ങളുണ്ടെങ്കിലും തൊഴിൽ രഹിതർ നാൾക്കുനാൾ വർദ്ധിച്ചു വരികയാണ്. അഭ്യസ്തവിദ്യരായ ധാരാളം ചെറുപ്പക്കാർ തൊഴിലിനു വേണ്ടി കാത്തിരിക്കുന്നവരായുണ്ട്. സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും നിരവധി പദ്ധതികൾ പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ തൊഴിലില്ലായ്മ ഒരളവോളം പരിഹരിക്കാൽ കഴിയും. ഏതെങ്കിലും തൊഴിൽ സംരംഭങ്ങളാരംഭിച്ചാൽ വിജയിക്കുമോ എന്നുള്ള ആശങ്ക കൊണ്ടാണ് പലരും തയ്യാറായി മുന്നോട്ട് വരാത്തത്. വ്യവസായ സംരംഭങ്ങളെ കുറിച്ചുള്ള അറിവില്ലായ്മയും വായ്പകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും പരിശീലനക്കുറവുമാണ് ഇതിന് പ്രധാന കാരണം. നിലവിലുള്ള പരമ്പരാഗത വ്യവസായങ്ങൾ പുനരുജ്ജീവിപ്പിച്ചും പുതിയ വ്യവസായ സംരംഭങ്ങളാരംഭിച്ചും പഞ്ചായത്തിലെ തൊഴിലില്ലായ്മ ഒരു പരിധി വരെ പരിഹരിക്കാനും അതുവഴി സാമ്പത്തിക നേട്ടം കൈവരിക്കാനും കഴിയുന്നതാണ്.

## പരമ്പരാഗത വ്യവസായങ്ങളും പ്രശ്നങ്ങളും

ഏകദേശം മുന്നൂറോളം ആളുകൾ പണിയെടുത്തു കൊണ്ടിരിക്കുന്ന ഒരു പരമ്പരാഗത വ്യവസായമാണ് കുട്ടനെയ്ത്ത്. ഈററയും, മുളയും ആവശ്യാനുസരണം ലഭിക്കാത്തതു കൊണ്ട് വർഷത്തിൽ മുഴുവൻ ദിവസവും ജോലി ലഭിക്കുന്നതിന് ഇപ്പോൾ സൗകര്യമില്ല. കുട്ട നെയ്ത്തിൽ ഏർപ്പെടുന്നവർക്ക് ജീവിത സുരക്ഷിതത്വം ഇല്ലാത്തതു കൊണ്ടും മതിയായ വേതനം ലഭിക്കാത്തതു കൊണ്ടും പുതിയ തലമുറയിൽപ്പെട്ടവർ ഈ രംഗത്തേക്ക് കടന്നു വരുന്നില്ല.

## നിർദ്ദേശങ്ങൾ

കുട്ട നെയ്ത്ത് തൊഴിലാളികൾക്ക് ജീവിത സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി പെൻഷനും ക്ഷേമപദ്ധതികളും നടപ്പിലാക്കേണ്ടതാണ്. കുട്ട നെയ്ത്തിനോടപ്പം ഈററ, മുള എന്നിവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിന് പരിശീലനം നൽകുകയും, ഇത്തരം സംരംഭങ്ങളാരംഭിക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. ആവശ്യത്തിന് ഈററ ചുരുങ്ങിയ വിലയ്ക്ക് ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കാൻ കഴിഞ്ഞാൽ നിത്യേന തൊഴിൽ ലഭിക്കുന്നതിനും കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിനും കഴിയുന്നതാണ്.

## ഓട്ടുപാത്ര നിർമ്മാണം

ഇരുന്നൂറോളം ആളുകൾ ഈ പരമ്പരാഗത വ്യവസായത്തിൽ തൊഴിലെടുത്തു വരുന്നു. ഓടു കൊണ്ട് നിർമ്മിക്കുന്ന പാത്രങ്ങൾക്കും കരകൗശല വസ്തുക്കൾക്കും, കലാരൂപങ്ങൾക്കും വിപണന സാദ്ധ്യത ധാരാളമുണ്ട്. വൻകിട വ്യാപാരികൾ ഈ രംഗത്ത് പ്രവേശിക്കുകയും യന്ത്രവൽക്കരണം ഏർപ്പെടുത്തുകയും ചെയ്തതോടുകൂടി പരമ്പരാഗത കൈത്തൊഴിലുകാർക്ക് വിപണിയിൽ മത്സരിക്കാൻ സാധിക്കാതെ വന്നിരിക്കയാണ്.

യന്ത്രവൽക്കരണം ഏർപ്പെടുത്തുന്നതിനും വിപണന സൗകര്യമുണ്ടാക്കുന്നതിനും സാമ്പത്തിക സഹായം ചെയ്തു കൊടുത്താൽ പരമ്പരാഗതമായ ഈ വ്യവസായം മെച്ചപ്പെടുത്താൻ കഴിയുന്നതാണ്.

## മൺപാത്ര നിർമ്മാണം

ആധുനിക രീതിയിലുള്ള കര കൗശല വസ്തുക്കളും ചെടിച്ചട്ടികളും പൂച്ചട്ടികളും ഉണ്ടാക്കി വിപണിയിലെത്തിക്കാൻ കഴിഞ്ഞാൽ ക്ഷയിച്ച് വരുന്ന ഈ തൊഴിൽ മേഖല കുറെയൊക്കെ മെച്ചപ്പെടുത്താൻ കഴിയുന്നതാണ്. ആവശ്യത്തിന് കളിമണ്ണ് ലഭിക്കാത്തതും വിറക്, ചകിരി മുതലായസധനങ്ങൾ ലഭിക്കുന്നതിനുള്ള

പ്രയാസങ്ങളും ഈ മേഖലയിലെ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. ഈ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് പെൻഷനും — ക്ഷേമപദ്ധതികളും നടപ്പിലാക്കി ഇവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പാക്കേണ്ടതാണ്.

## പഞ്ഞി വ്യവസായം

ഈ പഞ്ചായത്തിലെ പത്തുകുടിയിൽ പത്ത് പഞ്ഞി വ്യവസായ യൂന്നിററുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. പഞ്ഞികൊണ്ട് കിടക്കകൾ ഉണ്ടാക്കി വിൽപ്പന നടത്തുന്ന പ്രവർത്തിയാണ് ഇവിടെ നടക്കുന്നത്, ഏകദേശം അൻപതോളം പേർ ഈ മേഖലയിൽ പണിയെടുക്കുന്നു. വളരെയേറെ തൊഴിൽ സാദ്ധ്യതയുള്ള ഒരു മേഖലയാണ് ഇത്. കൂടുതൽ വായ്പ ലഭിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താൻ കഴിഞ്ഞാൽ ഈ മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയുന്നതാണ്.

## റെഡിമെയ്ഡ് വസ്ത്രനിർമ്മാണം

ഈ പഞ്ചായത്തിൽ പത്തോളം റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിററുകൾ നിലവിലുണ്ട്. ഇവയിൽ ഏകദേശം അൻപതോളം സ്ത്രികൾ പണിയെടുക്കുന്നുണ്ട്. വളരെയധികം തൊഴിൽ സാദ്ധ്യതയും വിപണന സൗകര്യവും ഉള്ള മേഖലയാണ് ഇത്. ട്രൈസം പദ്ധതിയിലും മററും തയ്യൽ പരിശീലനം നേടിയ നിരവധി പെൺകുട്ടികൾ ഈ പഞ്ചായത്തിലുണ്ട്. കൂട്ടായി സംഘടിപ്പിച്ച് D W C R A യൂണിററുകൾ ആരംഭിച്ചും സഹകരണസംഘങ്ങൾ രൂപീകരിച്ചും ഈ തൊഴിൽ മേഖല വിപുലീകരിക്കാൻ കഴിയുന്നതാണ്. ഇത്തരം റെഡിമെയ്ഡ് യൂണിററുകളുടെ ജില്ലാതല സംഘം രൂപികരിച്ചാൽ വിപണന സൗകര്യം മെച്ചപ്പെടുത്താൻ കഴിയുന്നതാണ്.

## റബ്ബർ അധിഷ്ഠിത വ്യവസായം

ധാരാളം റബ്ബർ ഉൽപാദിപ്പിക്കുന്ന ഒരു പ്രദേശമാണ് ചേലക്കര പഞ്ചായത്ത്. ഏകദേശം 1500 ഓളം ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്തുവരുന്നു, അതുകൊണ്ടുതന്നെ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കാൻ അനുകൂലമായ സാഹചര്യമാണ് ഇവിടെയുള്ളത്.

**താഴെ പറയുന്ന വ്യവസായങ്ങൾ ഈ പഞ്ചായത്തിൽ ലാഭകരമായി പ്രവർത്തിപ്പിക്കാവുന്നതാണ്.**

1 റബ്ബർ ബാൻറ്.
2 റബ്ബർ കയ്യുറകൾ.
3 ഹവായ് ചപ്പലിൻെറ സോളും സ്ട്രാപ്പും.
4 ഹവായ് ചെരുപ്പുകൾ.
5 റബ്ബർ നാരുകൾ.
6 എലാസ്ററിക് ടേപ്സ് & കോട്ടൺ ടേപ്സ്.
7 റബ്ബർട്രീററ്മെൻറ് പ്ലാൻറ് കൂടാതെ ക്രൈബ റബ്ബർ ഉപയോഗിച്ച് താഴെ പറയുന്ന വ്യവസായങ്ങളും ആരംഭിക്കാവുന്നതാണ്.

1 ഓട്ടോമൊബൈൽ ബുഷുകൾ.
2 ഓയിൽ സീലുകൾ.
3 റബ്ബർ ഫ്ളാഷുകൾ. മായ്ക്കുന്ന റബ്ബർ ഉണ്ടാക്കുന്ന ഒരു വ്യവസായ സ്ഥാപനം പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്. വിപണി സാദ്ധ്യതയുള്ളതും കൂടുതൽ പേർക്ക് തൊഴിൽ നൽകാൻ കഴിയുന്നതുമായ ഒരു സംരംഭമാണ് ഇത്.

## പ്ലാസ്ററിക് വ്യവസായം

ഈ പഞ്ചായത്തിൽ നാല് പ്ലാസ്ററിക്ക് അധിഷ്ഠിത വ്യവസായങ്ങൾ നിലവിലുണ്ട്. ഇതിൽ ഏകദേശം അമ്പത് പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്. ഇത്തരം യൂണിററുകൾ ഇനിയും കൂടുതൽ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതയുണ്ട്. പി. വി. സി. ഫാബ്രിക്കേററഡ് ഐററംസ്, പി. വി. സി. ബെൻറുകൾ, വാട്ടർ ടാപ്പ്, ഹോസ് കണക്ടർ, ഐസ്ക്രീം കപ്പുകൾ, പ്ലാസ്ററിക് ഇൻജക്ഷൻ മോൾഡുകൾ, പി. വി. സി. പൈപ്പുകൾ, ഡിസ്പോസിബിൾ

കപ്പുകളും, പ്ലേററുകളും, പ്ലാസ്ററിക് ബുഷ്, പ്ലാസ്ററിക് ഡപ്പകൾ, ഇലക്ട്രിക്കൽ വയറിംഗ് ഉപകരണങ്ങൾ, മുതലായവ വളരെ ലാഭകരമായി ഉൽപ്പാദിപ്പിച്ച് വിപണനം നടത്താവുന്നതാണ്. കൂടാതെ ഈ പഞ്ചായത്തിൽ ഒന്നോ രണ്ടോ പ്ലാസ്ററിക് റീ പ്രോസസിംഗ് യൂണിററുകളും ആരംഭിക്കാവുന്നതാണ്.

കാർഷിക ഉൽപ്പന്നങ്ങളെ ആസ്പദമാക്കിയും ഏതാനും വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്. പഞ്ചായത്തിൽ അച്ചാർ നിർമ്മാണ രംഗത്ത് നല്ല നിലയിൽ പ്രവർത്തിക്കുന്ന മൂന്ന് സ്ഥാപനങ്ങൾ നിലവിലുണ്ട്. കൂടാതെ അച്ചപ്പം, കൊണ്ടാട്ടം എന്നിവ ഉണ്ടാക്കി വിൽപന നടത്തുന്ന ഏതാനും ചെറിയ യൂണിററുകളും പ്രവർത്തിക്കുന്നുണ്ട്. വളരെ തൊഴിൽ സാദ്ധ്യതയുള്ള ഒരു മേഖലയാണ് ഇത്.

### അച്ചാറുകൾ

മാങ്ങ, നാരങ്ങ, നെല്ലിക്ക മുതലായവയുടെ അച്ചാറുകൾ കേരളത്തിനകത്തും പുറത്തും വിദേശത്തും വളരെ വിപണിയുള്ളതാണ്. ഇത്തരം ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് സഹകരണാടിസ്ഥാനത്തിൽ ഒരു അച്ചാർ വ്യവസായ യൂണിററ് ആരംഭിച്ചാൽ കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കാൻ സാദ്ധ്യതയുള്ളതാണ്.

### പഴം—പച്ചക്കറി സംസ്ക്കരണ യൂണിററ്

ചക്ക, കൈതച്ചക്ക, മാങ്ങ, നേന്ത്രപ്പഴം തുടങ്ങിയവ ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന കാർഷിക വിഭവങ്ങളാണ്. ഇവ നല്ല രീതിയിൽ സംസ്ക്കരിച്ച് ജ്യൂസ്, സ്ക്വാഷ്, സിറപ്പ്, ജാം, ജെല്ലി മുതലായവ നിർമ്മിക്കുന്ന ഒരു വ്യയസായ സ്ഥാപനം തുടങ്ങാവുന്നതാണ്.

### ഡ്രൈപിക്കിൾസ്

കോവക്ക, പച്ചമുളക്, പയർ, പാവയ്ക്ക, ചക്ക, മരച്ചീനി, മുതലായവയുടെ കൊണ്ടാട്ടങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ ഉണ്ടാക്കി വിപണനം നടത്തുന്ന യൂണിററുകൾ ആരംഭിക്കാവുന്നതാണ്. ഇതിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഈ പഞ്ചായത്തിൽ സുലഭമാണ്.

### ചിപ്സ് നിർമ്മാണം

ഇവിടെ ധാരാളമായി ലഭിക്കുന്ന കാർഷിക ഉൽപ്പന്നമാണ് നേന്ത്രക്കായ കൂടാതെ നമ്മുടെ വീട്ടുവളപ്പുകളിൽ സുലഭമായി ലഭിക്കുന്ന ഒന്നാണ് ചക്ക, നേന്ത്രക്കായയും, ചക്കയും ഉപയോഗിച്ച് ചിപ്സ് ഉണ്ടാക്കി വില്പന നടത്തുന്ന രണ്ടോ മൂന്നോ യൂണിററുകൾ പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്. ഇത്തരം ഉൽപ്പന്നങ്ങൾക്ക് ഇന്ത്യക്കകത്തും പുറത്തും ധാരാളമായി വിപണന സാദ്ധ്യതയുണ്ട്.

### പപ്പായിൻ—ഫ്രൂട്ടി യൂണിററുകൾ

പപ്പായ കൃഷി വ്യാപകമാക്കാൻ കഴിഞ്ഞാൽ ഇതുപയോഗിച്ച് വ്യവസായ അടിസ്ഥാനത്തിൽ പപ്പായിൻ, ഫ്രൂട്ടി എന്നിവ ഉൽപ്പാദിപ്പിക്കാൻ കഴിയും

### കൊപ്ര സംസ്ക്കരണം

തെങ്ങുകൃഷി കൂടുതലുള്ള ഒരു പ്രദേശമാണ് ചേലക്കര. കേരഫെഡിന്റെ സഹായത്തോടെ സഹകരണാടിസ്ഥാനത്തിൽ ഒരു കൊപ്ര പ്രോസസിംഗ് യൂണിററ് ആരംഭിക്കാവുന്നതാണ്. ഇതു മൂലം നാളികേരത്തിന് ന്യായമായ വിലയും കുറച്ച് പേർക്ക് തൊഴിലും ലഭിക്കുന്നതാണ്. കൂടാതെ നാളികേരം ഉപയോഗിച്ച് താഴെ പറയുന്ന യൂണിററുകളും ആരംഭിക്കാവുന്നതാണ് നമ്മുടെ പഞ്ചായത്തിൽ നാളികേരത്തിന്റെ പച്ചത്തൊണ്ട് ലഭിക്കുന്നതിന് ധാരാളം സാദ്ധ്യതയുണ്ട് പച്ചത്തൊണ്ടിൽ നിന്നും ചകിരിനാര് ഉൽപ്പാദിപ്പിക്കുന്ന യൂണിററ് ആരംഭിക്കാവുന്നതാണ്. ഈ പഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവരെ സംഘടിപ്പിച്ച് സഹകരണാടിസ്ഥാനത്തിൽ ഒരു ഡിഫൈബറിങ്ങ് യൂണിററ് ആരംഭിക്കുന്നതിനുള്ള ശ്രമം നടന്നു വരുന്നു.

## ചകിരി കൊണ്ടുള്ള ബ്രഷ് നിർമ്മാണം

ചകിരിനാര് ഉപയോഗിച്ച് സഹകരണ മേഖലയിലോ, D W C R A പദ്ധതിയനുസരിച്ചോ പഞ്ചായത്തിൽ ഒന്നോ, രണ്ടോ ബ്രഷ് നിർമ്മാണ യൂണിററുകൾ ആരംഭിക്കാവുന്നതാണ്. നിത്യോപയോഗ സാധനങ്ങളായതിനാൽ ഇതിന് വിപണി സാദ്ധ്യതയുണ്ട്.

## കൈത്തറി നെയ്ത്ത്

ഈ രംഗത്ത് പരിശീലനം ലഭിച്ച ഏതാനും സ്ത്രീകൾ പഞ്ചായത്തിലുണ്ട്. ഇവരെ സംഘടിപ്പിച്ച് ഒരു വ്യവസായ സഹകരണസംഘം രൂപീകരിച്ചോ, D W C R A യൂണിററ് ആരംഭിച്ചോ കൂടുതൽ പേർക്ക് തൊഴിൽ നൽകാവുന്ന യൂണിററുകൾ ആരംഭിക്കാവുന്നതാണ്.

## പവ്വർലൂം കോംപ്ലക്സ്

യന്ത്രത്തറികൾ ഉപയോഗിച്ച് വസ്ത്ര നിർമ്മാണം നടത്തുന്ന ഇത്തരം വ്യവസായ സംരംഭങ്ങൾ സ്വകാര്യമേഖലയിലോ, സഹകരണമേഖലയിലോ ആരംഭിക്കാവുന്നതാണ്. ഈ രംഗത്ത് പരിശീലനം നേടിയ ഏതാനും ആളുകൾ ഈ പഞ്ചായത്തിലുണ്ട്.

## നോട്ടുപുസ്തകവും പേപ്പർ കവർ നിർമ്മാണവും

ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള ഈ പഞ്ചായത്തിൽ നോട്ടുപുസ്തക നിർമ്മാണം വിപണി സാദ്ധ്യതയുള്ള ഒന്നാണ്. ചേലക്കര പഞ്ചായത്തിലെ കടകളിലൂടെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴിയും നോട്ടുപുസ്തകങ്ങൾ വിററഴിക്കുന്നതിന് പ്രയാസമില്ല. ടെക്സ്ററയിൽ ഷോപ്പുകൾക്കും ബേക്കറികൾക്കും സ്റേറഷനറി പീടികകൾക്കും മെഡിക്കൽ ഷോപ്പുകൾക്കും ആവശ്യമുള്ള പേപ്പർ കവർ നിർമ്മാണ യൂണിററ് വനിതകളെ സംഘടിപ്പിച്ച് ആരംഭിക്കാവുന്നതാണ്.

## കുട നിർമ്മാണം

വളരെ പ്രശസ്തമായ കുട കമ്പനികൾ കേരളത്തിലുണ്ടെങ്കിലും കുടകൾക്ക് ഇന്നും വിപണന സാദ്ധ്യതയുണ്ട്. ചേലക്കര പഞ്ചായത്തിൽ സഹകരണ മേഖലയിലോ, D. W. C. R. A പദ്ധതിയനുസരിച്ചോ ഈ സംരംഭം ആരംഭിക്കാവുന്നതാണ്.

## ലെതർ ചപ്പൽസ്, ലെതർ ബാഗുകൾ, ബെൽററുകൾ

ധാരാളം വിപണിയുള്ള ഉൽപ്പന്നങ്ങളാണ് ലെതർ ചപ്പൽസ്, ലെതർ ബാഗുകൾ, സ്കൂൾ ബാഗുകൾ, ബെൽററുകൾ എന്നിവ നല്ല വിപണിയും തൊഴിൽ സാദ്ധ്യതയുള്ള ഇവയുടെ ഒന്നോ, രണ്ടോ, യൂണിററുകൾ ഈ പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്.

## കോൺക്രീററ് ബിൽഡിംഗ് മെററീരിയൽസ്

മരത്തിന്റെ വിലയും കൂലിവർദ്ധനവും കാരണം വീടു നിർമ്മാണത്തിനാവശ്യമായ മരം കൊണ്ടുള്ള കട്ടിള, ജനൽ എന്നിവ നിർമ്മിക്കുന്നത് സാധാരണക്കാരന് താങ്ങാൻ പററാതെ വന്നിരിക്കുന്നു. ഹോളോ ബ്രിക്സിനും, കോൺക്രീററ് കട്ടിളകൾക്കും, ജനലുകൾക്കും, ക്രാസികൾക്കും ഗ്രിൽസിനും ഇന്ന് ധാരാളം വിപണി സാദ്ധ്യതയുണ്ട്. ഇത്തരം യൂണിററുകൾ ഒന്നും ഈ പഞ്ചായത്തിൽ നിലവിലില്ല. ഒന്നോ, രണ്ടോ യൂണിററുകൾ ആരംഭിക്കാൻ കഴിഞ്ഞാൽ ഏതാനും പേർക്ക് തൊഴിൽ ലഭിക്കുന്നതാണ്.

## ചെറുകിട കാലിത്തീററ, കോഴിത്തീററ ഫാക്ടറി

പഞ്ചായത്തിൽ ലഭ്യമായ തവിട്, പിണ്ണാക്ക്, മരച്ചീനി എന്നിവ ഉപയോഗിച്ച് ഒരു ചെറുകിട കാലിത്തീററ, കോഴിത്തീററ ഫാക്ടറി ആരംഭി

ക്കാൻ കഴിയുന്നതാണ്. ധാരാളം കറവ മാടുകളും കോഴി വളർത്തൽ കേന്ദ്രങ്ങളും നിലവിലുള്ള ഈ പഞ്ചായത്തിലും സമീപ പ്രദേശങ്ങളിലും വിപണി സാദ്ധ്യതയുള്ളതിനാൽ ഇത്തരം ഒരു വ്യവസായ സ്ഥാപനം ആരംഭിക്കാവുന്നതാണ്.

## കറി പൗഡർ നിർമ്മാണം

വ്യാവസായികാടിസ്ഥാനത്തിൽ മുളക്, മല്ലി, മഞ്ഞൾ എന്നിവയും, സാമ്പാർ പൊടി, രസപ്പൊടി എന്നിവയും ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്യാവുന്നതാണ്. ധാരാളം വിപണന സാദ്ധ്യതയും തൊഴിൽ സാദ്ധ്യതയുമുള്ളതാണ് ഈ രംഗം.

## പപ്പട നിർമ്മാണം

ഏകദേശം അൻപതോളം കുടുംബങ്ങൾ ഈ തൊഴിലുമായി ബന്ധപ്പെട്ട് കഴിയുന്നുണ്ട്. നിത്യോപയോഗ സാധനം എന്ന നിലയിൽ വളരെയേറെ വിപണിയുള്ള ഒന്നാണ് പപ്പടനിർമ്മാണം. ഖാദി ഗ്രാമ വ്യവസായമെന്ന നിലയിലും, വനിത വ്യവസായമെന്ന നിലയിലും വിപുലമായ രീതിയിൽ ഇത് ആരംഭിക്കാവുന്നതാണ്.

## സോപ്പു നിർമാണം

വിവിധതരം സോപ്പുകൾ ധാരാളം ലഭ്യമാണെങ്കിലും ഈ പഞ്ചായത്തിൽ സോപ്പു നിർമാണ യൂണിററുകളൊന്നും നിലനിൽക്കുന്നില്ല. നിത്യോപയോഗസാധനം എന്ന നിലയിൽ വിപണന സാധ്യത, ഈ സംരംഭത്തിന് ഏറെയുണ്ട്. ഖാദി ബോർഡിന്റെ സഹായത്തിൽ വ്യക്തികൾക്കും കൂട്ടായും ആരംഭിക്കാവുന്ന ആദായകരമായ വ്യവസായമാണിത്.

## ഫർണീച്ചർ വ്യവസായം

മരം കൊണ്ടുള്ള വിവിധ ഫർണീച്ചറും വീടുകൾക്കാവശ്യമായ ആകർഷണീയമായ കതകുകളും നിർമിച്ചു വിൽക്കുന്ന അഞ്ചോളം യൂണിററുകൾ പഞ്ചായത്തിലുണ്ട്. പ്രാദേശിക വിപണനസാധ്യതകൾ വളരെയുള്ള ഇത്തരം യൂണിററുകൾ ഇനിയും ആരംഭിക്കാവുന്നതാണ്. എന്നാൽ വനം വകുപ്പിന്റെ നിലവിലുള്ള നിബന്ധനകൾ മൂലം ഇത്തരം പുതിയ സംരംഭങ്ങൾ ആരംഭിക്കാനാവുന്നില്ല. വനം വകുപ്പിന്റെ നിബന്ധനകൾ എടുത്തുകളയുകയും വായ്പാസൗകര്യം ലഭ്യമാക്കുകയും ചെയ്താൽ, ലാഭകരമായി നടത്താവുന്ന വ്യവസായമാണിത്.

## ഇലക്ട്രോണിക് വ്യവസായങ്ങൾ

ആധുനിക യുഗത്തിൽ ഇലക്ട്രോണിക്സ് ഉപകരണങ്ങൾക്ക് വളരെയേറെ പ്രാധാന്യവും ആവശ്യവും വർധിച്ചു വരികയാണല്ലൊ. ഈ രംഗത്ത് പരിശീലനം നേടിയവരെ സംഘടിപ്പിച്ചും പുതിയ സംരംഭകർക്ക് പരിശീലനം നൽകിയും താഴെ പറയുന്ന ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ പുതിയ യൂണിററുകൾ ആരംഭിക്കാവുന്നതാണ്.

1 ചെറിയ ട്രാൻസ്ഫോർമറുകൾ.

2 സ്റെറപ്പ്–അപ്പ്.

3 സ്റെറബിലൈസർ.

4 ഇലക്ട്രോണിക് ചോക്ക്.

5 ഇൻവെർട്ടർ.

## ചുണ്ണാമ്പു വ്യവസായം

ഈ പഞ്ചായത്തിൽ രണ്ടു ചുണ്ണാമ്പു വ്യവസായ യൂണിററുകൾ പ്രവർത്തിക്കുന്നുണ്ട്. കാർഷികാവശ്യങ്ങൾക്കും കെട്ടിടം പണികൾക്കും വളരെ ആവശ്യമുള്ള ഉൽപ്പന്നമാണ് ഇത്. ഖാദി ബോർഡിന്റെ സഹായത്തോടു കൂടി ഇത്തരം കൂടുതൽ യൂണിററുകൾ ആരംഭിക്കാൻ കഴിയുന്നതാണ്.

പഞ്ചായത്തിന്റെ സാമ്പത്തിക വളർച്ചക്കും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സമഗ്രമായ വികസനത്തിനും വേണ്ടി താഴെ പറയുന്ന പൊതു നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

1 ബ്ലോക്ക് അടിസ്ഥാനത്തിലോ പഞ്ചായത്ത് അടിസ്ഥാനത്തിലോ തൊഴിൽ രഹിതരുടെ ഒരു സെൽഫ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്ഥാപിക്കുക. ഇത്തരം എക്സ്ചേഞ്ചുകളിൽ സ്വയം തൊഴിൽ ചെയ്യാൻ തയ്യാറായി വരുന്നവരുടെ പേരുകൾ രജിസ്റ്റർ ചെയ്യുക, രജിസ്റ്റർ ചെയ്തവർക്ക് അവരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ പരിശീലനം നല്കുക, പരിശീലനം നേടിയ തൊഴിലുകൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായവും വിപണന സൗകര്യവും ഏർപ്പെടുത്തി കൊടുക്കുക, ഇത്തരം പ്രവർത്തനങ്ങളുടെ മേൽ നോട്ടവും, പൊതുവായ ചുമതലയും ത്രിതല പഞ്ചായത്തുകൾ ഏറ്റെടുക്കുക.

2 പഞ്ചായത്തിൽ ഒരു മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് സ്ഥാപിച്ച് വ്യവസായ വളർച്ച ത്വരിതപ്പെടുത്തുക,

3 വ്യവസായ വകുപ്പിന്റെയും ധനകാര്യ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും, നിലവിലുള്ള തൊഴിൽ സ്ഥാപനങ്ങളുടെ പ്രതിനിധികളെയും ഉൾപ്പെടുത്തികൊണ്ട് ഒരു സമിതി രൂപീകരിക്കുക. ഈ സമിതിയുടെ ആഭിമുഖ്യത്തിൽ അനുയോജ്യമായ വ്യവസായ സംരംഭങ്ങൾ കണ്ടെത്തുകയും അതിനാവശ്യമായ വായ്പ ലഭ്യമാക്കുകയും ചെയ്യുക.

4 വ്യവസായ സംരംഭകന് വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കേണ്ട ലൈസൻസുകൾ കാലതാമസം കൂടാതെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

5 വ്യവസായ വകുപ്പിൽ നിന്നും നൽകുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ ബ്ലോക്ക് തലത്തിൽ അനുവദിച്ചു കൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

6 പ്രാദേശിക വ്യാവസായിക യൂണിററുകളുടെ ഉൽപ്പന്നങ്ങൾക്ക് ജില്ലാതലത്തിൽ ഒരു വിപണന സംഘം സ്ഥാപിക്കുക. ഉൽപ്പന്നങ്ങൾക്ക് ആകർഷകമായ പാക്കിംഗ്, ട്രേഡ് മാർക്ക്, പരസ്യം എന്നിവയുടെ ചുമതല ജില്ലാതലസംഘം ഏറെറടുക്കുക.

7 നൂതനമായ സാങ്കേതിക വിദ്യകളെക്കുറിച്ച് വ്യവസായ സംരംഭകർക്ക് അറിവു പകരാൻ പഞ്ചായത്തുകൾതോറും പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുക.

8 സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്നതിനുള്ള നിയമങ്ങൾ ലളിതമാക്കുക.

9 സർക്കാരിൽ നിന്നും അനുവദിക്കുന്ന മാർജിൻമണി വായ്പക്ക് പലിശ ഒഴിവാക്കുക

10 ധനകാര്യ സ്ഥാപനങ്ങളുടെ നിക്ഷേപത്തിന്റെ 60 ശതമാനമെങ്കിലും അതാതു പഞ്ചായത്തുകളിലെ വ്യവസായ സംരംഭങ്ങൾക്ക് വായ്പയായി നൽകുന്നതിന് നടപടി സ്വീകരിക്കുക.

★



അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക്

# ഗതാഗതം
# ഊർജ്ജം

അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്

# ഗതാഗതം

വികസന പ്രശ്നങ്ങരം ചർച്ച ചെയ്യുമ്പോരം ഇന്നും പ്രധാനമായും പൊന്തിവരുന്ന മുഖ്യ ആവശ്യം റോഡുകരം തന്നെയാണ്. നല്ല റോഡുകളും ഗതാഗത സൗകര്യവും ഏതൊരു പ്രദേശത്തിൻെറയും വികസനത്തിന് ഒഴിച്ചുകൂടാൻ പററാത്ത ഘടകങ്ങളാണ്. റോഡുകളുടെ നിർമ്മാണക്കാര്യത്തിൽ വളരെയേറെ മുന്നോട്ടു പോകാൻ ചേലക്കര പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

ആറു റവന്യൂ വില്ലേജുകളിലായി 59.76 ചതുരശ്ര കിലോമീററർ വിസ്തൃതിയുള്ള ചേലക്കര പഞ്ചായത്തിൽ പഞ്ചായത്തിൻേറതായി മൊത്തം 184. കിലോമീററർ റോഡുകളുണ്ട്. കൂടാതെ 16.8 കിലോമീററർ റോഡ് പൊതുമരാമത്തു വകുപ്പിൻേറതായുമുണ്ട്. പഞ്ചായത്ത് റോഡ് 15 കിലോമീററർ ടാർ ചെയ്തതും 12 കിലോമീററർ മെററൽ ചെയ്തതും ബാക്കി 157 കിലോമീററർ റോഡ് മൺറോഡുമാണ്. ഇത്രയൊക്കെറോഡുകളുണ്ടെങ്കിലും ഒട്ടു മിക്കറോഡുകളും ഗതാഗതയോഗ്യമല്ല.

തൃശൂർ-പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്ന തൃശൂർ-തിരുവില്വാമല റോഡാണ് ഈ പഞ്ചായത്തിനെ ജില്ലാ ആസ്ഥാനവുമായി ബന്ധിപ്പിക്കുന്ന പ്രധാന PWD റോഡ്. ഈ റോഡിൻെറ 4.600 കിലോമീററർ ദൂരം ഈ പഞ്ചായത്തിൽ പെടുന്നു. കൂടാതെ മററു രണ്ടു PWD റോഡുകൂടി ഈ പഞ്ചായത്തിലുണ്ട്.

1 ചേലക്കര-എളനാട് റോഡ്.

2 ചേലക്കര-കറുകക്കടവ് റോഡ്.

ഈ മൂന്നു റോഡുകളിൽ കൂടിയാണ് പ്രധാനമായും ബസ്ഗതാഗതം നടക്കുന്നത്. പുതിയതായി ബസ്ഗതാഗതം ആരംഭിച്ച പഞ്ചായത്ത് റോഡാണ് തോന്നൂർക്കര-തോട്ടേക്കോട് റോഡ്. ഇതിന് 6 കിലോമീററർ ദൂരമുണ്ട്.

പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വരുന്ന എല്ലാ PWD റോഡുകളുടെയും സ്ഥിതി വളരെ ശോചനീയമാണ്. കുണ്ടും കുഴികളും നിറഞ്ഞ് വാഹന ഗതാഗതം തന്നെ തടസ്സപെടുന്ന അവസ്ഥയിലാണ് എല്ലാ റോഡുകളുടെയും ഇന്നത്തെ സ്ഥിതി 3 കെ.എസ്.ആർ.ടി.സി ബസ്സുകരം ഉരംപ്പെടെ 81 ബസ്സുകരം നിത്യേന ഈ റോഡിൽ കൂടി സർവ്വീസ് നടത്തുന്നുണ്ട്. ഈ പഞ്ചായത്തിൽ തന്നെ 41 ലോറികളും 20 ടെംബോ വാനുകളും 140 ടാക്സി വാഹനങ്ങളും 149 ഓട്ടോറിക്ഷകളും നിരവധി സ്വകാര്യ വാഹനങ്ങളുമുണ്ട്. കൂടാതെ പുറമേ നിന്നുള്ള മററനേകം വാഹനങ്ങളും നിത്യേന ഇതുവഴി കടന്നു പോകുന്നു.

ചേലക്കര മെയിൻ റോഡിൽ ഗതാഗതക്കുരുക്ക് നിത്യ സംഭവമാണ്. റോഡിന് ആവശ്യമായ വീതി ഇല്ല എന്നുള്ളതാണ് ഇതിന് പ്രധാന കാരണം. റോഡിൻെറ വശങ്ങളിലായാണ് ഓട്ടോറിക്ഷ, കാർ, ജീപ്പ്, ലോറി എന്നിവ പാർക്ക് ചെയ്യുന്നത്. ഇതുമൂലം ചേലക്കര ടൗണിൽ സ്ഥിതി ചെയ്യുന്ന രണ്ടു ഹൈസ്കൂളിലെയും വിദ്യാർത്ഥികരംക്കും കാൽനടക്കാർക്കും റോഡിൽ കൂടി നടന്നുപോകുന്നതിനു പോലും പ്രയാസങ്ങരം നേരിടുന്നു ഇതിന് ഒരു ശാശ്വത പരിഹാരം ഉണ്ടായേ തീരൂ. ചേലക്കരയിൽ പണിതീർന്ന് വരുന്ന പുതിയ ബസ് സ്ററാൻറ് പ്രവർത്തനമാരംഭിച്ചാൽ കുറെയേറെ വാഹനത്തിരക്ക് കുറയ്ക്കാൻ കഴിയുമെങ്കിലും ഓട്ടേറിക്ഷ-ടാക്സി എന്നിവക്ക് പ്രത്യേകമായ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിയാൽ മാത്രമേ ടൗണിലെ ഗതാഗത കുരുക്കിന് ശാശ്വത പരിഹാരമാകൂ. PWD റോഡുകരം അളന്നു തിട്ട

പ്പെടുത്തി കയ്യേററം ഒഴിവാക്കി വീതി കൂട്ടിയാൽ തന്നെ ഈ പ്രശ്നം ഒരളവോളം പരിഹരിക്കാൻ കഴിയും. കിള്ളിമംഗലം ഉദുവടിയിൽ നിന്നും വെങ്ങാനെല്ലൂർ പാടം വഴി മേപ്പാടം ഭാഗത്ത് സന്ധിക്കത്തക്ക വിധം ഒരു ബൈപാസ് റോഡ് നിർമ്മിക്കാൻ മുൻപ് നിർദ്ദേശം ഉണ്ടായിരുന്നതാണ്. ഈ നിർദ്ദേശം ഒമ്പതാം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടതാണ്. ഇത് ചേലക്കരയിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്താൻ വളരെ ഉപകരിക്കും.

പഞ്ചായത്തു റോഡുകൾ ഏറെയുണ്ടെങ്കിലും മിക്ക റോഡുകളുടെയും സ്ഥിതി വളരെ മോശമാണ്. ഒരിക്കൽ ടാറിംഗ് കഴിഞ്ഞ റോഡ് പിന്നീട് അററകുററപ്പണികൾ നടത്താൻ പോലും പഞ്ചായത്തിൻെറ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല മെററൽ ചെയ്ത റോഡുകളുടെ സ്ഥിതിയും വ്യത്യസ്തമല്ല. മഴക്കാലമായാൽ പല റോഡുകളും ഗതാഗത യോഗ്യമല്ല. റോഡുകൾക്ക് കാനകളില്ലാത്തതും ഉള്ള കാനകൾ മണ്ണടിഞ്ഞ് തൂരുന്നതുമാണ് ഇതിനുകാരണം. ചിലയിടങ്ങളിൽ റോഡിൻെറ ഇരുവശങ്ങൾ ഉയർന്നും റോഡ് പ്രതലം താഴ്ന്നും കിടക്കുന്നതുമൂലം മഴവെള്ളം റോഡിൽ കെട്ടി നിന്ന് ഗതാഗതത്തിന് തടസ്സം നേരിടുന്നു. പൊതു മരാമത്തുവകുപ്പിൻെറ റോഡുകളും യഥാസമയം അററകുററപ്പണികൾ നടത്താറില്ല. മിക്ക റോഡുകളുടെയും ഉപരിതലം പൊങ്ങി ഇരു വശങ്ങളും താഴ്ന്ന് ചാലുകളായി വാഹനങ്ങൾക്ക് പരസ്പരം കടന്നു പോകാൻ കഴിയാത്ത അവസ്ഥയിലുമാണ്. ടെണ്ടർ കഴിഞ്ഞ വർക്കുകൾ പോലും ഏറെറടുത്തു നടത്താൻ കരാറുകാർ തയ്യാറാകുന്നില്ല. ചെയ്ത പണികൾക്ക് പണം ലഭിക്കാൻ വളരെയധികം കാലതാമസം നേരിടുന്നു എന്നുള്ളതാണ് ഇതിനു പറയുന്ന കാരണം.

ഈ പഞ്ചായത്തിൻെറ തന്നെ വിവിധ പ്രദേശങ്ങളിൽ നിന്നും ചേലക്കര ടൗണിൽ എത്തിച്ചേരണമെങ്കിൽ ആറേഴു കി. മീ. നടന്നു വരേണ്ട സ്ഥിതിയാണുള്ളത്. പ്രധാനപ്പെട്ട റോഡുകൾ ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കാൻ കഴിഞ്ഞാൽ ഈ അവസ്ഥക്ക് ഒരു പരിഹാരമാകും.

ബസ്സ് പെർമിററ് ലഭിക്കുന്നതിന് കാര്യമായ നിയന്ത്രണങ്ങൾ ഒന്നുമില്ലാത്തതിനാൽ റൂട്ട് ബസ്സുകളുടെ എണ്ണം നിത്യേന വർദ്ധിച്ചു കൊണ്ടിരിക്കുന്നു. തന്മൂലമുണ്ടാകുന്ന ബസ്സുകളുടെ മത്സര ഓട്ടം അപകടങ്ങൾക്ക് കാരണമാകുന്നു. ബസ്സ് പെർമിററുകൾ തമ്മിലുള്ള സമയവ്യത്യാസം കേവലം 2 മിനിററാണ്. ഈ സമയ ദൈർഘ്യം കൂട്ടിയാൽ മാത്രമേ മത്സര ഓട്ടം ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയൂ. ഇതിനായി നിലവിലുള്ള നിയമത്തിൽ ആവശ്യമായ മാററം വരുത്തേണ്ടതാണ്. ബസ്സുകൾ ധാരാളമുണ്ടെങ്കിലും ഇപ്പോഴും വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കപ്പെട്ടിട്ടില്ല. വിദ്യാർത്ഥികളോടുള്ള ചില ബസ് ജീവനക്കാരുടെ സമീപനം പലപ്പോഴും സംഘർഷത്തിന് ഇടയാക്കുന്നു. വിദ്യാർത്ഥികളും ബസ്ജീവനക്കാരും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താൻ കഴിഞ്ഞാൽ മാത്രമേ ഇതിന് ഒരു പരിഹാരമാകൂ.

നമ്മുടെ സംസ്ഥാനത്ത് ദീർഘദൂര സർവ്വീസുകൾ കൂടുതലും നടത്തുന്നത് K S R T C ബസ്സുകളാണ്. അടുത്തകാലം വരെ ചേലക്കര വഴി പാലക്കാട് എറണാംകുളം റൂട്ടിൽ ഒരു ഫാസ്ററ് പാസഞ്ചർ ബസ്സ് സർവ്വീസ് നടത്തിയിരുന്നു. വളരെയേറെ പ്രയോജനകരമായിരുന്ന പ്രസ്തുത സർവ്വീസ് ഒരു കാരണവും കൂടാതെ നിർത്തിവെയ്ക്കുകയുണ്ടായി. K S R T Cയുടെ ഗുരുവായൂർ-തിരുവില്വാമല, തൃശൂർ-തോട്ടേക്കോട്, ഗുരുവായൂർ-പാലക്കാട് എന്നീ റൂട്ടുകളിലോടുന്ന 3 ഓർഡിനറി സർവ്വീസുകൾ മാത്രമാണുള്ളത്. K S R T C ബസ്സിൻെറ കാര്യത്തിൽ എക്കാലവും ഈ പ്രദേശങ്ങളോട് അവഗണന മാത്രമാണുണ്ടായിട്ടുള്ളത്. സംസ്ഥാനത്തിൻെറ തെക്കൻ ജില്ലകളിൽ നിന്ന് ധാരാളം കുടിയേററക്കാർ ചേലക്കര മേഖലയിൽ സ്ഥിരതാമസമാക്കിയിട്ടുണ്ട്. എറണാംകുളം, കോട്ടയം, തിരുവനന്തപുരം ഭാഗങ്ങളുമായും പാലക്കാട്ട് കോയമ്പത്തൂർ ഭാഗങ്ങളുമായും നിത്യേന ബന്ധപ്പെടുന്ന നിര

വധി ആളുകൾ ഈ പ്രദേശത്തുണ്ട്. ഇവരുടെ യാത്രാക്ലേശം പരിഹരിക്കുവാൻ ഈ പ്രദേശങ്ങളുമായി ബന്ധപ്പെടുത്തി KSRTC യുടെ ദീർഘദൂര സർവ്വീസുകൾ ചേലക്കര വഴി ആരംഭിക്കേണ്ടതാണ്. ചേലക്കരയിൽ ഒരു KSRTC ബസ്സ്റ്റേഷൻ സ്ഥാപിക്കാൻ കഴിഞ്ഞാൽ ഇതിന് വളരെയേറെ പരിഹാരമാകും.

ചേലക്കര പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് നിലവിലുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കേണ്ടത് അനിവാര്യമാണ്. റോഡുകളെ സംബന്ധിച്ചുള്ള ഗ്രാമസഭാ നിർദ്ദേശങ്ങളും ആവശ്യങ്ങളും മൂന്ന് പട്ടികയായി തിരിച്ച് താഴെ കൊടുക്കുന്നു. ജെ.ആർ.വൈ. സ്കീമിൽ നിർമ്മിച്ചിട്ടുള്ളതും ഒന്നിലധികം വാർഡുകളുമായി ബന്ധിപ്പിക്കുന്നതുമായ 8 മീറ്റർ വീതിയുള്ള റോഡുകളാണ് എ. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. SCP സ്കീമിൽ ഉൾപ്പെടുത്താവുന്നതും ഉൾപ്പെട്ടതുമായ റോഡുകളാണ് ബി പട്ടികയിൽ. സി. പട്ടിക വാർഡ് തിരിച്ചുള്ള നിലവിലുള്ള ചെറിയ റോഡുകളും പുതിയതായി ഉണ്ടാക്കേണ്ട റോഡുകളുമാണ്.

## ചേലക്കര പഞ്ചായത്തിലെ വാർഡുതിരിച്ചുള്ള മൊത്തം റോഡുകളുടെ പൊതുസ്ഥിതി

| | വാർഡിന്റെ പേര് | ആകെ ദൂരം | ടാർ | മെററൽ | മൺ |
|---|---|---|---|---|---|
| 1 | ചേലക്കര | 8.500 | 2.200 | 0.500 | 5 800 |
| 2 | പത്തുകുടി | 10.000 | 0.500 | 1.000 | 8 500 |
| 3 | വെങ്ങാനെല്ലൂർ | 15 500 | 0.800 | 1.000 | 13.700 |
| 4 | മേപ്പാടം | 14 500 | 0 500 | 0.500 | 13.500 |
| 5 | പരക്കാട് | 15.500 | 0.500 | 1 000 | 14.000 |
| 6 | പുലാക്കോട് | 18 000 | — | 0.500 | 17 500 |
| 7 | പുലാക്കോട് തെക്കുംമുറി | 20.000 | 0.800 | 0.500 | 18.700 |
| 8 | കാളിയാറോഡ് | 11 000 | — | — | 11.000 |
| 9 | പങ്ങാരപ്പിള്ളി | 16.500 | 1.500 | 3.000 | 12.000 |
| 10 | കുറുമല | 22.000 | 1.700 | 0 800 | 19.500 |
| 11 | തോന്നൂർക്കര കിഴക്കുമുറി | 10.000 | 2.700 | 0 500 | 6.800 |
| 12 | തോന്നൂർക്കര പടിഞ്ഞാററുമുറി | 11.500 | 2 300 | — | 9 200 |
| 13 | തോട്ടേക്കോട് | 11.000 | 1.500 | 2.800 | 6.700 |
| | ആകെ | 184.000 | 15.000 | 12.100 | 156.90 |

## പഞ്ചായത്ത് അതിർത്തിയിൽ വരുന്ന P.W.D. റോഡുകൾ

| | | |
|---|---|---|
| 1 | തൃശൂർ തിരുവില്വാമല റോഡ് | 4.800 |
| 2 | ചേലക്കര എളനാട് റോഡ് | 8.000 |
| 3 | ചേലക്കര കറുകകടവ് റോഡ് | 4.000 |
| | ആകെ | 16.800 |

മൂന്നു റോഡുകളുടെയും സ്ഥിതി മോശമാണ്. സൈഡ് പ്രൊട്ടക്ഷൻ നടത്തി കാനകൾ നിർമ്മിച്ച് റീടാർ ചെയ്യേണ്ടതാണ്.

A പട്ടിക

## ചേലക്കര പഞ്ചായത്തിലെ 8 മീററർ വീതിയുള്ള റോഡുകളുടെ സ്ഥിതി വിവരം

| ക്രമ നമ്പർ | വാർഡുകൾ | റോഡിന്റെ പേര് | ദൂരം കി. മീ. | ടാർ കി. മീ. | മെററൽ കി.മീ. | മൺ കി. മീ. |
|---|---|---|---|---|---|---|
| 1 | 11, 12, 13 | തോന്നൂർക്കര തോട്ടേക്കോട് വട്ടുള്ളി റോഡ് | 6.000 | 4.000 | 2.000 | ഇല്ല |
| 2 | 1, 10 | ചേലക്കര കുറുമല വട്ടുള്ളി റോഡ് | 5.000 | 2.300 | 0.700 | 2.000 |
| 3 | 2, 9 | ചേലക്കര പണ്ടാരപ്പിള്ളി കോളനി റോഡ് | 6.000 | — | 2.500 | 3.509 |
| 4 | 6, 7 | പുലാക്കോട് കൂട്ടാടൻ മലമ്പാടം റോഡ് | 5.000 | 0.800 | 0.500 | 3.700 |
| 5 | 6 | പുലാക്കോട് അടയ്ക്കോട് റോഡ് | 3.000 | ... | 0.500 | 2.500 |
| 6 | 5 | പാക്കാട് മെതുക് കോട്ടറോഡ് | 6.000 | ... | 1.000 | 5.000 |
| 7 | 4 | നാട്യൻചിറ വെങ്ങാനെല്ലൂർ റോഡ് | 1.500 | ... | 0.500 | 1.000 |
| 8 | 3 | വെങ്ങാനെല്ലൂർ അമ്പലനട വില്ലേജാഫീസ് റോഡ് | 2.000 | 0 250 | 1.000 | 0.750 |
| 9 | 1, 10 | ചേലക്കര കുറുമല പൂക്കുളങ്ങര കോളനി റോഡ് | 3.000 | ... | 0.500 | 2.500 |
| | | ആകെ | 37.500 | 7.350 | 9.200 | 20.950 |

**നിർദ്ദേശം** മേൽപറഞ്ഞ റോഡുകളുടെ സ്ഥിതി വളരെ മോശമാണ്. മെററലിങ്ങും, ടാറിങ്ങും നടത്തിയാൽ ബസ്സ് ഗതാഗതം ആരംഭിക്കാൻ കഴിയുന്നതാണ്.

## B. പട്ടിക

### S. C. P. പദ്ധതിയിൽ ഉൾപ്പെട്ടതും ഉൾപ്പെടുത്താവുന്നതുമായ 6 മീ. വീതിയുള്ള കോളനി റോഡുകളുടെ സ്ഥിതിവിവരം.

| ക്രമ നമ്പർ | വാർഡ് | റോഡിന്റെ പേര് | ദൂരം കി. മീ. | ടാർ കി. മീ. | മെററൽ കി.മീ. | മൺ കി.മീ. |
|---|---|---|---|---|---|---|
| 1 | 11 | തോന്നൂർക്കര പാറപ്പുറം നെല്ലികുന്ന് കോളനി റോഡ് | 2.000 | 2.000 | — | — |
| 2 | 9 | പങ്ങാരപ്പിള്ളി നെല്ലികുന്ന് കോളനി റോഡ് | 1.500 | 1.500 | — | — |
| 3 | 8 | കളപ്പാറ മങ്ങാട് മല്ലിശ്ശേരികാവ് റോഡ് | 4.000 | — | | മൺ |
| 4 | 7, 8 | കളപ്പാറ മലമ്പാടം തൊട്ടംവാടി കുളംബ് കോളനി റോഡ് | 3.000 | — | | ,, |
| 5 | 6 | പുലാക്കോട് പൊന്നുംകുന്ന് ,, | 1.650 | — | | ,, |
| 6 | 7 | അയ്യപ്പൻകുളം പറകുന്ന് | 3.000 | — | | ,, |
| 7 | 2 | ചീപ്പാറ മഞ്ഞംകുന്ന് കോളനി തെണ്ടൻകാവ് റോഡ് | 2.000 | — | | ,, |
| 8 | 8 | കളപ്പാറകുന്ന് കോളനി റോഡ് | 1.000 | — | | ,, |
| 9 | 10 | കുറുമല ഊരത്ത്കുന്ന് പൂക്കുളങ്ങര പുളിക്കൽ ചീർപ്പ്റോഡ് | 2.200 | — | 1.200 | 1.000 |
| 10 | 5 | വെങ്ങാനെല്ലൂർ ചേലപറമ്പ് കോളനിറോഡ് | 0.600 | — | | മൺ |
| 11 | 4 | നാട്ട്യൻചിറ കോളനി റോഡ് | 0.850 | — | | ,, |
| 12 | 3 | വെങ്ങാനെല്ലൂർ പടിഞ്ഞാററുമുറി ചവത പറമ്പ്കോളനി റോഡ് | 1.500 | — | | ,, |
| 13 | 10 | മാലകുളം മാരംകുന്ന് ,, | 1.000 | — | | ,, |
| 14 | 12, 13 | തോന്നൂർക്കര കോടങ്ങാട്ടുവളപ്പിൽ ,, | 3.000 | — | | ,, |
| 15 | 8 | കളപ്പാറ ഗിരിജൻ ,, | 1.000 | — | | ,, |
| 16 | 9 | പങ്ങാരപ്പിള്ളി തേക്കിൻകാട് ,, | 0 200 | — | | ,, |
| 17 | 9 | ഏഴരകുന്ന് അംബേദ്കർ ,, | 0.500 | — | | ,, |
| 18 | 6 | പൊററാരം ,, | 0.200 | — | | ,, |
| 19 | 3 | ഉദുവടി വെങ്ങാനെല്ലൂർ വട്ടപറമ്പ് ,, | 2.000 | — | | ,, |
| 20 | 11 | തോന്നൂർക്കര വെളുത്തേടത്ത്പടി കിഴക്കുംമുറി സാംബവകോളനി റോഡ് | 0.540 | — | | ,, |
| 21 | 8 | മാളിയേക്കൽ കുളംബ് ,, | 0.700 | — | | ,, |
| 22 | 6 | പുലാക്കോട് സാംബവ ,, | 0.900 | | | |
| | | ആകെ | 33.340 | 3.500 | 1.200 | 28.640 |

നിർദ്ദേശം :-പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളുമായും മിക്കവാറും കോളനികളുമായും ബന്ധപ്പെട്ടുകിടക്കുന്ന മേൽപ്പറഞ്ഞ റോഡുകൾ മെററലിങ്ങും ടാറിങ്ങും നടത്തി ഗതാഗത യോഗ്യമാക്കേണ്ടതാണ്.

സി പട്ടിക

## പുനരുദ്ധാരണ പ്രവർത്തികൾ നടത്തേണ്ട നിലവിലുള്ള മററു റോഡുകൾ

വാർഡ് 1 ചേലക്കര

| | റോഡിന്റെ പേര് | ആകെ നീളം കി. മീ. | ടാർ കി. മീ. | മെററൽ കി. മീ. | മൺ കി. മീ. | വീതി |
|---|---|---|---|---|---|---|
| 1 | പാലസ്-ഗ്രാമം പത്തുകുടി റോഡ് | 1.000 | 1.000 | ... | ... | 4 മീ |
| 2 | വി. രാമൻനായർ റോഡ് (ലൈസിയം-കോളത്തൂർ) | 0.800 | ... | ... | 0.800 | 4 മീ |
| 3 | കോൺവെൻറ്-ഗ്രാമം റോഡ് | 0.400 | ... | ... | 0.400 | 4 മീ |
| 4 | പടിഞ്ഞാറെ കോളത്തൂർ റോഡ് | 0.500 | ... | ... | 0.500 | 4 മീ |
| 5 | കിഴക്കെ കോളത്തൂർ റോഡ് | 0.300 | ... | ... | 0.300 | 3 മീ |
| 6 | ഭൂതം കോട്ടുകുളം-ഗ്രാമം റോഡ് | 1.000 | ... | ... | 1.000 | 3 മീ |
| 7 | നരസിംഹ മൂർത്തി അമ്പലം-പടിഞ്ഞാറെ നട റോഡ് | 0.500 | ... | ... | 0.500 | 3 മീ |
| 8 | ,, കിഴക്കെ നട റോഡ് | 0.300 | ... | ... | 0.300 | 3 മീ |
| 9 | ചേലക്കര മാർക്കററ് റോഡ് | 0.200 | ... | ... | 0.200 | 4 മീ |
| 10 | കംഫർട്ട് സ്റേറഷൻ റോഡ് | 0.100 | ... | ... | 0.100 | 3 മീ |
| 11 | മുഖാരിക്കുന്ന്-പുറപ്പടിയത്ത് റോഡ് | 0.300 | ... | ... | 0.300 | 3 മീ |
| 12 | ,, ഷൈൻ ഒയിൽ മിൽ റോഡ് | 0.300 | ... | ... | 0.300 | 3 മീ |
| 13 | ,, അന്തിക്കാട് റോഡ് | 0.300 | ... | ... | 0.300 | 3 മീ |
| | ആകെ | 6.000 | 1.000 | ... | 5.000 | |

പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

1 താരപ്പൻപടി ഇടവഴി വീതി കൂട്ടി റോഡാക്കുക.

വാർഡ് 2 പത്തുകുടി

| ക്രമ നമ്പർ | റോഡിന്റെ പേര് | ആകെ ദൂരം | ടാർ | മെററൽ | മൺ | വീതി |
|---|---|---|---|---|---|---|
| 1 | ലൈലമിൽ പത്തുകുടി റോഡ് | 0.500 | 0.500 | — | — | 4 മീ |
| 2 | ചാക്കപ്പൻപടി അന്തിമഹാകാളൻ കാവ് | 0.800 | — | 0.800 | — | 6 മീ |
| 3 | ഗ്രാമം നായ്ക്കൻകൂടാരം റോഡ് | 1.000 | | 0.600 | 0.400 | 4 മീ |
| 4 | മൂഖാരികുന്ന് ആശാരിപടി പുത്തൻപള്ളി റോഡ് | 0.500 | — | — | മൺ | 4 മീ |
| 5 | മുഖാരികുന്ന് സ്ക്കൂൾ റോഡ് | 0.300 | — | — | | 4 മീ |
| 6 | മൂശാരികുന്ന് ജവഹർ റോഡ് | 0.150 | — | — | | 3.5 മീ |
| 7 | പത്തുകുടി കിഴക്കെതല റോഡ് | 0.400 | — | — | | 4 മീ |
| 8 | പത്തുകുടി പടിഞ്ഞാറെതല റോഡ് | 0.400 | — | — | മൺ | 4 മീ |
| 9 | ലക്ഷം വീട് കോളനി റോഡ് | 0.150 | — | — | ,, | 4 മീ |
| | ആകെ = | 4.200 | 0.500 | 1.400 | | |

പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ.

1 പത്തുകുടി മുണ്ടംകോട്ട് പാടം തെണ്ടൻകാവ് റോഡ്.

2 തെണ്ടൻകാവ് പാടം വഴി കുറുമല ലിംങ്ക് റോഡ്.

വാർഡ് 3 വെങ്ങാനെല്ലൂർ

| ക്രമ നമ്പർ | റോഡിന്റെ പേര് | നീളം | ടാർ മെററൽ | മൺ | വീതി |
|---|---|---|---|---|---|
| 1 | തിരുത്തിപടി റോഡ് | 2.000 | ... | മൺ | 6 മീ |
| 2 | പുളിക്കൽ പറമ്പിൽ കോളനി റോഡ് | 0.250 | ... | ,, | 4 മീ |
| 3 | വെങ്ങാനെല്ലൂർ അമ്പലം മാരിയം കണ്ടത്ത്പടി റോഡ് | 0.500 | ... | ,, | 3 മീ |
| 4 | പുഷ്പ ഗിരിറോഡ് (റോമാകുന്ന്) | 1.250 | ... | ,, | 4 മീ |
| 5 | തൊഴുപ്പാടം മണ്ണാൻ കോളനി റോഡ് | 0.600 | ... | ,, | 4 മീ |
| 6 | ചേലക്കര അമ്പലനട ചെട്ടിത്തെരുവ് റോഡ് | 1.000 | 500 + 500 | ,, | 6 മീ |
| 7 | വടശ്ശേരി ഗ്രാമം റോഡ് | 1.000 | ... | മൺ | 3.5 മീ |
| 8 | മനപ്പടി കോളനി റോഡ് | 0.300 | ... | ,, | 4 മീ |
| 9 | വെമ്പോലമന റോഡ് | 0.500 | ... | ,, | 4 മീ |
| 10 | സഹകരണ സംഘം റോഡ് | 2.000 | ... | ,, | 3 മീ |
| | ആകെ | 9.4000 | 500 Tar<br>0.500 Metal | | |

## പുതുതായി നിർമിക്കേണ്ട റോഡുകളുടെ നിർദ്ദേശങ്ങൾ

1 ചേലക്കര യാക്കോബായ പള്ളി റോമാകുന്ന് റോഡ് വീതികൂട്ടി തോട്ടിൽ ഒരു പാലം നിർമ്മിച്ച് ഗതാഗത യോഗ്യമാക്കുക.

2 ഉദുവടി വട്ടപറമ്പ് അമ്പലനട റോഡിൽ ഒരു പാലം നിർമ്മിക്കുക.

3 ചവത പറമ്പ് കോളനി പൊട്ടൻചിറ റോഡ് നിർമ്മിക്കുക

4 ചേലക്കര ശ്മശാനം റോഡ് നിർമ്മിക്കുക

വാർഡ് 4 മേപ്പാടം

| ക്രമ നമ്പർ | റോഡിന്റെ പേര് | ആകെ ദൂരം | ടാർ | മെററൽ | മൺ | വീതി |
|---|---|---|---|---|---|---|
| 1 | മേപ്പാടം-പുത്തൻപള്ളി പത്തുകുടി | 1.250 | | | മൺ | 4 മീ |
| 2 | ആലായ്ക്കൽ കുളംമ്പ് റോഡ് | 1.650 | | | ,, | 4 മീ |
| 3 | നാട്ട്യൻചിറ വടക്കുംകോണം റോഡ് | 1.500 | | | ,, | 6 മീ |
| 4 | കൽതൊട്ടികുന്ന് കോളനി റോഡ് | 0.600 | | | ,, | 4 മീ |
| 5 | ലായില്ല്യകുളംമ്പ് വടക്കുംകോണം | 1.000 | | | ,, | 4 മീ |
| 6 | നാട്ട്യൻചിറ ലക്ഷം വീട് റോഡ് | 0.200 | | | ,, | 3.5 മീ |
| 7 | മേലാംകോൽ പരക്കാട് ഡാം റോഡ് | 1.000 | ടാർ | | | 4 മീ |
| 8 | ലായില്ല്യകുളംമ്പ്പള്ളി വടക്കുംകോണം അതിർത്തി റോഡ് | 1.250 | | | മൺ | 4 മീ |
| 9 | ലായില്ല്യകുളംമ്പ്പള്ളി പൊട്ടിപാറ റോഡ് | 0.500 | | | ,, | 4 മീ |
| 10 | കരുവാംപടി റോഡ് | 0.700 | | | ,, | 4 മീ |
| 11 | മനയ്ക്കതൊടി കോളനി റോഡ് | 0.500 | | | ,, | 3.5 മീ |
| 12 | പട്ടാണിപറമ്പ് കോളനി റോഡ് | 0.500 | | | ,, | 4 മീ |
| 13 | കൊളഞ്ചേരിതൊടി കോളനി റോഡ് | 0.500 | | | ,, | 4 മീ |
| 14 | അമല ഭവൻ റോഡ് | 0.200 | | | ,, | 4 മീ |
| 15 | മേപ്പാടം പാണംകുന്ന് കോളനി റോഡ് | 0.400 | | | ,, | 2 മീ |
| 16 | നാട്ട്യൻചിറകുളം മുസ്ലിയാർ റോഡ് | 0.200 | | | ,, | 2 മീ |
| | ആകെ | 11.950 | | | 11.950 | |

പുതുതായി നിർമിക്കേണ്ട റോഡുകൾ-പാലങ്ങൾ

1. മേപ്പാടം മേലാംകോൽ ലിങ്ക്റോഡ്-നിർമ്മാണവും, നിലവിലുള്ള പാലം വീതി കൂട്ടി ഗതാഗത യോഗ്യമാക്കുക നീളം 700 മീ
2. കൽതൊട്ടികുന്ന് ആലായ്ക്കൽകുളംമ്പ് റോഡ് 700 മീ
3. നാട്ട്യൻചിറ നെല്ലികുണ്ട് പൊന്നുംകുന്ന് റോഡ് 400 മീ
4. സദ്ധാം കോളനി (പട്ടാണിപറമ്പ്) റോഡിൽ നിന്ന് പാടത്തേക്ക് ഒരു നടപ്പാലം.

നിലവിലുള്ള റോഡുകൾ

**വാർഡ് 5 പരക്കാട്**

| ക്രമ നമ്പർ | റോഡിന്റെ പേര് | ആകെ ദൂരം | ടാർ മെററൽ | മൺ | വീതി |
|---|---|---|---|---|---|
| 1 | വെങ്ങാനെല്ലൂർ വായനശാല തളിപ്പടി | 1.225 | | മൺ | 6 മീ. |
| 2 | വാററുപുര കുളം റോഡ് | 0.750 | | ,, | 4 മീ. |
| 3 | വടക്കൂട്ട് കാവറി റോഡ് | 0.750 | | ,, | 4 മീ. |
| 4 | തേക്കുംതൊടി തേവരാനന്ദ കോളനി | 1.000 | | ,, | 3 മീ. |
| 5 | പരക്കാട് പുളിക്കൽപടി മെതുക് റോഡ് | 1.500 | | ,, | 6 മീ. |
| 6 | പരക്കാട് 72-ാം അംഗനവാടി റോഡ് | 0.300 | | ,, | 5 മീ. |
| 7 | മെതുക് 73-ാം അംഗനവാടി റോഡ് | 0.700 | | ,, | 4 മീ. |
| 8 | ഒരു പോക്ക്തൊടി കോളനി റോഡ് | 0.710 | | ,, | 4 മീ. |
| 9 | കൈനാട്ടിൽ പടി റോഡ് | 0.110 | | ,, | 4 മീ. |
| 10 | മെതുക് അംബേദ്കർ കോളനി റോഡ് | 0.600 | | ,, | 3 മീ. |
| 11 | മെതുക് പൂവത്താണി റോഡ് | 0.900 | | ,, | 4 മീ. |
| | ആകെ | 8.540 | | 8.540 | |

പുതിയതായി നിർമിക്കേണ്ട റോഡുകൾ.

1 കൃഷിതോട്ടം വടക്കുംകോണം നാട്ട്യൻചിററോഡ്.
2 ചോലപറമ്പ് തിരുത്തിയിൽ പടി ഒരുപോക്ക് കോളനി റോഡ്.
3 മെതുക് വേട്ടേക്കാരൻകാവ് റോഡ്.
4 മെതുക് ചെട്ടികുന്ന് റോഡ്.
5 തിരുത്തിയിൽ പടി ചക്കുന്നത്ത് റോഡ്.
6 പുളിക്കൽ പടി കല്ലാററ് മെതുക് റോഡ്.
7 പൂവത്താണി അംഗനവാടി റോഡ്.
8 വല്ലങ്ങിപാറ ഒരുപോക്കുതൊടി കോളനി റോഡ്.
9 വടക്കൂട്ട് കാവറി വായനശാല റോഡ്.

## വാർഡ് 6 പുലാക്കോട് വടക്കുംമുറി

| ക്രമ നമ്പർ | റോഡിന്റെ പേര് | ആകെ ദൂരം | ടാർ മെററൽ | മൺ | വീതി |
|---|---|---|---|---|---|
| 1 | അയ്യാഞ്ചിറംകുളം പള്ളിറോഡ് | 0.900 | ... | ,, | 4 മീ |
| 2 | ആലായ്ക്കൽകുളംബ് പൊന്നുംകുന്ന് റോഡ് | 1.000 | ... | ,, | 6 മീ |
| 3 | കരുവീട്ടിൽകുന്ന് കോളനി റോഡ് | 0 510 | ... | ,, | 4 മീ |
| 4 | പുലാക്കോട് പെരുംകുളം പെരുമനത്ത്പടി റോഡ് | 0.800 | ... | ,, | 6 മീ |
| 5 | പുലാക്കോട് ഗ്രാമം റോഡ് | 0.550 | ... | ,, | 5 മീ |
| 6 | ആലംഞ്ഞോട്ട്കുന്ന് കോളനി റോഡ് | 0.600 | ... | ,, | 4 മീ |
| 7 | പൊന്നുംകുന്ന് ആലായ്ക്കൽകുളംബ് | 1.000 | ... | ,, | 6 മീ |
| 8 | പന്നിപാടം പടിഞ്ഞാററുമുറിറോഡ് | 0.500 | ... | ,, | 5 മീ |
| 9 | പന്നിപാടം കിഴക്കുംമുറി റോഡ് | 0.500 | ... | ,, | 4. 5 മീ |
| 10 | മരഞ്ഞോട്ട്കുന്ന് പുലാക്കോട് റോഡ് | 0.540 | ... | ,, | 4 മീ |
| 11 | മൂപ്പർകുണ്ട് റോഡ് | 0.200 | ... | ,, | 3 മീ |
| 12 | മാളിയേക്കൽ റോഡ് | 0.200 | ... | ,, | 5 മീ |
| 13 | മരഞ്ഞോട്ട് റോഡ് | 0.200 | ... | ,, | 5 മീ |
| 14 | കാനകാവ് പെരുമനത്ത് റോഡ് | 0.300 | ... | ,, | 6 മീ |
| 15 | കോട്ടപ്പുറം മൂപ്പർ റോഡ് | 0.150 | ... | ,, | 3 മീ |
| 16 | മാപ്പിളകുളംബ് | 0.900 | ... | ,, | 3 മീ |
| 17 | അപ്പത്ത് കുന്ന് റോഡ് | 0.130 | ... | ,, | 3 മീ |
| 18 | ഏഴരകുന്ന്കോളനി റോഡ് | 0.900 | ... | ,, | 4 മീ |
| | | | ... | ... | ... |
| | | 9.880 | | | |

### പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

1 താമററൂർപടി കോളനി റോഡ് 2 ആര്യൻചോല റോഡ്
3 പന്നിപാടം കിഴക്കുംമുറി പൊന്നുംകുന്ന് റോഡ്

### നടപ്പാലം

1 താമററൂർ കോളനിയിലേയ്ക്ക് 2 പന്നിപാടം തോട്ടിൽ 3 പന്നിപാടം കിഴക്കുംമുറി തോട്ടിൽ.

## നിലവിലുള്ള റോഡുകൾ

വാർഡ് 7 പുലാക്കോട് തെക്കുംമുറി

| ക്രമ നമ്പർ | റോഡിന്റെ പേര് | ആകെ ദൂരം | ടാർ | മെററൽ | മൺ | വീതി |
|---|---|---|---|---|---|---|
| 1 | അരിമോടൻകുന്ന് പ്ലാന്റേഷൻ റോഡ് | 1.500 | | | മൺ | 6 മീ |
| 2 | പഞ്ഞാരപ്പിള്ളി നമ്പ്യയത്ത് വടക്കേകര സ്ക്കൂൾ റോഡ് | 1.700 | | | മൺ | 4 മീ |
| 3 | കൃഷ്ണനെഴുത്തശ്ശൻ സ്മാരക റോഡ് | 1.000 | | | ,, | 6 മീ |
| 4 | തോട്ടുപാലം വെട്ടേകാട്പടി റോഡ് | 0.800 | | | ,, | 5 മീ |
| 5 | നമ്പ്യയത്ത്പടി അരിമോടൻകുന്ന് | 1.000 | | | ,, | 4 മീ |
| 6 | പനംകുററി നമ്പ്യയത്ത്പടി പഞ്ഞാരപ്പിള്ളി റോഡ് | 1.500 | | | ,, | 4 മീ |
| 7 | പറക്കുന്ന് കോളനി റോഡ് | 0,600 | | | ,, | 4 മീ |
| 8 | പോത്തുംതടം അപ്പത്തകുളംമ്പ് റോഡ് | 0.700 | | | ,, | 4 മീ |
| 9 | അരിമോടൻകുന്ന് പൂലീരി റോഡ് | 1.000 | | | ,, | 6 മീ |
| 10 | പുലാക്കോട് അണിയത്ത്പടി റോഡ് | 0.400 | | | ,, | 4 മീ |
| 11 | പനംകുററി-ചാക്കപ്പള്ളി പ്ലോട്ട് റോഡ് | 0.500 | | | ,, | 3 മീ |
| | ആകെ | 10.700 | | | | |

## പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

1 ചെമ്പാംകുളംമ്പ് വെന്നൂർറോഡ്
2 നമ്പ്യാത്ത്പടി വടക്കേകര കോളനി പുലാക്കോട് സ്ക്കൂൾ റോഡ്
3 തോട്ടുപാലം പുലാക്കോട് സ്ക്കൂൾ റോഡ്
4 തൊട്ടാവാടികുളംമ്പ് കോളനി റോഡ്
5 നമ്പ്യാത്ത്പടി മോടൻകുന്ന് റോഡ്
6 പോത്തുംതടം അപ്പാത്ത്കുളംമ്പ് റോഡ്

## പാലം

1 കൃഷ്ണൻ എഴുത്തശ്ശൻ റോഡിൽ പാലം
2 തൊട്ടാവാടികുളംമ്പ് കോളനി റോഡിൽ രണ്ട് പാലങ്ങൾ

## നടപ്പാലം

1 കല്ലംകുളത്തിന് താഴെ നടപ്പാലം
2 ചെമ്പാംകുളംബ് ഭാഗത്ത് ഒരു നടപ്പാലം
3 കഴുത്തിടിഞ്ഞി തോട്ടിൽ നടപ്പാലം (മുകൾ ഭാഗത്ത്)
4 കഴുത്തിടിഞ്ഞി തോട്ടിൽ നടപ്പാലം (താഴെ ഭാഗത്ത്)
5 കല്ലംകുളം വടക്കേകര തോട്ടിൽ നടപ്പാലം

നിലവിലുള്ള റോഡുകൾ.

## വാർഡ് 8 കാളിയാറോഡ്

| ക്രമ നമ്പർ | റോഡിന്റെ പേര്. | ദൂരം | ടാർ മെററലിങ്ങ് | മൺ | വീതി |
|---|---|---|---|---|---|
| 1 | കാളിയാറോഡ് തെക്കേകുളംമ്പ് റോഡ് | 0.500 | | മൺ | 4 മീ. |
| 2 | കരടിമല റോഡ് | 0.500 | | ,, | 5 മീ. |
| 3 | പാലിയംപാടം ശ്മശാനം റോഡ് | 1.000 | | ,, | 6 മീ. |
| 4 | കാളിയാറോഡ്പള്ളി കോനത്ത്കുംമ്പ് റോഡ് | 0.750 | | ,, | 4 മീ. |
| | ആകെ | 2.750 | | | |

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ.

1 മഞ്ഞാട് അംഗൻവാടി തീർത്ഥാംകുഴി റോഡ്.

2 കളപ്പാറ മിച്ചഭൂമി റോഡ്.

3 പാലിയം പാടം കോതത്ത് കുളംമ്പ് റോഡ്.

## നടപ്പാലം

1 പാലിയം പാടം തോട്ടിൽ

2 കളപ്പാറ കുഴിഞ്ഞോടി ചോലയിൽ

5 മഞ്ഞാട് തോട്ടിൽ ജോയിയുടെ വീടിന് സമീപം

4 മഞ്ഞാട് തീർത്ഥാംകുഴി തോട്ടിൽ

## പാലം

മല്ലിശ്ശേരികാവ് തോട്ടിൽ പാലം (മഞ്ഞാട് വട്ടുള്ളി റോഡുമായി ബന്ധിപ്പിക്കുന്നതിന്)

## നിലവിലുള്ള റോഡുകൾ

വാർഡ് 9 പണ്ടാരപ്പിള്ളി

| ക്രമ നമ്പർ | റോഡിന്റെ പേര് | ആകെ ദൂരം | ടാർ | മെററൽ | മണ് | വീതി |
|---|---|---|---|---|---|---|
| 1 | കണ്ടംകുളം നമ്പ്യാരത്ത്പടി റോഡ് | 1.500 | | 0.500 | 1.000 | 4.8 മീ |
| 2 | പനംകുററി പ്ലാന്റേഷൻ കണ്ടൻകുളം റോഡ് | 1 500 | | | മണ് | 6 മീ |
| 3 | തേക്കിൻകാട് കോളനി റോഡ് | 0.200 | | | ,, | 4 മീ |
| 4 | ചാപ്പൻനായർ റോഡ് | 0.200 | | | ,, | 4 മീ |
| 5 | കാനകാവ് മംഗലംകുന്ന് പണ്ടാരചിറ റോഡ് | 2.500 | | | ,, | 6 മീ |
| 6 | ശേഖരത്ത്പടി പണ്ടാരചിറ റോഡ് | 1.000 | | | ,, | 4 മീ |
| 7 | ശേഖരത്ത്പാടം റോഡ് | 0.200 | | | ,, | 4 മീ |
| 8 | കളത്തോടി കോളനി റോഡ് | 0.150 | | | ,, | 4 മീ |
| 9 | കൈനിക്കപറമ്പ് ചാപ്പടം റോഡ് | 0.750 | | | ,, | 4 മീ |
| 10 | മഞ്ഞംകുന്ന് അന്തിമഹാകാളൻകാവ് | 0.200 | | | ,, | 3 മീ |
| 11 | കാവികുന്നേൽ റോഡ് | 0.500 | | | ,, | 4 മീ |
| 12 | കാനകാവ് പൂളകുളം റോഡ് | 0.160 | | | ,, | 4 മീ |
| 13 | യൂസഫ് റാവുത്തർപടി പള്ളിക്കരപടി റോഡ് | 1.000 | | | ,, | 4 മീ |
| 14 | കരുവാൻകുന്ന് റോഡ് | 0 500 | | | ,, | 3 മീ |
| 15 | മംഗലംകുന്ന് അന്തിമഹാകാളൻകാവ് റോഡ് | 0.400 | | | ,, | 3 മീ |
| | ആകെ | 10.360 | | | 0.500 | |

പുതുതായി നിർമിക്കേണ്ട റോഡുകൾ

1 നെല്ലിക്കുന്ന് കൊല്ലം കുളംമ്പ് റോഡ്

2 അംബേദ്കർ കോളനി പണ്ടാരച്ചിറ റോഡ്

കലുംങ്ക്

1 മംഗലംകുന്ന് അന്തിമഹാകാളൻകാവ് റോഡിൽ ഒരു കലുങ്ക്

2 കണ്ടംകുളം നമ്പ്യാരത്ത്പടി റോഡിൽ കണ്ടൻകുളത്തിന് സമീപം ഒരു കലുങ്ക്

3 കോനത്ത് കുളംമ്പ് റോഡിൽ ഒരു കലുംങ്ക്

## നിലവിലുള്ള റോഡുകൾ

### വാർഡ് 10 കുറുമല

| ക്രമ നമ്പർ | റോഡിന്റെ പേര് | ആകെ ദൂരം | ടാർ | മെററൽ | മൺ | വീതി |
|---|---|---|---|---|---|---|
| 1 | കുറുമല അയ്യപ്പൻകാവ് റോഡ് | 1.000 | ... | ... | മൺ | 8 മീ |
| 2 | വട്ടുള്ളി മല്ലിശ്ശേരികാവ് റോഡ് | 1.000 | ... | ... | ,, | 6 മീ |
| 3 | കുറുമല ചെറുകുളം റോഡ് | 1.000 | ... | ... | ,, | 6 മീ |
| 4 | വട്ടുള്ളി നായടികുന്ന് റോഡ് | 1.000 | ... | ... | ,, | 5 മീ |
| 5 | ചാപ്പാടം റോഡ് | 0.500 | ... | ... | ,, | 4 മീ |
| 6 | സജ്ജയ്നഗർ സാംബവകോളനി റോഡ് | 0.500 | 0.100 | ... | 0.400 | 6 മീ |
| 7 | ചാലമേൽപടി റോഡ് | 0.500 | ... | ... | മൺ | 4 മീ |
| 8 | മരംകുന്ന് ടാങ്ക് റോഡ് | 1.000 | ... | ... | ,, | 5 മീ |
| 9 | എറങ്ങോടത്ത്പടി കുമ്പാരംകുന്ന് റോഡ് | 0.800 | ... | ... | ,, | 4 മീ |
| 10 | ഊരത്ത്കുന്ന് ക്രോസ്സ് റോഡ് | 0.500 | ... | ... | ,, | 5 മീ |
| 11 | കമ്മ്യൂണിററിഹാരം റോഡ് | 0.500 | ... | ... | ,, | 4 മീ |
| 12 | പൂളിക്കൽ ചീർപ്പ് റോഡ് | 0.400 | ... | ... | ,, | 4 മീ |
| 13 | പാണകോളനി റോഡ് | 0.800 | ... | ... | ,, | 4 മീ |
| 14 | കെ. പി. ശങ്കരനെഴുത്തശ്ശൻ റോഡ് | 0.400 | ... | ... | ,, | 4 മീ |
| 15 | കഴുങ്കിൽ ഉണ്ണി എഴുത്തശ്ശൻ റോഡ് | 0.500 | ... | ... | ,, | 6 മീ |
| 16 | നമ്പ്യയത്ത്പടി റോഡ് | 0.300 | ... | ... | ,, | 3 മീ |
| 17 | മഹാത്മാ റോഡ് | 0.800 | ... | ... | ,, | 3 മീ |
| 18 | കല്ലേരാവ് വഴി | 0.600 | ... | ... | ,, | 2 മീ |
| | ആകെ | 12.100 | 100 | 100 | ,, | |

### പുതുതായി നിർമ്മിക്കേണ്ട പാലം കൽവർട്ട്

1 വട്ടുള്ളി മല്ലിശ്ശേരികാവ് റോഡ് മങ്ങാട് റോഡുമായി ബന്ധിപ്പിക്കുന്നതിന് മല്ലിശ്ശേരി തോട്ടിൽ പാലം

2 മല്ലിശ്ശേരികാവ് റോഡിൽ ഒരു കൽവർട്ട്.

3 ഗർഭചാല തോട്ടിൽ നടപ്പാലം 2 തോട്ടിൽ മല്ലിശ്ശേരികാവിന് സമീപം മുസ്ലീം പള്ളിയിലേക്ക് നടപ്പാലം 3 ചിറയുടെ സമീപം നടപ്പാലം 4 മല്ലിശ്ശേരികാവ് തോട്ടിൽ ചാപ്പാടം ഭാഗത്ത് നടപ്പാലം.

## വാർഡ് 11 തോന്നൂർക്കര കിഴക്കുംമുറി

| ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം | ടാർ മെററൽ | മൺ | വീതി |
|---|---|---|---|---|---|
| 1 | തോന്നൂർക്കര സ്ക്കൂൾ നെല്ലികുന്ന് കോളനി റോഡ് | 0.420 | | മൺ | |
| 2 | രാഘവ മേനോൻ പ്പടി റോഡ് | 0.800 | | ,, | 6 മീ. |
| 3 | ഖാദി സെൻറർ റോഡ് | 0.340 | | ,, | |
| 4 | കരുവാൻ പടി റോഡ് | 0.375 | | ,, | |
| 5 | കുററിക്കാട് കോളനി തട്ടാൻ പടി റോഡ് | 0.280 | | ,, | 6 മീ. |
| 6 | തട്ടാൻപടി നമ്പ്യാരത്ത്പടി റോഡ് | 0.250 | | ,, | |
| 7 | നരിമട അന്തിമഹാകാളൻകാവ് റോഡ് | 0.420 | | ,, | |
| 8 | തേവത്ത്ചിറ സഞ്ജയ്നഗർ റോഡ് | 0.800 | .300 + | 0.500 | 6 മീ. |
| 9 | ചത്തനാത്ത് പടി മിച്ചഭൂമി റോഡ് | 0.400 | | മൺ | |
| 10 | തേവത്ത് പടി നെല്ലികുന്ന് റോഡ് | 0.150 | | ,, | |
| 11 | നരിമട തെക്കെപ്പാട്ട് ചീർപ്പ് റോഡ് | 0.120 | | ,, | |
| 12 | അച്ചുകുളങ്ങര ചീർപ്പ് റോഡ് | 0 150 | | ,, | |
| 13 | വരികോട്ടിൽ പടി റോഡ് | 0.150 | | ,, | |
| 14 | കീഴേപ്പാട്ട് പടി റോഡ് | 0.200 | | ,, | |
| 15 | കിഴുമുറി വാസുമാസ്ററർ റോഡ് | 0.240 | | ,, | |
| 16 | കൊച്ചുകുട്ടൻ പടി കുററിക്കാട് പാടം റോഡ് | 0.075 | | ,, | |
| | ആകെ | 5.070 | .300 | .500 | |

നിലവിലുള്ള ഇടവഴികൾ വീതികൂട്ടി റോഡാക്കേണ്ടവ.

1 പുളിക്കൽ കറപ്പൻ പടി കുററിക്കാട് പാടം റോഡ്.
2 അംഗൻവാടി കരുവാൻ പടി റോഡ്.
3 വായനശാല പട്ടരുതൊടി റോഡ്.
4 കരുവാൻ പടി അയ്യപ്പൻ കാവിൽ റോഡ്
5 തെക്കെപ്പാട്ട് പടി ചീർപ്പ് മരുതാത്ത് കുളംബ് റോഡ്
6 കരുവാൻ പടി കല്ലംകുളം റോഡ്
7 പാറപ്പുറം പാണ്ടൻകുളം ബണ്ട് റോഡ്
8 പാലഞ്ചേരിപ്പാടം ആശാരിതറ റോഡ്.

വാർഡ് 12 തോന്നൂർക്കര പടിഞ്ഞാററുമുറി

| ക്രമ നമ്പർ | റോഡിൻെറ പേര് | ദൂരം | ടാർ/ മെററൽ | മൺ | വീതി |
|---|---|---|---|---|---|
| 1 | തോന്നൂർക്കര ആസ്പത്രി ചൊവ്വാക്കാവ് റോഡ് | 0.800 | 0.800 | | 6 മീ |
| 2 | ആലിക്കൽ റോഡ് | 0.400 | | മൺ | 5 മീ |
| 3 | വടക്കുമുറി കോളനി-പ്ലാൻേറഷൻ റോഡ് | 2.000 | | ,, | 6 മീ |
| 4 | പണ്ടാരത്ത്കുളംമ്പ് വടക്കുമൂറി കോളനി റോഡ് | 0.500 | | ,, | 6 മീ |
| 5 | പൊററെകാട്പടി റോഡ് | 0.200 | | ,, | 4 മീ |
| 6 | കളരിക്കൽ റോഡ് | 0.600 | | ,, | 4 മീ |
| 7 | പേരത്ത് റോഡ് | 0.200 | | ,, | 4 മീ |
| 8 | താമററൂർ കുണ്ട് റോഡ് | 0.300 | | ,, | 6 മീ |
| 9 | ചോലത്തൊടി കോളനി റോഡ് | 1.500 | | ,, | 5 മീ |
| | ആകെ | 6.500 | 0.800 | | |

## വാർഡ് 13 തോട്ടേകോട്

| ക്രമ നമ്പർ | റോഡിൻെറ പേര് | ആകെ ദൂരം | ടാർ | മെററൽ | മൺ | വീതി |
|---|---|---|---|---|---|---|
| 1 | ചൊവ്വകാവ് മാട്ടുങ്ങൽ റോഡ് | 2.000 | ... | ... | മൺ | 6 മീ |
| 2 | ചൊവ്വകാവ് മണ്ണാത്തിപാറ ഏമൂർ അമ്പലം റോഡ് | 3.000 | ... | ... | ,, | 6 മീ |
| 3 | മരുതത്ത്കുന്ന് റോഡ് | 0.500 | ... | ... | ,, | 4 മീ |
| 4 | തോട്ടേകാട് കാരക്കുണ്ട് റോഡ് | 1.000 | ... | ... | ,, | 6 മീ |
| 5 | മാട്ടുങ്ങൽ ചിറക്കുളം റോഡ് | 0.600 | ... | ... | ,, | 6 മീ |
| | ആകെ | 7.100 | ... | ... | ,, | |

## പുതുതായി നിർമ്മിക്കേണ്ട റോഡുകളും പാലവും

1 ആനപ്പാക്കൽ വലിയ വരമ്പ് ഏമൂർ ക്ഷേത്രം റോഡും, പാലവും,

2 കുണ്ടുപറമ്പ് റോഡ്

3 കോരൻകുളം കാരാട്ടിൻ റോഡ്

4 ചൊവ്വക്കാവ് മാട്ടുങ്ങൽ റോഡ്

5 വട്ടുള്ളി ആററുപുറത്ത്പടി ഇടവഴി സഞ്ചാര യോഗ്യമാക്കൽ

6 സ്രാമ്പിക്കൽ കുന്നത്ത് റോഡ്

7 തോട്ടേകോട് പടിഞ്ഞാറെ കരറോഡ് 8 മരുതാത്ത് റോഡ് നെല്ലികുന്ന് കോളനി റോഡുമായി ബന്ധിപ്പിക്കുക.

## ഊർജ്ജം

ഈ പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തിയത് 1956ൽ ആണ്. അതിനു മുൻപ് പ്രധാന കവലകളിൽ തെരുവു വിളക്കുകളായി വിളക്കുമാടവും, പാനിഷ് വിളക്കുകളുമാണ് ഉപയോഗിച്ചിരുന്നത്. ആദ്യകാലങ്ങളിൽ വീടുകളിൽ മാടമ്പി വിളക്കുകളും കൊട്ടെണ്ണ വിളക്കുകളും ഉപയോഗിച്ചിരുന്നു. വഴിയാത്രക്കാർ രാത്രികാലങ്ങളിൽ ചൂട്ടും, പന്തവും ഉപയോഗിച്ചിരുന്നു. കാലക്രമേണ കമ്പിറാന്തൽ, പതിനാലാം നമ്പർ വിളക്ക്, ഗ്യാസ്ലൈററ് എന്നിവ പ്രചാരത്തിൽ വരികയുണ്ടായി. പാചകത്തിന് മുഖ്യമായും വിറകടുപ്പുകൾ തന്നെയാണ് ഉപയോഗിച്ചിരുന്നത്. ജലസേചനത്തിനും, എണ്ണയാട്ടുന്നതിനും കാളകളെ ഉപയോഗിച്ചിരുന്നു. ചരക്കു ഗതാഗതത്തിനും, ദൂരയാത്രക്കും ആദ്യകാലങ്ങളിൽ ഉപയോഗിച്ചിരുന്നത് കാളവണ്ടികളാണ്, പിന്നീട് ഗതാഗതത്തിന് കരി ഉപയോഗിച്ച് ഓടുന്ന ബസ്സുകളും നിലവിൽ വന്നു. ക്രമേണ ഇന്ധനം ഉപയോഗിച്ചുള്ള ബസ്സുകളും, ആധുനിക രീതിയിലുള്ള യന്ത്ര സാമഗ്രികളും ഉപയോഗിക്കാൻ തുടങ്ങിയതോടുകൂടി മനുഷ്യന്റെ ഊർജ്ജ ആവശ്യവും വർദ്ധിച്ചു വരുന്നു.

ആധുനിക കാലഘട്ടത്തിലെ പ്രധാനപ്പെട്ട ഊർജ്ജം വൈദ്യുതി തന്നെയാണ്. ഗാർഹികം, കൃഷി, വാണിജ്യം, വ്യവസായം തുടങ്ങിയ ആവശ്യങ്ങൾക്കാണ് വൈദ്യുതി പ്രധാനമായും ഉപയോഗിക്കുന്നത്. ചേലക്കര പഞ്ചായത്തിൽ ആകെ 7267 വീടുകളാണുള്ളത്, ഇതിൽ 3225 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ആകെ 55 പട്ടികജാതി കോളനികളാണുള്ളത്. ഇതിൽ 48 കോളനികളും വൈദ്യുതീകരിച്ചിട്ടുള്ളതാണ്. ചേലക്കര പഞ്ചായത്തിൽ വൻകിട വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ല. ഇക്കാരണത്താൽ തന്നെ വ്യവസായ മേഖലയിൽ ലോടെൻഷൻ ഗുണഭോക്താക്കൾ മാത്രമാണുള്ളത്. കൃഷി ആവശ്യത്തിനു മാത്രമായി 430 പമ്പു സെററുകൾ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്നു. കൂടാതെ മണ്ണെണ്ണയും, ഡീസലും ഉപയോഗിച്ച് പ്രവർത്തിക്കുന്ന 640 പമ്പുസെററുകൾ വേറെയുമുണ്ട്. ഗാർഹികാവശ്യത്തിനുള്ള വൈദ്യുതി കൂടുതലും ഉപയോഗിക്കുന്നത് വെളിച്ചത്തിനും, വീട്ടുപകരണങ്ങളുടെ പ്രവർത്തനത്തിനുമാണ്, പാചകാവശ്യത്തിന് ഇപ്പോഴും കൂടുതൽ വീട്ടുകാർ വിറകിനെത്തന്നെയാണ് ആശ്രയിക്കുന്നത്. അംഗീകൃത ഗ്യാസ് ഏജൻസികൾ ഈ പഞ്ചായത്തിൽ ഇല്ല. എങ്കിലും പഞ്ചായത്തിനു പുറത്തുള്ള ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഗ്യാസ് അപൂർവ്വം ചില വീടുകളിൽ പാചകത്തിന് ഉപയോഗിക്കുന്നു. മണ്ണെണ്ണ സ്ററൗവ്വുകളുടെ ഉപയോഗവും ധാരാളമുണ്ട്. പുകയില്ലാത്ത അടുപ്പുകളുടെ പ്രചരണം വേണ്ടത്ര ആയിട്ടില്ല. സൗരോർജ്ജ ഉപയോഗവും പ്രചാരത്തിൽ ആയിട്ടില്ല. ചുരുക്കം ചില വീടുകളിൽ പാചകാവശ്യത്തിനും, വെളിച്ചത്തിനും ബയോഗ്യാസ് ഉപയോഗിക്കുന്നു,

വിറകിന്റെ ക്ഷാമവും വില വർദ്ധനവും സാധാരണക്കാരെ ബാധിക്കുന്ന ഗൗരവമായ പ്രശ്നങ്ങളാണ്. അതിനാൽ വിറകിന്റെ ഉപയോഗം പരമാവധി കുറക്കാനുള്ള മാർഗ്ഗങ്ങൾ പ്രാവർത്തികമാക്കേണ്ടത് അത്യാവശ്യമാണ്. മണ്ണെണ്ണയും, ഗ്യാസും ആവശ്യത്തിന് ലഭിക്കുന്നില്ല എന്നതും നിലവിലുള്ള ഊർജ്ജ പ്രതിസന്ധിക്ക് കാരണങ്ങളാണ്. വിറകടുപ്പുകൾക്ക് ഇന്ധനക്ഷമത തീരെ കുറവായതിനാൽ വിറകിന്റെ ചിലവ് വളരെ കൂടുന്നു. മാത്രമല്ല, വിറക് കത്തിക്കുന്നതുമൂലമുണ്ടാകുന്ന പുക വീട്ടമ്മമാരെ ബാധിക്കുന്ന ആരോഗ്യ പ്രശ്നവുമാണ്. മെച്ചപ്പെട്ട വിറകടുപ്പുകളും പുകയില്ലാത്ത അടുപ്പുകളും ഉപയോഗിച്ചാൽ വിറകിന്റെ അമിത ഉപയോഗം കുറക്കുന്നതിനും, പുകശല്യം ഒഴിവാക്കുന്നതിനും കഴിയുന്നതാണ്. ഇക്കാര്യത്തിൽ അനർട്ടിന്റെ പ്രവർത്തനം പഴയന്നൂർ ബ്ലോക്കിലേക്കു കൂടി വ്യാപിപ്പിക്കേണ്ടതാണ്. അനർട്ടിന്റെ പ്രവർത്തനപരിധിയിൽ ഈ പഞ്ചാ

യത്ത് ഉരംപ്പെടുന്നില്ലെങ്കിലും വടക്കാഞ്ചേരി ബ്ലോക്കിൽ പ്രവർത്തിച്ചു വരുന്ന I R E P ഓഫീസിൻെറ സഹായത്തോടെ ദക്ഷത കൂടിയതും കാസ്ററയേൺ കൊണ്ട് നിർമ്മിച്ചതുമായ 175 അടുപ്പുകളും ദക്ഷത കൂടിയ 24 സ്ററൗവ്വുകളും സബ്ബ്സിഡിയോടുകൂടി പഞ്ചായത്ത് മുഖേന വിതരണം ചെയ്തിട്ടുണ്ട്. വളരെയേറെ പ്രയോജനപ്രദവും ദക്ഷത കൂടിയതുമായ ഇത്തരം അടുപ്പുകരംക്ക് പ്രോത്സാഹനം കൊടുക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ പ്രധാന റോഡുകളിലും പട്ടികജാതി കോളനികളിലും തെരുവു വിളക്കുകരം സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ വളരെ അപൂർവ്വമായിട്ടു മാത്രമേ ഇവ കത്താറുള്ളൂ. ഇതുമൂലം തെരുവു വിളക്കുകരം സംബന്ധിച്ച പരാതികരം എന്നെന്നും നിലനിൽക്കുന്നു. എന്നാൽ പ്രധാനപ്പെട്ട ചിലകവലകളിൽ സ്ഥാപിച്ചിട്ടുള്ള ട്യൂബ് ലൈററുകളും, ഹലോജൻ വിളക്കുകളും വളരെ ഫലപ്രദമാണെന്ന് കാണുന്നു.

വൈദ്യുതി വിതരണത്തിലെ പ്രതിസന്ധി ഈ പഞ്ചായത്ത് പ്രദേശത്ത് ഒരു നിത്യസംഭവമാണ് എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. വോരംട്ടേജ് കുറവും അടിക്കടി ഉണ്ടാകുന്ന വിതരണ തടസ്സവും, പുതിയ കണക്ഷനുകരം നൽകുന്നതിനുള്ള ശേഷിക്കുറവും അടിയന്തിര പരിഹാരം കാണേണ്ട വിഷയങ്ങളാണ്. വടക്കാഞ്ചേരി സബ്സ്റേറഷനിൽ നിന്നുള്ള ഒരു ഫീഡർവഴി മാത്രമാണ് ഇന്ന് ചേലക്കരയിലേക്ക് വൈദ്യുതി എത്തുന്നത്. ഈ ഫീഡറിന് എന്തെങ്കിലും തകരാറു സംഭവിച്ചാൽ അത് ഒഴിവാക്കി നിർത്തി പകരം വൈദ്യുതി എത്തിക്കുന്നതിനുള്ള ഒരു സംവിധാനം കണ്ടെത്തുക എന്നതുമാത്രമാണ് ഇതിനൊരു പരിഹാരമായിട്ടുള്ളത്. പഴയന്നൂർ സബ്സ്റേറഷൻ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി അവിടെ നിന്നും വൈദ്യുതി എത്തിക്കുന്നതിന് സാധിക്കുകയാണെങ്കിൽ ഒരു പരിധി വരെ പ്രശ്നം പരിഹരിക്കാൻ കഴിയുന്നതാണ്. വൈദ്യുതി വിതരണത്തിനായി 25 ട്രാൻസ്ഫോർമറുകരം പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇപ്പോഴും ചിലസ്ഥലങ്ങളിൽ വേണ്ടത്ര വോരംട്ടേജ് ലഭിക്കുന്നില്ല. വോരംട്ടേജ് ക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകരം സ്ഥാപിച്ച് വോരംട്ടേജ് ക്ഷാമം പരിഹരിക്കാവുന്നതാണ്. കേരളത്തിൽ ഏററവും കൂടുതൽ വൈദ്യുതി ക്ഷാമം വരുന്നതും ഉപയോഗം കൂടുന്നതും ജനുവരി മുതൽ ജൂൺ മാസം വരെയാണ്. ഈ കാലങ്ങളിലാണ് ഏററവും കൂടുതൽ കാററും വെയിലും ലഭിക്കുന്നത്. ഇത് ഉപയോഗപ്പെടുത്തി വിൻറ് മില്ലുകളും സൗരോർജ്ജ പാനലുകളും സ്ഥാപിച്ച് നിലവിലുള്ള ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം കാണാൻ സാധിക്കുന്നതുമാണ്.

## പ്രശ്നങ്ങൾ

1. കൂടുതൽ ലോഡ് വരുന്ന പല ലൈനുകളിലും വർഷങ്ങരംക്കു മുൻപ് സ്ഥാപിച്ച ചെറിയതും ജീർണ്ണിച്ചതുമായ കമ്പികളാണ്.
2. വോരംട്ടേജ് ക്ഷാമവും, അടിക്കടി ഉണ്ടാകുന്ന വിതരണ തടസ്സവും.
3. വൈദ്യുതി ലൈനുകളിലെ ടച്ചിംഗുകരം യഥാസമയം വെട്ടുന്നില്ല.
4. വൈദ്യുതി ലൈൻ റോഡു വഴി അല്ലാത്തതു മൂലമുണ്ടാകുന്ന പ്രസരണ നഷ്ടം.
5. ഗുണ നിലവാരം കുറഞ്ഞ ബരംബുകളുടെ വിതരണം.
6. പാചക വാതകത്തിൻേറയും, മണ്ണെണ്ണയുടേയും ലഭ്യതക്കുറവ്.
7. വിറക് ലഭിക്കാനില്ലാത്തതും, വനങ്ങളിൽ നിന്നും വിറക് ശേഖരിക്കുന്നതിനുള്ള അനുവാദമില്ലാത്തതും.
8. ദക്ഷത കൂടിയ അടുപ്പുകളുടെ പ്രചരണക്കുറവ്.

9 പുകയില്ലാത്ത അടുപ്പുകളുടെ പ്രചരണക്കുറവും, അത് നിർമ്മിക്കാനുള്ള പരിശീലനം നേടിയവരുടെ അഭാവവും.

10 ദക്ഷത കൂടിയ അടുപ്പുകൾ, സ്റ്റൗവ്വുകൾ എന്നിവ ലഭിക്കുന്നതിനുള്ള സൗകര്യക്കുറവ്.

11 സ്റ്റെപ്പ് അപ്പ് ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന വൈദ്യുതിയുടെ അമിത ഉപയോഗം.

## നിർദ്ദേശങ്ങൾ

1 ലോഡ് കൂടുതൽ വരുന്ന ലൈനുകളിലെ ചെറിയതും, ജീർണ്ണിച്ചതുമായ കമ്പികൾ മാററി പകരം വണ്ണംകൂടിയ കമ്പികൾ ഇടുക.

2 വോൾട്ടേജ് കുറവുള്ള സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക. വൈദ്യുതി വിതരണത്തിൽ തടസ്സങ്ങളുണ്ടാകുമ്പോൾ മററ് സബ്ബ്സ്റ്റേഷനിൽ നിന്നും ഉടൻ വൈദ്യുതി എത്തിക്കുന്നതിനുള്ള ബദൽ സംവിധാനം ഏർപ്പെടുത്തുക. പഴയന്നൂർ സബ്ബ്സ്റ്റേഷന്റെ പണി പൂർത്തിയാകുമ്പോൾ അതിന്റെ പ്രയോജനം ചേലക്കര പഞ്ചായത്തിനും ലഭിക്കുമാറ് പുതിയൊരു ഫീഡർ ലൈൻ സ്ഥാപിക്കുക.

3 വൈദ്യുതിലൈനിൽ തട്ടാൻ സാദ്ധ്യതയുള്ള മരച്ചില്ലകൾ യഥാസമയം വെട്ടി മാററുക.

4 ആദ്യകാലങ്ങളിൽ സൗകര്യത്തിനു വേണ്ടി സ്വകാര്യവ്യക്തികളുടെ പറമ്പുകളിൽകൂടി എടുത്തിട്ടുള്ള ലൈനുകൾ മാററി റോഡുവഴി സ്ഥാപിക്കുക. ഇതുമൂലം മരക്കുടിലുകളിൽ കൂടിയുള്ള പ്രസരണനഷ്ടം വളരെ കുറയ്ക്കാൻ കഴിയും.

5 ഗുണമേൻമയുള്ള ബൾബുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുക. ബൾബുകൾക്കു പകരം ട്യൂബ് ലൈററുകളും, സോഡിയം വേപ്പർ ലാമ്പുകളും സ്ഥാപിക്കുക.

6 പഞ്ചായത്തിൽ ഒരു അംഗീകൃത പാചക വാതക വിതരണ ഏജൻസി അനുവദിക്കുക. ആവശ്യത്തിന് പാചക വാതകവും മണ്ണെണ്ണയും ലഭിക്കുന്നതിന് നടപടി സ്വീകരിക്കുക.

7 വിറക് ലാഭിക്കുന്നതിനുള്ള ദക്ഷതകൂടിയ അടുപ്പുകൾ ലഭ്യമാക്കുക. വനം വകുപ്പു മുഖേന പഞ്ചായത്തിൽ വിറക് ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

8 ബയോഗ്യാസ് നിർമ്മാണം പ്രോത്സാഹിപ്പിക്കുക. കൂടുതൽ സാമ്പത്തിക സഹായം അനുവദിക്കുക.

9 സൗരോർജ്ജ തെരുവുവിളക്കുകൾ സ്ഥാപിക്കുക. സൗരോർജ്ജ ഉപയോഗം വ്യാപകമാക്കുവാനുള്ള നടപടി സ്വീകരിക്കുക.

10 I R E P പദ്ധതി പ്രകാരം അനർട്ടിന്റെ സ്ക്കീമുകൾ പഞ്ചായത്തിൽ നടപ്പിലാക്കുക ദക്ഷത കൂടിയ അടുപ്പുകൾ സ്റ്റൗവ്വുകൾ എന്നിവ ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക,

11 ദക്ഷത കൂടിയ അടുപ്പുകളുടെയും പുകയില്ലാത്ത അടുപ്പുകളുടെയും പ്രചരണത്തിന് ആവശ്യമായ നടപടി സ്വീകരിക്കുക. പുകയില്ലാത്ത അടുപ്പുകൾ നിർമ്മിക്കുന്നതിന് വേണ്ടത്ര പരിശീലനം നൽകുക.

12 സ്റ്റെപ് അപ്പുകളുടെ ഉപയോഗം നിയന്ത്രിക്കുകയും, ഇൻവർട്ടർ സിസ്ററം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

13 I R E P പദ്ധതി പ്രകാരമോ, സർക്കാർ സഹായത്താലോ C F L ലാമ്പുകൾക്ക് വേണ്ടത്ര പ്രചരണം കൊടുക്കുകയും ബൾബുകൾക്കു പകരം ഇത്തരം ലാമ്പുകൾ സ്ഥാപിക്കാൻ പ്രോത്സാഹനം നൽകുകയും ചെയ്യുക.

14 40 volt ചോക്കോടുകൂടിയ 2 അടി ട്യൂബുകൾക്ക് വേണ്ടത്ര പ്രചരണം നൽകുക.

## പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

1 കോൽപുറം
2 വട്ടൊള്ളി
3 കുറുമല കിഴക്കുഭാഗം
4 പടിഞ്ഞാറെ പണ്ടാരപിള്ളി
5 നാട്ട്യേൻചിറകുളം
6 പത്തുകുടി
7 തോന്നൂർക്കര നരിമട
8 പുലാക്കോട്

## വൈദ്യുതി എത്തിക്കേണ്ട കോളനികൾ

| ക്രമ നമ്പർ | കോളനിയുടെ പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | ചെമ്പാൻകുളമ്പ് | 7 |
| 2 | താമററൂർപടി | 6 |
| 3 | പെരുമനത്ത്പടി | 6 |
| 4 | വട്ടപ്പാറ | 5 |
| 5 | പരക്കാട്ട് അംബേദ്കർ | ,, |
| 6 | പ്ലാശ്ശേരിപടി | ,, |
| 7 | മാരാൻകുന്ന് | 10 |

## വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

| ആകെ വീടുകളുടെ എണ്ണം | നിലവിലുള്ള ഉപഭോക്താക്കൾ | | | | സൗജന്യമായി വൈദ്യുതി ലഭിക്കുന്ന വീടുകൾ | തെരുവ് വിളക്കുകളുടെ എണ്ണം | എൽ.ടി ട്രാൻസ്ഫോർമറുകളുടെഎണ്ണം |
|---|---|---|---|---|---|---|---|
| | ഗാർഹികം | വ്യാപാരം | വ്യവസായം | കാർഷികം | | | |
| 7267 | 3225 | 432 | 101 | 430 | 848 | 681 | 25 |

## തെരുവ് വിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ

| സോഡിയം വേപ്പർ ലാംബ് | ട്യൂബ് ലൈററ് | ബൾബ് | ആകെ | പ്രതിമാസം അടയ്ക്കുന്ന സംഖ്യ |
|---|---|---|---|---|
| 5 | 45 | 631 | 631 | 9695 ക. |

## നിലവിലുള്ള എൽ.ടി. ട്രാൻസ്ഫോർമറുകളുടെ വിവരങ്ങൾ

S No.

1 തോന്നൂർക്കര No: 1
2 തോന്നൂർക്കര No: 2
3 തോന്നൂർക്കര No: 3
4 തോട്ടേക്കോട്
5 കുറുമല
6 കോളത്തൂർ
7 ചെട്ടിത്തെരുവ്
8 വെങ്ങാനെല്ലൂർ
9 ഏച്ചാടി
10 പരക്കാട്
11 ചോലപറമ്പ്
12 വല്ലങ്ങിപ്പാറ
13 നോവൽററി
14 മുത്തശ്ശി
15 പത്തുകുടി
16 ഗ്രാമം
17 മേപ്പാടം
18 രാജൻ
19 അന്തിമഹാകാളൻകാവ്
20 പുലാക്കോട്
21 അടയ്ക്കോട്
22 കുട്ടാടൻ
23 പണ്ടാരപ്പിള്ളി
24 കളപ്പാറ
25 കാളിയാറോഡ്

## തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

**വാർഡ് 1**
1 ഷൈൻ ഓയിൽ മിൽ റോഡ്.
2 പൊറപ്പടിയത്ത് റോഡ്.
3 അന്തിക്കാട്ട് റോഡ്.
4 രാമൻനായർ റോഡ്—കോളത്തൂർ വരെ.
5 കോളത്തൂർ പടിഞ്ഞാറ് ഭാഗം.

**വാർഡ് 2**
1 ആയൂർവ്വേദ ആശുപത്രി—ചാക്കപ്പൻപടി മെയിൻ റോഡ്.
2 ചാക്കപ്പൻപടി—അന്തിമഹാകാളൻ കാവ് റോഡ്.
3 ചീപ്പാറ—തെണ്ടൻകാവ് റോഡ്.
4 പത്തുകുടി ലക്ഷം വീട് റോഡ്.
5 ആശാരിപ്പടി—പുത്തൻപള്ളി റോഡ്.

**വാർഡ് 3**
1 ചെട്ടിത്തിരിവ്—വെങ്ങാനെല്ലൂർ അമ്പലനട റോഡ്.
2 തിരുത്തിപ്പടി റോഡ്.
3 അമ്പലനട—വില്ലേജ് ഓഫീസ് റോഡ്.

**വാർഡ് 4** 1 നാട്ട്യേൻചിറ സൂപ്പിപ്പടി മെയിൻ റോഡ്.
2 ആലായിയ്ക്കൽ കുളമ്പ് റോഡ്.
3 മേപ്പാടം ജുമാമസ്ജിദ് റോഡ്.

**വാർഡ് 5** 1 വെങ്ങാനെല്ലൂർ സൊസൈററി മുതൽ
ശ്രീകൃഷ്ണ എസ്റേററ് വരെ.
2 പരക്കാട് സെൻറർ മുതൽ പുവ്വത്താണി വരെ.

**വാർഡ് 6** 1 പൊന്നുംകുന്ന് കോളനി റോഡ്.
2 ഗ്രാമം റോഡ്.
3 ചാക്കപ്പൻപടി പുലാക്കോട് മെയിൻ റോഡ്.
4 അടക്കോട് റോഡ്.

**വാർഡ് 7** 1 പനംകുററി ഭാഗം റോഡ്.
2 കുട്ടാടൻ സെൻറർ.

**വാർഡ് 8** 1 പനംകുററി മുതൽ കാളിയാറോഡ് വരെ മെയിൻ റോഡിൽ.
2 ചാക്കപ്പൻ കുളമ്പ്.
3 കരടിമല.
4 കളപ്പാറ ഖാദിസെൻറർ റോഡ്.

**വാർഡ് 9** 1 കണ്ടംകുളം നമ്പ്യേത്ത്പടി റോഡ്
2 അന്തിമാഹാകാളൻകാവ് റോഡുമുതൽ
പടിഞ്ഞാറെ പണ്ടാരപ്പിള്ളി വരെ.
3 പുലാക്കോട് മുതൽ പനംകുററി വരെ.

**വാർഡ് 10** 1 സജ്ജയ്നഗർ മുതൽ വട്ടുള്ളി വരെ.
2 അയ്യപ്പൻകാവ് റോഡ്.

**വാർഡ് 11** 1 തേവത്ത്ചിറ മുതൽ കുറുമല സജ്ജയ്നഗർ വരെ,
2 നരിമട അന്തിമഹാകാളൻകാവ്
3 രാഘവമേനോൻ പടി റോഡ്.
4 ചേലക്കര പൊതുപാലം മുതൽ തോന്നൂർക്കര വരെ.
5 പാറപ്പുറം—നെല്ലിക്കുന്ന് റോഡ്.
6 കുററിക്കാട് കോളനി മുതൽ തട്ടാൻപടി വരെ.
7 ചാത്തനാത്ത്പടി മിച്ചഭൂമി റോഡ്.

**വാർഡ് 12** 1 പള്ളിക്കുന്ന് ആലിയ്ക്കൽപടി റോഡ്
2 വടക്കുംമുറി കോളനി റോഡ്.
3 കളരിക്കൽ പടി റോഡ്

**വാർഡ് 13** 1 ചൊവ്വാകാവ് മണ്ണാത്തിപ്പാറ റോഡ്
2 പണ്ടാരത്ത്കുളമ്പ് വടക്കുംമുറി റോഡ്
3 മരുതാത്ത് റോഡ്

## വൈദ്യുതി എത്തിക്കേണ്ട പ്രദേശങ്ങൾ

### വാർഡ് 4

നാട്ട്യേൻചിറ വടക്കുംകോണം റോഡ്, നാട്ട്യേൻചിറ ലായില്യകുളമ്പ്, നാട്ട്യേൻചിറ ലക്ഷംവീട്, നാട്ട്യേൻചിറ നെല്ലിക്കുണ്ട് റോഡ്, ഒററയിൽപടി റോഡ്.

### വാർഡ് 5

കൃഷിത്തോട്ടം വഴി നാട്ട്യേൻചിറ വരെയും, വാററുപുര പ്രദേശം, തളിപ്പടി റോഡ്, കേള മംഗലം എസ്റേററ് പരിസരം,

### വാർഡ് 6

അയ്യായിരംകുളം, മാങ്ങോട്ട് കുന്ന്, അട ക്കോട് ആര്യൻചോല, താമററൂപടി കോളനി, ആലായിക്കൽ കുളമ്പ്.

### വാർഡ് 7

മലമ്പാടം, പോത്തിൻതടം, അരിമോടൻ കുന്ന്, ചെമ്പാംകുളമ്പ്.

### വാർഡ് 8

കോതത്ത് കുളമ്പ്, അരളിക്കുന്ന്, പാലി യംപാടം, മിച്ചഭൂമി, മങ്ങാട്, മല്ലിശ്ശേരി ക്കാവ്.

### വാർഡ് 9

മംഗലം കുന്ന് പ്രദേശം, കരുവാൻ കുന്ന് കോനത്ത്കുളമ്പ്, തോന്നൂര്പള്ളിക്കരപ്രദേശം, തേക്കിൻകാട് കോളനി, ചാപ്പാടം പ്രദേശം, കണ്ടംകുളം കോളനി, കൊല്ലംകുളമ്പ്.

### വാർഡ് 10

മാരാംകുന്ന് കോളനി, കിഴക്കെ വട്ടൊള്ളി, നായാടിക്കുന്ന്.

### വാർഡ് 13

മണ്ണാത്തിപ്പാറ

★



അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക്

# സാമൂഹ്യക്ഷേമം
# പാർപ്പിടം

അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്

# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ പരിപാടികളുടെ ആവശ്യം തന്നെ ദാരിദ്ര നിർമ്മാർജ്ജനമാണല്ലോ. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ദരിദ്ര ജനവിഭാഗങ്ങളുടെ പുരോഗതിക്കുവേണ്ടി നിരവധി ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വികസന ബ്ലോക്കുകളുടെ ആരംഭത്തോടു കൂടിയാണ് സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. പഞ്ചവൽസര പദ്ധതികളുടെ പ്രധാന ലക്ഷ്യം ദാരിദ്ര്യ നിർമ്മാർജ്ജനമായിരുന്നെങ്കിലും മൂന്നു പദ്ധതികൾ കഴിഞ്ഞിട്ടും ഇക്കാര്യത്തിൽ വേണ്ടത്ര പുരോഗതി ഉണ്ടായില്ല. ഇക്കാരണത്താൽ ദാരിദ്ര നിർമ്മാർജ്ജനത്തിൽ പ്രത്യേകം ഊന്നൽ നൽകി കൊണ്ടുള്ള പദ്ധതികൾക്ക് നാലാം പഞ്ചവൽസര പദ്ധതി മുതൽ പ്രാമുഖ്യം നൽകി തുടങ്ങി. തൊഴിൽ രഹിതരുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയാത്തത് ജനങ്ങളിൽ ദാരിദ്ര്യം നിലനിൽക്കുന്നതിന് ഇടവരുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ അന്നു പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധി പ്രഖ്യാപിച്ച 'ഗരീബി ഹഠാവോ' എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കുന്നതിനായി ആരംഭിച്ച തൊഴിൽ ദാനപദ്ധതികളാണ് ഫുഡ് ഫോർ വർക്ക്, ക്രാഷ് പ്രോഗ്രാം, എസ്. എഫ്. ഡി. എ, തുടങ്ങിയ സാമൂഹ്യ ക്ഷേമ പദ്ധതികൾ. ദരിദ്രരായ ഗ്രാമീണർക്കു തൊഴിലും അതോടൊപ്പം അവരുടെ വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യമിട്ടാണ് ഈ പദ്ധതികൾക്ക് തുടക്കം കുറിച്ചത്. ഈ ഘട്ടത്തിൽ തന്നെ തുടക്കം കുറിച്ച ബൃഹത്തായ ഒരു സാമൂഹ്യക്ഷേമ പരിപാടിയാണ് ഇൻറഗ്രേറഡ് ചൈൽഡ് ഡവലപ്പ് മെൻറ് സ്കീം (ഐ. സി. ഡി. എസ്സ്) അമ്മമാരുടെയും, കുട്ടികളുടേയും ക്ഷേമം മുൻനിർത്തി ഇന്ന് നമ്മുടെ നാട്ടിൽ ഏറെ പ്രചാരം സിദ്ധിച്ച അംഗൻവാടികൾ ഇതിന്റെ ഘടകങ്ങളാണ്.

ഈ പദ്ധതികളെല്ലാം നടപ്പിലാക്കിയിട്ടും ലക്ഷ്യം നേടാനായില്ല ഈ സാഹചര്യത്തിലാണ് ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള അൻപതു ശതമാനത്തോളം വരുന്ന ഗ്രാമീണരുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി 1980 മുതൽ സംയോജിത ഗ്രാമ വികസന പരിപാടി (ഐ. ആർ. ഡി. പി) നടപ്പിലാക്കി വരുന്നത്. ആറാം പഞ്ചവൽസര പദ്ധതി കാലത്ത് (1980-85) ഓരോ ബ്ലോക്കിലും മുവ്വായിരം കുടുംബങ്ങളെ വീതം സഹായിക്കുന്നതിന് ലക്ഷ്യമിട്ടാണ് പരിപാടി ആരംഭിച്ചത്. ഇതോടൊപ്പംതന്നെ ഗ്രാമീണർക്ക് തൊഴിൽ നൽകി അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ദേശീയ ഗ്രാമീണ തൊഴിൽദാന പരിപാടി (എൻ. ആർ. ഇ. പി)യും നടപ്പിലാക്കി തുടങ്ങി. കൂടാതെ 1983 മുതൽ ഗ്രാമീണ ഭൂരഹിത തൊഴിൽ ഭദ്രതാ പരിപാടിയും (ആർ എൽ. ഇ. ജി. പി) ആരംഭിച്ചു. വർഷത്തിൽ നൂറു ദിവസമെങ്കിലും ഭൂരഹിത ഗ്രാമീണ തൊഴിലാളികൾക്ക് തൊഴിൽ നൽകുകഎന്ന ലക്ഷ്യത്തോടെയാണ് ഈ പരിപാടി ആരംഭിച്ചത്. 1988-ൽ ഈ രണ്ടു പദ്ധതികളും സംയോജിപ്പിച്ച് ഗ്രാമ പ്രദേശങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനും, പാവപ്പെട്ടവർക്ക് നേരിട്ടു പ്രയോജനം ലഭിക്കുന്ന സ്ഥായിയായ സാമൂഹ്യ ആസ്തികൾ നിർമ്മിക്കുന്നതിനും ഉദ്ദേശിച്ചാണ് ജവഹർ റോസ്ഗാർയോജന (ജെ. ആർ. വൈ) ആരംഭിച്ചിട്ടുള്ളത്.

ഗ്രാമ വികസന വകുപ്പു മുഖേനയുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും, തൊഴിൽ ദാന പദ്ധതികളുമാണ് ഇന്ന് വികസന ബ്ലോക്കുകൾ പ്രധാനമായും നടപ്പിലാക്കുന്നത്. ഇതിൽ ഏററവും പ്രധാനപ്പെട്ട രണ്ടു പദ്ധതികളാണ് ജെ. ആർ വൈ. യും ,ഐ. ആർ. ഡി. പി. യും JRY പദ്ധതിയുടെ ഉപ പദ്ധതികൾ എന്ന നിലയിൽ ഇന്ദിര ആവാസ് യോജന, മില്ല്യൻവെൽ എന്നീ രണ്ടു പദ്ധതികളും നപ്പിലാക്കിവരുന്നു. കൂടാതെ റൂറൽ ആർട്ടിസാൻസ് പ്രോഗ്രാം (RAP) ഗ്രാമീണ വനിതാ ശിശു വികസന പരിപാടി (DWCRA), ട്രൈസം, സെൻട്രൽ റൂറൽ സാനിട്ടേഷൻ പ്രോഗ്രാം, (സി. ആർ. എസ്. പി) തുടങ്ങിയ നിരവധി പദ്ധതികൾ വേറെയുമുണ്ട്. സാമൂഹ്യക്ഷേമ പദ്ധതികൾ എന്ന നിലയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിരവധി പെൻഷൻ ധന സഹായ പദ്ധതികൾ കൂടി നടപ്പി

ലാക്കിവരുന്നുണ്ട്. ഇന്ത്യയിൽ വെച്ച് ഏററവും കൂടുതൽ സാമൂഹ്യ ക്ഷേമ പദ്ധതികൾ നടപ്പി ലാക്കി വരുന്ന ഒരു സംസ്ഥാനമാണ് കേരളം.

ആകെ 39397 പേർ ജനസംഖ്യയുള്ള ചേലക്കര പഞ്ചായത്തിൽ 19244 പേർ സ്ത്രീകളും, 5615 പേർ പട്ടികജാതിയിൽ പെട്ടവരുമാണ്. സ്ത്രീ കളിൽ ഭൂരിഭാഗവും തൊഴിലില്ലാത്തവരും തൻ മൂലം സാമ്പത്തിക പ്രയാസങ്ങൾ അനുഭവിക്കു ന്നവരുമാണ്. പട്ടിക ജാതിയിൽപെട്ട മിക്കവരും സാമ്പത്തികമായും, വിദ്യഭ്യാസപരമായും, തൊഴിൽ പരമായും അവശതയനുഭവിക്കുന്നവ രാണ്. പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും കാർഷികവൃത്തിയുമായി ബന്ധപ്പെട്ടവരാണ്. അർഹതപ്പെട്ട പലർക്കും കർഷക തൊഴിലാളി പെൻഷൻ ലഭിക്കുന്നില്ല. വാർദ്ധക്യകാല പെൻ ഷൻ, വിധവാ പെഷൻ, വികലാംഗ പെൻഷൻ എന്നിവ ലഭിക്കാത്ത നിരവധി പേർ ഇനിയും ഉണ്ട്. ദേശീയ കുടുംബ ക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങൾ ചുരുക്കം പേർക്കു മാത്രമേ ഇതു വരെ ലഭിച്ചിട്ടുള്ളൂ. വിവിധ വിഭാഗങ്ങളിൽപെട്ട തൊഴിലാളികൾക്കു വേണ്ടി നടപ്പിലാക്കി വരുന്ന ക്ഷേമ നിധികളുടെ ആനുകൂല്യങ്ങൾ ലഭിക്കാ ത്തവരായി ഒട്ടനവധി ആളുകൾ ഈ പഞ്ചായത്തി ലുണ്ട്.

**പഞ്ചായത്തിൽ വിവിധ പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം**

| | |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 580 |
| വാർദ്ധ്യകക്കാല പെൻഷൻ | 167 |
| വിധവാ പെൻഷൻ | 147 |
| വികലാംഗ പെൻഷൻ | 160 |
| T. B. പെൻഷൻ | 1 |
| കാൻസർ പെൻഷൻ | 9 |
| അവശകലാകാര പെൻഷൻ | 1 |

ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം ചേലക്കര പഞ്ചായത്തിൽ 3874 കുടുംബങ്ങൾ ദാരിദ്ര രേഖക്കു താഴെയുള്ളതായി കാണുന്നു. ഇത്രയേറെ സാമൂഹ്യക്ഷേമ പദ്ധതികളും, തൊഴിൽദാന പദ്ധതികളും നടപ്പിലാക്കിയിട്ടും ഏകദേശം പകുതിയോളം കുടുംബങ്ങൾ ഇനിയും ദാരിദ്ര്യ രേഖക്കു താഴെ നിൽക്കുന്നു എന്ന് കാണുന്നത് ഒട്ടും അഭികാമ്യമല്ല നമ്മുടെ ലക്ഷ്യം സോഷ്യലിസ്ററ് സമ്പദ്ഘടനയുള്ള ഒരു ക്ഷേമ രാഷ്ട്രമാണ്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിലൂടെ മാത്രമെ നമുക്ക് ആ ലക്ഷ്യത്തിലേക്കെത്തുവാൻ സാധിക്കുകയുള്ളൂ. ഉൽപ്പന്നങ്ങളും, സേവന ങ്ങളും വൻതോതിൽ ലഭ്യമാക്കാതെയും, പൂർണ്ണ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യാതെ, ദാരിദ്ര്യ നിർമ്മാർജ്ജനം സാധ്യമാവു കയില്ല.

## ചേലക്കര ഗ്രാമപഞ്ചായത്ത്

### ഐ ആർ. ഡി. പി. സർവ്വേ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ പേര് വിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബ ങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബ ങ്ങൾ | നാളിതുവരെ സഹായം ലഭിച്ച കുടും ബങ്ങൾ | ഇതിൽ SC/ST | സഹായം വഴി ദാരിദ്ര രേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബ ങ്ങൾ (സഹായം ലഭി ച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 6, 7, 8, 9 | 1399 | 118 | 121 | 65 | 121 | 1399 |
| 1, 2, 3, 4, 5 | 1524 | 191 | 140 | 97 | 140 | 1524 |
| 10, 11, 12, 13 | 951 | 87 | 94 | 55 | 94 | 951 |
| ആകെ | 3874 | 396 | 355 | 217 | 355 | 3874 |

## ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | ഐ. ആർ. ഡി. പി സർവ്വേ പ്രകാരം ഗ്രാമീണ കൈ തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവർ | സഹായം ആവശ്യമുള്ളവർ |
|---|---|---|---|
| 1, 2, 3, 4, 5 | 89 | 7 | 82 |
| 6, 7, 8, 9 | 13 | 13 | |
| 10, 11 12, 13 | 57 | 4 | 53 |
| | ആകെ 159 | 24 | 135 |

പഞ്ചായത്ത് രാജ് നിയമമനുസരിച്ച് സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളുടേയും, ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടേയും കുറെയേറെ ചുമതലകൾ ഇതിനകം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി കഴിഞ്ഞിരിക്കുകയാണല്ലൊ. നാളിതുവരെ ഇത്തരം ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ വന്നിട്ടുള്ള പോരായ്മകൾ പരിഹരിക്കേണ്ട ചുമതല ഗ്രാമ പഞ്ചായത്തുകൾക്കാണ്. നിലവിലുള്ള പദ്ധതികളുടെ ഗുണഫലം ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്നതിന് കർമ്മപരിപാടികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ 39 അംഗൻവാടികളും, രണ്ട് ബാലവാടികളും പ്രവർത്തിച്ചു വരുന്നു. ഇതിൽ 5 എണ്ണത്തിന് സ്വന്തമായി കെട്ടിടം ആയിട്ടില്ല. അംഗൻവാടികളോടനുബന്ധിച്ച് മഹിളാസമാജങ്ങളുണ്ടെങ്കിലും അവയുടെ പ്രവർത്തനം ഒട്ടും സജീവമല്ല.

വേലക്കര പഞ്ചായത്തിൽ പൊതുവിതരണ രംഗത്ത് 16 റേഷൻഷോപ്പുകളും, സിവിൽ സപ്ലൈയ്സ് കോർപ്പറേഷന്റെ ഒരു മാവേലി സ്റ്റോറും പ്രവർത്തിക്കുന്നു. ഇതിനു പുറമേ രണ്ടു റേഷൻ കടകൾ കൂടി നിലവിൽ ഉണ്ടായിരുന്നു. എന്നാൽ അവ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഇത് തുറന്നു പ്രവർത്തിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. റേഷൻകടകളുടെ പ്രവർത്തനം പൊതുവെ തൃപ്തികരമാണെന്ന് പറയാം. മാവേലി സ്റ്റോറിൽ പലപ്പോഴും ആവശ്യത്തിന് സാധനങ്ങൾ ലഭിക്കാത്ത അവസ്ഥയുണ്ട്. റേഷൻ കടകളിൽ കൂടി നിത്യോപയോഗ സാധനങ്ങൾ ചുരുങ്ങിയ വിലയ്ക്ക് വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

### പ്രശ്നങ്ങൾ

1 വിധവകളുടെ പെൺമക്കൾക്കും, പട്ടിക ജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്കും നൽകിവരുന്ന വിവാഹ ധന സഹായം ആവശ്യത്തിന് ലഭിക്കുന്നില്ല.

2 വിധവകൾക്കും, വികലാംഗർക്കും, അഗതികൾക്കും നൽകുന്ന പെൻഷൻ അപര്യാപ്തവും, യഥാസമയം കൃത്യമായി ലഭിക്കുന്നില്ല.

3 വരുമാന പരിധി നിശ്ചയിച്ചതിലെ അപാകതമൂലം അർഹരായ വളരെയേറെ കർഷക തൊഴിലാളികൾക്ക് പെൻഷൻ ലഭിക്കുന്നില്ല.

4 അംഗൻവാടികളുടെ പ്രവർത്തനം മതൃകാപരമല്ലാത്തതുകൊണ്ട് ശരിയായ സേവനം കുട്ടികൾക്കും അമ്മമാർക്കും ലഭിക്കുന്നില്ല.

5 അംഗൻവാടികളിൽ ആവശ്യത്തിന് കളിസ്ഥലം, കളിക്കോപ്പുകൾ, കുടിവെള്ളം എന്നിവയുടെ കുറവ് അനുഭവപ്പെടുന്നു.

6 ദുർബല ജനവിഭാഗങ്ങൾക്കും-പട്ടികജാതി-പട്ടികവർഗ്ഗത്തിൽ പെട്ടവർക്കുമുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്.

ലാക്കിവരുന്നുണ്ട്. ഇന്ത്യയിൽ വെച്ച് ഏററവും കൂടുതൽ സാമൂഹ്യ ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്ന ഒരു സംസ്ഥാനമാണ് കേരളം.

ആകെ 39397 പേർ ജനസംഖ്യയുള്ള ചേലക്കര പഞ്ചായത്തിൽ 19244 പേർ സ്ത്രീകളും, 5615 പേർ പട്ടികജാതിയിൽ പെട്ടവരുമാണ്. സ്ത്രീകളിൽ ഭൂരിഭാഗവും തൊഴിലില്ലാത്തവരും തൻമൂലം സാമ്പത്തിക പ്രയാസങ്ങൾ അനുഭവിക്കുന്നവരുമാണ്. പട്ടിക ജാതിയിൽപെട്ട മിക്കവരും സാമ്പത്തികമായും, വിദ്യഭ്യാസപരമായും, തൊഴിൽ പരമായും അവശതയനുഭവിക്കുന്നവരാണ്. പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും കാർഷികവൃത്തിയുമായി ബന്ധപ്പെട്ടവരാണ്. അർഹതപ്പെട്ട പലർക്കും കർഷക തൊഴിലാളി പെൻഷൻ ലഭിക്കുന്നില്ല. വാർദ്ധക്യകാല പെൻഷൻ, വിധവാ പെഷൻ, വികലാംഗ പെൻഷൻ എന്നിവ ലഭിക്കാത്ത നിരവധി പേർ ഇനിയും ഉണ്ട്. ദേശീയ കുടുംബ ക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങൾ ചുരുക്കം പേർക്കു മാത്രമേ ഇതുവരെ ലഭിച്ചിട്ടുള്ളൂ. വിവിധ വിഭാഗങ്ങളിൽപെട്ട തൊഴിലാളികൾക്കു വേണ്ടി നടപ്പിലാക്കി വരുന്ന ക്ഷേമ നിധികളുടെ ആനുകൂല്യങ്ങൾ ലഭിക്കാത്തവരായി ഒട്ടനവധി ആളുകൾ ഈ പഞ്ചായത്തിലുണ്ട്.

**പഞ്ചായത്തിൽ വിവിധ പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം**

| | |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 580 |
| വാർദ്ധ്യകക്കാല പെൻഷൻ | 167 |
| വിധവാ പെൻഷൻ | 147 |
| വികലാംഗ പെൻഷൻ | 160 |
| T. B. പെൻഷൻ | 1 |
| കാൻസർ പെൻഷൻ | 9 |
| അവശകലാകാര പെൻഷൻ | 1 |

ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം ചേലക്കര പഞ്ചായത്തിൽ 3874 കുടുംബങ്ങൾ ദാരിദ്ര രേഖക്കു താഴെയുള്ളതായി കാണുന്നു. ഇത്രയേറെ സാമൂഹ്യക്ഷേമ പദ്ധതികളും, തൊഴിൽദാന പദ്ധതികളും നടപ്പിലാക്കിയിട്ടും ഏകദേശം പകുതിയോളം കുടുംബങ്ങൾ ഇനിയും ദാരിദ്ര്യ രേഖക്കു താഴെ നിൽക്കുന്നു എന്ന് കാണുന്നത് ഒട്ടും അഭികാമ്യമല്ല നമ്മുടെ ലക്ഷ്യം സോഷ്യലിസ്ററ് സമ്പദ്ഘടനയുള്ള ഒരു ക്ഷേമ രാഷ്ട്രമാണ്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിലൂടെ മാത്രമെ നമുക്ക് ആ ലക്ഷ്യത്തിലേക്കെത്തുവാൻ സാധിക്കുകയുള്ളൂ. ഉൽപ്പന്നങ്ങളും, സേവനങ്ങളും വൻതോതിൽ ലഭ്യമാക്കാതെയും, പൂർണ്ണ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യാതെ, ദാരിദ്ര്യ നിർമ്മാർജ്ജനം സാധ്യമാവുകയില്ല.

## ചേലക്കര ഗ്രാമപഞ്ചായത്ത്

### ഐ ആർ. ഡി. പി. സർവ്വേ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ പേര് വിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം വഴി ദാരിദ്ര രേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 6, 7, 8, 9 | 1399 | 118 | 121 | 65 | 121 | 1399 |
| 1, 2, 3, 4, 5 | 1524 | 191 | 140 | 97 | 140 | 1524 |
| 10, 11, 12, 13 | 951 | 87 | 94 | 55 | 94 | 951 |
| ആകെ | 3874 | 396 | 355 | 217 | 355 | 3874 |

## ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | ഐ. ആർ. ഡി. പി സർവ്വേ പ്രകാരം ഗ്രാമീണ കൈ തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവർ | സഹായം ആവശ്യമുള്ളവർ |
|---|---|---|---|
| 1, 2, 3, 4, 5 | 89 | 7 | 82 |
| 6, 7, 8, 9 | 13 | 13 | |
| 10, 11 12, 13 | 57 | 4 | 53 |
| | ആകെ 159 | 24 | 135 |

പഞ്ചായത്ത് രാജ് നിയമമനുസരിച്ച് സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളുടേയും, ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടേയും കുറെയേറെ ചുമതലകൾ ഇതിനകം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി കഴിഞ്ഞിരിക്കുകയാണല്ലൊ. നാളിതു വരെ ഇത്തരം ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ വന്നിട്ടുള്ള പോരായ്മകൾ പരിഹരിക്കേണ്ട ചുമതല ഗ്രാമ പഞ്ചായത്തുകൾക്കാണ്. നിലവിലുള്ള പദ്ധതികളുടെ ഗുണഫലം ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്നതിന് കർമ്മപരിപാടികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ 39 അംഗൻവാടികളും, രണ്ട് ബാലവാടികളും പ്രവർത്തിച്ചു വരുന്നു. ഇതിൽ 5 എണ്ണത്തിന് സ്വന്തമായി കെട്ടിടം ആയിട്ടില്ല. അംഗൻവാടികളോടനുബന്ധിച്ച് മഹിളാസമാജങ്ങളുണ്ടെങ്കിലും അവയുടെ പ്രവർത്തനം ഒട്ടും സജീവമല്ല.

ചേലക്കര പഞ്ചായത്തിൽ പൊതുവിതരണ രംഗത്ത് 16 റേഷൻഷോപ്പുകളും, സിവിൽ സപ്ലൈയ്സ് കോർപ്പറേഷന്റെ ഒരു മാവേലി സ്റ്റോറും പ്രവർത്തിക്കുന്നു. ഇതിനു പുറമേ രണ്ടു റേഷൻ കടകൾ കൂടി നിലവിൽ ഉണ്ടായിരുന്നു. എന്നാൽ അവ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഇത് തുറന്നു പ്രവർത്തിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. റേഷൻകടകളുടെ പ്രവർത്തനം പൊതുവെ തൃപ്തികരമാണെന്ന് പറയാം. മാവേലി സ്റ്റോറിൽ പലപ്പോഴും ആവശ്യത്തിന് സാധനങ്ങൾ ലഭിക്കാത്ത അവസ്ഥയുണ്ട്. റേഷൻ കടകളിൽ കൂടി നിത്യോപയോഗ സാധനങ്ങൾ ചുരുങ്ങിയ വിലയ്ക്ക് വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

### പ്രശ്നങ്ങൾ

1 വിധവകളുടെ പെൺമക്കൾക്കും, പട്ടിക ജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്കും നൽകിവരുന്ന വിവാഹ ധന സഹായം ആവശ്യത്തിന് ലഭിക്കുന്നില്ല.

2 വിധവകൾക്കും, വികലാംഗർക്കും, അഗതികൾക്കും നൽകുന്ന പെൻഷൻ അപര്യാപ്തവും, യഥാസമയം കൃത്യമായി ലഭിക്കുന്നില്ല.

3 വരുമാന പരിധി നിശ്ചയിച്ചതിലെ അപാകതമൂലം അർഹരായ വളരെയേറെ കർഷക തൊഴിലാളികൾക്ക് പെൻഷൻ ലഭിക്കുന്നില്ല.

4 അംഗൻവാടികളുടെ പ്രവർത്തനം മത്സ്യകാപരമല്ലാത്തതുകൊണ്ട് ശരിയായ സേവനം കുട്ടികൾക്കും അമ്മമാർക്കും ലഭിക്കുന്നില്ല.

5 അംഗൻവാടികളിൽ ആവശ്യത്തിന് കളിസ്ഥലം, കളിക്കോപ്പുകൾ, കുടിവെള്ളം എന്നിവയുടെ കുറവ് അനുഭവപ്പെടുന്നു.

6 ദുർബല ജനവിഭാഗങ്ങൾക്കും-പട്ടികജാതി-പട്ടികവർഗ്ഗത്തിൽ പെട്ടവർക്കുമുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്.

7 സ്ത്രീകളിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ.

8 ക്ഷേമ പദ്ധതികളെക്കുറിച്ച് ജനങ്ങൾക്ക് വേണ്ടത്ര അറിവ് ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1 വിധവകളുടെയും, പട്ടികജാതി—പട്ടിക വർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടേയും വിവാഹ ധനസഹായം വർദ്ധിപ്പിക്കുകയും, വിവാഹത്തിന് മുൻപുതന്നെ കിട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

2 വിധവ-വികലാംഗ-അഗതി പെൻഷൻ വർദ്ധിപ്പിക്കുകയും, മാസം തോറും കൃത്യമായി ലഭിക്കാൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

3 പഞ്ചായത്തിൽ ഒരു പെൻഷൻ-ക്ഷേമ കൗണ്ടർ ആരംഭിക്കുക.

4 ദാരിദ്ര്യരേഖക്ക് താഴെ വരുന്ന അർഹരായ എല്ലാ കർഷകത്തൊഴിലാളികൾക്കും പെൻഷൻ അനുവദിക്കാൻ നടപടി ഉണ്ടാവുക.

5 ദേശീയ കുടുംബക്ഷേമ പദ്ധതി, പ്രസവ ക്ഷേമപദ്ധതി, വാർദ്ധക്യകാല പെൻഷൻ പദ്ധതി എന്നിവ അർഹരായ എല്ലാവർക്കും കാലതാമസം കൂടാതെ ലഭിക്കുന്നതിന് നടപടി ക്രമം ലഘൂകരിക്കുക.

6 അംഗൻവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്ക്കരിക്കുക. അംഗൻവാടികളോടനുബന്ധിച്ച് മാതൃസംഘം രൂപീകരിക്കുക. മഹിളാസമാജങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക. അംഗൻവാടികളിലെ ലോക്കൽ കമ്മററികളുടെ പ്രവർത്തനം സജീവമാക്കുക.

7 അംഗൻവാടികൾ ചുററുമതിൽകെട്ടി സംരക്ഷിക്കുക. ആവശ്യത്തിന് കളിക്കോപ്പുകൾ നൽകുക. എല്ലാ അംഗൻവാടികളിലും ശുദ്ധജലം ലഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുക.

8 സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുക. അംഗൻവാടി കെട്ടിടങ്ങളുടെ അററകുററപണികൾ യഥാസമയം നടത്താൻ പഞ്ചായത്ത് മുൻകൈ എടുക്കുക.

9 അംഗൻവാടികളുടെ പരിപൂർണ്ണ നിയന്ത്രണം ഗ്രാമപഞ്ചായത്തുകൾക്കായിരിക്കണം.

10 വിവിധ വിഭാഗം തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന ക്ഷേമബോർഡുകളുടേയും, കോർപ്പറേഷനുകളുടെയും പരിപാടികളെക്കുറിച്ചും നൽകിവരുന്ന ആനുകൂല്യങ്ങളെക്കുറിച്ചും തൊഴിലാളികളെ ബോധവാന്മാരാക്കാൻ പഞ്ചായത്ത് തയ്യാറാകേണ്ടതാണ്.

11 സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും, സാമ്പത്തിക ഉന്നമനത്തിനും വേണ്ടി, നിലവിലുള്ള പദ്ധതികളെക്കുറിച്ച് അറിവ് നൽകുന്നതിന് ക്ലാസ്സുകൾ സംഘടിപ്പിക്കുക.

12 വനിതാ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക. ട്രൈസം മുതലായ പരിശീലന പരിപാടികൾ വ്യാപകമാക്കുക. DWCRA യൂണിററുകൾ ആരംഭിക്കുക.

13 സി. ആർ. എസ്. പി. സ്ക്കീമനുസരിച്ചുള്ള കക്കൂസുകൾ വേണ്ടത്ര നൽകുന്നതിന് നടപടി ത്വരിതപ്പെടുത്തുക. ദുർബല ജനവിഭാഗങ്ങൾക്കും, പട്ടികജാതിക്കാർക്കും പ്രാഥമിക സൗകര്യം ഏർപ്പെടുത്തുന്നതിന് ഒരു സമയബന്ധിത പരിപാടി 'കപ്പാർട്ടിന്റെ' ധനസഹായത്തോടെ ആവിഷ്ക്കരിക്കുക.

14 സോഷ്യോ-ഇക്കണോമിക്ക് യൂണിററിന്റെ പ്രവർത്തനം ഈ പഞ്ചായത്തിലേക്കു കൂടി വ്യാപിപ്പിക്കുക. ശുചിത്വം, കുടിവെള്ളം തുടങ്ങിയ പ്രശ്നങ്ങൾക്ക് ഇതുവഴി പരിഹാരം കാണാൻ കഴിയുന്നതാണ്.

15 കിള്ളിമംഗലം മഹിളാ സമാജത്തിന്റെ ആഭിമുഖ്യത്തിൽ സാമൂഹ്യക്ഷേമ ബോർഡിന്റെ സഹായത്തോടെ പ്രവർത്തിച്ചിരുന്ന രണ്ട് ബാലവാടികൾ ഈ പഞ്ചായത്തിലുണ്ട്. ഈ സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഇതിന്റെ പേരിൽ മേപ്പാടത്ത് കിടക്കുന്ന സ്ഥലത്ത് സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ ഒരു വർക്കിങ്ങ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കുക.

16 അപകട ഇൻഷ്വറൻസ് ആനുകൂല്യം, സർപ്പ വിഷബാധ മൂലം മരണപ്പെടുന്നവരുടെ ആശ്രിതർക്കും അനുവദിക്കേണ്ടതാണ്.

17 ഐ. ആർ. ഡി. പി. യുടെ വാർഷിക ലക്ഷ്യം വർദ്ധിപ്പിക്കുക വഴി കൂടുതൽ കുടുംബങ്ങളെ സഹായിക്കാൻ നടപടിയുണ്ടാവുക.

18 'ട്രൈസം' പരിശീലനം നേടിയവർക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ സഹായം നൽകുക. വായ്പാ സൗകര്യം ഏർപ്പെടുത്തുക.

19 ദാരിദ്ര രേഖയ്ക്ക് താഴെയുള്ള വീടില്ലാത്ത എല്ലാ കുടുംബങ്ങൾക്കും വിവിധ ക്ഷേമ പദ്ധതികളിൽ ഉൾപ്പെടുത്തി വീടു നിർമ്മിച്ച് നൽകുക.

20 പട്ടികജാതിക്കാരല്ലാത്ത മിശ്രവിവാഹിതർക്കുള്ള സാമൂഹ്യക്ഷേമ വകുപ്പിന്റെ ധനസഹായം വർദ്ധിപ്പിക്കുക.

21 പഴയന്നൂർ ബ്ലോക്കിൽ 'തൊഴിൽ ഉറപ്പ് പദ്ധതി (E A S) നടപ്പിലാക്കുക.

22 പഴയന്നൂർ ബ്ലോക്കിനെ ആർ.പി.ഡി.എസ് (Revamped Public Distribution System.) ബ്ലോക്കായി അംഗീകരിക്കുക.

23 തൊഴിൽ രഹിതരായ അഭ്യസ്തവിദ്യർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക. P M R Y പോലുള്ള സ്വയം തൊഴിൽ പദ്ധതികളുടെ നടത്തിപ്പിൽ പഞ്ചായത്തുകൾക്ക് വേണ്ടത്ര പങ്കാളിത്തം നൽകുക.

24 വനിതാ വികസന കോർപ്പറേഷൻ വികലാംഗ ക്ഷേമ കോർപ്പറേഷൻ, പട്ടികജാതി-പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ എന്നിവ വഴി നൽകുന്ന സഹായങ്ങൾ അർഹരായവർക്ക് ലഭിക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കുക.

★

# പാർപ്പിടം

നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന കൂട്ടുകുടുംബ വ്യവസ്ഥിതി നാമാവശേഷമായതോടുകൂടി വീടുകളുടെ ആവശ്യം ക്രമേണ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ഭക്ഷണവും വസ്ത്രവും കഴിഞ്ഞാൽ മനുഷ്യന് ഒഴിച്ചുകൂടാൻ പററാത്ത ഒന്നാണ് വീട്. രണ്ടായിരാമാണ്ടോടെ എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം നേടുന്നതിനാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിവിധ ഭവന നിർമ്മാണ പദ്ധതികൾക്ക് രൂപം നൽകിയിരിക്കുന്നത്. വർദ്ധിച്ചു വരുന്ന ആവശ്യത്തിനനുസരിച്ച് ഈ പദ്ധതികളുടെ പ്രയോജനം വേണ്ടത്ര ലഭിക്കാതിരിക്കുന്ന അവസ്ഥയാണിന്നുള്ളത്.

ചേലക്കര പഞ്ചായത്തിൽ ആകെ 7267 വീടുകളുള്ളതായി കണക്കാക്കുന്നു. ഇതിൽ രണ്ടായിരത്തോളം വീടുകൾ വയ്ക്കോൽ മേഞ്ഞതോ—ഓലപ്പുരയോ ആണ്. ഇതിൽ തന്നെ 119 വീടുകൾ പട്ടികജാതി പട്ടിക വർഗ്ഗത്തിൽപെട്ടവരുടേതാണ്. കൂടാതെ സ്വന്തമായി വീടും സ്ഥലവുമില്ലാത്ത 85 പേരുമുണ്ട് 55 പട്ടികജാതി കോളനിയും പഞ്ചായത്തിലുണ്ട്. പട്ടികജാതി കോളനികളിലെ 75 ശതമാനം വീടുകളും വിവിധ ക്ഷേമ പദ്ധതികളിലൂടെ പണി കഴിപ്പിച്ചിട്ടുള്ളതാണ്. വീടു നിർമ്മാണത്തിന് വരുന്ന വർദ്ധിച്ച ചിലവനുസരിച്ച് സഹായം ലഭിക്കാത്തതും, ഗുണഭോക്താക്കളുടെ പങ്കാളിത്തമില്ലാത്തതും മൂലം നിർമ്മാണ ഘട്ടത്തിൽ വീടുകൾ ശരിയാംവണ്ണം പൂർത്തിയാക്കാത്തതു കൊണ്ട് ഇത്തരം വീടുകൾ മിക്കവാറും അററകുററ പണികൾ നടത്തേണ്ട അവസ്ഥയിലാണ്. കൂടാതെ, മിക്കവീടുകളിലും ശുചിത്വമുള്ള കക്കൂസുകളുമില്ല. വാസയോഗ്യമല്ലാത്ത കൂരകളിൽ താമസിക്കുന്നവരുടെ സ്ഥിതി വളരെ ദയനീയമാണ്.

നാല് ലക്ഷംവീടു കോളനികളും, നാല് സെൻറ് സ്ഥലം മാത്രം നൽകിയിട്ടുള്ള രണ്ട് പുനരധിവാസ കോളനികളും ഈ പഞ്ചായത്തിലുണ്ട്. 25 വർഷം മുൻപ് നിർമ്മിച്ച ലക്ഷം വീടുകളിൽ പലതും അപകടനിലയിലാണ്. മിക്ക വീടുകളിലും ശുചിത്വമുള്ള കക്കൂസുകളും മററ് അടിസ്ഥാന സൗകര്യങ്ങളുമില്ല. നാല് സെൻറ് സ്ഥലം മാത്രം നൽകിയിട്ടുള്ള പുനരധിവാസ കോളനികളിൽ ഏതാനും പേർക്ക് മാത്രമെ വീടുകൾ ആയിട്ടുള്ളു ഐ എ. വൈ, ജെ ആർ. വൈ. മില്ല്യൻവെൽ, പ്രത്യേക ഘടകപദ്ധതി, തുടങ്ങിയ സ്ക്കീമുകൾവഴി സൗജന്യ ഭവന നിർമ്മാണ സഹായം വർഷത്തിൽ പരമാവധി 25 പേർക്കാണ് പഞ്ചായത്തിൽ ലഭിക്കുന്നത്. ഇത് നിലവിലുള്ള വീടിൻെറ ആവശ്യം വെച്ചു നോക്കിയാൽ വളരെ അപര്യാപ്തമാണ്.

പുറമ്പോക്കിലും, റോഡുവക്കത്തും താമസിക്കുന്നവരുടെ സ്ഥിതിയും ദയനീയമാണ്. ജീവിതത്തിൽ അത്യാവശ്യം വേണ്ട സ്വകാര്യത പോലും ലഭിക്കാൻ ഇവർക്ക് മാർഗ്ഗമില്ല. ഇത്തരത്തിൽ പുറമ്പോക്കിൽ താമസിക്കുന്ന 30 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഉദ്ദേശിച്ച് പഞ്ചായത്ത് 1995-ൽ ഒരു ഏക്കർ 20 സെൻറ് സ്ഥലം തോന്നൂർക്കരയിൽ സർക്കാർ സഹായത്തോടെ വാങ്ങിയിട്ടുണ്ട്. അർഹരായവരെ തിരഞ്ഞെടുത്ത് അവരെ മാററി പാർപ്പിക്കുന്നതിന് പഞ്ചായത്ത് ജാഗ്രത കാണിക്കേണ്ടതാണ്.

താമസയോഗ്യമായ വീടില്ലാത്തവരിൽ ഭൂരിഭാഗവും ദുർബ്ബല വിഭാഗങ്ങളിൽ പെട്ട സാധാരണക്കാരാണ്. ഇവർക്ക് ഫലപ്രദമായ സൗജന്യ ഭവന നിർമ്മാണ പദ്ധതികൾ ഒന്നും തന്നെയില്ല. സർക്കാരിൻെറ പുനരധിവാസ ഭവന നിർമ്മാണ പദ്ധതിയുടെ ഒന്നും, രണ്ടും, മൂന്നും ഘട്ടങ്ങൾ

വഴിയും, പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി വഴിയും, കുറേ പേർക്ക് നാമമാത്ര ധന സഹായത്തോടു കൂടിയ വായ്പകൾ ലഭിക്കുക യുണ്ടായിട്ടുണ്ട്. കൂടാതെ ഭവന നിർമ്മാണ ബോർഡിന്റെ രാജീവ് ദശലക്ഷം ഭവന നിർമ്മാണ പദ്ധതി വഴിയും കുറെയേറെ വീടുകൾക്ക് ഇതിനകം വായ്പകൾ നൽകിയിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡിന്റെ വായ്പകൾ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകളും, വായ്പ ലഭിക്കുന്നതിനുള്ള കാലതാമസവും ഇത്തരക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് വിഘാതമായി നിൽക്കുന്നു. ഇടത്തരക്കാരുടെ വീടുകളിൽ മിക്കതും ഓടു മേഞ്ഞതും മൺചുമരുകളാൽ നിർമ്മിച്ചതുമാണ്. ഇത്തരം വീടുകളിൽ മിക്കതും കാലപ്പഴക്കം കൊണ്ട് അററകുററപണികൾ ചെയ്യേണ്ട സ്ഥിതിയിലാണ്.

ചെലവ് കുറഞ്ഞ ഭവന നിർമ്മാണ രീതികൾ പഞ്ചായത്തിൽ വേണ്ടത്ര പ്രചാരത്തിലായിട്ടില്ല. ചില കോളനികളിൽ നിർമ്മിതി കേന്ദ്രവും, കോസ്ററ്ഫോഡും നിർമ്മിച്ചു നൽകിയ ഏതാനും വീടുകളുണ്ട്. ഈ വീടുകളുടെ നിർമ്മാണത്തിലും രൂപഘടനയിലും വന്നിട്ടുള്ള വൈകല്യങ്ങൾ ഇത്തരം വീടുകളെ കുറിച്ചു ജനങ്ങൾക്ക് താൽപര്യം കുറയുന്നതിന് കാരണമായിട്ടുണ്ട്. ചിലവ് കുറഞ്ഞ വീടുകൾ മാതൃകാപരവും ആകർഷണീയവുമാക്കാൻ ഈ ഏജൻസികൾ ശ്രദ്ധിക്കേണ്ടതാണ്. വർദ്ധിച്ചു വരുന്ന കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലയും, കൂലി കൂടുതലും ചെലവ് കുറഞ്ഞ വിടുകളുടെ ആവശ്യകത വർദ്ധിപ്പിക്കുന്നു. സാങ്കേതിക മേൻമയും, രൂപഭംഗിയുമുള്ള ചെലവു കുറഞ്ഞ ഭവനനിർമ്മാണ രീതികളിൽ പരിശീലനം നേടിയവർ പ്രാദേശികമായി ഉണ്ടെങ്കിൽ മാത്രമെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയൂ.

വാർപ്പ് കെട്ടിടങ്ങളുടെ നിർമ്മാണം മിക്കവാറും കോൺട്രാക്ടർ അടിസ്ഥാനത്തിലാണ് നടക്കുന്നത്. കാർഷിക രംഗത്ത് പണിയെടുത്തിരുന്ന മിക്കവാറും ആളുകളും ഇന്ന് കെട്ടിട നിർമ്മാണരംഗത്താണ് പണിയെടുക്കു നിർമ്മാണ തൊഴിലാളികൾക്ക് വർഷം തൽ ദിവസം ജോലി ലഭിക്കാൻ സാധ്യതകൊണ്ടും, മെച്ചപ്പെട്ട കൂലി ലഭിയ്ക്കുന്നകൊണ്ടും ഈ മേഖലയിലെ തൊഴിലാളികൾ പൊതുവെ സംതൃപ്തരാണ്. കെട്ടിട നിർമ്മാണ രംഗത്തെ വിദഗ്ദ്ധരായ പുരുഷതൊഴിലാളികൾക്ക് 125 രൂപ മുതൽ 150 രൂപ വരെയും സ്ത്രീകൾക്ക് 60 രൂപ മുതൽ 75 രൂപ വരെയും കൂലി ലഭിയ്ക്കുന്നുണ്ട്. നിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും നിരവധിപേർ ഇനിയും ഇതിൽ അംഗങ്ങളാകാത്തവരായുണ്ട്.

## പ്രശ്നങ്ങൾ

1. സ്വന്തമായി സ്ഥലവും, വീടും ഇല്ലാത്തവർ ഇനിയും അവശേഷിയ്ക്കുന്നു.
2. ഭവന നിർമ്മാണ വായ്പ ലഭിയ്ക്കുന്നതിലുള്ള പ്രയാസങ്ങളും, കാലതാമസവും.
3. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ദുർബ്ബല ജന വിഭാഗങ്ങൾക്കും നൽകി വരുന്ന ഭവന നിർമ്മാണ ധനസഹായത്തിന്റെ അപര്യാപ്തത.
4. കെട്ടിട നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലയും, വർദ്ധിച്ചു വരുന്ന കൂലിയും.
5. ഭവനനിർമ്മാണ പദ്ധതികൾ വഴി നിർമ്മിച്ച വീടുകളിൽ പ്രാഥമിക ആവശ്യങ്ങൾ നിറവേററാൻ സൗകര്യങ്ങളില്ല.
6. പട്ടികജാതി കോളനികളിലും, ലക്ഷംവീടു കോളനികളിലും കക്കൂസ് സൗകര്യങ്ങളില്ല.
7. ഭവന നിർമ്മാണ ധനസഹായ പദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ അററകുററപ്പണികൾ നടത്താൻ കഴിയുന്നില്ല.
8. വനഭൂമിയിൽ താമസിക്കുന്നവർക്ക് ഭവന നിർമ്മാണ വായ്പ ലഭിയ്ക്കാൻ സൗകര്യമില്ല.

## നിർദ്ദേശങ്ങൾ

1 സ്വന്തമായി വീടും, സ്ഥലവും ഇല്ലാത്തവർക്ക് പഞ്ചായത്ത് മുൻകൈ എടുത്ത് സർക്കാർ സഹായത്തോടു കൂടി സ്ഥലം വാങ്ങി വീടു വെച്ചു കൊടുക്കുന്നതിന് നടപടി സ്വീകരിക്കുക.

2 ഭവന നിർമ്മാണ വായ്പ അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുക. ബോണ്ട് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുക.

3 പട്ടികജാതി പട്ടികവർഗ്ഗ-ദുർബ്ബല വിഭാഗങ്ങൾക്ക് നൽകി വരുന്ന ഭവന നിർമ്മാണ ഗ്രാൻറുകൾ കൂടുതൽ പേർക്ക് ലഭ്യമാക്കുകയും ധനസഹായം വർദ്ധിപ്പിക്കുകയും ചെയ്യുക.

4 സർക്കാർ സഹായത്തോടെയോ, വായ്പയെടുത്തോ, വീടു വെയ്ക്കുന്ന ദുർബ്ബല വിഭാഗങ്ങൾക്കും ഡിപ്പാർട്ട്മെൻറ് വർക്കുകൾക്കും ചുരുങ്ങിയ വിലക്ക് സാധനങ്ങൾ നൽകുന്നതുപോലെ കെട്ടിട നിർമ്മാണ സാമഗ്രികൾ ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

5 ഭവന നിർമ്മാണ വായ്പയോടൊപ്പം കക്കൂസ് നിർമ്മിക്കുന്നതിനുള്ള വായ്പയും അനുവദിക്കുക.

6 പട്ടികജാതി കോളനികളിലും, ലക്ഷംവീട് കോളനികളിലും കക്കൂസുകൾ നിർമ്മിക്കുന്നതിന് ധന സഹായം നൽകുക. ഗ്രാമ വികസന വകുപ്പുവഴി കക്കൂസ് നിർമ്മിക്കുന്നതിന് നൽകി വരുന്ന ധന സഹായത്തിൻെറ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുക.

7 ഭവന നിർമ്മാണ ധന സഹായ പദ്ധതി പ്രകാരം നിർമ്മിച്ച വീടുകൾക്ക് അററകുററപ്പണികൾ നടത്തുന്നതിന് സർക്കാരിൽ നിന്നും സഹായം ലഭ്യമാക്കുക.

8 വന ഭൂമിയിൽ താമസിക്കുന്നവർക്ക് കൈവശരേഖയുടെ ഈടിൻമേൽ ഭവന നിർമ്മാണ വായ്പ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

★

അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക്
അധികാരം **സംസ്ക്കാരം** ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്

# സംസ്കാരം

ആർജിക്കുന്ന ജ്ഞാനത്തിലൂടെ, ആചാരനുഷ്ഠാനങ്ങളൂടെ ആത്മനിഷ്ഠതയിലൂടെ, പിറന്ന മണ്ണിന്റെ പാരമ്പര്യത്തിലൂടെ രൂപപ്പെടുന്ന സർഗസിദ്ധിയാണ് സംസ്കാരം. ജനകീയാസൂത്രണത്തിന്റെ ഭാഗമായി, വികസന സംസ്കാരം എന്ന പദ പ്രയോഗം വളരെ പ്രചാരം നേടിയിട്ടുണ്ടല്ലൊ. നമ്മൾ നേടിയെടുത്ത ഭൗതിക പുരോഗതി നിലനിർത്താനും പോരായ്മകൾ പരിഹരിച്ച് മുന്നേറാനും പുത്തൻ വികസന സാദ്ധ്യതകൾ തേടാനും നവീന സംസ്കാരവും ഉന്നതമായ മൂല്യബോധവും ആവശ്യമാണ്. അതുകൊണ്ടു തന്നെ നമ്മുടെ പഞ്ചായത്തിൽ സാംസ്കാരിക രംഗത്തു നിലനിൽക്കുന്ന പ്രശ്നങ്ങളും, പരിഹാര നിർദ്ദേശങ്ങളും ഗ്രാമതല ആസൂത്രണ പ്രവർത്തനങ്ങളുടെ അവിഭാജ്യഘടകങ്ങളാണ്.

ശ്രീമൂലം തിരുനാളിന്റെ ദയാവായ്പും, ടിപ്പുവിന്റെ പടയോട്ടവും നെഞ്ചിൽ കെടാതെ സൂക്ഷിക്കുന്ന നാടാണ് നമ്മുടേത്. യുദ്ധവീരനായ സിലഹോയിയെയും, സഞ്ചാര സാഹിത്യകാരനായ ഫ്രാൻസിസ് ഡേയെയും മനസ്സാ വരിച്ച നാടാണ് നമ്മുടേത്. സഹിഷ്ണുതയുടെയും സ്നേഹത്തിന്റെയും മഹത്തായ പാരമ്പര്യം ഉയർത്തിപ്പിടിക്കുന്ന ചേലക്കരയുടെ സാംസ്കാരിക ധാരകളെക്കുറിച്ച് സൂചിപ്പിക്കട്ടെ.

സർവ്വമതസാഹോദര്യത്തിന്റെ മഹനീയമാതൃകകൾ കാഴ്ചവെക്കുന്ന നാടാണ് നമ്മുടേത്. ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള ഉത്സവങ്ങളിലും മററ് ആഘോഷങ്ങളിലും, നാനാവിഭാഗത്തിലും പെട്ടവരുടെ സജീവസാന്നിദ്ധ്യം പ്രകടമാണ്. തെക്ക് കാളിയാറോഡ് പള്ളി ജാറവും വടക്ക് വെങ്ങാനെല്ലൂർ ശിവക്ഷേത്രവും കിഴക്ക് ചൊവ്വാക്കാവ് ഭഗവതിക്ഷേത്രവും പടിഞ്ഞാറ് ഏന്നൂർ ഭഗവതിക്ഷേത്രവും മധ്യഭാഗത്തായി ക്രിസ്ത്യൻപള്ളികളും അന്തിമഹാകാളൻകാവ് ക്ഷേത്രവും, ചേലക്കരയുടെ ആത്മീയകേന്ദ്രങ്ങളായി നിറഞ്ഞുനിൽക്കുന്നു. ഇവിടങ്ങളിലെ ആചാരാനുഷ്ഠാനങ്ങൾ, വൈവിധ്യം നിറഞ്ഞതും ഭക്തിനിർഭരവുമാണ്.

## ആരാധനാലയങ്ങൾ, അനുഷ്ഠാനങ്ങൾ. ആഘോഷങ്ങൾ

കേരളത്തിലെ സുപ്രസിദ്ധ മുസ്ലീം ദേവാലയമാണ് കാളിയാറോഡ് പള്ളി ജാറം. ഇവിടേക്ക് നാനാഭാഗത്തുനിന്നും ധാരാളം വിശ്വാസികൾ നിത്യേന എത്തിച്ചേരുന്നു. ഈ ജാറത്തെക്കുറിച്ച് ഒരു ഐതിഹ്യം നിലനിൽക്കുന്നുണ്ട്. ടിപ്പുവിന്റെ പടയോട്ടക്കാലത്ത്, ഒരു ദിവ്യൻ കാളിയാറോഡ് പ്രദേശത്ത് വന്ന് താമസിച്ചെന്നും അദ്ദേഹം പിന്നീട് ഇവിടെത്തന്നെയുള്ള തേൻവാതിൽകുന്നിൽ തപസ്സുചെയ്തെന്നും പറയപ്പെടുന്നു. അദ്ദേഹം ദിവംഗതനായപ്പോൾ, മുസ്ലീം മതാചാരപ്രകാരം, കബറടക്കം ചെയ്ത സ്ഥലമാണ് കാളിയാറോഡ് പള്ളി ജാറം. കുംഭമാസത്തിൽ നടത്തപ്പെടുന്ന നേർച്ച, മതസാഹോദര്യത്തിന്റെ വിളിച്ചറിയിപ്പാണ്. ചേലക്കരയിലെയും സമീപപഞ്ചായത്തുകളിലെയും വിവിധഭാഗങ്ങളിൽനിന്നും, ആനയുടെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടെ, അമ്പതിൽപരം നേർച്ചകൾ, നേരം പുലരാറാവുമ്പോൾ, പള്ളിയിൽ എത്തിച്ചേരുന്നു. തത്സമയത്ത്, നൂറോളം ആനകൾ അണിനിരന്നുകൊണ്ടുള്ള കാഴ്ച നയനാനന്ദകരം തന്നെയാണ്. പള്ളിക്കമ്മിററികൾ കൂടാതെ, സാമൂഹ്യസന്നദ്ധസംഘടനകൾ, വിവിധ ട്രേഡ് യൂണിയനുകൾ എന്നിവയുടെ നേതൃത്വത്തിലും നടക്കുന്ന നേർച്ചകളുടെ നടത്തിപ്പിൽ, നാനാജാതി മതസ്ഥർ സജീവനേതൃത്വം നൽകുന്ന അനുഭവം ആവേശകരവും മാതൃകാപരവുമാണ്.

മദ്ധ്യകേരളത്തിലെ പേരുകേട്ട ഒരു ഹൈന്ദവാരാധനാകേന്ദ്രമാണ് അന്തിമഹാകാളൻകാവ് ക്ഷേത്രം. മൂന്നു ഭാഗവും വിസ്തൃതമായ വയലുകളാൽ ചുററപ്പെട്ട പ്രകൃതിരമണീയമായ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഇവിടത്തെ പ്രതിഷ്ഠ, കിരാതമൂർത്തിയായ ശിവനാണ്. മീനമാസത്തിലെ രണ്ടാം ശനിയാഴ്ച ആഘോഷിക്കപ്പെടുന്ന അന്തിമഹാകാളൻ കാവ് വേല, അക്ഷരാർത്ഥത്തിൽ ഒരു ജനകീയോത്സവം തന്നെയാണ്. പങ്ങാരപ്പിള്ളി, കുറുമല, തോന്നൂർക്കര, വെങ്ങാനെല്ലൂർ, ചേലക്കര എന്നീ അഞ്ചു ദേശക്കാർ ആഘോഷപൂർവ്വം നടത്തുന്ന വേലയുടെ അനുഷ്ഠാനങ്ങളും ആകർഷീയമായ വെടിക്കെട്ടും പതിനായിരങ്ങളെ ഉത്സവ പറമ്പിലേയ്ക്ക് മാടിവിളിക്കുന്നു. വെങ്ങാനെല്ലൂർ ശിവക്ഷേത്രം, ചേലക്കര ശ്രീ നരസിംഹ മൂർത്തി ക്ഷേത്രം എന്നിവയും പ്രധാന ഹൈന്ദവ ക്ഷേത്രങ്ങളാണ്.

1789 ൽ കുന്നംകുളം ഭാഗത്ത് ടിപ്പുവിന്റെ പടയോട്ടത്തെ തുടർന്ന്, താന്നിക്കൽ വീട്ടുകാർ ചേലക്കരയിലെത്തി. 1804 ൽ വെള്ളറ താന്നിക്കൽ വറീത് കുഞ്ഞുവറീത് സഹോദരൻമാരുടെ ശ്രമഫലമായി, കൊച്ചി മഹാരാജാവ് അനുവദിച്ച സ്ഥലത്ത് യാക്കോബായ സുറിയാനിപള്ളിസ്ഥാപിച്ചു ഈ പള്ളി പിന്നീട് കാലഹരണപ്പെട്ടപ്പോൾ, ശക്തൻ തമ്പുരാന്റെ അനന്തരവൻമാർ കരമൊഴിവായി കൊടുത്ത സ്ഥലത്ത് ഒരു കുരിശുപള്ളി 1805ൽ സ്ഥാപിക്കപ്പെട്ടു. ഈ ദേവാലയമാണ് ചേലക്കരയിലെ ഏററവും പ്രാചീന ക്രിസ്ററ്യൻ ദേവാലയമായ യാക്കോബായ സുറിയാനിപള്ളി. തലയെടുപ്പോടെ നിൽക്കുന്ന കത്തോലിക്കാ പള്ളിയും മററു ക്രിസ്ററ്യൻ പള്ളികളും ചേലക്കരയുടെ തിലകക്കുറികളാണ്. ഇവിടങ്ങളിലെ പെരുന്നാളുത്സവങ്ങൾ, ചേലക്കരനഗരത്തെ ആഘോഷഭരിതമാക്കുന്നു.

## അനുഷ്ഠാനകലകൾ

ഉത്സവപ്പറമ്പുകളിലെ സമൃദ്ധതയിൽ ഉറഞ്ഞാടിയ അനുഷ്ഠാനകലകൾ, അന്യം വന്നുകൊണ്ടിരിക്കയാണ്. അന്തിമഹാകാളൻ കാവിലെ വേലയോടനുബന്ധിച്ച്, മീനമാസത്തിലെ ആദ്യ ശനിയാഴ്ച അർദ്ധരാത്രി വേല കൂറയിടുന്ന മുതൽ ഏഴുദിവസം, 64 കാലുകളിൽ നിശ്ചിത കണക്കനുസരിച്ച് നിർമ്മിച്ച പന്തലിൽ നടക്കുന്ന കളമെഴുത്ത് അത്യാകർഷകമാണ്. വർണ്ണങ്ങളുടെ പൊലിമയിൽ, പാരമ്പര്യസിദ്ധിയുടെ പിൻബലത്തിൽ ചമയ്ക്കപ്പെടുന്ന കളങ്ങൾ, ആധുനിക ചിത്രകലാസങ്കേതങ്ങളെപ്പോലും വെല്ലുവിളിക്കാൻ പോന്നവയാണ്. വേലയോടനുബന്ധിച്ചുള്ള കാളകളി, ഒരു അനുഷ്ഠാനകലയാണ്. കാളയേയും തോളിലേററി വിശ്വാസത്തിന്റെ ആവേശത്തിമർപ്പിൽ താളാത്മകമായി ചുവടുവെച്ചുള്ള കാളകളി വേലയുടെ തനതു കലാരൂപമാണ്. ചൊവ്വാക്കാവ് ഭഗവതിക്ഷേത്രത്തിൽ നടത്താറുള്ള തോൽപാവക്കൂത്ത് രാമായണ കഥയുടെ പുനരാവിഷ്ക്കാരമാണ്. തിരുവാതിരക്കാലത്ത്, നാട്ടിൻപുറത്തെത്തുന്ന ചോഴിയും തിരുവാതിരപ്പാട്ടും ഇന്നും പല പ്രദേശങ്ങളിലും സജീവമായി നിലനിൽക്കുന്നുണ്ട്.

ചുണ്ടിൽനിന്നു ചുണ്ടിലേക്കും, കാതിൽനിന്നു കാതിലേക്കും പകർന്നുകൊടുത്ത് പതിററാണ്ടുകളായി നിലനിന്നുവരുന്ന നാടൻകലാരൂപങ്ങൾ, ഇന്ന് അസ്തമിച്ചുകൊണ്ടിരിക്കയാണ്. ഒരു പ്രദേശത്തിന്റെ സാംസ്ക്കാരികത്തനിമ നിർണ്ണയിക്കുന്നത്, അവിടെ നിലനിൽക്കുന്ന തനതു നാടൻകലാരൂപങ്ങളാണ്. ഇവയുടെ അവതരണം, തലമുറകളായി മതാനുഷ്ഠാനമായി നടത്തി വന്നിരുന്ന കുറേ കുടുംബങ്ങളുണ്ട്. ഇവരുടെ പിൻമുറക്കാർ അനാകർഷകവും അനാദായകരമെന്ന പേരിലും ഈ രംഗത്ത് കടന്നു വരുന്നില്ല. മാത്രമല്ല, ഉത്സവപ്പറമ്പുകളിൽ ഇത്തരം കലാരൂപങ്ങൾക്ക് കാണികളും കുറഞ്ഞുവരികയാണ്. ദൃശ്യമാധ്യമരംഗത്തെ കുതിച്ചുചാട്ടത്തിന്റെ ഭാഗമായി, നാടൻകലകളടക്കം എന്തും സംസ്കരിച്ച് കാപ്സൂൾ പരുവത്തിലാക്കി ലഭിക്കാൻ സാധ്യതയുണ്ടെന്നിരിക്കെ, നാം സ്വാഭാവികമായും തെരഞ്ഞെടുക്കുന്നത് ആയാസരഹിതമായ മാർഗ്ഗങ്ങളാണല്ലോ–

നാടൻ കലകളെ സംരക്ഷിക്കാൻ, പഞ്ചായത്ത് തലപരിപാടികൾ ആവിഷ്ക്കരിക്കണം. വാർഡ്

ങ്ങലത്തിൽ തന്നെ ഇത്തരം കലാകാരൻമാരെ കണ്ടെത്തി, പഞ്ചായത്തടിസ്ഥാനത്തിൽ ഇവർക്കായി പ്രോത്സാഹനവും, ക്ഷേമപദ്ധതികളും നടപ്പിലാക്കണം. ഔദ്യോഗിക-അനൗദ്യോഗികപരിപാടികളിൽ, നാടൻകലാരൂപങ്ങൾ അവതരിപ്പിച്ച്, മതിയായ സാമൂഹ്യാംഗീകാരം നൽകാൻ നാം തയ്യാറാകേണ്ടതുണ്ട്.

## സംസ്കാരത്തിൻെറ വഴികൾ

സാംസ്കാരിക സംക്രമണം നടക്കുന്നത് സംവേദന മാധ്യമങ്ങളിലൂടെയാണ്. വാമൊഴിയിലൂടെയും വരമൊഴിയിലൂടെയും ബിംബങ്ങളിലൂടെയും പകർന്നു കൊടുക്കപ്പെടുന്ന സാംസ്കാരികാവബോധത്തിൻെറ ഏററവും ശക്തമായ ഉപാധി വിദ്യാലയങ്ങളാണ്. സുസംഘടിതവും. ശക്തവുമായ വിദ്യാഭ്യാസ സംവിധാനത്തിലൂടെയാണ് എഴുതപ്പെട്ടതും, എഴുതപ്പെടേണ്ടതുമായ സാംസ്കാരികാവബോധം രൂപപ്പെടുന്നത്.

## വായനശാലകൾ

കേരളത്തിലെ സാമൂഹിക-സാംസ്കാരിക നവോത്ഥാനത്തിനു രൂപം നൽകുന്നതിൽ, എക്കാലത്തും മുഖ്യമായ പങ്കുവഹിച്ചത് വായനശാലകളായിരുന്നു. നാലായിരത്തിലധികം വായനശാലകൾ അംഗങ്ങളായുള്ള അതിശക്തമായ ഗ്രന്ഥശാലാപ്രസ്ഥാനം, സാംസ്കാരികകേരളത്തിൻെറ തിലകക്കുറിയാണ്.

ഓരോ പ്രദേശത്തിൻെറയും സർഗാത്മകമായ കൂട്ടായ്മയുടെ സജീവവേദിയായിരുന്നു ഒരുകാലത്ത് വായനശാലകൾ. വായനയോടൊപ്പം ചർച്ചകളും കലാകായിക പ്രവർത്തനങ്ങളും ഒരുമിക്കുന്ന സമ്പന്നമായ സായാഹ്നങ്ങൾ നമുക്കു നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അനൗപചാരിക വിദ്യാഭ്യാസത്തിനുള്ള വേദി എന്നതോടൊപ്പം ഗ്രാമീണ ജീവിതത്തിൻെറ മിടിപ്പ് ഉൾക്കൊള്ളാവുന്ന അനന്തസാധ്യതകൾ ഈ സ്ഥാപനങ്ങൾക്കുണ്ട്.

### വായനശാലകൾ

| | പേര് | | സ്ഥാപിച്ച വർഷം | അംഗങ്ങൾ | ആകെ പുസ്തകങ്ങൾ | ഗ്രന്ഥശാലാ സംഘത്തിൻെറ അംഗീകാരമുണ്ടെങ്കിൽ ഗ്രേഡ് | പ്രതിദിന വിതരണം |
|---|---|---|---|---|---|---|---|
| 1 | ഗ്രാമീണ വായനശാല ചേലക്കര | | 1940 | 64 | 1840 | ഇ. | 21 |
| 2 | ,, | തോന്നൂർക്കര | 1945 | 567 | 6743 | സി. | 50 |
| 3 | ,, | പുലാക്കോട് | 1947 | | 4866 | സി. | 15 |
| 4 | ,, | വെങ്ങാനെല്ലൂർ | 1942 | 150 | 4037 | ഡി. | 20 |
| 5 | ,, | ഗ്രാമ സംഘം നാട്ട്യൻചിറ | | | | | |
| 6 | ,, | കുറുമല | 1990 | 110 | 1100 | | 13 |
| 7 | ആതിര ഗ്രാമീണ വായനശാല പങ്ങാരപ്പിള്ളി | | 1985 | 96 | 1365 | | 20 |

ചേലക്കര പഞ്ചായത്തിൽ, ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമുള്ള നാലു ഗ്രാമീണ വായനശാലകളുണ്ട്. മററു മൂന്നു വായനശാലകളും, സംഘത്തിന്റെ അംഗീകാരത്തിനുള്ള നടപടികൾ പൂർത്തിയാക്കി വരുന്നു. അംഗീകൃത വായനശാലകളിൽ, ഏററവും മാതൃകാപരമായി പ്രവർത്തിക്കുന്നത് തോന്നൂർക്കര ഗ്രാമീണ വായനശാലയാണ്. അംഗീകാരം ലഭിച്ചിട്ടില്ലെങ്കിലും മററു മൂന്നു വായനശാലകളും, ജനകീയ പങ്കാളിത്തത്തോടെ സജീവമായി പ്രവർത്തിക്കുന്നു. ചർച്ചകൾ സന്നദ്ധപ്രവർത്തനങ്ങൾ, കലാകായികാഘോഷങ്ങൾ തുടങ്ങിയ പരിപാടികൾ പൊതുവെ വായനശാലാ പ്രവർത്തനത്തിന്റെ ഭാഗമായി നടക്കുന്നു.

വിപണനത്തിന്റെ സൂത്രവാക്യങ്ങൾ അറിയാവുന്ന സ്വകാര്യ പ്രസിദ്ധീകരണ സ്ഥാപനങ്ങൾ അധമസൃഷ്ടികൾ വിററഴിച്ച് കോടീശ്വരൻമാരാകുന്നു. ഈ വേലിയേററത്തിൽ, നിൽക്കാനാവാതെ തളർന്നുപോകുന്നത് സർഗാത്മക സൃഷ്ടികളാണ്. ഗൗരവമായ വായനാശീലം നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണ്. നോവൽ പോലും കാസററിലാക്കി പുറത്തിറങ്ങുന്ന ഇക്കാലത്ത്, നമ്മുടെ വായന പത്രത്താളുകളിൽ മാത്രമൊതുങ്ങുന്നു.

നമ്മുടെ കുട്ടികൾക്ക് വായിക്കാൻ ഇന്നേറെ പ്രസിദ്ധീകരണങ്ങളുണ്ട്. എന്നാൽ കുഞ്ഞു മനസ്സിനെ നല്ലൊരു ലോകത്തിലേക്ക് പിച്ചവച്ചു കൊണ്ടു പോവാൻ പര്യാപ്തമായവ കുറവാണ്. വീരസാഹസിക കൃത്യങ്ങൾ ചെയ്യുന്ന സിംബോളിക് നായകൻമാർ, ഇവരുടെ മനസ്സിൽ കുടിയേറി പാർക്കുന്നു. ചുററുപാടുമുള്ള കാര്യങ്ങൾ പഠിക്കാനവസരം നൽകാതെ, മായികമായ ഒരു ഭൗതികാവസ്ഥയിലേക്ക് പറക്കാൻ കുട്ടികൾക്ക് ചിറകുകൾ നൽകുന്ന പ്രവണതകൾക്കെതിരായി യുറീക്ക തുടങ്ങിയ പ്രസിദ്ധീകരണങ്ങളെ പരമാവധി പ്രോത്സാഹിപ്പിക്കാനും പദ്ധതികൾ തയ്യാറാക്കണം.

മൂല്യ ബോധമുള്ള വായനാശീലം വർദ്ധിപ്പിക്കാനും അതുവഴി ജനതയുടെ സാംസ്ക്കാരികാവബോധം ഉയർത്താനും ലക്ഷ്യം വെച്ചുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും, ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. ഈ ലക്ഷ്യത്തോടെ സർക്കാർ രൂപകൽപന ചെയ്ത പദ്ധതിയാണ് ഓരോ പഞ്ചായത്തിലും സംസ്ക്കാരിക നിലയവും അതിനോടനുബന്ധിച്ച് വായനശാലയും എന്നത്. നമ്മുടെ പഞ്ചായത്ത് സാംസ്കാരിക നിലയത്തിലാണ് പഞ്ചായത്താഫീസ് പ്രവർത്തിക്കുന്നത് മാത്രമല്ല വായനശാല ഇതോടു ചേർന്നില്ലതാനും. പഞ്ചായത്തുതല സാംസ്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദുവായി സാംസ്ക്കാരിക നിലയം മാറേണ്ടതുണ്ട്. വിവിധ വാർഡുകളിലായി പരന്നുകിടക്കുന്ന കലാകായിക സംഘടനകളെ, പഞ്ചായത്ത് തലത്തിൽ വിളിച്ചു ചേർത്ത് ഒരു കേന്ദ്രനേതൃത്വത്തിനു കീഴിലാക്കേണ്ടതാണ്. ഇതോടൊപ്പം, പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും പുസ്തകങ്ങളും മററു വിഭവങ്ങളും സമാഹരിച്ച് വിപുലമായ പഞ്ചായത്ത് വായനശാലയും ആരംഭിക്കണം.

## മാധ്യമങ്ങൾ

കഴിഞ്ഞ പതിററാണ്ടുകാലത്ത് മാധ്യമ രംഗത്ത്, വിശിഷ്യാ, ദൃശ്യമാധ്യമ രംഗത്ത് വലിയൊരു കുതിച്ചുചാട്ടത്തിന് ഈ പഞ്ചായത്ത് സാക്ഷ്യം വഹിച്ചിട്ടുണ്ട്. പത്രം, മററു പ്രസിദ്ധീകരണങ്ങൾ, ടി വി. കേബിൾ ടി.വി, സിനിമ തുടങ്ങിയ ഏതു മണ്ഡലമെടുത്താലും ഈ വളർച്ച ദൃശ്യമാണ്. എന്നാൽ ഗണത്തിലുണ്ടായ ഈ വർദ്ധനവ്, ഗുണമേന്മ വർധിപ്പിച്ചിട്ടുണ്ടോ എന്നു നാം പുനരാലോചിക്കേണ്ടതാണ്.

ചേലക്കര പഞ്ചായത്തിൽ ആകെയുള്ള എണ്ണായിരത്തോളം കുടുംബങ്ങളിൽ മൂവായിരത്തോളം പേരാണ് ദിനപത്രം വാങ്ങുന്നത്. കുറേയധികം ആൾക്കാർ, അയൽവീടുകളിൽ നിന്നും മററു സ്ഥലങ്ങളിൽ നിന്നും പത്രം വായിക്കുന്നുണ്ടാകാം. എങ്കിലും പഞ്ചായത്തിലെ വലിയൊരു

വിഭാഗം ജനങ്ങൾ, ലോകകാര്യങ്ങളെക്കുറിച്ച് അജ്ഞരോ നിസ്സംഗരോ ആണ്. ലഭ്യമാകുന്ന സമയം, വാരികകളിലെ തുടർനോവലുകൾക്കായി മാററിവെയ്ക്കുന്ന സാംസ്കാരിക പ്രതിസന്ധി രൂക്ഷമാണ്.

ഏകദേശം എണ്ണൂറോളം വീടുകളിൽ ടെലിവിഷനും 80% വീടുകളിൽ റേഡിയോകളുമുണ്ട്. ഇലക്ട്രോണിക് മാധ്യമങ്ങൾ, അതിശക്തമായ വൈജ്ഞാനിക സംക്രമണത്തിനുള്ള ഉപാധികളാകേണ്ടുന്നതിനു പകരം, ഉപഭോഗ സംസ്കാരത്തിനനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. കാണികൾക്കേറെ പ്രിയം, പുരാണസംബന്ധിയായ സീരിയലുകളും സിനിമയെക്കുറിച്ചുള്ള വാർത്തകളുമാണ്. ഈ പഞ്ചായത്തിലെ അഞ്ചു കേബിൾ ടി വി കേന്ദ്രങ്ങൾക്കു കീഴിൽ, നാനൂറോളം ഗാർഹിക കണക്ഷനുകളുണ്ട്. ഒരു മുറിക്കുള്ളിലിരുന്ന് ഉപഭോക്താക്കൾക്ക് ആവശ്യപ്രകാരം ദൃശ്യപരിപാടികൾ വിതരണം ചെയ്യുന്ന ഈ സംവിധാനം, കർശനമായ നിയന്ത്രണത്തിനു വിധേയമാക്കേണ്ടതാണ്. അശ്ലീലവും അക്രമവും നിറഞ്ഞ മിസ് നൈററ് ചാനലുകൾ നിരോധിക്കണം. പ്രാദേശികമായി പ്രക്ഷേപണം ചെയ്യുന്ന പരിപാടികളുടെ ഗുണനിലവാരം പഞ്ചായത്ത് സമിതി നിർദ്ദേശിക്കുന്ന ഒരു വിദഗ്ദ്ധസമിതി, ഉറപ്പു വരുത്തേണ്ടതാണ്.

## കലയും സാഹിത്യവും

ചേലക്കര പഞ്ചായത്ത് കലാസാഹിത്യാദി രംഗങ്ങളിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നു. വാദ്യരംഗത്ത് പ്രശസ്തരായ വെങ്ങാനെല്ലൂർ, തോന്നൂർക്കര, പുലാക്കോട് തുടങ്ങിയ പ്രദേശങ്ങളിലെ അനുഗൃഹീത കലാകാരൻമാർ, അമ്പലപ്പറമ്പുകളിൽ ഇന്നാടിന്റെ മഹിമ ഉയർത്തിപ്പിടിക്കുന്നു. കലാപ്രകടനങ്ങൾ അവതരിപ്പിക്കാൻ, വാർഡുകൾ തോറും പ്രവർത്തിക്കുന്ന കലാസമിതികൾ വേദിയൊരുക്കാറുണ്ട്. ആഴ്ചകളോളം നീണ്ടുനിൽക്കുന്ന റിഹേഴ്സൽ ക്യാമ്പുകൾ, അമേച്വർ കലാകാരൻമാരുടെ സർഗാത്മക കൂട്ടായ്മയാണ്. ഇത്തരം ആഘോഷങ്ങളിൽ ആബാലവൃദ്ധം ജനങ്ങളുടെയും പരിപൂർണ്ണ സഹകരണം നിലനിൽക്കുന്നുണ്ട്. എന്നാൽ ഈയിടെയായി വർഷത്തിലൊരിക്കൽ മാത്രമായി ആഘോഷങ്ങൾ ചുരുങ്ങി വരികയാണ്.

സാഹിത്യരംഗത്ത് ചുരുക്കം ചിലരുടെ കൃതികളേ പ്രസിദ്ധീകൃതമായിട്ടുള്ളെങ്കിലും, അക്ഷരത്തോട് ജനതക്കുള്ള ബന്ധം ദൃഢവും ഗാഢവുമാണ്. പ്രശസ്ത സാഹിത്യകാരനായ കെ. പി. നിർമൽകുമാർ, തന്റെ 'ചേലക്കരയുടെ അതീതസ്വപ്നങ്ങൾ' തുടങ്ങിയ സൃഷ്ടികളിലൂടെ, ഇന്നാടിന്റെ അഭിമാനം ഉയർത്തിപ്പിടിക്കുന്നു. ചേലക്കരയിലെ സർവ്വാദരണീയനായ എൻ. വി. നാരായണൻ മാസ്ററുടെ 'ചന്ദനത്തിരി' എന്ന കാവ്യസമാഹാരം ആസ്വാദക സദസ്സുകളിൽ ഏറെ ചർച്ചചെയ്യപ്പെട്ട കൃതിയാണ്. കുറുമല നാരായണൻ കുട്ടിയുടെ 'ഏകാങ്ക നാടകങ്ങൾ' ഇപ്പോഴും നിരവധി വേദികളിൽ അവതരിപ്പിച്ചു വരുന്നു. ചേലക്കരയിൽ ഈയിടെ പ്രസിദ്ധീകൃതമായ 'ക്രിയ' മാസിക ഇവിടത്തെ ചെറുപ്പക്കാരുടെ സ്വാഗതാർഹമായ ഒരു തുടക്കമാണ്.

## കലാകായിക സംഘടനകൾ

ഈ പഞ്ചായത്തിൽ ഏറെക്കുറെ സജീവമായി പ്രവർത്തിക്കുന്ന പത്തു കലാകായിക സംഘടനകളുണ്ട്. തദ്ദേശീയരുടെ കലാകായികാഭിരുചി പ്രകടിപ്പിക്കാനുള്ള വേദികളായി ഇന്നവശേഷിക്കുന്നത് ഇത്തരം സമിതികൾ മാത്രമാണ്. എന്നാൽ വാർഷിക പരിപാടികളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന പല സമിതികളിലും, പുതിയ നേതൃനിരയുടെ അഭാവം പ്രകടമാണ്.

നാട്ടിൻപുറത്തുള്ള കലാകായിക സംഘടനകളുടെ പ്രവർത്തന സാധ്യതകൾ വിപുലമാണ്. ആനുകാലിക വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകൾ, സോദ്ദേശ സിനിമകളുടെ പ്രചരണത്തിനായുള്ള ഫിലിം സൊസൈററികൾ, വീഡിയോ ക്ലബ്ബുകൾ, രോഗ-രക്ത നിർണയ ക്യാമ്പുകൾ തുടങ്ങിയ വൈവിധ്യമാർന്ന പരിപാടികൾ ആസൂത്രണം ചെയ്യാവുന്നതാണ്.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ അടിസ്ഥാനശിലകളായി പ്രവർത്തിക്കേണ്ടത് സന്നദ്ധസംഘടനകളാണ്. വികസന പ്രവർത്തനങ്ങളുടെ ഫലപ്രദമായ നടത്തിപ്പിന്, കലാകായിക

സംഘടനകൾ, ജേസീസ്, വായനശാലകൾ തുടങ്ങിയവയുടെ സേവനം ലഭ്യമാക്കണം.

## കായിക സംസ്കാരം

സമൂഹത്തിൻെറ സർവതോൻമുഖമായ വികാസത്തിൻെറ അടിസ്ഥാനം, ജനതയുടെ മാനസികവും കായികവുമായ ആരോഗ്യമാണ്. 'ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ' എന്ന ചൊല്ല് അന്വർത്ഥമാകണമെങ്കിൽ, കായികരംഗത്ത് അടിസ്ഥാനപരമായ മാററങ്ങൾ ആവശ്യമാണ്. കായികബോധം ചെറുപ്പകാലം മുതലേ വളർത്തിയെടുക്കേണ്ട സിദ്ധിയാണെന്നും ഔപചാരിക വിദ്യാഭ്യാസത്തിലൂടെ പൂർണത കൈവരിക്കേണ്ടതാണെന്നും നാം മനസ്സിലാക്കണം.

നമ്മുടെ പഞ്ചായത്തിലെ കായികനിലവാരം, തൃപ്തികരമാണെന്നു പറയാനാവില്ല. സ്ക്കൂൾ തലത്തിലും സബ് ജില്ല-ജില്ലാ തലത്തിലും സമ്മാനിതരാകുന്നവരുണ്ടെങ്കിലും മതിയായ പ്രോത്സാഹനം ലഭിക്കാത്തതിൻെറ പേരിൽ പല പ്രതിഭകളും വളർന്നു വരുന്നില്ല. പഞ്ചായത്തിൽ കായിക പ്രകടനങ്ങൾക്കുള്ള സൗകര്യപ്രദമായ ഒരു പൊതുവേദി, ചേലക്കര S M T H സ്ക്കൂൾ ഗ്രൗണ്ടു മാത്രമാണ്. എന്നാൽ വേണ്ടത്ര സംരക്ഷണം ഇല്ലാത്തതിൻെറ പേരിൽ, ഈ മൈതാനം മലീമസമായിക്കൊണ്ടിരിക്കയാണ്.

ശക്തമായ കായികസംസ്കാരം രൂപപ്പെടുത്തുന്നതിൻെറ ഭാഗമായി പ്രീപ്രൈമറി തലത്തിൽ നിന്നു തന്നെ കായിക പഠനം ആരംഭിക്കണം. അതിൻെറ ഭാഗമായി കായികാധ്യാപകരെ എല്ലാ സ്ക്കൂളിലും നിയമിക്കുകയും കളിസ്ഥലം, കായികോപകരണങ്ങൾ എന്നീ സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യണം. ജനകീയ വിനോദങ്ങളായ ഫുട്ബോൾ, നീന്തൽ തുടങ്ങിയ കായിക പരിപാടികളിൽ മികവ് കാണിക്കുന്നവരെ കണ്ടെത്തി പഞ്ചായത്ത് തല കോച്ചിംഗ് ക്യാമ്പുകളിലൂടെ പ്രോത്സാഹനവും അംഗീകാരവും നൽകേണ്ടതാണ്. സർക്കാർ തലത്തിൽ ആവിഷ്കരിച്ചിട്ടുള്ള ഓണം കായികമേളയും കേരളോത്സവവും പഞ്ചായത്ത് തലത്തിൽ ഫലപ്രദമായല്ല സംഘടിപ്പിക്കുന്നത്. വേണ്ടത്ര പ്രചാരണം നൽകി, മികച്ച സംഘാടനത്തിലൂടെ ഇത്തരം പരിപാടികളുടെ ലക്ഷ്യം നേടിയെടുക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ മാത്രം നിലനിൽക്കുന്ന ഒരു കായിക വിനോദമാണ് തലമപന്തുകളി. ചേലക്കരയിലെ എല്ലാ വിഭാഗം ജനങ്ങളെയും ആകർഷിക്കുന്ന ഒരു ജനകീയ വിനോദമാണിത്. ഓണത്തോടനുബന്ധിച്ച് S M T H S മൈതാനത്തിൽ നടക്കുന്ന, തലമപന്തുകളി മത്സരം ശ്രദ്ധേയമാണ്. ഈ തനതു പരിപാടി സംരക്ഷിക്കാൻ, പഞ്ചായത്ത് ഭരണസമിതിയുടെ സഹായം ആവശ്യമാണ്.

## നിർദ്ദേശങ്ങൾ

1 പഞ്ചായത്ത് സാംസ്കാരിക നിലയം പ്രവർത്തന ക്ഷമമാക്കുകയും പഞ്ചായത്ത് ലൈബ്രറി, ബഹുജനപങ്കാളിത്തത്തോടെ സജ്ജമാക്കുകയും ചെയ്യുക.

2 പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പ്രാദേശിക സഹകരണത്തോടെ ഗ്രാമീണവായനശാലകൾ രൂപീകരിക്കുക.

3 കലാ-കായികാഭിരുചി വളർത്തിയെടുക്കുന്നതിനായി സർക്കാർ ആവിഷ്ക്കരിച്ച ഓണം കായികമേളയും, കേരളോത്സവവും ഫലപ്രദമായി സംഘടിപ്പിക്കുക.

4 അന്യം നിന്നുപോകുന്ന അനുഷ്ഠാനകലകളുടെ പുനരുദ്ധാരത്തിൻെറ ഭാഗമായി കലാകാരൻമാർക്ക് ക്ഷേമപദ്ധതികളും മററു പ്രോത്സാഹനങ്ങളും നൽകുക.

5 ഓണത്തോടനുബന്ധിച്ച് ചേലക്കരയിൽ മാത്രം നിലനിൽക്കുന്ന 'തലമപന്തുകളി' സംരക്ഷിക്കാനുള്ള നടപടികൾ കൈക്കൊള്ളുക.

6 പഞ്ചായത്തിലെ സൗകര്യപ്രദമായ ഏക മൈതാനമായ S.M.T.H.S. ഗ്രൗണ്ട് ചുററുമതിൽ കെട്ടി സംരക്ഷിക്കുക.

7 പഞ്ചായത്തിലെ മുഴുവൻ കലാകായിക സംഘടനകൾക്കുമായി, പഞ്ചായത്ത് തല നേതൃത്വം രൂപീകരിച്ച്, ആവശ്യമായ മാർഗ്ഗനിർദേശങ്ങളും സഹായങ്ങളും നൽകുക.

8 സിനിമ, ടി.വി, കേബിൾ ടി വി തുടങ്ങിയവയിലൂടെ പ്രചരിപ്പിക്കപ്പെടുന്ന അശ്ലീലവും അക്രമവും നിറഞ്ഞ പരിപാടികൾ നിരോധിച്ച്, ദൃശ്യമാധ്യമങ്ങളെ നാടിൻെറ സാംസ്ക്കാരിക വിനിമയ കേന്ദ്രങ്ങളായി മാററാനുള്ള നടപടികൾ, സംസ്ഥാനതല സ്ഥാനത്തിൽ കൈക്കൊള്ളണം.

1



# വനിതാക്ഷേമം

അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്

# വനിതാ ക്ഷേമം

ചേലക്കര പഞ്ചായത്തിൽ പുരുഷൻമാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. വിദ്യാഭ്യാസപരമായി സ്ത്രീകൾ പുരുഷൻമാരേക്കാൾ പിറകിലാണ്. എന്നിരുന്നാലും ഉന്നത വിദ്യാഭ്യാസമുള്ള സ്ത്രീകളും ധാരാളമുണ്ട്. അദ്ധ്യാപക രംഗത്ത് കൂടുതലും സ്ത്രീകളാണ് ജോലി ചെയ്യുന്നത്. വീട്ടു ജോലികളുമായി ബന്ധപ്പെട്ടു കഴിയുന്നവരാണ് സ്ത്രീകളിൽ ഭൂരിഭാഗവും. ഇതിനൊരു മാററം കൂടിയേ കഴിയൂ. സ്വന്തമായി തൊഴിലും വരുമാനവും ഉള്ള സ്ത്രീകൾ വളരെ കുറവാണ്. കാർഷിക മേഖലയിലാണ് സ്ത്രീകളിൽ ഏറിയ പങ്കും പണിയെടുക്കുന്നത്. എന്നാൽ കാർഷിക മേഖലയുടെ തളർച്ച കൃഷിപ്പണിയിലേർപ്പെട്ടിരുന്ന സ്ത്രീ തൊഴിലാളികളുടെ തൊഴിലവസരം വളരെ കുറച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം, റോഡുപണി തുടങ്ങിയ രംഗങ്ങളിൽ അടുത്ത കാലത്തായി സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ സാദ്ധ്യത ഉണ്ടായിട്ടുണ്ട്. സ്ത്രീകളുടേതായ തൊഴിൽ സംരംഭങ്ങളും വ്യവസായ യൂണിററുകളും വളരെ കുറവാണ്. പരമ്പരാഗത തൊഴിലായ കൊട്ടനെയ്ത്തുമായി ബന്ധപ്പെട്ട് ഒരു വിഭാഗം സ്ത്രീകൾക്ക് ഭാഗികമായി തൊഴിൽ ലഭിക്കുന്നുണ്ട്. ഇവർക്ക് ഇന്നു ലഭിക്കുന്ന കൂലി വളരെ കുറവാണ്. കേരള ഖാദി ബോർഡിൻേറയും ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ് അസോസിയേഷൻേറയും കീഴിലുള്ള രണ്ട് നെയ്ത്ത് കേന്ദ്രങ്ങളിലായി കുറച്ചു സ്ത്രീകൾ പണിയെടുക്കുന്നുണ്ട്. ഈ കേന്ദ്രങ്ങൾ വിപുലീകരിച്ച് മററു ഖാദി ഗ്രാമ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞാൽ കൂടുതൽ പേർക്ക് തൊഴിൽ നൽകാൻ കഴിയും. ഈ പഞ്ചായത്തിൽ 39 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് തുച്ഛമായ വരുമാനമാണെങ്കിലും 78 വനിതകൾക്ക് ജോലി ലഭിക്കുന്നുണ്ട്. അതുപോലെ തന്നെ കാര്യമായ വരുമാനം ലഭിക്കുന്നില്ലെങ്കിലും സ്വകാര്യ ആശുപത്രികളിലും ചില വ്യാപാര സ്ഥാപനങ്ങളിലും കുറവെല്ലങ്കിലും വനിതകൾക്ക് ജോലി ലഭിക്കുന്നുണ്ട്.

ഈ പഞ്ചായത്തിൽ ഒരു DWCRA യൂണിററ് പ്രവർത്തിക്കുന്നുണ്ട്. പക്ഷെ ഇതിൻെറ പ്രവർത്തനത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. സ്ത്രീകളിൽ തൊഴിൽ ആഭിമുഖ്യം വളർത്തുന്നതിനും സാമൂഹ്യരംഗങ്ങളിൽ അവരെ കർമ്മനിരതരാക്കുന്നതിനും ഇത്തരം കൂട്ടായ സംരംഭങ്ങൾ കൊണ്ട് കഴിയുന്നതാണ്. ബീഡി തെറുപ്പ്, പ്രിൻറിംഗ് പ്രസ്സ്, ടൈലറിംഗ്, പ്ലാസ്ററിക് കമ്പനി എന്നിവയുമായി ബന്ധപ്പെട്ടും ഏതാനും സ്ത്രീകൾ തൊഴിൽ ചെയ്തു വരുന്നു. ഇവർക്കും തുച്ഛമായ വരുമാനം മാത്രമാണ് ഇപ്പോൾ ലഭിക്കുന്നത്. ഈ മേഖലയിലെ വനിതകളെ പഞ്ചായത്ത് മുൻ കൈ എടുത്ത് സഹകരണാടിസ്ഥാനത്തിലോ ഗ്രൂപ്പ് അടിസ്ഥാനത്തിലോ സംഘടിപ്പിച്ച് മെച്ചപ്പെട്ട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്. കൂടുതൽ പേർക്ക് തൊഴിൽ നല്കാൻ കഴിയുന്ന ഫാക്ടറികളോ മററു സ്ഥാപനങ്ങളോ ഈ പഞ്ചായത്തിൽ ഇല്ല.

പ്രസിഡണ്ടുസ്ഥാനം വനിതാ സംവരണമായിട്ടുള്ള ചേലക്കര പഞ്ചായത്തിൽ 5 വാർഡുകളും വനിതകൾക്കായി സംവരണം ചെയ്തിരിക്കുന്നു. ഇതിൽ ഒരു വാർഡ് പട്ടികജാതി വനിതാ സംവരണ വാർഡാണ്. കൂടാതെ ഈ പഞ്ചായത്തിൽ വരുന്ന ഒരു ബ്ലോക്ക് പഞ്ചായത്ത് വാർഡും വനിതയ്ക്കായി സംവരണം ചെയ്തിട്ടുള്ളതാണ്. പഞ്ചായത്ത് രാജ് നിയമം മൂലം കൈവന്ന ഈ അവസരങ്ങൾ സ്ത്രീകൾക്ക് പൊതുരംഗത്ത് പ്രവർത്തിക്കാൻ പ്രചോദനമായിട്ടുണ്ട്. എങ്കിലും രാഷ്ട്രീയ-സാമൂഹ്യ-സാംസ്ക്കാരിക രംഗത്ത് നേതൃത്വപരമായ പങ്ക് നിർവ്വഹിക്കാൻ ഇപ്പോഴും സ്ത്രീകൾക്ക് കഴിയുന്നില്ല. ഇതിനു പ്രധാന കാരണം പൊതുരംഗത്തു പ്രവർത്തിക്കുന്ന സ്ത്രീകളെക്കുറിച്ചുള്ള സമൂഹത്തിൻെറ തെററായ കാഴ്ചപ്പാടും പുരുഷ വിഭാഗത്തിൻെറ സങ്കുചിത മനോഭാവവും ആണ്.

ടി. വി. സിനിമ തുടങ്ങിയ മാദ്ധ്യമങ്ങളും മററു ചില ആനുകാലിക പ്രസിദ്ധീകരണങ്ങളിലൂടെയും ഉണ്ടാകുന്ന അനുകരണ ഭ്രമം സ്ത്രീകളിൽ ഒരു പുതിയ ആഡംബര സംസ്ക്കാരം വളരുന്നതിന് കാരണമായിട്ടുണ്ട്. ഇത് സമൂഹത്തിന്റെ സാംസ്ക്കാരിക അധഃപതനത്തിനും കുടുംബ ഭദ്രത നഷ്ടപ്പെടുന്നതിനും കാരണമായിരിക്കുന്നു.

കൂടുതൽ തൊഴിലവസരങ്ങൾ നൽകി സ്ത്രീകളുടെ സാമ്പത്തിക പദവി ഉയർത്തുന്നതിലൂടെ മാത്രമേ സ്ത്രീകൾക്ക് സാമൂഹ്യ സമത്വം ഉറപ്പു വരുത്താൻ കഴിയുകയുള്ളൂ തൊഴിൽ മേഖലയിൽ സ്ത്രീ പുരുഷ വ്യത്യാസം കൂടാതെ തുല്ല്യ ജോലിക്ക് തുല്ല്യ വേതനം ലഭിക്കുമെന്ന് ഉറപ്പു വരുത്താനുള്ള നടപടികളും അനിവാര്യമാണ്. ഉന്നത വിദ്യാഭ്യാസം നേടിയ സ്ത്രീകൾ പോലും പൊതു വിജ്ഞാനം നേടുന്ന കാര്യത്തിൽ പുറകിലാണ്. വായനശാല മററു സാംസ്ക്കാരിക പ്രസ്ഥാനങ്ങൾ എന്നിവയിൽ സ്ത്രീകൾ മുന്നോട്ടു വരേണ്ടതാണ്.

## പ്രശ്നങ്ങൾ

വനിതകളുടെ വരുമാനവും ജീവിത സൗകര്യവും വർദ്ധിപ്പിക്കാൻ നിരവധി ക്ഷേമ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്.

സാദ്ധ്യതയുള്ള പുതിയ തൊഴിൽ സംരംഭങ്ങൾ കണ്ടെത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ലഭിക്കാത്തതു കൊണ്ട് സ്ത്രീകളുടെ സാമ്പത്തികാഭിവൃദ്ധി മെച്ചപ്പെടുത്തുവാൻ കഴിയുന്നില്ല.

വീടുകളിലെ സൗകര്യക്കുറവു കൊണ്ട് ഏററവും കൂടുതൽ പ്രയാസപ്പെടുന്നത് സ്ത്രീകളാണ്.

ഭൂരിഭാഗം വീടുകളിലും കക്കൂസും കുളിമുറിയും. കുടിവെള്ള ക്ഷാമവും പാചകാവശ്യങ്ങൾക്കുള്ള വിറകിന്റെ ലഭ്യതാ കുറവും കൊണ്ട് ബുദ്ധിമുട്ടുന്നതും സ്ത്രീകളാണ്. പുരുഷൻമാരുടെ മദ്യാസക്തി മൂലം പ്രയാസങ്ങളനുഭവിക്കേണ്ടി വരുന്നതും സ്ത്രീകളാണ്. ചാരായ നിരോധനം മൂലം ഈ കാര്യത്തിൽ അല്പം ആശ്വാസം ഉണ്ടായിട്ടുണ്ട്. സർക്കാർ ആശുപത്രികൾ, കുടുംബ ക്ഷേമ കേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങളിലെ അപര്യാപ്ത മൂലം ഏറെ കഷ്ടപ്പെടേണ്ടി വരുന്നതും സ്ത്രീകളാണ്.

വ്യാപാര മേഖലകളിൽ ജോലി ചെയ്യുന്ന വനിതകൾ ഏറെ ചൂഷണം ചെയ്യപ്പെടുന്നതായി കണ്ടു വരുന്നു. ഈ മേഖലയിൽ ജോലി സ്ഥിരതയോ മാന്യമായ ശമ്പളമോ ലഭിക്കുന്നില്ല.

വിദൂര സ്ഥലങ്ങളിൽ നിന്നും വന്ന് ജോലി ചെയ്യുന്ന സ്ത്രീ ജീവനക്കാർക്ക് താമസിക്കുവാനുള്ള സൗകര്യങ്ങളില്ല.

## നിർദ്ദേശങ്ങൾ

സ്ത്രീകളുടെ സാമ്പത്തിക പദവി ഉയർത്തുക.

ഗ്രാമീണ വനിതകളുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിന് സ്വയം തൊഴിൽ സംരംഭങ്ങൾ, വനിതാ വ്യവസായ യൂണിററുകൾ എന്നിവ ആരംഭിക്കേണ്ടതാണ്. ഈ കാര്യത്തിൽ സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെയും വ്യവസായ വകുപ്പിന്റേയും ഖാദി ഗ്രാമവ്യവസായ ബോർഡിന്റെയും നിലവിലുള്ള സ്ക്കീമുകൾ പ്രയോജനപ്പെടുത്താൻ പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്.

പഞ്ചായത്ത് മുൻകൈ എടുത്ത് ഓരോ വാർഡിലും ഗ്രാമവികസന വകുപ്പിന്റെ സഹായത്തോടെ DWCRA യുടെ മൂന്നു യൂണിററുകൾ വീതമെങ്കിലും ആരംഭിക്കുക. ഇത്തരം സംരംഭങ്ങൾ ആരംഭിക്കുന്ന വനിതകൾക്ക് ആവശ്യമായ തൊഴിൽ പരിശീലനം ട്രെയ്നിംഗ് തുടങ്ങിയ പദ്ധതികളിൽ പെടുത്തി നൽകേണ്ടതാണ്.

വനിതാ വ്യവസായ സഹകരണ സംഘങ്ങൾ, സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങൾ (self help group) എന്നിവ രൂപീകരിച്ചും സ്ത്രീ ജ്യോതി പദ്ധതി നടപ്പിലാക്കിയും വനിതകൾക്ക് കൂടുതൽ തൊഴിലവസരം ലഭ്യമാക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്.

സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തുക.

പഞ്ചായത്ത് മുൻകൈ എടുത്ത് വികസന ബ്ലോക്കുകളുടെ സഹായത്തോടുകൂടി അംഗൻവാടികൾ കേന്ദ്രീകരിച്ച് മഹിളാ സമാജങ്ങൾ രൂപീകരിക്കുക.

മഹിളാ സമാജങ്ങളുടെ ഒരു കേന്ദ്രീകൃത സംഘടന പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക.

മഹിളാ സമാജങ്ങൾ മുൻകൈ എടുത്ത് ആരോഗ്യം–ശുചിത്വം–തൊഴിൽ അവസരങ്ങൾ എന്നിവ സംബന്ധിച്ച ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിയ്ക്കുക.

മാതൃ സംഗമം സംഘടിപ്പിയ്ക്കുക–ഈ വക കാര്യങ്ങൾക്ക് പഞ്ചായത്തിൽ നിന്നും ആവശ്യമായ സഹായങ്ങൾ ചെയ്യേണ്ടതാണ്.

കൂടുതൽ ജന സാന്ദ്രതയുള്ള പ്രദേശങ്ങൾ തെരഞ്ഞെടുത്ത് ഓരോ വാർഡിലും മൂന്നോ നാലോ സ്ഥലത്ത് സാനിട്ടേഷൻ കോംപ്ലക്സുകൾ സ്ഥാപിക്കുകയും അതിന്റെ സംരക്ഷണ ചുമതല ഗുണഭോക്താക്കളുടെ കമ്മിററിയെ ഏൽപ്പിക്കേണ്ടതുമാണ്.

ചേലക്കര പഞ്ചായത്തിൽ ഒരു വർക്കിംഗ് വിമൻസ് ഹോസ്ററൽ സ്ഥാപിക്കുക.

നിലവിലുള്ള ആശുപത്രി സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക.

ചേലക്കര സർക്കാരാശുപത്രിയിൽ ഒരു ഗൈനക്കോളജിസ്ററിന്റെ സേവനം ഉറപ്പു വരുത്തുക.

വ്യാപാര സ്ഥാപനങ്ങളിലും സ്വകാര്യ ആശുപത്രികളിലും ജോലി ചെയ്യുന്ന സ്ത്രീകൾക്ക് മാന്യമായ വേതനം ലഭിക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുക.

സ്ത്രീകളെ ഒരു പ്രദർശന വസ്തുവായി ചിത്രീകരിക്കുന്ന പരസ്യങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുക.

സമ്പൂർണ്ണമായ മദ്യ നിരോധനം നടപ്പിലാക്കുക.

1 സ്ത്രീകളെ ആഭാസകരമായി ചിത്രീകരിക്കുന്ന ദൃശ്യമാദ്ധ്യമങ്ങളെ നിയന്ത്രിക്കുകയും അശ്ലീല പോസ്ററുകൾ പരസ്യപ്പെടുത്തുന്നത് തടയുകയും ചെയ്യുക.

2 മഹിളാദിനം ആചരിക്കുക.

3 ബ്ലോക്ക് മഹിളാ യൂണിയന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.

4 പഞ്ചായത്ത് അടിസ്ഥാനത്തിലും ബ്ലോക്ക് അടിസ്ഥാനത്തിലും മഹിളാസമ്മേളനങ്ങൾ, കലാസാംസ്കാരിക മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുക.

5 ഖാദി മേഖലയിൽ കൂടുതൽ നെയ്ത്തു കേന്ദ്രങ്ങളും, ഖാദി ഗ്രാമ വ്യവസായയൂണിററുകളും ആരംഭിക്കുക.

സ്ത്രീകൾക്ക് കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരമുണ്ടാക്കാൻ കഴിയുന്ന നൂതന കൃഷി രീതികൾ പരിശീലിപ്പിക്കേണ്ടതാണ്. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, ഔഷധസസ്യ കൃഷി, കൂൺ കൃഷി, പുഷ്പഫലസസ്യ കൃഷി എന്നിവ സ്ത്രീകൾക്ക് നിഷ്പ്രയാസം ചെയ്യാവുന്ന തൊഴിലുകളാണ്. കൂടാതെ ആടുവളർത്തൽ കോഴി വളർത്തൽ, ഡയറി ഫാം, പാൽ ഉൽപ്പന്ന യൂണിററുകൾ, അച്ചാറുകൾ, കൊണ്ടാട്ടങ്ങൾ എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ സ്ത്രീകൾക്ക് ഒററയ്ക്കും കൂട്ടായും ആരംഭിക്കാവുന്ന തൊഴിൽ സംരംഭങ്ങളാണ്.

★

# സഹകരണം

പഞ്ചായത്തുകളുടെ വികസനത്തിലും, സാമ്പത്തിക വളർച്ചയിലും നിർണ്ണായക പങ്ക് വഹിക്കാൻ സഹകരണ പ്രസ്ഥാനത്തിന് കഴിയുന്നതാണ്. സ്വാതന്ത്ര്യലബ്ധിക്ക് 30 വർഷങ്ങൾക്കു മുൻപ് തന്നെ നമ്മുടെ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചതായി കാണുന്നു. കാർഷിക വായ്പ സഹകരണ സംഘങ്ങൾ എന്ന നിലയിലാണ് ആദ്യകാലങ്ങളിൽ പ്രാഥമിക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചിരുന്നത്. ഇന്ന് സഹകരണ പ്രസ്ഥാനം എത്തിപ്പെടാത്ത മേഖലകൾ ഒന്നും തന്നെയില്ല എന്ന് പറയാം. ഉൽപാദന വിപണന രംഗത്തും, വ്യവസായ രംഗത്തും സഹകരണ പ്രസ്ഥാനത്തിന് ഇന്ന് വളരെയേറെ പ്രസക്തി വർദ്ധിച്ചിരിക്കുകയാണ്.

ആദ്യകാലത്ത് മോഡൽ പഞ്ചായത്ത് കോ-ഓപ്പറേറ്റീവ് സൊസൈററി എന്ന പേരിൽ ഒരു സഹകരണ സംഘം ചേലക്കര പഞ്ചായത്തിൽ നിലവിലുണ്ടായിരുന്നു. പഞ്ചായത്ത് മെമ്പർമാർ ഭരണ സമിതി അംഗങ്ങളും, പഞ്ചായത്ത് പ്രസിഡൻറ് സംഘത്തിൻെറ പ്രസിഡൻറുമായിരുന്നു. ഇതിൻെറ ആദ്യത്തെ പ്രസിഡണ്ട് കോന്നനാത്ത് ശങ്കരമേനോനും, സെക്രട്ടറി കഴുകിൽ കൃഷ്ണനെഴുത്തച്ഛനുമായിരുന്നു. മെമ്പർമാരുടെ അംഗത്വ ഫീസ് നാലണയായിരുന്നു. മെമ്പർമാർക്ക് കാർഷിക വായ്പയും, കൂടാതെ രാസവളങ്ങളും, എല്ലുപൊടി, കുമ്മായം മുതലായവയും വായ്പയായി നൽകിയിരുന്നു, വായ്പകൾ കന്നി, മകരം മാസങ്ങളിൽ നെല്ലായി തിരിച്ചടക്കുകയായിരുന്നു പതിവ്.

ചേലക്കര പഞ്ചായത്തിൽ നാലു സർവ്വീസ് സഹകരണ ബാങ്കുകളും, ഒരു പട്ടികജാതി സഹകരണ സംഘവും, നാല് ക്ഷീരോല്പാദക സഹകരണ സംഘങ്ങളും പ്രവർത്തിച്ചു വരുന്നു. കൂടാതെ രണ്ട് കൺസ്യൂമർ സഹകരണ സംഘവും ഒരു പട്ടികജാതി കയർ സഹകരണ സംഘവും, രജിസ്ററർ ചെയ്തതായി കാണുന്നു. ഇവയ്ക്കു പുറമെ സ്കൂൾ തലത്തിൽ പ്രവർത്തിക്കുന്ന നാല് സഹകരണ സംഘങ്ങളും നിലവിലുണ്ട്.

## വെങ്ങാനെല്ലൂർ 22-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്ക്

തൃശൂർ ജില്ലയിൽ സഹകരണ പ്രസ്ഥാനത്തിൻെറ ആരംഭ കാലത്തുതന്നെ വെങ്ങാനെല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് നിലവിൽ വന്നിട്ടുണ്ട്. 1916ൽ (കൊല്ലവർഷം 1092 ൽ) വെങ്ങാനെല്ലൂർ വിവിധോദ്ദേശ സഹകരണ സംഘം എന്ന പേരിൽ പ്രവർത്തനമാരംഭിച്ച ഈ സംഘത്തിൻെറ ആദ്യത്തെ പ്രസിഡണ്ട് പരേതനായ വെമ്പോലമനയ്ക്കൽ ബ്രഹ്മശ്രീ വാസുദേവൻ നമ്പൂതിരിപ്പാടായിരുന്നു. 1964ൽ ഇത് 22-ാം നമ്പർ വെങ്ങാനെല്ലൂർ സർവ്വീസ് സഹകരണ സംഘമായി രൂപാന്തരപ്പെട്ടു. 1988—89 ൽ സർവ്വീസ് സഹകരണ ബാങ്കായി ഉയർത്തപ്പെട്ട ഈ സ്ഥാപനത്തിൽ ഇപ്പോൾ 4236 പേർ അംഗങ്ങളായിട്ടുണ്ട്. ഈ ബാങ്കിൻെറ പ്രവർത്തന പരിധി വെങ്ങാനെല്ലൂർ വില്ലേജാണ്. ഇതിലെ അംഗങ്ങൾക്ക് കാർഷിക വായ്പകളും കാർഷികേതര വായ്പകളും, ഗോൾഡ് ലോണും നൽകി വരുന്നു. ഈ സ്ഥാപനത്തിന് സ്വന്തമായി 10 സെൻറ് സ്ഥലവും കെട്ടിടവും ഉണ്ട്.

## പുലാക്കോട് സർവ്വീസ് സഹകരണ ബാങ്ക്

1960 സെപ്തംബർ 14-ാം തിയ്യതി R. 185-ാം നമ്പർ പുലാക്കോട് സർവ്വീസ് സഹകരണ സംഘം എന്ന പേരിൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിൻെറ ആദ്യത്തെ പ്രസിഡണ്ട് നമ്പ്യാത്ത് കൃഷ്ണൻകുട്ടി നായരായിരുന്നു.

വളരെക്കാലം വാടകകെട്ടിടത്തിൽ പ്രവർത്തിച്ച ഈ ബാങ്കിന് ഇപ്പോൾ പുലാക്കോട് സെൻററിൽ 21 സെൻറ് സ്ഥലവും കെട്ടിടവും സ്വന്തമായിട്ടുണ്ട്. 1975 ൽ ഇത് ഒരു സർവ്വീസ് സഹകരണ ബാങ്കായി ഉയർത്തപ്പെട്ടു. വളരെ നല്ലനിലയിൽ പ്രവർത്തിച്ചു വരുന്ന ഈ ബാങ്ക്, അംഗങ്ങൾക്ക് കാർഷിക-കാർഷികേതര വായ്പകളും, ഗോൾഡ് ലോണും നല്കുന്നതിനോടൊപ്പം റബ്ബർ, സിമൻറ്, വളം, കീടനാശിനി, പലചരക്ക്, തുണി, കാർഷികോപകരണങ്ങൾ എന്നിവയും വില്പന നടത്തി വരുന്നുണ്ട്. ഇതിൻെറ പ്രവർത്തന പരിധി പുലാക്കോട്-പങ്ങാരപ്പിള്ളി വില്ലേജുകളാണ്. ഇപ്പോൾ 3448 പേർ അംഗങ്ങളായിട്ടുണ്ട്.

## തോന്നൂർക്കര സർവ്വീസ് സഹകരണ സംഘം

1964 നവംബർ 9-ാം തിയതി തോന്നൂർക്കര സർവ്വീസ് സഹകരണ സംഘം R 264 എന്ന പേരിൽ പ്രവർത്തനമാരംഭിച്ച ഈ സംഘത്തിൻെറ ആദ്യത്തെ പ്രസിഡണ്ട് അന്തരിച്ച കോന്നനാത്ത് പത്മനാഭമേനോനായിരുന്നു. 2687പേർ ഇപ്പോൾ ഇതിൽ അംഗങ്ങളായിട്ടുണ്ട്. അംഗങ്ങൾക്ക് കാർഷികവും കാർഷികേതരവുമായ വായ്പകളും, ഗോൾഡ്ലോണും, വളം, കീടനാശിനി, തുണി എന്നിവയും വില്പന നടത്തിവരുന്നു. ഈ സംഘത്തിന് 15 സെൻറ് സ്ഥലവും കെട്ടിടവും സ്വന്തമായിട്ടുണ്ട്.

## ചേലക്കര സർവ്വീസ് സഹകരണ ബാങ്ക്

ചേലക്കര കുറുമല വില്ലേജുകൾ പ്രവർത്തന പരിധിയാക്കി രൂപീകരിക്കപ്പെട്ട ഈ ബാങ്ക് ആദ്യകാലങ്ങളിൽ നല്ലനിലയിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ പിൻകാലത്ത് പ്രവർത്തനങ്ങളിലുണ്ടായ വൈകല്യങ്ങളും സാമ്പത്തിക ക്രമക്കേടുകളും കാരണം കഴിഞ്ഞ 15 വർഷമായി ഈ ബാങ്ക് പ്രവർത്തനരഹിതമാണ്. ഈ ബാങ്കിന് 11 സെൻറ് സ്ഥലവും ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടവും സ്വന്തമായിട്ടുണ്ട്. ഇപ്പോൾ ലിക്വിഡേഷൻ നടപടികൾ നടന്നു കൊണ്ടിരിക്കുകയുമാണ്. ഈ ബാങ്കിൻെറ പ്രവർത്തനം നിലച്ചതുമൂലം ഇതിൻെറ പരിധിയിൽവരുന്ന കർഷകർക്ക് വായ്പകൾ ലഭിക്കുന്നതിനും മററ് ആവശ്യങ്ങൾ നിറവേററുന്നതിനും കഴിയാതെ വന്നിരിക്കുന്നു. ഇതുമൂലം ഉണ്ടാകുന്ന പ്രയാസങ്ങൾ ഒഴിവാക്കുന്നതിന് ചേലക്കര സർവ്വീസ് സഹകരണബാങ്കിൻെറ പരിധിയിൽ വരുന്ന അംഗങ്ങളെ അവർക്ക് സൗകര്യപ്രദമായ രീതിയിൽ നിലവിലുള്ള മററ് മൂന്ന് സർവ്വീസ് സഹകരണ ബാങ്കുകളോടൊപ്പം കൂട്ടിചേർക്കേണ്ടതാണ്.

## ചേലക്കര പട്ടികജാതി സഹകരണ സംഘം H W. No 7

തുടക്കത്തിൽ അമ്പതു ശതമാനം പട്ടിക ജാതിക്കാരും അമ്പതുശതമാനം മററു വിഭാഗങ്ങളിൽ പെട്ടവരും അംഗങ്ങളായി 25-3-1961 ൽ പ്രവർത്തനമാരംഭിച്ച ഈ സംഘത്തിൻെറ ആദ്യത്തെ പ്രസിഡണ്ട് ശ്രീ മുഹമ്മദ്മൂസയാണ്. എന്നാൽ പിന്നീട് മററു വിഭാഗത്തിൽപ്പെട്ട അംഗങ്ങളെ പൂർണ്ണമായും ഒഴിവാക്കുകയുണ്ടായി. ഇപ്പോൾ നൂറുശതമാനം അംഗങ്ങളും പട്ടികജാതിക്കാരാണ്. ഈററ ഉപയോഗിച്ച് കൊട്ടകളുണ്ടാക്കി വില്പന നടത്തുന്ന പ്രവർത്തനമാണ് പ്രധാനമായും നടന്നുവരുന്നത്. സംഘത്തിന് 17 സെൻറ് സ്ഥലവും നല്ല ഒരു കെട്ടിടവും സ്വന്തമായിട്ടുണ്ട്. കൂടാതെ തോന്നൂർക്കരയിൽ തൊഴിലാളികൾക്കിരുന്ന് പണിയുന്നതിനും കുട്ടകൾ സൂക്ഷിക്കുന്നതിനും ഗോഡൗൺ സൗകര്യത്തോടു കൂടിയ വർക്ക് ഷെഡ്ഡുകളുമുണ്ട്. ചേലക്കര ടൗണിനോടു ചേർന്നുള്ള ഓഫീസ് കെട്ടിടത്തിൽ ഒരു തുണിക്കടയും സംഘം നടത്തിവരുന്നു. ഈ സംഘത്തിൽ ഇപ്പോൾ 1077 അംഗങ്ങളുണ്ട്, ഇതിൻെറ പ്രവർത്തന പരിധി പഴയന്നൂർ ബ്ലോക്കാണ്.

## സർവ്വീസ് സഹകരണ സംഘങ്ങൾ സംബന്ധിച്ച പൊതുവിവരങ്ങൾ

| സ്ഥാപനത്തിൻെറ പേര് | സ്ഥാപിച്ച വർഷം | ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ/ തൊഴിലാളികളുടെ എണ്ണം | ഓഹരി മൂലധനം | ലാഭത്തിലാണോ നഷ്ടത്തിലാണോ |
|---|---|---|---|---|---|
| S C B 22 വെങ്ങാനെല്ലൂർ | കൊല്ലവർഷം 1092 മേടം 10 | 4236 | 2 | 13 ലക്ഷം പിരിവ് കിട്ടിയത് 351930 | നഷ്ടം |
| S C B R.185 പുലാക്കോട് | 14.9.1960 | 3448 | 7 (ദിവസകൂലിക്ക് ഒരാ൦) | 15 ലക്ഷം പിരിവ് കിട്ടിയത് 617109 | ഓഡിററ് പ്രകാരം നഷ്ടം |
| S C B ചേലക്കര | | ലിക്വിഡേഷൻ | | | |
| SCS R. 264 തോന്നൂർക്കര | 9.11.1964 | 2687 | 3 | 7 ലക്ഷം പിരിവ് കിട്ടിയത് 333450 | നഷ്ടത്തിൽ |
| HW No. 7 പട്ടികജാതി സഹകരണസംഘം | 25.3.1961 | 1077 | 1 | 6 ലക്ഷം പിരിവ് കിട്ടിയത് 159478 | നഷ്ടം |

### 1 പുലാക്കോട് ക്ഷീരോൽപാദക സഹകരണസംഘം

9.8.76ൽ R-44 D നമ്പറായി രജിസ്ററർ ചെയ്ത ഈ സംഘത്തിൽ തുടക്കത്തിൽ 60 മെമ്പർമാരാണ് ഉണ്ടായിരുന്നത്. സംഘത്തിൻെറ സ്ഥാപക പ്രസിഡണ്ട് കുങ്കുമത്ത് ബാലകൃഷ്ണൻ നായരായിരുന്നു. ഇപ്പോ൦ 712 അംഗങ്ങളുള്ള ഈ സംഘത്തിന് 5 സെൻറ് സ്ഥലംസ്വന്തമായിട്ടുണ്ട്. പ്രതിദിനം ശരാശരി 375 ലിററർ പാൽ സംഘത്തിൽ അളക്കുന്നുണ്ട്. സംഘം ഇപ്പോ൦ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

### 2 കുറുമല ക്ഷീരോല്പാദന സഹകരണ സംഘം

1978 ൽ ഫാദർ അബ്രഹാം കാടമല പ്രസിഡണ്ടായി തോന്നൂർക്കര, കുറുമല വില്ലേജുകൾ ഉൾപ്പെടുത്തിക്കൊണ്ട് ആരംഭിച്ച ഈ സംഘം 82-83 കാലഘട്ടം വരെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. ഈ കാലഘട്ടത്തിലാണ് സംഘത്തിന് സ്വന്തമായി 30 സെൻറ് സ്ഥലവും കെട്ടിടവും ഉണ്ടാക്കാൻ കഴിഞ്ഞത്. 82-83 ൽ അപ്കോസിൻെറ നിയന്ത്രണത്തിൽ വരികയും ഇതോടുകൂടി തോന്നൂർക്കര കേന്ദ്രമാക്കി പുതിയ ഒരു സംഘം പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇന്ന് ഈ സംഘത്തിൻെറ പ്രവർത്തനം വളരെ ശോചനീയമാണ്. തുടക്കത്തിൽ പ്രതിദിനം ശരാശരി 700 ലിററർ പാൽ സംഭരിച്ചിരുന്ന ഈ സംഘത്തിൽ ഇപ്പോ൦ 10 അംഗങ്ങ൦ മാത്രമാണ് പാൽ അളക്കുന്നത്.

### 3 തോന്നൂർക്കര ക്ഷീരോല്പാദക സഹകരണ സംഘം R. 142-D

1984 ൽ അപ്കോസിൻെറ കീഴിൽ നിലവിൽ വന്ന ഈ സംഘത്തിൻെറ ആദ്യത്തെ പ്രസിഡണ്ട് ശ്രീ. കെ. ആർ. പ്രഭാകരൻ മാസ്റററാണ്, ഇതുവരെ സ്വന്തമായ സ്ഥലവും കെട്ടിടവും ആയിട്ടില്ല. തോന്നൂർക്കര സർവ്വീസ് സഹ

കരണ സംഘം കെട്ടിടത്തിൽ ഈ സ്ഥാപനം വാടകക്ക് പ്രവർത്തിച്ചു വരുന്നു. 149 അംഗങ്ങളുള്ള ഈ സംഘത്തിൽ പ്രതിദിനം 165 ലിററർ പാൽ അളക്കുന്നുണ്ട്. നേരിയ ഒരു ലാഭത്തിൽ പ്രവർത്തിച്ചുവരുന്നു.

## വെങ്ങാനെല്ലൂർ ക്ഷീരവ്യവസായ സഹകരണ സംഘം R-59 D

1976ൽ ആരംഭിച്ച ഈ സംഘത്തിന്റെ ആദ്യത്തെ പ്രസിഡണ്ട് ചെറളങ്ങാട്ട് ശ്രീ പത്മനാഭൻ നായരാണ്. വെങ്ങാനെല്ലൂർ വില്ലേജാണ് പ്രവർത്തനപരിധി. ഇപ്പോൾ ഈ സംഘത്തിൽ 405 പേർ അംഗങ്ങളായിട്ടുണ്ട്. 1990 വരെ ഇത് വെങ്ങാനെല്ലൂരാണ് പ്രവർത്തിച്ചിരുന്നത്. അതിനുശേഷം മേപ്പാടത്ത് വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. സംഘത്തിന് സ്വന്തമായി 5 സെൻറ് സ്ഥലം ഉണ്ട്. പ്രതിദിനം ശരാശരി 300 ലിററർ പാൽ സംഘത്തിൽ അളക്കുന്നുണ്ട്. ഇപ്പോൾ ലാഭത്തിൽ പ്രവർത്തിച്ചുവരുന്നു.

## സ്ക്കൂൾ സഹകരണ സംഘങ്ങൾ

എസ്.എം.ടി. ഹൈസ്ക്കൂൾ ചേലക്കര, എൽ.എഫ്.ജി.എച്ച്.എസ്. ചേലക്കര, സെൻറ് ജോസഫ്സ് ഹൈസ്ക്കൂൾ പങ്ങാരപ്പിള്ളി എന്നീ സ്ക്കൂളുകളിലായി മൂന്ന് സഹകരണ സംഘങ്ങളും എൽ.പി. - യു.പി. സ്കൂൾ തലത്തിൽ സി.ജി.ഇ.എം. സ്കൂൾ കേന്ദ്രീകരിച്ച് ഒരു സഹകരണ സംഘവും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിലെ അംഗങ്ങൾ വിദ്യാർത്ഥികളും അദ്ധ്യാപകരുമാണ്, വിദ്യാർത്ഥികൾക്കാവശ്യമായ പുസ്തകങ്ങളും പഠനോപകരണങ്ങളും ചുരുങ്ങിയ വിലക്ക് വിതരണം ചെയ്യുന്ന പ്രവർത്തനമാണ് പ്രധാനമായും നടന്നുവരുന്നത്.

## പഴയന്നൂർ ബ്ളോക്ക് പട്ടികജാതി ഡി-ഫൈബറിംഗ് യൂണിററ്.

1994 ൽ രജിസ്ററർ ചെയ്ത ഈ സംഘത്തിൽ 25 അംഗങ്ങളുണ്ട്. നാളികേരത്തിന്റെ പച്ചത്തൊണ്ടിൽ നിന്നും ചകിരിനാരുണ്ടാക്കി കയറുല്പന്നങ്ങൾ നിർമ്മിക്കുന്നതിന് വിഭാവനം ചെയ്ത് രൂപീകരിച്ച ഒരു പട്ടികജാതി വ്യവസായ സഹകരണ സംഘമാണ് ഇത്. ഈ വ്യവയായ സംരംഭം ആരംഭിക്കുന്നതിന്റെ ആദ്യപടിയായി പങ്ങാരപ്പിള്ളി വില്ലേജിൽ സംഘത്തിന്റെ പേരിൽ ഒരു ഏക്കർ സ്ഥലം വിലക്കുവാങ്ങിയിട്ടുണ്ട്. ഈ വ്യവസായ സംരംഭം ആരിഭിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ധനസഹായത്തിനു വേണ്ടി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്, ഇത് പ്രവർത്തനമാരംഭിക്കാൻ കഴിഞ്ഞാൽ ഏകദേശം 50 പേർക്ക് തൊഴിൽ ലഭിക്കാൻ സാധ്യതയുണ്ട്.

## സഹകരണമേഖല നേരിടുന്ന പ്രശ്നങ്ങൾ

1 സഹകരണ മേഖലയിലെ രാഷ്ട്രീയ അതിപ്രസരം.

2 സംസ്ഥാന സർക്കാർ മാറുന്നതനുസരിച്ച് രാഷ്ട്രീയ പരിഗണനവെച്ച് സഹകരണ സ്ഥാപനങ്ങളിലെ ഭരണസമിതി പിരിച്ചുവിടൽ.

3 വായ്പകൾ ലഭിക്കുന്നതിനുള്ള പ്രയാസങ്ങൾ

4 സഹകരണ സംഘങ്ങളിൽ അംഗങ്ങളാകുന്നതിന് നിയന്ത്രണമില്ല. വോട്ടവകാശത്തിനു വേണ്ടി മാത്രം അംഗങ്ങളെ ചേർക്കൽ.

5 സംഘങ്ങളിൽ നിക്ഷേപം ലഭിക്കുന്നതിനുള്ള പ്രയാസം.

6 കുടിശ്ശിക വർദ്ധിച്ചു വരുന്നു.

7 പൊതുവിതരണ രംഗത്ത് സഹകരണ സംഘങ്ങൾക്ക് വേണ്ടത്ര പങ്കാളിത്തമില്ല.

## നിർദ്ദേശങ്ങൾ

1 രാഷ്ട്രീയ ലാഭത്തിനുവേണ്ടി സഹകരണ സ്ഥാപനങ്ങളെ ദുരുപയോഗം ചെയ്യുന്ന പ്രവണത ഒഴിവാക്കുക.

2 ഭരണ ഘടന സംരക്ഷണത്തോടു കൂടിയ ഒരു കേന്ദ്ര സഹകരണ നിയമം നടപ്പിലാക്കാൻ കഴിഞ്ഞാൽ സംഘം ഭരണ സമിതികളെ രാഷ്ട്രീയ പരിഗണന വെച്ച് പിരിച്ചു വിടുന്നത് ഒഴിവാക്കാവുന്നതാണ്.

3 സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ മാത്രമാണ് അംഗങ്ങൾക്ക് കാർഷികേതര വായ്പകൾ നൽകാൻ കഴിയുകയുള്ളൂ. പഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന തുക സഹകരണ സംഘങ്ങളിൽ നിക്ഷേപിക്കാൻ കഴിഞ്ഞാൽ ഈ പ്രശ്നത്തിന് ഒരു ചെറിയ അളവോളം പരിഹാരമാകും. എല്ലാ വർഷവും നടത്തുന്ന നിക്ഷേപ സമാഹരണം ജനകീയ സംരംഭമാക്കി മാററുന്നതിനുള്ള പരിപാടികളാവിഷ്ക്കരിക്കുകയും സ്ഥിര നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കുകയും ചെയ്യുക.

4 സഹകരണ സംഘത്തിൻെറ സേവനം ആവശ്യമായി വരുന്നവർക്ക് മാത്രമായി അംഗത്വം പരിമിതപ്പെടുത്തുക ഇതിനാവശ്യമായ ഭേദഗതി നിയമത്തിൽ വരുത്തുക.

5 ദേശസാൽകൃത ബാങ്കുകളിലും, മററു ബാങ്കുകളിലും നിക്ഷേപകർക്ക് നൽകുന്ന പലിശ സഹകരണ സംഘങ്ങളിലെ നിക്ഷേപകർക്ക് നൽകാൻ കഴിയേണ്ടതാണ്. സംഘങ്ങളിലെ ഭരണസമിതി അംഗങ്ങളായി വരുന്നവരെക്കുറിച്ച് നിക്ഷേപകർക്ക് വിശ്വാസവും, നിക്ഷേപകർക്കുള്ള സുരക്ഷിതത്വവും ഉറപ്പുവരുത്തേണ്ടതാണ്. ധനകാര്യ സ്ഥാപനമെന്ന നിലയിൽ ഇടപാടുകാരും ജീവനക്കാരും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തേണ്ടതാണ്.

6 ഏതാവശ്യത്തിനാണോ വായ്പ വാങ്ങുന്നത് ആ ആവശ്യത്തിനു തന്നെ അത് ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുക. അംഗങ്ങളുടെ ആവശ്യത്തിനനുസരിച്ച് വായ്പ നല്കാനുള്ള സൗകര്യമുണ്ടാക്കുക, വാങ്ങിയ വായ്പ യഥാസമയം തിരിച്ചടയ്ക്കുന്നതിനുള്ള താല്പര്യം അംഗങ്ങളിൽ ഉണ്ടാക്കുന്നതിന് പ്രേരണ ചെലുത്തുകയും ചെയ്യുക. യഥാസമയം വായ്പ തിരിച്ചടക്കുന്നവർക്ക് തിരിച്ചടവിനോടൊപ്പം തന്നെ പലിശ സബ്സിഡി ലഭ്യമാക്കുക.

7 സഹകരണ സംഘങ്ങളുടെ ചുമതലയിൽ നിത്യോപയോഗ സാധനങ്ങളുടെ വില്പന കേന്ദ്രങ്ങൾ ആരംഭിക്കുക, കാർഷികോല്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനുമുള്ള സംവിധാനം ഉണ്ടാക്കുക. ഇതിനാവശ്യമായ സാമ്പത്തിക സഹായം സംഘങ്ങൾക്ക് നൽകുക.

## പൊതു നിർദ്ദേശങ്ങൾ

1 പഞ്ചായത്ത് തലത്തിൽ ഒരു സഹകരണ ആശുപത്രി ആരംഭിക്കുക,

2 ഒന്ന്, രണ്ട്, അഞ്ച്, എട്ട് വാർഡുകളിൽ ഓരോ ക്ഷീരോല്പാദക സംഘങ്ങൾ ആരംഭിക്കുക.

3 വനവിഭവങ്ങൾ ശേഖരിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി ബ്ലോക്ക് തലത്തിൽ ഒരു പട്ടികവർഗ്ഗ സഹകരണ സംഘം രൂപീകരിക്കുക.

4 നഷ്ടത്തിൽ നടന്നുവരുന്ന സർവ്വീസ് സഹകരണ സംഘങ്ങളെ നബാഡിൻെറ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തുക.

5 പഞ്ചായത്തുതലത്തിൽ കാർഷികോല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിനുള്ള ഒരു മാർക്കററിംഗ് സഹകരണ സംഘം രൂപീകരിക്കുക.

6 പഞ്ചായത്ത് തലത്തിൽ ഒരു വനിതാ വിവിധോദ്ദേശ സഹകരണ സംഘം രൂപീകരിക്കുക.

7 സ്വന്തമായി കെട്ടിടമില്ലാത്ത ക്ഷീര സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാൻറ് നൽകുക.

8 കൺസ്യൂമർ സ്റ്റോറുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുക.

9 പട്ടികജാതി ഡിഫൈബറിങ്ങ് യൂണിററ് പ്രവർത്തനം ആരംഭിക്കാൻ സത്വര നടപടി സ്വീകരിക്കുക.

10 കുട്ടനെയ്ത്തിൽ മാത്രം കേന്ദ്രീകരിച്ചിരിക്കുന്ന ചേലക്കര പട്ടികജാതി സഹകരണ സംഘത്തിലൂടെ മററ് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ പദ്ധതി തയ്യാറാക്കുക.

11 കാർഷിക വായ്പകൾക്കുള്ള പലിശ കുറയ്ക്കുക.

12 നബാർഡിൽ നിന്നും നൽകുന്ന കാർഷിക വായ്പകൾ പല തട്ടുകൾ വഴിയാണ് ഇന്ന് സഹകരണ സംഘങ്ങൾക്ക് ലഭിയ്ക്കുന്നത്. നബാർഡിൽ നിന്ന് നേരിട്ട് ജില്ലാബാങ്കുകൾക്കും, ജില്ലാബാങ്കുകൾ സഹകരണസംഘങ്ങൾക്കും വായ്പ നൽകിയാൽ ഇന്നുള്ള പലിശയിൽ കുറവു വരുത്താൻ കഴിയുന്നതാണ്.

13 നബാർഡ് കാർഷിക വികസന ബാങ്കുകൾക്ക് നൽകിവരുന്നതുപോലുള്ള കാർഷികേതര വായ്പകൾ സഹകരണ സംഘങ്ങൾക്കും ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തുക.

## റബർ ഉല്പാദക സംഘം

സഹകരണ മേഖലയിലല്ലെങ്കിലും ഈ പഞ്ചായത്തിലെ റബ്ബർ കർഷകരുടെ ക്ഷേമത്തിനു വേണ്ടി തോന്നൂർക്കര, പങ്ങാരപ്പിള്ളി, കുറുമല, പുലാക്കോട്, വെങ്ങാനെല്ലൂർ വില്ലേജുകളിലായി 5 റബ്ബറുല്പാദക സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. ഉല്പാദകരിൽ നിന്നും റബ്ബർ പാൽ ശേഖരിച്ച് തൃശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന വള്ളത്തോൾ റബ്ബേഴ്സ് എന്ന കേന്ദ്ര സ്ഥാപനം വഴി വിഭണനം നടത്തുന്ന പ്രവർത്തനമാണ് സംഘങ്ങൾ നടത്തി വരുന്നത്, കൂടാതെ റബ്ബർ ബോർഡിൻെറ സഹായത്തോടെ സബ്സിഡിയോടുകൂടി കർഷകർക്ക് വളം, തുരിശ്, ആസിഡ്, കാർഷികോപകരണങ്ങൾ എന്നിവയും വിതരണം ചെയ്യുന്നു.

## കൺസ്യൂമർ സഹകരണ സംഘങ്ങൾ

ഈ പഞ്ചായത്തിൽ രണ്ട് കൺസ്യൂമർ സഹകരണസംഘങ്ങൾ രജിസ്ററർ ചെയ്തിട്ടുണ്ട്. 1 കുറുമല കൺസ്യൂമർ സഹകരണ സ്റേറാർ, 2 കളപ്പാറ കൺസ്യൂമർ സഹകരണ സ്റേറാർ രജിസ്ററർ ചെയ്ത് വർഷങ്ങളായെങ്കിലും ഇതുവരെയും രണ്ടിൻേറയും പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

★

# മാർക്കററ്

ചേലക്കരയിലെ പ്രസിദ്ധമായ ശനിയാഴ്ച ചന്ത ഏകദേശം ഇരുനൂറ് വർഷങ്ങൾക്ക് മുൻപ് തന്നെ പ്രവർത്തിച്ചിരുന്നതായി കാണുന്നു. ഇന്ന് ഈ ചന്തയുടെ പ്രധാന്യം കുറഞ്ഞു വന്നിരിക്കുകയാണ്. പ്രാദേശികമായി ഉണ്ടാക്കിയിരുന്ന കൈതോലപ്പായകളും കുത്താംമ്പുള്ളി കൈത്തറി മുണ്ടുകളും, മൺപാത്രങ്ങളും, ഉണക്ക മത്സ്യവുമാണ് പ്രധാനമായും കച്ചവടം നടത്തിയിരുന്നത്. ഇന്ന് പ്രധാനമായും നടക്കുന്നത് വെള്ളിയാഴ്ച രാത്രിയിലെ കോഴി ചന്തയാണ്.

പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന കാർഷികവും--കാർഷികേതരവുമായ സാധനങ്ങൾ പൊതുവായ സ്ഥലത്ത് കേന്ദ്രീകരിച്ച് വാങ്ങൽ വില്പന നടത്തുകയും ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടാത്ത സാധനങ്ങൾ മററു സ്ഥലങ്ങളിൽ നിന്നും കൊണ്ടുവന്ന് വിൽക്കുകയും ചെയ്യുന്ന സംവിധാനമാണല്ലോ മാർക്കററ്. ഈ രീതിയിൽ പ്രവർത്തിക്കുന്ന ഒരു പൊതു സംവിധാനം ഇന്ന് പഞ്ചായത്തിലില്ല. പഞ്ചായത്ത് വക മാർക്കററിൽ ഇന്ന് നടക്കുന്നത് മത്സ്യകച്ചവടവും അറവും മാത്രമാണ്. 1969 കാലഘട്ടത്തിൽ പഞ്ചായത്തിൽ ഒരു കന്നുകാലി ചന്ത ആരംഭിച്ചെങ്കിലും ചുരുങ്ങിയ കാലം മാത്രമെ പ്രവർത്തിക്കുകയുണ്ടായുള്ളൂ. പഞ്ചായത്തിലെ പൊതു വിപണി പ്രധാനമായും നിയന്ത്രിക്കുന്നത് സ്വകാര്യ കച്ചവടക്കാരാണ്, കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി സാധനങ്ങളു മററു കാർഷികോല്പന്നങ്ങളും പ്രധാനമായും അങ്ങാടിയിലെ സ്വകാര്യ കച്ചവട സ്ഥാപനങ്ങളിലാണ് വിൽക്കുന്നത്. തൻമൂലം കർഷകർക്ക് ശരിയായ വില ലഭിക്കുന്നില്ലെന്ന് മാത്രമല്ല, ഉപഭോക്താക്കൾക്ക് അന്യായ വില കൊടുക്കേണ്ടിയും വരുന്നു.

നാട്ടിൻ പുറങ്ങളുമായി ബന്ധപ്പെട്ട് വേണ്ടത്ര ഗതാഗത സൗകര്യം ലഭ്യമായതോടുകൂടി കർഷകർക്ക് കാർഷികോല്പന്നങ്ങൾ വിദൂര കമ്പോളങ്ങളിൽ എത്തിക്കാൻ സാധിച്ചു. ഇത് ആദ്യകാലത്തുണ്ടായിരുന്ന മാർക്കററിൻെറ നിലനില്പിനെ സാരമായി ബാധിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ഏററവും കൂടുതൽ കയററി അയക്കുന്ന കാർഷിക ഉല്പന്നങ്ങളാണ് നേന്ത്രക്കായ, പച്ചക്കറി തുടങ്ങിയ സാധനങ്ങൾ. ഇഞ്ചി, മഞ്ഞൾ, കശുവണ്ടി, കുരുമുളക്, മരച്ചീനി തുടങ്ങിയ സാധനങ്ങളും ചെറിയ തോതിൽ കയററി അയക്കുന്നുണ്ട്. കൂടാതെ മാങ്ങ വൻ തോതിൽ ഉൽപ്പാദിപ്പിക്കുന്ന ഒരു പ്രദേശമാണ് ചേലക്കര. ഇന്ന് ഇവയുടെ വിപണി നിയന്ത്രിക്കുന്നത് സ്വകാര്യ ക്രച്ചവടക്കാരാണ്. പഞ്ചായത്തിലെ പ്രധാനപ്പെട്ട കൃഷികൾ നെല്ലും, തെങ്ങും റബ്ബറുമാണ്. പഞ്ചായത്തിലുള്ള അഞ്ച് റബ്ബർ ഉല്പാദക സംഘങ്ങളും പുലാക്കോട് സർവ്വീസ് സഹകരണ ബാങ്കും റബ്ബറിന് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് സഹായമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ നെല്ലിൻെറയും, നാളികേരത്തിൻെറയും കാര്യത്തിൽ ഇപ്പോഴും ഇടത്തട്ടുകാരുടെ ചൂഷണം നിലനിൽക്കുന്നു. നെല്ലും, നാളികേരവും സംഭരിച്ച് വിപണനം നടത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന മാർക്കററിങ്ങ് സംഘങ്ങളോ, സ്ഥാപനങ്ങളോ ഉണ്ടാക്കാൻ കഴിഞ്ഞാൽ ഇതിന് പരിഹാരമാകും.

### പ്രശ്നങ്ങൾ

1 പഞ്ചായത്തിൽ ഒരു പൊതുമാർക്കററ് പ്രവർത്തിക്കുന്നില്ല.

2 കാർഷികോല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിന് ഫലപ്രദമായ പൊതു ഏജൻസികളില്ല.

3 കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല. ഉപഭോക്താക്കൾ അമിത വില നൽകേണ്ടിയും വരുന്നു.

4 പഞ്ചായത്തിന്റെ നിലവിലുള്ള മാർക്കററിൽ സൗകര്യങ്ങളില്ല. ശുചിത്വം തീരെയില്ല.

## നിർദ്ദേശങ്ങൾ

1 കാർഷിക–കാർഷികേതര ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിന് നിലവിലുള്ള പഞ്ചായത്ത് മാർക്കററിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

2 പഞ്ചായത്തിലുള്ള സഹകരണ സംഘങ്ങളിലൂടെ കാർഷികോല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്താൻ ക്രമീകരണങ്ങൾ ഏർപ്പെടുത്തുക.

3 പഞ്ചായത്തിൽ എല്ലാ ദിവസവും പ്രവർത്തിക്കുന്ന ഒരു പൊതു മാർക്കററ് ആരംഭിക്കുക.

4 പഞ്ചായത്തിലെ പ്രധാനപ്പെട്ട കർഷക മേഖലകളായ പങ്ങാരപ്പിള്ളി, തോന്നൂർക്കര എന്നിവിടങ്ങളിൽ ആഴ്ച ചന്തകൾ ആരംഭിക്കുക.

5 പഞ്ചായത്തിലെ പ്രധാനപ്പെട്ട ഉൽസവ–ആഘോഷങ്ങളോടനുബന്ധിച്ച് പ്രദർശന വില്പന ശാലകൾ പഞ്ചായത്തും, സഹകരണ സ്ഥാപനങ്ങളും മുൻകൈ എടുത്ത് ആരംഭിക്കുക.

6 നവീന രീതിയിലുള്ള കശാപ്പുശാലയും പുതിയ ഷോപ്പിംഗ് കോംപ്ലക്സും മാർക്കററിനോടനുബന്ധിച്ച് നിർമ്മിക്കുക.

7 പഞ്ചായത്ത്തല ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിച്ച് പ്രവർത്തിക്കുക.

8 ജനപ്രതിനിധികളും, വ്യാപാര പ്രതിനിധികളും, ഉപഭോക്താക്കളുമടങ്ങിയ വിലനിയന്ത്രണ കമ്മിററികൾ രൂപീകരിക്കേണ്ടതാണ്.

9 അത്താണിയിലുള്ള നെല്ല് വിപണന സംസ്ക്കരണ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക. സഹകരണ സംഘങ്ങളും പാടശേഖര കമ്മിററികളും വഴിയുള്ള നെല്ല് സംഭരണം ഫലപ്രദമായ രീതിയിൽ നടത്തുക.

★



അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാ ... നങ്ങളിലേക്ക്
അധികാ ... നങ്ങളിലേക്ക്
അധികാര ... നങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങളിലേക്ക് അധികാരം ജനങ്ങളിലേക്ക്

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

''തൊട്ടു കൂടാത്തവർ തീണ്ടികൂടാത്തവർ
ദൃഷ്ടിയിൽ പെട്ടാലോ ദോഷമുള്ളോർ''

അടിച്ചമർത്തപ്പെട്ടു കിടക്കുന്ന ഒരു ജനവിഭാഗത്തെ സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടു വരുന്നതിന് ഐതിഹാസികമായ നിരവധി പോരാട്ടങ്ങൾ നടന്ന രാജ്യമാണ് നമ്മുടേത്. ഈ പോരാട്ടങ്ങൾക്ക് ശക്തമായ നേതൃത്വം നൽകുന്നതിന് ഇന്ത്യയിലെ ദേശീയ പ്രസ്ഥാനം വഹിച്ചപങ്ക് വളരെ വലുതാണ്. സാമൂഹ്യ തിന്മകൾക്കെതിരായി ജനങ്ങളെ ആവേശം കൊള്ളിച്ച പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരായിരുന്നു മഹാത്മാഗാന്ധി, അംബേദ്കർ, ശ്രീനാരായണഗുരു, കേളപ്പൻ, അയ്യങ്കാളി, സഹോദരൻ അയ്യപ്പൻ, എ. കെ. ജി. തുടങ്ങിയവർ. സ്വാതന്ത്ര്യസമര പ്രവർത്തനങ്ങൾക്കൊപ്പം സാമൂഹ്യ പരിഷ്ക്കരണ പ്രവർത്തനങ്ങൾക്കും വലിയ പ്രാധാന്യമാണ് മഹാത്മജി നൽകിയിരുന്നത്. 1936ലെ ക്ഷേത്ര പ്രവേശന വിളംബരത്തോടെ ക്ഷേത്രകവാടങ്ങൾ എല്ലാ വിഭാഗം ഹൈന്ദവർക്കുമായി തുറന്നു കൊടുക്കുകയും തുടർന്ന് നിരത്തുകളും പൊതു കിണറുകളും, വിശ്രമസങ്കേതങ്ങളും, വിദ്യാലയങ്ങളും എല്ലാ ജാതി മതഭേദമെന്യേ എല്ലാ വിഭാഗം ജനങ്ങൾക്കും ഉപയോഗിക്കാമെന്നായി. ഏതുതരത്തിലുള്ള വിവേചനവും ശിക്ഷാർഹവുമായി. പട്ടികജാതി പട്ടികവിഭാഗത്തെ സംബന്ധിച്ചിടത്തോളം സാമൂഹ്യ പരിഷ്ക്കരണ രംഗത്ത് വിപ്ലവകരമായ മുന്നേററങ്ങൾക്ക് തുടക്കം കുറിച്ച സംഭവങ്ങളായിരുന്നു അത്. സ്വതന്ത്ര ഭാരതത്തിൽ ഭരണഘടനാപരമായ സംരക്ഷണത്തോടെ പട്ടികജാതി പട്ടികവർഗ വിഭാഗക്കാരുടെ പുരോഗതി ലക്ഷ്യം വെച്ചുകൊണ്ടുള്ള നിയമ നിർമ്മാണങ്ങൾ ഏറെയുണ്ടായി. കേരളത്തിലും ഈ വിഭാഗത്തിൻെറ ക്ഷേമത്തിനുവേണ്ടി പ്രത്യേക നിയമ നിർമ്മാണങ്ങൾ നടത്തുകയും, പ്രത്യേക ഘടകപദ്ധതി ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുള്ളതായി കാണാം. അന്തിമവിശകലനത്തിൽ സാമൂഹിക അസമത്വങ്ങൾ ഒരു പരിധിവരെ ഇല്ലാതാക്കാൻ ഇത്തരം നിയമനിർമ്മാണങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും നാം ആഗ്രഹിച്ച സാമ്പത്തിക പുരോഗതിയിലേക്ക് ഇവരെ എത്തിക്കാൻ കഴിഞ്ഞിട്ടില്ലാ എന്ന സത്യം അവശേഷിക്കുന്നു.

ചേലക്കര പഞ്ചായത്തിൽ മൊത്തം ജനസംഖ്യയുടെ 15 ശതമാനത്തോളം പട്ടിക ജാതിക്കാരാണ്. പട്ടിക വർഗ്ഗത്തിൽപ്പെട്ട 54 പേരും ഉണ്ട്. ഈ പഞ്ചായത്തിൽ 55 പട്ടികജാതി കോളനികളും ഒരു പട്ടികവർഗ്ഗ കോളനിയുമുണ്ട്. മൊത്തം 1270 വീടുകളിലായി 5615 പേർ താമസിച്ചു വരുന്നു. ഭൂരിഭാഗം ആളുകളും തൊഴിൽരഹിതരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമാണ്. ഈ വിഭാഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ കുറേയേറെ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. അംബേദ്കർ ഗ്രാമ പദ്ധതി, തീവ്രസങ്കേത വികസന പരിപാടി, സ്വാശ്രയ ഗ്രാമപദ്ധതി തുടങ്ങിയ വികസന പരിപാടികളിലൂടെ ഒട്ടുമിക്ക പട്ടികജാതി കോളനിയിലും ശുദ്ധജലംഎത്തിക്കുന്നതിനും, വാസയോഗ്യമായ വീടുകൾ ഉണ്ടാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ചുരുക്കം ചില കോളനികളിൽ ശുദ്ധജലം അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇനിയും എത്തിക്കേണ്ടതായിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്ത് നാം വിഭാവനം ചെയ്ത പോലെയുള്ള പുരോഗതി ഈ വിഭാഗത്തിന് കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഉന്നതവിദ്യാഭ്യാസം നേടിയവർ പട്ടികജാതി വിഭാഗത്തിൽ വളരെ കുറവാണ്. എന്നിരുന്നാലും ചെറിയൊരു ശതമാനം ആളുകൾ സർക്കാർ ജോലിക്കാരായിട്ടുണ്ട്.

യുവാക്കളിൽ ഭൂരിഭാഗവും സാമാന്യവിദ്യാഭ്യാസം നേടിയിട്ടുള്ളവരാണ്. പ്രായമുള്ളവരിൽ ബഹു ഭൂരിപക്ഷവും അക്ഷരജ്ഞാനമില്ലാത്തവരാണ്. വിദ്യാഭ്യാസം നേടുന്നതിന് ഒട്ടേറെ ആനുകൂല്യങ്ങൾ സർക്കാർ നൽകി വരുന്നുണ്ടെങ്കിലും അത് വേണ്ടരീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഭൂരിഭാഗം ആളുകളും പത്താം ക്ലാസ്സ് എത്തുന്നതോടുകൂടി പഠനം അവസാനിപ്പിക്കുന്നതായി കാണുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്ക് താമസിച്ചു പഠിക്കാൻ ഒരു പ്രീമെട്രിക്ക് ഹോസ്റ്റൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ സേവനവും വേണ്ടരീതിയിൽ പ്രയോജനപ്പെടുത്തുന്നതായി കാണുന്നില്ല.

ചേലക്കര പഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പലരും സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിൽ നേതൃസ്ഥാനത്തേയ്ക്ക് ഉയർന്നു വന്നിട്ടുണ്ട്. ഇന്നത്തെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി ശ്രീ കെ. രാധാകൃഷ്ണൻ ഈ പഞ്ചായത്ത് നിവാസിയാണ്.

സാംസ്കാരികരംഗത്തും പട്ടികജാതി വിഭാഗക്കാരുടെ സംഭാവന ചെറുതല്ല. തിറ, പൂതൻതറ, കാളകളി, കുതിരകളി, പൊറാട്ടുകളി, ചവിട്ടുകളി തുടങ്ങിയ പാരമ്പര്യകലകളിൽ പ്രാഗത്ഭ്യം നേടിയ പഴയ തലമുറയിൽപ്പെട്ടവരുടെ എണ്ണം കുറഞ്ഞു വരികയാണ്. ചെണ്ടകൊട്ട്, പഞ്ചവാദ്യം തുടങ്ങിയ വാദ്യകലകളിലും ഏതാനും പേർ പരിശീലനം നേടിയവരായുണ്ട്. പുതിയ തലമുറയിൽ പെട്ടവർക്ക് പരിശീലനവും, പ്രോത്സാഹനവും നൽകി പാരമ്പര്യ കലാരൂപങ്ങൾ നിലനിർത്തേണ്ടതാണ്.

പട്ടികജാതി വിഭാഗത്തിൽ പെട്ട ഭൂരിഭാഗം ആളുകളും കർഷകത്തൊഴിലാളികളാണ് കാർഷികമേഖലയിലെ പ്രതിസന്ധി ഇവരുടെ തൊഴിൽ സാദ്ധ്യതയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അടുത്ത കാലത്തായി കുറേപേർ കെട്ടിടനിർമ്മാണ രംഗത്ത് ജോലി ചെയ്തു വരുന്നുണ്ട്. പരമ്പരാഗത തൊഴിലായ കൊട്ടനെയ്ത്തുമായി ബന്ധപ്പെട്ടും ഒരു വിഭാഗം ആളുകൾ ജോലി ചെയ്യുന്നുണ്ട്. ചേലക്കര പട്ടികജാതി സഹകരണ സംഘത്തിന്റെ കീഴിൽ ഈ വിഭാഗത്തിൽപെട്ട നൂറോളം പേർക്ക് സ്ഥിരമായി ജോലി ലഭിക്കുന്നുണ്ട്. കുട്ടനെയ്ത്തിനാവശ്യമായ ഈററ യഥാസമയം കിട്ടാത്തതും, മതിയായ വേതനം ലഭിക്കാത്തതും ഈ വിഭാഗക്കാർ നേരിടുന്ന പ്രശ്നങ്ങളാണ്. ഇക്കാരണത്താൽ പുതിയ തലമുറയിൽപെട്ട ചെറുപ്പക്കാർക്ക് ഈ തൊഴിലിനോട് താൽപര്യം കുറഞ്ഞു വരുന്നു.

പട്ടികജാതി വിഭാഗക്കാരുടെ സമഗ്ര പുരോഗതി ലക്ഷ്യം വെച്ചുകൊണ്ട് ഒട്ടേറെ ക്ഷേമ പദ്ധതികൾ സർക്കാർ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പട്ടികജാതി വികസന വകുപ്പിന്റേയും, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റേയും സഹായത്തോടെ നിരവധി സ്വയം തൊഴിൽ സഹായപദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഈ പരിപാടികൾ ഒക്കെ ഉണ്ടെങ്കിൽത്തന്നെയും ഇതിനെക്കുറിച്ചുള്ള വേണ്ടത്ര ബോധവൽക്കരണത്തിന്റെ അഭാവം മൂലം ഇതൊന്നും ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

**പ്രശ്നങ്ങൾ**

1. സ്വന്തമായ സ്ഥലവും, വീടും ഇല്ലാത്ത പട്ടികജാതി കുടുംബങ്ങൾ ഇപ്പോഴുമുണ്ട്.
2. പല കോളനികളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.
3. നിലവിലുള്ള ഭൂരിഭാഗം വീടുകളുടേയും അവസ്ഥ ശോചനീയമാണ്.
4. പഞ്ചായത്തിലെ മിക്ക പട്ടികജാതി വീടുകളിലും കക്കൂസുകളില്ല.
5. മിക്ക വീടുകളും വൈദ്യുതീകരിച്ചിട്ടില്ല.
6. ചില കോളനികളിൽ ഇപ്പോഴും വൈദ്യുതി എത്തിയിട്ടില്ല.

7 തൊഴിൽ രഹിതരുടെ എണ്ണം കൂടുതലാണ്.

8 മത്സരപരീക്ഷകളിൽ പട്ടികജാതിക്കാരായ ഉദ്യോഗാർത്ഥികൾ പിൻതള്ളപ്പെടുന്നു

9 കോളനികളിൽ പൊതു ചടങ്ങുകൾക്ക് സൗകര്യങ്ങളില്ല.

10 ഉന്നത വിദ്യാഭ്യാസത്തിനോ, സാങ്കേതിക വിദ്യാഭ്യാസത്തിനോ ഈ പഞ്ചായത്തിൽ സ്ഥാപനങ്ങളില്ല.

11 പാരമ്പര്യ തൊഴിൽ മേഖലകളിൽ ജീവിത സുരക്ഷിതത്ത്വമില്ല.

12 സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതിക്കാർ സർക്കാർ സഹായത്തോടെ ഭൂമി വാങ്ങുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി അടക്കേണ്ടി വരുന്നു,

13 പഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽ പെട്ട കൃഷി ഭൂമിയുള്ളവർ വളരെ കുറവാണ്.

14 മിക്കവാറും കോളനിയിലേയ്ക്ക് ഗതാഗത യോഗ്യമായ റോഡുകളില്ല.

15 മിക്ക കോളനികളിലും ടി.വി. ഇല്ല. ഉള്ള കോളനികളിൽ ടി.വി. സ്ഥാപിക്കാൻ വേണ്ടത്ര സൗകര്യങ്ങളില്ല.

16 പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്ക് വായ്പ ലഭിക്കുന്നതിന് പ്രയാസം നേരിടുന്നു.

17 ഉദ്യോഗനിയമനങ്ങളിൽ സംവരണം പാലിക്കപ്പെടുന്നില്ല.

## നിർദ്ദേശങ്ങൾ

1 സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീടുവെക്കുന്നതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കുക.

2 എല്ലാ പട്ടികജാതി കോളനികളിലും കുടിവെള്ളം എത്തിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുക.

3 പട്ടികജാതിക്കാരുടെ നിലവിലുള്ള പഴക്കം ചെന്ന വീടുകൾ റിപ്പയർ ചെയ്യുന്നതിനുള്ള ധനസഹായം അനുവദിക്കുക.

4 എല്ലാ പട്ടികജാതി വീടുകളിലും ശുചിത്വമുള്ള കക്കൂസുകൾ നിർമ്മിച്ചു നൽകുക.

5 വൈദ്യുതീകരിക്കാത്ത എല്ലാ പട്ടികജാതി വീടുകളിലും വൈദ്യുതീകരിക്കുന്നതിന് സമയ ബന്ധിതമായ നടപടികൾ സ്വീകരിക്കുക.

6 വൈദ്യുതി എത്താത്ത എല്ലാപട്ടികജാതി കോളനികളിലും വൈദ്യുതി എത്തിക്കുകയും തെരുവുവിളക്കുകൾ സ്ഥാപിക്കുകയും ചെയ്യുക.

7 വ്യവസായ വകുപ്പിൻേറയും, പട്ടികജാതി വികസന വകുപ്പിൻേറയും പട്ടികജാതി പട്ടികവർഗ്ഗ വികസന **കോർപ്പറേഷൻേറയും** സഹായത്തോടെ പുതിയ തൊഴിൽ സംരംഭങ്ങളാരംഭിക്കുക, തൊഴിൽ സംരംഭങ്ങളെക്കുറിച്ച് പട്ടികജാതിക്കാരെ ബോധവാന്മാരാക്കുകയും തൊഴിൽ സംരംഭങ്ങളാരംഭിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുകയും ചെയ്യുക.

8 പട്ടികജാതിക്കാരായ ഉദ്യോഗാർത്ഥികളെ മത്സര പരീക്ഷക്ക് പ്രാപ്തരാക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുക. അതിനാവശ്യമായ സ്ഥാപനങ്ങൾ ആരംഭിക്കുക.

9 പൊതു ചടങ്ങുകൾ നടത്തുന്നതിന് എല്ലാ കോളനികളിലും കമ്യൂണിറ്റിഹാൾ നിർമ്മിക്കുക.

10 ഉന്നത വിദ്യാഭ്യാസവും, സാങ്കേതിക വിദ്യാഭ്യാസവും ലഭിക്കുന്നതിനുള്ള സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ ആരംഭിക്കുക.

11 പാരമ്പര്യ തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവർക്ക് ക്ഷേമപദ്ധതികൾ, പെൻഷൻ, ഗ്രൂപ്പ് ഇൻഷുറൻസ് എന്നിവ നടപ്പിലാക്കുക.

12 ഭൂമിയില്ലാത്ത പട്ടികജാതിക്കാർക്ക് സർക്കാർ സഹായത്തോടു കൂടി ഭൂമി വാങ്ങുമ്പോഴുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കുക.

13 പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഭൂമി വാങ്ങുന്നതിനു നൽകുന്ന വായ്പ ഉദാരമാക്കുകയും വായ്പാ സംഖ്യ വർദ്ധിപ്പിക്കുകയും ചെയ്യുക.

14 കോളനികളിലേക്കുള്ള എല്ലാ റോഡുകളും ഗതാഗത യോഗ്യമാക്കുക.

15 എല്ലാ പട്ടികജാതി കോളനികളിലും T. V. സെററ് അനുവദിക്കുക.

16 പട്ടികജാതി വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതി കൂടുതൽ ഉദാരമാക്കുക. ധനകാര്യ സ്ഥാപനങ്ങൾ നൽകുന്ന വായ്പക്ക് സർക്കാർ ജാമ്യം നിൽക്കേണ്ടതാണ്.

17 എല്ലാ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലും, സഹകരണ സ്ഥാപനങ്ങളിലും നിയമനങ്ങളിൽ നിയമാനുസരണ സംവരണം പാലിക്കാൻ നടപടി സ്വീകരിക്കുക.

18 പട്ടികജാതി വിദ്യാർത്ഥികൾക്ക് അവരുടെ സങ്കേതങ്ങളിൽ വെച്ച് സേവനസന്നദ്ധരായ അദ്ധ്യാപകരെ കണ്ടെത്തി ട്യൂഷൻ നൽകാൻ പദ്ധതി ആവിഷ്ക്കരിക്കുക. അവർക്ക് വേണ്ട പ്രോത്സാഹനവും നൽകുക.

19 പട്ടികജാതിക്കാരുടെ വിദ്യാഭ്യാസപരവും, സാംസ്ക്കാരികവുമായ ഉന്നമനത്തിന് ബോധവൽക്കരണവും, ചർച്ചാ ക്ലാസ്സുകളും സംഘടിപ്പിക്കുക.

20 കൂടുതൽ ആളുകൾ തിങ്ങിപ്പാർക്കുന്ന പട്ടികജാതി കോളനികളിൽ ആധുനിക രീതിയിലുള്ള പൊതു കക്കൂസുകളും, വില്ലേജ് സാനിട്ടേഷൻ കോംപ്ലക്സുകളും സ്ഥാപിക്കുക.

21 പട്ടികജാതി വിദ്യാർത്ഥികൾക്കായി ഈ പഞ്ചായത്തിൽ ഒരു റസിഡൺഷ്യൽ സ്ക്കൂൾ സ്ഥാപിക്കുക.

22 പട്ടികജാതിക്കാർ തിങ്ങി പാർക്കുന്ന സ്ഥലങ്ങളിൽ ശ്മശാനം നിർമ്മിച്ചു കൊടുക്കേണ്ടതാണ്.

23 ജീർണ്ണിച്ചു കിടക്കുന്ന പട്ടികജാതിക്കാരുടെ ക്ഷേത്രങ്ങൾ പുതുക്കി പണിയേണ്ടതാണ്.

## പട്ടികവർഗ്ഗം

പഞ്ചായത്തിലെ ഏക പട്ടികവർഗ്ഗ കോളനിയാണ് 8-ാം വാർഡിലെ കളപ്പാറ ഗിരിജൻ കോളനി. 18 കുടുംബങ്ങളിലായി 54 അംഗങ്ങൾ താമസിക്കുന്നു. 14 കുടുംബങ്ങൾക്ക് ഓടുമേഞ്ഞ വീടും 4 കുടുംബങ്ങൾക്ക് ഓല മേഞ്ഞ വീടുകളുമാണുള്ളത്. ഇവരുടെ പ്രധാന ഉപജീവനമാർഗ്ഗം വനവിഭവങ്ങൾ ശേഖരിക്കലാണ്. കോളനിയിലേക്ക് ഇപ്പോഴും സഞ്ചാരയോഗ്യമായ റോഡില്ല. ശുദ്ധജല ക്ഷാമവും രൂക്ഷമാണ്. കോളനിയിലേക്ക് വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും വീടുകളൊന്നും വൈദ്യുതീകരിച്ചിട്ടില്ല. ഇവർക്ക് സാമ്പത്തിക ഭദ്രത കൈവരുത്തുന്നതിന് സർക്കാർ തന്നെ കോളനി സ്ഥലത്ത് റബ്ബർപ്ലാൻറ് ചെയ്തു കൊടുത്തിട്ടുണ്ട്. വിദ്യാഭ്യാസപരമായി ഇവർ വളരെ പുറകിലാണ്. എന്നാൽ കുറച്ചു കുട്ടികൾ അംഗൻവാടിയിലും, തൊട്ടടുത്തുള്ള L P സ്ക്കൂളിലും പൊയ്ക്കൊണ്ടിരിക്കുന്നു.

## നിർദ്ദേശങ്ങൾ

1 കോളനിയിലേയ്ക്ക് ഗതാഗത യോഗ്യമായ റോഡ് നിർമ്മിച്ചുകൊടുക്കുക.

2 ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3 വീടില്ലാത്ത കുടുംബങ്ങൾക്ക് വീടും, അടിസ്ഥാന സൗകര്യങ്ങളും ചെയ്തുകൊടുക്കേണ്ടതാണ്.

4 വൈദ്യുതീകരിക്കാത്ത എല്ലാ വീടുകളും വൈദ്യുതീകരിക്കേണ്ടതാണ്.

5 കോളനിയിൽ ഒരു റബ്ബർ റോളർ വെച്ചുകൊടുക്കുകയും ചെറുപ്പക്കാർക്ക് ടാപ്പിംഗിൽ പരിശീലനം നൽകേണ്ടതുമാണ്.

6 കോളനിയിലേയ്ക്ക് അനുവദിച്ച T.V. സ്ഥാപിക്കുന്നതിനും, പൊതുചടങ്ങുകൾ നടത്തുന്നതിനും ഒരു കമ്യൂണിററിഹാൾ നിർമ്മിക്കേണ്ടതാണ്.

7 വനവിഭവങ്ങൾ വിററഴിക്കാൻ ഒരു വിപണന കേന്ദ്രം ഇല്ല. ഈ ആവശ്യത്തിലേയ്ക്കായി പഴയന്നൂർ ബ്ലോക്ക് തലത്തിൽ ഒരു ഗിരിജൻ സഹകരണസംഘം രൂപീകരിക്കേണ്ടതാണ്.

8 കോളനി നിവാസികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് ബോധവൽക്കരണം നടത്തേണ്ടതാണ്.

# ചേലക്കര ഗ്രാമപഞ്ചായത്ത് പട്ടിക ജാതി കോളനികളുടെ വിവരം

| വാർഡ് നമ്പർ | കോളനികളുടെ പേര് | കുടുംബങ്ങളുടെ എണ്ണം | കോളനികളിൽ ഉൾപ്പെടാത്ത കുടുംബങ്ങളുടെ എണ്ണം | ആകെ വീടുകളുടെ എണ്ണം | സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത കുടുംബങ്ങളുടെ എണ്ണം | തെരുവ് വിളക്ക് ഇല്ലാത്ത കോളനികളുടെ എണ്ണം | ഗതാഗത യോഗ്യമായ റോഡുകൾ ഉണ്ടോ | വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| 1 | കോളനികൾ ഇല്ല | — | 7 | 7 | — | — | — | 2 |
| 2 | 1 തെണ്ടൻകാവ് കോളനി | 12 | 1 | 26 | 3 | | ഇല്ല | |
| | 2 മഞ്ഞംകുന്ന് കോളനി | 13 | | | | | ,, | 19 |
| 3 | 1 പുളിയ്ക്കപറമ്പ് കോളനി | 23 | | | | ഉണ്ട് | ഇല്ല | |
| | 2 വട്ടപ്പാമ്പിൽ കോളനി | 12 | | | | ,, | ,, | |
| | 3 ചമതപ്പറമ്പ് കോളനി | 10 | 18 | 87 | | ,, | ,, | |
| | 4 മനപ്പടി കോളനി | 12 | | | 15 | ,, | ,, | 40 |
| | 5 മുല്ലയ്ക്കൽ കോളനി | 12 | | | | ,, | ,, | |
| 4 | 1 കൽത്തൊട്ടിക്കുന്ന് കോളനി | 10 | | | | ഉണ്ട് | ഇല്ല | |
| | 2 പട്ടറണിപ്പറമ്പ് കോളനി | 17 | | | | ,, | ,, | |
| | 3 മനയ്ക്കൽത്തൊടി കോളനി | 13 | | | | ,, | ,, | 104 |
| | 4 നാട്ടിയൻചിറ കോളനി | 33 | | | 8 | ,, | ,, | |
| | 5 കൊളഞ്ചേരിത്തൊടി കോളനി | 16 | 37 | 126 | | ,, | ,, | |
| 5 | 1 വട്ടപ്പാറ കോളനി | 14 | | | | ഇല്ല | ഇല്ല | |
| | 2 അംബേദ്കർ കോളനി | 14 | | | | ഇല്ല | ,, | |
| | 3 തേവരാനന്ദ കോളനി | 12 | | | | ഉണ്ട് | ,, | |
| | 4 പ്ലാശ്ശേരിത്തൊടി കോളനി | 16 | 31 | 127 | 5 | ഇല്ല | ,, | |
| | 5 ചോലപ്പറമ്പ് കോളനി | 25 | | | | ഉണ്ട് | ,, | 59 |
| | 6 ഒരുപോക്ക്ത്തൊടി കോളനി | 15 | | | | ഭാഗികമായി | ,, | |
| 6 | 1 അലങ്ങോട്ട് കുന്ന് കോളനി | 34 | | | | ഉണ്ട് | ഉണ്ട് | |
| | 2 ഏഴരക്കുന്ന് കോളനി | 25 | | | | ,, | ഉണ്ട് | |
| | 3 പൊന്നുംകുന്ന് കോളനി | 15 | | | | ,, | ഇല്ല | |
| | 4 താമററൂർപ്പടി കോളനി | 12 | 49 | 218 | | ഇല്ല | ,, | |
| | 5 പെരുമയത്ത്പ്പടി കോളനി | 10 | | | 8 | ഉണ്ട് | ,, | 59 |
| | 6 വടക്കൻകോട്ടപ്പടി കോളനി | 20 | | | | ,, | ,, | |
| | 7 സാംബവ കോളനി | 15 | | | | ,, | ,, | |
| | 8 പൊററാരംകുന്ന് കോളനി | 15 | | | | ,, | | |
| | 9 കരിവീട്ടികുന്ന് കോളനി | 23 | | | | ,, | ,, | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | 1 പറക്കുന്ന് കോളനി | 60 | 10 | 118 | 8 | ഉണ്ട് | ഇല്ല | 95 |
| | 2 ചെമ്പാം കുളമ്പ് കോളനി | 11 | | | | ഇല്ല | ,, | |
| | 3 തൊട്ടാവാടികുളമ്പ് കോളനി | 12 | | | | ഉണ്ട് | ,, | |
| | 4 വടക്കേകര കോളനി | 10 | | | | ,, | ,, | |
| | 5 നമ്പിയത്ത്പടി കോളനി | 10 | | | | ,, | ,, | |
| 8 | 1 ചെട്ടികുളമ്പ് കോളനി | 11 | 18 | 74 | 20 | ഭാഗികമായി | ഇല്ല | 7 |
| | 2 കളപ്പാറകുന്ന് കോളനി | 15 | | | | ഉണ്ട് | ,, | |
| | 3 മാളിയേക്കൽ കോളനി | 12 | | | | ,, | ,, | |
| | 4 ഗിരിജൻ കോളനി | 18 | | | | ,, | ,, | |
| 9 | 1 നെല്ലിക്കുന്ന് കോളനി | 17 | 35 | 99 | 32 | ഉണ്ട് | ഉണ്ട് | 58 |
| | 2 തേക്കിൻകാട് കോളനി | 15 | | | | | ഇല്ല | |
| | 3 അംബേദ്കർ കോളനി | 20 | | | | | ,, | |
| | 4 കളത്തൊടി കോളനി | 12 | | | | | ,, | |
| 10 | 1 സാംബവ കോളനി | 10 | 20 | 123 | 4 | ഉണ്ട് | ഭാഗികമായി | 90 |
| | 2 മാരാംകുന്ന് കോളനി | 10 | | | | ഇല്ല | ഇല്ല | |
| | 3 നെല്ലിക്കുന്ന് കോളനി | 21 | | | | ഭാഗികമായി | ഇല്ല | |
| | 4 പൂക്കുളങ്ങര കോളനി | 22 | | | | ഭാഗികമായി | ഇല്ല | |
| | 5 ഊരത്ത്കുന്ന് കോളനി | 40 | | | | ഭാഗികമായി | ഉണ്ട് | |
| 11 | 1 കുററിക്കാട്ട് കോളനി | 26 | 30 | 114 | 5 | ഉണ്ട് | ഉണ്ട് | 75 |
| | 2 രാമൻകണ്ടത്ത് കോളനി | 33 | | | | ,, | ,, | |
| | 3 കിഴക്കുമുറി കോളനി | 13 | | | | ,, | ഇല്ല | |
| | 4 തേവത്ത് ചിറ കുണ്ടുപറമ്പ് കോളനി | 12 | | | | ,, | ഉണ്ട് | |
| 12 | 1 ഏമൂർ കോളനി | 10 | 10 | 75 | 5 | ഉണ്ട് | ഇല്ല | 50 |
| | 2 വടക്കുംമുറി കോളനി | 15 | | | | അനുവാദം കിട്ടി | ഇല്ല | |
| | 3 കാരേക്കാട്ട് കോളനി | 20 | | | | ഉണ്ട് | ,, | |
| | 4 ചോലത്തൊടി കോളനി | 10 | | | | ,, | ,, | |
| | 5 തെണ്ടൻകാവ് കോളനി | 10 | | | | ,, | ,, | |
| 13 | 1 കോടങ്ങാട്ടുവളപ്പിൽ കോളനി (പാണൻകോളനി) | 10 | 27 | 37 | 6 | ഉണ്ട് | ഇല്ല | 20 |

# വിഭവ സമാഹരണം

നാടിന്റെ പ്രശ്നങ്ങൾ നിരവധിയും പരിഹാര സാദ്ധ്യതകൾ പരിമിതവുമാകുമ്പോഴാണ്, ആസൂത്രണത്തിന്റെ പ്രസക്തി ഏറിവരുന്നത്. ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിക്കാൻ, വിഭവങ്ങൾ ഏററവും ഫലപ്രദമായി വിനിയോഗിക്കുന്നു എന്ന കാര്യത്തിൽ നാം ഉറപ്പുവരുത്തേണ്ടതുണ്ട്. വിഭവസമാഹരണ ചർച്ചകളിൽ, ചരിത്രത്തിലാദ്യമായി ജനകീയ പങ്കാളിത്തത്തിന്റെ പ്രസക്തി ഉയർന്നു വരുന്നു എന്നതാണ് ഒമ്പതാം പദ്ധതിയുടെ ഏററവും വലിയ നേട്ടം.

## പഞ്ചായത്തിന്റെ ധനസ്ഥിതി
## പഞ്ചായത്തിന്റെ വരവ് സംബന്ധിച്ച വിവരങ്ങൾ

**പട്ടിക 1**

| നികുതിയിനങ്ങൾ | 1992-'93 | 1993-'94 | 1994-'95 | 1995-'96 |
|---|---|---|---|---|
| കെട്ടിടനികുതി | 153661.50 | 266857.00 | 275303.00 | 291010.00 |
| തൊഴിൽനികുതി | 125360.00 | 140455.00 | 166155.00 | 204905.00 |
| വിനോദനികുതി | 29339.50 | 41737.60 | 48053.74 | 67005.40 |
| അധികവിനോദനികുതി | 17761.50 | 25324.10 | 28982.56 | 40581.10 |
| പ്രദർശനനികുതി | 3032.00 | 5199.00 | 6280.00 | 48800.60 |
| പ്രദർശനനികുതി മേലുള്ള സർചാർജ് | 759.00 | 1279.25 | 1571.00 | 1231.50 |
| ചന്തവരവ് | 28975.00 | 23500.00 | 56050.00 | 33100.00 |
| ലൈസൻസ്ഫീസ് | 13232.50 | 15465.75 | 15312.50 | 16457.75 |
| വസ്തുകൈമാററനികുതി | 145870.00 | 315027.00 | 211141.00 | 244375.00 |
| സർക്കാർ ഗ്രാൻറും മററും ഒഴികെയുള്ള മററു വരവുകൾ | 542015.00 | 531404.00 | 1113096.00 | 1190246.80 |
| ഡെപ്പോസിററ് | 34870.00 | 46481.00 | 19814.00 | 238878.00 |
| ആകെ | 1094876.00 | 1412729.70 | 1941759.40 | 2332670.65 |

## പഞ്ചായത്തിന്റെ ചെലവു സംബന്ധിച്ച വിവരങ്ങൾ
### പട്ടിക 2

| ഇനം | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| ഭരണം | 400171 | 432007 | 640854 | 667059 |
| പൊതുമരാമത്ത് | 362958 | 248891 | 638620 | 1096418 |
| വിദ്യാഭ്യാസം | 9827 | 17420 | 2495 | 8926 |
| ജലവിതരണം ഓടകൾ | | | | |
| പൊതുജനാരോഗ്യം | 29629 | 40337 | 102869 | 189454 |
| തെരുവുവിളക്ക് | | | | |
| കത്തിക്കുന്നത് | 100196 | 68844 | 115896 | 121240 |
| മററുള്ളവ | 108109 | 118465 | 9489 | 253827 |
| ആകെ | 1010890 | 925964 | 1510223 | 2346924 |

പഞ്ചായത്തിന്റെ കഴിഞ്ഞ നാലുസാമ്പത്തിക വർഷക്കാലത്തെ വരവു പരിശോധിച്ചാൽ ക്രമാനുഗതമായി വളർച്ച പ്രകടമാണ്. എന്നിരുന്നാലും വർദ്ധിച്ചുവരുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കാൻ, പഞ്ചായത്തിന്റെ ഇപ്പോഴത്തെ സാമ്പത്തികനില പര്യാപ്തമല്ല. നാലു സാമ്പത്തിക വർഷക്കാലത്തെ ചെലവ്, അതതു കാലത്തെ വരവുമായി താരതമ്യം ചെയ്താൽ, ഏററവും കൂടുതൽ വരവും, ചിലവും കഴിഞ്ഞ സാമ്പത്തിക വർഷത്തിലാണുണ്ടായതെന്നു കാണാം. പഞ്ചായത്തിന്റെ സാമ്പത്തിക സാധ്യതകൾ വർദ്ധിപ്പിക്കുന്നതിലൂടെ മാത്രമേ, ജനങ്ങളുടെ അടിയന്തിരാവശ്യങ്ങൾക്ക് ശാശ്വതപരിഹാരം കാണാനാവൂ.

## 1995—96 ൽ ലഭിച്ച ഗ്രാൻറ് വിവരങ്ങൾ
### പട്ടിക 3
### ഗ്രാൻറ് സംബന്ധിച്ച വിവരങ്ങൾ 1995—96

| VRM | MI | VTC | അടിസ്ഥന നികുതി 25% | 75% | Spl. Grand | JRY | Untied Fund | ആകെ |
|---|---|---|---|---|---|---|---|---|
| 63587 | 10150 | 395699 | 100000 | 165800 | — | 468400 | 327800 | 1531436 |

## 1995—96 ലെ പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ

പട്ടിക 4

| പണിയുടെ സ്വഭാവം | ഗ്രാൻറ് തുക | പഞ്ചായത്ത് തുക | ആകെ |
|---|---|---|---|
| റോഡ് | 459286 | 14361 | 602897 |
| തോട് | 10150 | 9221 | 19371 |
| കെട്ടിടം | 2,00,000 | 2,02,308 | 4,02,308 |
| നടപ്പാലം | | 3000 | 3000 |
| മററുള്ളവ | | 68842 | 68842 |
| ആകെ | 669436 | 426982 | 1096418 |

കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഏററവും കൂടുതൽ സംഖ്യ പൊതുമരാമത്ത് പണികളിൽ ചെലവഴിച്ചിട്ടുള്ളത് റോഡുപണിക്കാരാണ്. ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിൽ, റോഡുകൾക്ക് പ്രമുഖമായ പങ്കുണ്ടെങ്കിലും പുത്തൻ വികസന സമീക്ഷയുടെ അടിസ്ഥാനത്തിൽ, മററുമേഖലകൾക്കു കൂടി അർഹമായ പ്രാധാന്യം നൽകേണ്ടതാണ്.

പഞ്ചായത്തീരാജ് സംവിധാനത്തിന്റെ ഭാഗമായി വിപുലമായ അധികാരങ്ങളും, ഉത്തരവാദിത്വങ്ങളും പഞ്ചായത്തു ഭരണസമിതികൾക്ക് കൈവന്നിട്ടുണ്ട്.

## പഞ്ചായത്ത് രാജ് നിയമ പ്രകാരം മററു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

പട്ടിക 5

| വകുപ്പ് | തുക: പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | ആകെ |
|---|---|---|---|
| മൃഗസംരക്ഷണം | 2000 | | 2000 |
| ആരോഗ്യം | 146400 | | 146400 |
| കൃഷി | 213593 | | 213593 |
| പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം | 6654 | | 6654 |
| മററുള്ളവ | 31175 | | 31175 |
| ആകെ | 399822 | | 399822 |

വിവിധ വകുപ്പുകളിൽ നിന്നും അനുവദിക്കുന്ന സംഖ്യ, ഏററവും ഫലപ്രദമായിത്തന്നെ ഉപയോഗിക്കുന്നു എന്ന കാര്യത്തിൽ, പഞ്ചായത്ത് ഭരണസമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങൾ

ചേലക്കര പഞ്ചായത്തിൽ ദേശസൽകൃത ബാങ്കായ കനറാ ബാങ്കും, ഷെഡ്യൂൾഡ് ബാങ്കായ സൗത്ത് ഇന്ത്യൻ ബാങ്കും ജില്ലാസഹകരണ ബാങ്കും പ്രവർത്തിക്കുന്നുണ്ട്. ജനങ്ങളുടെ വർദ്ധിച്ചു വരുന്ന സാമ്പത്തികാവശ്യങ്ങൾക്ക് കാലാകാലങ്ങളിൽ താങ്ങായിനിൽക്കാൻ, ഈ സ്ഥാപനങ്ങൾക്ക് പലപ്പോഴും കഴിയാറില്ല. I.R.D.P., P.M.R.Y. തുടങ്ങിയ പദ്ധതികൾക്ക്, നിയമാനുസൃതമായ സാമ്പത്തികസഹായം നൽകുന്നതിൽ, ബാങ്കുകൾ പലപ്പോഴും ഗുരുതരമായ കൃത്യവിലോപം കാണിക്കാറുണ്ട്. ഭൂരിപക്ഷം പേരും ഇടത്തരക്കാരായ ഈ പഞ്ചായത്തിൽ, സാമ്പത്തിക സ്ഥാപനങ്ങൾ ജനങ്ങളുടെ പ്രതീക്ഷക്കൊത്തുയർന്നു പ്രവർത്തിക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ സർവീസ് സഹകരണ ബാങ്കുകൾ മൂന്നെണ്ണമുണ്ട്. വെങ്ങാനെല്ലൂർ, തോന്നൂർക്കര, പുലാക്കോട് എന്നിവിടങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണ ബാങ്കുകൾ, ഒരളവോളം ഗ്രാമീണ ജനങ്ങളുടെ ആവശ്യങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്.

സുമംഗളം, ശ്രീവത്സം, ചേലക്കര ഫൈനാൻസിയേഴ്സ്, സബർബൻ, ശ്രീലക്ഷ്മി എന്നീ സ്വകാര്യ കുറികമ്പനികളും കേരള സ്റേററ് ഫിനാൻഷ്യൽ എൻറർപ്രൈസസ് എന്ന സർക്കാർ സ്ഥാപനവും ഈ പഞ്ചായത്തിലുണ്ട്. ഇതുകൂടാതെ, സ്വകാര്യ വ്യക്തികൾ നടത്തുന്ന നിരവധി നാടൻ കുറികളുമുണ്ട്.

ഈ പഞ്ചായത്തിൻെറ സാമ്പത്തിക സ്ഥിതി ഉയർത്തുന്നതിൽ വലിയൊരളവോളം താങ്ങായി നിൽക്കുന്നത് വിദേശത്തു ജോലി ചെയ്യുന്നവരാണ്. എല്ലാ വാർഡുകളിലും ഗൾഫ് മലയാളികളുണ്ടെങ്കിലും രണ്ടാം വാർഡിലാണ് ഏററവും കൂടുതൽ പേരുള്ളത്. ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി, വിദേശത്തു ജോലി ചെയ്യുന്നവർക്കായി പഞ്ചായത്തിൽ തൊഴിൽ സംരംഭങ്ങൾ തുടങ്ങേണ്ടതാണ്. നിരന്തരമായ പിരിച്ചുവിടൽ ഭീഷണി നിലനിൽക്കുന്ന അവസരത്തിൽ, ഇത്തരമൊരു ബദൽ സംവിധാനം ഉണ്ടായില്ലെങ്കിൽ, ഗുരുതരമായ സാമ്പത്തിക പ്രശ്നങ്ങൾ ഉണ്ടാകാവുന്നതാണ്.

## സന്നദ്ധസംഘടനകളുടെ പങ്ക്

വികസനം മുകളിൽ നിന്നുവരുന്ന കടാക്ഷമാണെന്നും, അത് കേവലം സർക്കാർ പരിപാടി മാത്രമാണെന്നും ഇത്രനാളും നാം വിശ്വസിച്ചുവന്നു അതുകൊണ്ട്, പദ്ധതികളുടെ എല്ലാ ഘട്ടങ്ങളിൽ നിന്നും ഗുണഭോക്താക്കളുടെ പങ്കാളിത്തം നാമമാത്രമായിരുന്നു. ഇതിൽനിന്നും വ്യത്യസ്ഥമായി, ജനകീയപങ്കാളിത്തം പൂർണ്ണമായും ഉറപ്പാക്കി പുതിയ വികസന സംസ്കാരത്തിനു തുടക്കം കുറിക്കുകയാണ് നാം.

ജനശക്തിയുടെ പ്രാദേശിക സംഘങ്ങളായ സന്നദ്ധ സംഘടനകൾ, പദ്ധതി നടത്തിപ്പിൽ സജീവ പങ്കാളിത്തം വഹിക്കേണ്ടതാണ്. പദ്ധതിയുടെ ആസൂത്രണത്തിലും നടത്തിപ്പിലും ഇത്തരം പ്രവർത്തകരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തണം. എങ്കിൽ മാത്രമേ, വികസന ലക്ഷ്യം നേടുന്നതിനുള്ള നമ്മുടെ പ്രവർത്തനങ്ങൾ ഫലവത്താകൂ.

## നിർദ്ദേശങ്ങൾ

1 പഞ്ചായത്തിൻെറ ഏററവും പ്രധാനപ്പെട്ട വരുമാനമാർഗ്ഗം, കെട്ടിട നികുതിയാണ്. കെട്ടിടനികുതി ശാസ്ത്രീയവും കാലോചിതവുമായ രീതിയിൽ പരിഷ്ക്കരിക്കാത്തതിൻെറ പേരിൽ, നാമമാത്രമായ സംഖ്യ മാത്രമാണ് ഇന്ന് പിരിക്കുന്നത്. പല പഴയ വീടുകളും വിപുലപ്പെടുത്തുകയോ, പുനർനിർമ്മിക്കുകയോ ചെയ്തിട്ടുണ്ടെങ്കിലും പഴയ നികുതിയാണിന്നും ഈടാക്കി വരു

ന്നത്. കച്ചവട സ്ഥാപനങ്ങൾക്ക് നികുതി ചുമത്തുമ്പോൾ അവരുടെ വ്യാപാര വ്യാപ്തി കൂടി കണക്കിലെടുക്കേണ്ടിരിക്കുന്നു. ഇത്തരത്തിലുള്ള സമഗ്രമായ നികുതിനയം നടപ്പിലാക്കണം.

2 പുതിയതായി നിർമ്മിക്കുന്ന വീടുകൾ 1200 Sq.ft ൽ കൂടുതലാണെങ്കിൽ, ആകെ ചെലവിന്റെ 1% പഞ്ചായത്ത് ഫീസായി ഈടാക്കുക. പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതോടൊപ്പം, ചിലവേറിയ പാർപ്പിട നിർമ്മാണ പ്രവണത തടയാനും ഇത് സഹായകരമാണ്.

3 കച്ചവട സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് ഫീസ്, കർശനമാക്കി പുനർ നിർണയം ചെയ്യുക. ബാങ്ക് വായ്പ്പക്കോ മറേറതെങ്കിലും ആനുകൂല്യത്തിനോ വേണ്ടി മാത്രം ലൈസൻസ് എടുക്കുന്ന സമ്പ്രദായം മാററി ഈ പരിപാടി വ്യാപകമാക്കിയാൽ, പഞ്ചായത്തിന്റെ ഈ ഇനത്തിലുള്ള വരുമാനം ഇരട്ടിയിലധികമാക്കാം.

4 സിനിമാ പ്രദർശനത്തിൽ നിന്നും ഈടാക്കുന്ന വിനോദ നികുതി, അധിക വിനോദ നികുതി, പ്രദർശന നികുതി എന്നിവ വിൽക്കപ്പെടുന്ന ടിക്കററുകളുടെ യഥാർത്ഥ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കൃത്യമായി അടക്കുന്നുവെന്നുറപ്പുവരുത്തുക. ഈ വകയിൽ പഞ്ചായത്തിൽ അടക്കേണ്ടുന്ന നികുതിയുടെ 30%ത്തിൽ താഴെ മാത്രമേ ഇപ്പോൾ അടക്കുന്നുള്ളു. ഇക്കാര്യത്തിൽ കർശനമായ നിലപാടെടുക്കാൻ പഞ്ചായത്തിലെ പരിശോധകരായ ഉദ്യോഗസ്ഥരെ സഹായിക്കാൻ ജനപ്രതിനിധികളുടെ ഒരു സമിതി രൂപീകരിക്കുക. നികുതി വെട്ടിപ്പു നടത്തുന്ന തീയേററുടമകളെ, പഞ്ചായത്ത് നിയമപ്രകാരം, ശിക്ഷാനടപടികൾക്കു വിധേയമാക്കുക.

അമിതമായ ടിക്കററ്ചാർജ് വർധന, ബഹുജനരോഷം ഉയർത്തുന്നുണ്ട്. ടിക്കററ് ചാർജിന് അനുസൃതമായ സൗകര്യങ്ങൾ സിനിമാശാലകളിൽ ഉറപ്പുവരുത്തുക.

5 സർക്കാരിന്റെ ദേശീയ സമ്പാദ്യ പദ്ധതി പ്രകാരം, ഒരു പഞ്ചായത്തിൽ പിരിക്കുന്ന തുകയുടെ 20% പഞ്ചായത്തുകൾക്കുള്ള സഹായധനമാണ്. അടുത്തിടെയുണ്ടായ നിർദ്ദേശ പ്രകാരം, പിരിക്കുന്ന സംഖ്യയുടെ 20% അതാതു വാർഡിലെ വികസന പ്രവർത്തനങ്ങൾക്ക് തന്നെയായി ഉപയോഗിക്കാമെന്നും സൂചിപ്പിച്ചിട്ടുണ്ട്. സാമ്പത്തിക പ്രശ്നങ്ങളുടെ പേരിൽ, പദ്ധതികൾ മുടങ്ങിപ്പോകുന്ന നമ്മുടെ പഞ്ചായത്തിൽ ഈ പരിപാടി ഫലപ്രദമായി നടത്താവുന്നതാണ്. ''വീട്ടിൽ നിന്നൊരുനാൾ'' എന്ന ലക്ഷ്യം വെച്ച് വാർഡടിസ്ഥാനത്തിൽ മത്സരബുദ്ധിയോടെ ദേശീയ സമ്പാദ്യ പദ്ധതിപ്രചരിപ്പിച്ചാൽ, വികസനത്തിനുള്ള വിഭവങ്ങൾ ലളിതമായി നമുക്കു കണ്ടെത്താവുന്നതാണ്.

6 പഞ്ചായത്തിലുള്ള ചെറുകിട വ്യവസായ ശാലകളിലെ മുഴുവൻ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി പിരിക്കുക. ഇക്കാര്യത്തിൽ, തൊഴിലുടമ, മുഴുവൻ തൊഴിലാളികളുടെയും പേരുൾക്കൊള്ളുന്ന സ്റേറററ്മെന്റ് തരുന്നതിൽ ബന്ധപ്പെട്ടവർ ഉറപ്പുവരുത്തുക.

7 ചേലക്കര പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അഞ്ചോളം സ്വകാര്യ ചിട്ടികമ്പനികളുടെ വാർഷിക വരുമാനത്തിൽ നിന്നും 1% പഞ്ചായത്ത് നികുതിയായി പിരിച്ചെടുക്കാനുള്ള സാധ്യതകൾ കണ്ടെത്തുക.

8 പൊതുടാപ്പുകൾക്കുള്ള വാട്ടർ ചാർജ്ജിനത്തിൽ, ഭീമമായ സംഖ്യയാണ് പഞ്ചായത്ത് എല്ലാവർഷവും വാട്ടർ അതോറിററിയിൽ അടച്ചുകൊണ്ടിരിക്കുന്നത്. വാട്ടർ ടാപ്പ്

ഉപയോഗിക്കുന്നവരെ ഉൾപ്പെടുത്തി ജനകീയകമ്മിററികൾ രൂപീകരിച്ച് വാട്ടർ ചാർജും മെയിൻറനസും തുടങ്ങിയ കാര്യങ്ങൾ നിർവഹിക്കുക. ഇതേ രീതിയിൽതന്നെ, ജനകീയ പങ്കാളിത്തത്തോടെ കിണറുകൾ, റോഡുകൾ ഇവയുടെ മെയിൻറനൻസ് നടത്തുക.

9 പഞ്ചായത്തതിർത്തിക്കുള്ളിലെ ബോർഡുകൾ, ബാനറുകൾ, പോസ്ററുകൾ എന്നീ പരസ്യ മാദ്ധ്യമങ്ങൾക്ക് പരസ്യ നികുതി ഏർപ്പെടുത്തുക.

10 പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അഞ്ച് കേബിൾ ടി വി. സ്ഥാപനങ്ങൾക്കു കീഴിൽ അഞ്ഞൂറോളം ഗാർഹിക കണക്ഷനുകളുണ്ട്. കണക്ഷനുകളുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളിൽ നിന്നും വിനോദ നികുതി ഈടാക്കുക.

11 നാമമാത്രമായി ഈടാക്കുന്ന പ്ലാൻറേഷൻ നികുതി, വിപുലമായി നടപ്പിലാക്കുക.

12 വീടുവീടാന്തരം കയറിയിറങ്ങി നികുതി പിരിക്കുന്ന ഇന്നത്തെ രീതി മാററി, വാർഡടിസ്ഥാനത്തിൽ ക്യാമ്പ് കളക്ഷൻ നടത്തുക. ഇക്കാര്യത്തിൽ വാർഡുമെമ്പറുടെ നേതൃത്വത്തിൽ ജനകീയ കമ്മിററികൾ രൂപീകരിച്ച് ഉദ്യോഗസ്ഥൻമാരെ സഹായിക്കുക. ഇപ്രകാരം ചെയ്യുന്നതിലൂടെ മുഴുവൻ സംഖ്യയും നിശ്ചിത സമയത്തിനുള്ളിൽ പിരിച്ചെടുക്കാം എന്നു മാത്രമല്ല പിരിവുദ്യോഗസ്ഥരുടെ സേവനം, ഓഫീസിലെ മററു ഔദ്യോഗിക കാര്യങ്ങൾക്കുകൂടി വിനിയോഗിക്കാം.

13 വികസന പ്രവർത്തനങ്ങളുടെ നടത്തിപ്പ്, ഇടത്തട്ടുകാരെ ഒഴിവാക്കി, പൂർണമായും ജനകീയ കമ്മിററികളെ ഏൽപ്പിക്കുക.



യൂണിവേഴ്സൽ ചേലക്കര ഫോൺ 452191

4273

KERALA INSTITUTE OF LOCAL ADMINISTRATION ★ THRISSUR